# LOGBOOK OF AN OBSERVER

ഒരു നിരീക്ഷകന്റെ കുറിപ്പുകൾ

RANDOM THOUGHTS AND OBSERVATIONS OF

JINESH K J

# Logbook of an Observer

## ഒരു നിരീക്ഷകന്റെ കുറിപ്പുകൾ

Jinesh K J

♡Copyheart 2012. Copying is an act of love. Love is not subject to law. Please copy and share.
♡പകർപ്പിഷ്ടം 2012. ഇഷ്ടപ്പെടുന്നവരാണ് പകർത്തുന്നത്. ഇഷ്ടത്തിന് നിയമമില്ല. പകർത്തുവിൻ പങ്കുവെയ്ക്കുവിൻ.

# Thank You!

This book would not have been possible without the support of the following people, who helped make it happen:

1. Arun K.Rajeevan (TEX formatting)
2. C K Raju ( Blog Posts Collection, Compilation of First Edition)
3. Haris Ibrahim K V (Copy editing)
4. Hiran Venugopalan (Cover Page)
5. Hrishikesh K B (Typesetting, TEX formatting, Proof reading)
6. Hussain K H (Proof reading, Typesetting, Hyphenation suggestions)
7. Jishnu Mohan (TEX support.)
8. Kevin (TEX Support, Typesetting)
9. Minto Joseph (Copy editing)
10. Praveen Arimbrathodiyil (Project coordination, TEX formatting, Proof reading)
11. Rajeesh K Nambiar (TEX formatting, Typesetting)
12. Sebin Jacob (Hospital Logs collection, Articles from `malayal.am`)
13. Vishnu M (TEX formatting, Copy editing)

# അണിയറയിൽ

ഈ സമാഹരണത്തിൽ പ്രവർത്തിച്ചവരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

1. അരുൺ കെ. രാജീവൻ (ടെക്ക് ഫോർമാറ്റിംഗ്)
2. സി.കെ. രാജു (ബ്ലോഗുകളുടെ സമാഹരണം, ആദ്യ പതിപ്പിന്റെ സംയോജനം)
3. ഹാരിസ് ഇബ്രാഹിം കെ.വി. (ഇംഗ്ലീഷ് ലേഖനങ്ങളുടെ കോപ്പി എഡിറ്റിംഗ്)
4. ഹിരൺ വേണുഗോപാലൻ (മുഖചിത്രം)
5. ഋഷികേശ് കെ.ബി. (ടൈപ്പ്സെറ്റിംഗ്, ടെക്ക് ഫോർമാറ്റിംഗ്, പ്രൂഫ്റീഡിംഗ്)
6. ഹുസൈൻ കെ.എച്ച്. (പ്രൂഫ്റീഡിംഗ്, ടൈപ്പ് സെറ്റിംഗ്, ഹൈഫണേഷൻ നിർദ്ദേശങ്ങൾ)
7. ജിഷ്ണു മോഹൻ (ടെക്ക് സഹായം)
8. കെവിൻ (ടെക്ക് സഹായം, ടൈപ്പ് സെറ്റിംഗ്)
9. മിന്റോ ജോസഫ് (ഇംഗ്ലീഷ് ലേഖനങ്ങളുടെ കോപ്പി എഡിറ്റിംഗ്)
10. പ്രവീൺ അരിമ്പ്രത്തൊടിയിൽ (പ്രൊജക്റ്റ് കോഡിനേഷൻ, ടെക്ക് ഫോർമാറ്റിംഗ്, പ്രൂഫ് റീഡിംഗ്)
11. രജീഷ് കെ. നമ്പ്യാർ (ടെക്ക് ഫോർമാറ്റിംഗ്, ടൈപ്പ് സെറ്റിംഗ്)
12. സെബിൻ ജേക്കബ് (ഹോസ്പിറ്റൽ ലോഗുകളുടെ സമാഹരണം, malayal.am ലെ ലേഖനങ്ങൾ)
13. വിഷ്ണു എം. (ടെക്ക് ഫോർമാറ്റിംഗ്, കോപ്പി എഡിറ്റിംഗ്)

# ഉള്ളടക്കം

1 ഓർമ്മയിലെ ജിനേഷ് 1
ജീവിക്കുവാനുള്ള കാരണങ്ങൾ . . . . . 2
Anivar's email to Swathanthra Malayalam Computing . . . . . 7
തെളിഞ്ഞ കാലം . . . . . 9

2 Blog Posts 13
My First Post . . . . . 14
Politics in campus: the need of time . . . . . 15
മൊബൈലും വിദ്യാർത്ഥിയും . . . . . 16
സാരിയെക്കുറിച്ച് എന്റെ വിനീത അഭിപ്രായം . . . . . 18
സ്വതന്ത്ര സോഫ്റ്റ്‌വെയർ - ചില നിരീക്ഷണങ്ങൾ . . . . . 19
Account of a campus gang war!!! . . . . . 21
മലയാളിയുടെ പെൺകാഴ്ചയെപ്പറ്റി... . . . . . 23
സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യം . . . . . 24
Being Lonely (it is good if it makes you think!!!) . . . . . 26
നന്ദി മൈക്രോസോഫ്റ്റ്... നന്ദി മമ്മൂട്ടി... . . . . . 29
ശാസ്ത്രവും മതവും - ചില അഭിപ്രായങ്ങൾ . . . . . 31
ക്രിക്കറ്റ്, ദേശീയത, പണം - ചില നിരീക്ഷണങ്ങൾ . . . . . 34
Please Read the Offer Document Carefully Before... . . . . . 37
എന്റെ ചില സാമൂഹ്യശാസ്ത്ര ചിന്തകൾ . . . . . 39
ചില സാമൂഹ്യശാസ്ത്ര നിരീക്ഷണങ്ങളും അഭിപ്രായങ്ങളും . . . . . 42
അഭിനവ് ബിന്ദ്രയും ഒളിമ്പിക് സ്വർണ്ണവും ചില ചിന്തകളും . . . . . 45
പിണറായി, വിദ്യാഭ്യാസം, സമൂഹം, മുൻവിധികൾ, സ്വാതന്ത്ര്യം . . 47
ക്രിക്കറ്റ്, ദേശീയത, പണം - ഐ.പി.എൽ. എതിർക്കപ്പെടേണമോ? 50
Asus eeepc 1005HA hotkeys and ubuntu lucid . . . . . 52
Asus eeepc 1005HA and Meego 1.0.1 . . . . . 54

Again on student politics, freedom of expression and interestingly my views about women . . . . . . . . . . . 57
Evaluating FOSS Contributions . . . . . . . . . . . . . . . . 60

3 മലയാളം ഇന്റർനെറ്റ് വാർത്താ പോർട്ടലിൽ നിന്നും 63
കാറോട്ടത്തിന്റെ മാസ്മരികത: ഫോർമുല വൺ . . . . . . . . . . . 64
ക്രിക്കറ്റ് കുടത്തിലെ ഭൂതം . . . . . . . . . . . . . . . . . . . 66
അംബാനി മുതൽ മല്യ വരെ . . . . . . . . . . . . . . . . . . . 69
കുഞ്ഞൻ ടീമുകളുടെ ബിസിനസ് മോഡൽ . . . . . . . . . . . . . 72
ഐപിഎൽ ആഫ്റ്റർ മാച്ച് പാർട്ടി . . . . . . . . . . . . . . . . . 75
സ്പാനിഷ് ലെഗ്ഗോടെ യൂറോപ്യൻ പാദത്തിന് തുടക്കം . . . . . . . . 78
അപകടങ്ങളുടെ മോണ്ടേകാർലോ . . . . . . . . . . . . . . . . . 80
തന്ത്രങ്ങളുടെ ഇസ്താംബൂൾ . . . . . . . . . . . . . . . . . . . 83
ടയറുകൾ കളിനിയന്ത്രിച്ച കാനഡ ഗ്രാൻപ്രി . . . . . . . . . . . . 86
ബുദ്ധിജീവികളുടെ സ്വത്വപ്രതിസന്ധി . . . . . . . . . . . . . . . 89
റിലയൻസിന് ഇനി പമ്പുകൾ തുറക്കാം! . . . . . . . . . . . . . . 94
വലൻസിയയിലെ അപകടവും വെബ്ബറിന്റെ രക്ഷപ്പെടലും . . . . . . 97
സഹിഷ്ണുത എന്ന മിത്ത് . . . . . . . . . . . . . . . . . . . . 100
ആവേശം അലകളുയർത്തിയ ബ്രിട്ടീഷ് ഗ്രാൻപ്രീ . . . . . . . . . . . 103
ജർമൻ ഗ്രാൻപ്രീയിൽ ഫെറാരിയുടെ തിരിച്ചുവരവ് . . . . . . . . . 107
ബുഡാപെസ്റ്റിലെ തണുപ്പൻ കാറോട്ടം . . . . . . . . . . . . . . . 110
അപ്രത്യക്ഷമാകുന്ന എഡിറ്റോറിയൽ ഡെസ്ക് . . . . . . . . . . . . 113
പോയിന്റ് നിലയിലെ വ്യത്യാസം കൂട്ടിയ ബെൽജിയൻ ഗ്രാൻപ്രി . . 118
ആസ്റ്ററിക്സിന്റെ സാഹസിക കഥകൾ . . . . . . . . . . . . . . . 121
ഫോർമുല വൺ ഇന്ത്യയിലെത്തുമ്പോൾ . . . . . . . . . . . . . . 126
തലമുടിയെക്കുറിച്ച് ഒരുപന്യാസം . . . . . . . . . . . . . . . . 129
സാമൂഹ്യവിമർശനത്തെക്കുറിച്ച് . . . . . . . . . . . . . . . . . . 133
യുഎസ് സിറ്റ്കോമിലെ ഇന്ത്യക്കാരൻ . . . . . . . . . . . . . . . 137
എന്തുകൊണ്ട് പത്രങ്ങൾ സോഷ്യൽ മീഡിയയെ പേടിക്കുന്നു? . . . 142

4 Hospital Logs 151
Hospital Log 1 . . . . . . . . . . . . . . . . . . . . . 152
Hospital Log 2 . . . . . . . . . . . . . . . . . . . . . 159
Hospital Log 3 . . . . . . . . . . . . . . . . . . . . . 168
Hospital Log 4 . . . . . . . . . . . . . . . . . . . . . 172

# 1

## ഓർമ്മയിലെ ജിനേഷ്

# ജീവിക്കുവാനുള്ള കാരണങ്ങൾ

"ലളിത എന്ന ഇൻപുട്ട് മെഥേഡിന്റെ ഉപജ്ഞാതാവ്, 2007ലെ ഗൂഗിൾ സമ്മർ ഓഫ് കോഡ് പ്രോജക്റ്റിൽ എസ്എംസിയെ പ്രതിനിധീകരിച്ച അഞ്ചുവിദ്യാർത്ഥികളിൽ ഒരാൾ, ശിൽപ്പ പ്രോജക്റ്റിലും pypdflibലും ഒട്ടേറെ കമ്മിറ്റുകൾ, മലയാളം ഒസിആർ വികസിപ്പിക്കാനുള്ള രണ്ടുവ്യത്യസ്ത പരിശ്രമങ്ങളിൽ പങ്കാളി, ഗ്രന്ഥശാലകൾ മലയാളത്തിലാക്കുന്ന യജ്ഞത്തിന്റെ കാർമ്മികൻ, ഭാഷാസാങ്കേതികവിദ്യയിലെ മാനകീകരണ പ്രവർത്തനങ്ങളിൽ മുൻനിരപ്പോരാളി"

എത്രതവണ ഈ കുറിപ്പെഴുതാനിരുന്നിട്ട് കരഞ്ഞുവീർത്ത കണ്ണുകളുമായി എഴുന്നേറ്റുപോയെന്നറിയില്ല. ഏതു സ്വകാരദുഃഖത്തേയും സ്റ്റോറിയായി മാത്രം കണ്ടു പരിചയമുള്ള ഒരു പ്രൊഫഷനിൽ ഇങ്ങനെ സംഭവിക്കാൻ പാടുള്ളതല്ല. പക്ഷെ ജിനേഷിന്റെ കാര്യത്തിൽ നിയമങ്ങൾ തെറ്റുന്നു.

ഇന്നലെ ഉച്ചയ്ക്കാണ് ജിനേഷിന്റെ വിയോഗമറിയുന്നത്. വെല്ലൂർ സിഎംസിയിൽ ക്യാൻസറിനോട്ട് പൊരുതിത്തോറ്റ ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരന് ഇന്നു മണ്ണാർക്കാട്ട് അന്ത്യവിശ്രമമായി. ജിനേഷ് കാഞ്ഞിരങ്ങാട്ടിൽ ജയരാമൻ എന്ന ജിൻസ്ബോണ്ടിന് മലയാളത്തിന്റെ കണ്ണീരിൽക്കുതിർന്ന യാത്രാമൊഴി.

അറിയില്ല, എന്തൊക്കെയാണെഴുതേണ്ടതെന്ന്. പലതരത്തിലുള്ള ബന്ധമായിരുന്നു, എനിക്ക് ജിനേഷുമായി ഉണ്ടായിരുന്നത്. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിലെ സജീവാംഗം എന്നനിലയിലുള്ള ബന്ധമാണ് ആദ്യത്തേത്. അതുവഴി ജിനേഷിന്റെ ബ്ലോഗിലേക്കും എത്തിപ്പെട്ടു. The log book of an observer എന്നായിരുന്നു അവന്റെ ബ്ലോഗിനു പേരിട്ടിരുന്നത്. നിരീക്ഷകന്റെ ആ നാൾവഴിപ്പുസ്തകം ഇന്ന് ഇൻവൈറ്റഡ് റീഡേഴ്സിനുവേണ്ടി മാത്രം തുറന്നിട്ടിരിക്കയാണ്. അതിലെ കുറിപ്പുകൾ എവിടെപ്പോയോ എന്തോ... ബ്ലോഗ് വായനയിലൂടെ ശക്തമായ ബന്ധം പിന്നീട് ഗാഢമായ സുഹൃദ്ബന്ധമായി മാറി.

മലയാളം എന്ന ഈ വെബ്സൈറ്റ് തുറന്നതോടെ തുടക്കംമുതൽതന്നെ ഞങ്ങളുടെ ടീമിൽ ഒരംഗമായി ജിനേഷ് മാറി. മലയാളരാജ്യത്തിനുവേണ്ടി ഫോർമുല വൺ റേസുകൾ റിവ്യൂ ചെയ്തു. ഐപിഎൽ എന്ന കായികമാമാങ്കത്തിന്റെ വാതിൽപ്പുറം കളികളെക്കുറിച്ചെഴുതി. ആസ്റ്ററിക്സ് എന്ന കാർട്ടൂൺ പരമ്പരയെക്കുറിച്ചും ദി ബിഗ് ബാങ് തിയറി എന്ന സിറ്റ്കോമിനെക്കുറിച്ചും സ്വത്വരാഷ്ട്രീയത്തെക്കുറിച്ചും മാദ്ധ്യമങ്ങളുടെ പരിണാമത്തെക്കുറിച്ചുമൊക്കെ ഒരേ തീവ്രതയോടെ ജിനേഷ് എഴുതി. തലമുടിയെക്കുറിച്ച് ഒരുപന്യാസം എന്ന ഏറെക്കുറെ പേഴ്സണലായ കുറിപ്പും മലയാളത്തിലെഴുതി. ഇവിടെ ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്റ്റോറികളിൽ ഫാക്ച്വൽ എറേഴ്സ് വരുമ്പോളെല്ലാം അതുതി

രുത്താൻ ഓടിയെത്തി. എഴുതിയതിനേക്കാൾ കൂതൽ ജിമെയ്ൽ ചാറ്റുകളിൽ പറഞ്ഞുതീർത്തു.

ഫിലോസഫി, പൊളിറ്റിക്സ്, സൊസൈറ്റി, സയൻസ്, കമ്പ്യൂട്ടേഷനൽ ലിങ്വിസ്റ്റിക്സ്, മെട്രോ സെക്ഷ്വാലിറ്റി എന്നിങ്ങനെ വിവിധവിഷയങ്ങളിൽ പടർന്നുകിടന്നു, ഞങ്ങളുടെ സംഭാഷണങ്ങൾ. രോഗക്കിടക്കയിൽ അനാരോഗ്യത്തിന്റെ ഇടവേളകളിൽ അൽപ്പാൽപ്പം സംസാരിക്കാറാവുമ്പോഴെല്ലാം ജിചാറ്റിൽ വന്നുനിറഞ്ഞു, ജിനേഷ്. തന്നെ കാർന്നുതിന്നുന്ന ക്യാൻസറിനെക്കുറിച്ച്, ക്യാൻസറിന്റെ വെളിച്ചത്തിൽ ജീവിതത്തെക്കുറിച്ച്, തന്റെ അടുത്ത ബഡ്ഡിൽ കിടക്കുന്ന രോഗിണിയായ പെൺകുട്ടിയെക്കുറിച്ച് ഒക്കെ ഇംഗ്ലീഷിൽ ഏതാനും കുറിപ്പുകളെഴുതി, അവ എനിക്കയച്ചുതന്നു. മലയാളത്തിലേക്ക് തീവ്രതകുറയാതെ പരിഭാഷചെയ്യാൻ അവ ബ്ലോഗിലൂടെ പരിചിതനായ ഡോ. സൂരജിനെ ഏൽപ്പിച്ചു. സൂരജുമായി തന്റെ മെഡിക്കൽ ഹിസ്റ്ററി പങ്കുവച്ചു. മരണമല്ലാതെ മറ്റൊരു രക്ഷാമാർഗ്ഗമില്ലാത്ത അർബുദവകഭേദമായിരുന്നു, ജിനേഷിന്റേത്. അക്കാര്യം ഡോക്ടർമാരിൽനിന്ന് കൃത്യമായി ജിനേഷ് മനസ്സിലാക്കിയിരുന്നു. സൂരജും അതുതന്നെ എന്നോടുപറഞ്ഞപ്പോൾ ഞാൻ നീറിയ നീറ്റൽ ...

എന്നാൽ ഇതൊന്നും വലിയ കാര്യമല്ല എന്ന മട്ടിലായിരുന്നു, ജിനേഷ്. തന്റെ ആരോഗ്യത്തെക്കുറിച്ചും ചികിത്സയെക്കുറിച്ചും ചോദിക്കുന്ന സൈബർ സുഹൃത്തുക്കൾക്ക് ജിനേഷ് കാട്ടിക്കൊടുത്തിരുന്നത് xkcdയിലെ രണ്ടു കാർട്ടൂണുകളായിരുന്നു (`http://xkcd.com/931/` , `http://xkcd.com/938/`) എന്ന് അനിവർ അരവിന്ദ് എസ്എംസി മെയിലിങ് ലിസ്റ്റിൽ എഴുതിയ ചെറുകുറിപ്പിൽ[1] അനുസ്മരിക്കുന്നു.

നിർത്താത്ത പനിയും നടുവേദനയും കാലിനു കഴപ്പും ചുമയുമൊക്കെയായിട്ടാണ്, ജിനേഷിനെ ആദ്യം പരിശോധനയ്ക്കു കൊണ്ടുപോകുന്നത്. അകാരണമായ ക്ഷീണമായിരുന്നു, മറ്റൊരു ലക്ഷണം. ആശുപത്രിയിലെത്തുമ്പോഴേക്കും ഈ കാരണങ്ങൾവച്ച് ജിനേഷ് അർബുദം ഊഹിച്ചിരുന്നു. കൺഫേം ചെയ്തശേഷം അതേക്കുറിച്ച് ഒരു ഗവേഷകനുമാത്രം കഴിയുന്ന നിർമ്മമതയോടെ വായിച്ചുപഠിച്ചു. പുതിയപുതിയ മെഡിക്കൽ ജേണലുകളിൽ അതേക്കുറിച്ചുള്ള വിവരങ്ങൾ പരതി. താൻ പെട്ടിരിക്കുന്ന അവസ്ഥ കൃത്യമായി മനസ്സിലാക്കി.

ജിനേഷിന് താൻ തിരിച്ചുവരില്ലെന്ന് അറിയാമായിരുന്നു. അന്ത്യശ്വാസംവരേയും അർബുദത്തെ അവഗണിച്ചും താൻ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളിൽ വല്ലാത്തൊരാസക്തിയോടെ വ്യാപൃതനാവാൻ ആ തിരിച്ചറിവ് ജിനേഷിനു ബലം പകരുകയാണുണ്ടായത്. മരണഭീതിയിൽ തകർന്നില്ലാതെയാകുന്നതായിരുന്നില്ല, ഭാസുരമായ ഭാവിയെക്കുറിച്ചു മാത്രം ചിന്തിക്കുന്നതായിരുന്നു, ആ നിശ്ചയദാർഢ്യം. താൻ ചെയ്യുന്ന കാര്യങ്ങൾ തനിക്ക് ഉപകാരപ്പെട്ടില്ലെങ്കിലും മറ്റുള്ളവർക്ക് ഉപകാരപ്പെടുമെന്ന് ജിനേ

[1] 'Anivar's email to Swathanthra Malayalam Computing' എന്ന ലേഖനം കാണുക

ഷിന് ഉറപ്പുണ്ടായിരുന്നു. അതിൽ കണ്ടെത്തിയ ആനന്ദമാണ് വേദനയെ അൽപ്പാൽപ്പമെങ്കിലും മറികടക്കാൻ സഹായിച്ചത്.

ഇടയ്ക്ക് ക്യാൻസർ ശരീരത്തിൽനിന്ന് പൂർണ്ണമായി മാറിയെന്നു പറഞ്ഞ ഘട്ടത്തിൽ മാത്രമാണ് ജിനേഷ് സ്വസ്ഥജീവിതത്തിലേക്കുള്ള മടക്കം പ്രതീക്ഷിച്ചത്. അപ്പോഴാകട്ടെ, ജീവിതാസക്തി അതിന്റെ എല്ലാത്തിളക്കത്തോടും വന്നുദിക്കുന്നതുകണ്ടു. രോഗമടങ്ങി പാലക്കാട്ടു വീട്ടിലെത്തിയാലുടൻ കൂട്ടുകാരെക്കൂട്ടി ഒരു ഒത്തുകൂടൽ നടത്തുന്നതിനെക്കുറിച്ചുവരെ സെപ്തംബറിൽ സംസാരിച്ചു.

കീമോയ്ക്കുശേഷമുള്ള ബലഹീനതയുടെ നാളുകളിൽ കുഴൽഭക്ഷണം മാത്രം ഉള്ളിലേക്കെടുക്കവേ കമ്പ്യൂട്ടർ ഉപയോഗിക്കാനാവാതെ വന്നപ്പോഴും ഞങ്ങളോടൊക്കെ ഓരോ പുസ്തകത്തിന്റെ പേരുപറഞ്ഞ് അവ വാങ്ങി അയച്ചുതരാൻ ആവശ്യപ്പെട്ടു. ചരിത്രവും സമൂഹവുമായി ബന്ധപ്പെട്ട ഒട്ടേറെ പുസ്തകങ്ങളാണ് ഇക്കാലയളവിൽ ജിനേഷ് കുടിച്ചുവറ്റിച്ചത്. അവയിൽ നിന്നെല്ലാം വ്യത്യസ്തമായി കസാൻദ്സാക്കീസിന്റെ റിപ്പോർട്ട് ടു ഗ്രീക്കോ എന്ന ആത്മകഥാപുസ്തകത്തിലും മുങ്ങിത്താഴ്ന്നു. ഓരോ വായനയിലും പുതുമസമ്മാനിക്കുന്ന, ഓരോ അടരുകളിലും ജീവിതകാമന കലർന്നിരിക്കുന്ന ഇപ്പുസ്തകം വായിക്കാനെന്തേ ഇത്രയും താമസിച്ചു എന്ന് എന്നോട് അത്ഭുതംകൂറി. അതേ തീത്തിളക്കത്തോടെ ചിന്തയിൽ വിസ്ഫോടനം സൃഷ്ടിച്ച തത്വചിന്തകരേയും ഉൾക്കൊണ്ടു.

എഫ്ഇസി പോലെയുള്ള സൈബർ ഇടങ്ങളിൽ വല്ലപ്പോഴും മാത്രം വായ് തുറന്നു. പറയാൻ കാര്യമില്ലാത്തതായിരുന്നില്ല, നിറ്റ്പിക്കിങ് തീരെ താത്പര്യമില്ലാതിരുന്നതാണ് ഈ ഒതുങ്ങലിനു കാരണം. തനിക്ക് പറയാനുള്ളത് സുഹൃത്തുക്കളോടു പറഞ്ഞുതീർക്കുകയായിരുന്നു, ജിനേഷ്. എന്നിട്ടും ഫോർത്ത് എസ്റ്റേറ്റ് ക്രിട്ടിക് എന്ന ഡിസ്കഷൻ ഗ്രൂപ്പിൽ ജിനേഷ് എഴുതിയ എണ്ണിപ്പെറുക്കിയ മെയിലുകൾ സുചിന്തിതവും ആലോചനാമൃതവുമായ വാദമുഖങ്ങൾക്കു കുന്തമുനകളായി. ലോ വെയ്സ്റ്റ് ജീൻസിനെക്കുറിച്ചും സിനിമാറ്റിക് ഡാൻസിനെക്കുറിച്ചും ആഫ്റ്റർ മാച്ച് പാർട്ടികളെക്കുറിച്ചും യുഐഡിയെക്കുറിച്ചും ഒക്കെ ജിനേഷ് പങ്കുവച്ച അഭിപ്രായങ്ങൾ കൺസർവേറ്റീവ് മനോഘടനകളുടെ സ്വാസ്ഥ്യംകെടുത്തി. ഷാമ്പൂചെയ്തു മനോഹരമാക്കി സൂക്ഷിച്ചിരുന്ന തന്റെ നീളൻ മുടിയെക്കുറിച്ചും കീമോയുടെ ഫലമായി അതുകൊഴിഞ്ഞതിനെക്കുറിച്ചുമൊക്കെയെഴുതിയ ഹൃദയഭേദകമായ കുറിപ്പാണ് എഫ്ഇസിയിൽ ജിനേഷ് അവസാനമായി എഴുതിയ മെയിലുകളിൽ ഒന്ന്. യൂണിക്കോഡ് മെയിലിങ് ലിസ്റ്റിലും എസ്എംസി ലിസ്റ്റിലുമായി ചില്ലക്ഷരവിവാദം കൊടുമ്പിരിക്കൊണ്ട കാലത്ത് ജിനേഷ് എഴുതിയ വരികളും ഓർക്കാതെവയ്യ.

അതേ നിമിഷം, ജീവിച്ച 24 വർഷങ്ങളിലും അവനോട് അടുത്തുപരിചയപ്പെടാൻ സാധിച്ച ഓരോരുത്തർക്കും അഭിമാനത്തോടെ ഓർക്കാനുള്ളതുമാത്രം മിച്ചംവച്ചു. ചൂടേറിയ സൈബർ തർക്കങ്ങളിൽ വല്ലപ്പോഴും തലയിട്ട് അഭിപ്രായം പറഞ്ഞിരുന്ന ഈ ചെറുപ്പക്കാരനോട് കാലുഷ്യം സൂക്ഷിക്കാൻ എതിരഭിപ്രായക്കാർക്കുപോലും കഴിഞ്ഞിരുന്നില്ല. അത്രയ്ക്കു സൗമ്യദീപ്തമായി സംഭാഷണങ്ങളെ ഒരുക്കിയെടുക്കാൻ ജിനേഷിനു കഴിഞ്ഞിരുന്നു.

മലയാളം കമ്പ്യൂട്ടിങ്ങിന് ജിനേഷ് നൽകിയ സംഭാവനകളെ എണ്ണിപ്പറയാതെ ഈ കുറിപ്പ് അവസാനിപ്പിക്കാനാവില്ല. ഇന്ത്യൻ ഭാഷകൾക്കായി സിഡാക് വികസിപ്പിച്ച ഇൻസ്ക്രിപ്റ്റ് ഇൻപുട്ട് മെഥേഡിന്റെയും ആംഗലേയത്തിൽ മലയാളമെഴുതുന്ന മൊഴിയും സ്വനലേഖയും അടക്കമുള്ള phoenomic രീതികളുടെയും സങ്കലനമായി ഗ്നു ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റങ്ങളിൽ ലഭ്യമായ ലളിത എന്ന ഇൻപുട്ട് മെഥേഡ് ജിനേഷിന്റെ സൃഷ്ടിയാണ്. 2007ലെ ഗൂഗിൾ സമ്മർ ഓഫ് കോഡ് പ്രോജക്ടിലേക്ക് എസ്എംസി തിരഞ്ഞെടുത്ത അഞ്ചു വിദ്യാർത്ഥികളിൽ ഒരാളായാണ് ജിനേഷ് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിൽ സജീവമാകുന്നത്. ഗ്നു പ്രോജക്ടിന്റെ താളുകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്ന ടീമിന്റെ ചുമതല വഹിച്ചിരുന്ന ശ്യാം ആത്മഹത്യ ചെയ്തതിനെത്തുടർന്ന് ആ പ്രോജക്ടിന്റെ കൺവീനറായും ജിനേഷ് പ്രവർത്തിച്ചു. ശ്യാം കോഡിനേറ്റ് ചെയ്ത പരിഭാഷകളെ പുസ്തകമാക്കുക എന്ന ലക്ഷ്യത്തോടെ അവ എഡിറ്റ് ചെയ്യുന്ന കർത്തവ്യവും ജിനേഷ് നിർവ്വഹിച്ചു. കോ എഡിറ്ററാവാൻ എന്നോടാവശ്യപ്പെട്ടിരുന്നെങ്കിലും സ്വതസിദ്ധമായ മടിയും മറ്റുതിരക്കുകളും മൂലം എനിക്കു കഴിഞ്ഞതുമില്ല.

മലയാളത്തിലാരംഭിച്ച് സന്തോഷ് തോട്ടിങ്ങലിന്റെയും വാസുദേവിന്റെയും മറ്റും നേതൃത്വത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള ഒട്ടേറെ ഭാഷകളിലേക്ക് വളർന്ന ശിൽപ്പ പ്രോജക്ടിൽ തുടക്കം മുതൽതന്നെ ജിനേഷിന്റെ പങ്കാളിത്തമുണ്ടായിരുന്നു. ശിൽപ്പയെക്കുറിച്ച് ഒട്ടേറെ പ്രതീക്ഷകൾ വച്ചു പുലർത്തുന്നയാളെന്ന നിലയിൽ ഈ പ്രോജക്ടിൽ ജിനേഷ് അവതരിപ്പിച്ച മാറ്റങ്ങളും നിർദ്ദേശങ്ങളുമൊക്കെ എത്രമാത്രം വിലപ്പെട്ടതാണെന്നു തിരിച്ചറിയുന്നു.

ഹൈദരാബാദ് ഐഐഐടിയിൽ ജിനേഷ് ഉൾപ്പെടുന്ന ഗവേഷകസംഘം മലയാളം ഒസിആർ വികസിപ്പിക്കാനുള്ള പരിശ്രമത്തിലായിരുന്നു. കേന്ദ്രസർക്കാർ സ്പോൺസർ ചെയ്യുന്ന ഈ പ്രോജക്ട് പ്രൊപ്രൈറ്ററി മോഡിൽ നീങ്ങുന്നതിനെക്കുറിച്ച് ഉള്ളുരുകുന്ന സങ്കടം ജിനേഷ് സൂക്ഷിച്ചു. അതിനെ മറികടക്കാൻ ടെസറാക്ട് ഒസിആറിനെ മലയാളം പഠിപ്പിക്കാനുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ പ്രോജക്ടിനുവേണ്ടിയും ജിനേഷ് കോഡെഴുതി. നിർഭാഗ്യവശാൽ ഇവയൊന്നും പൂർണ്ണമായും ഉപയോഗയുക്തമാകുന്ന അവസ്ഥയിലേക്ക് ഇനിയും എത്തിയിട്ടില്ല.

സാങ്കേതികവിദ്യയും ഭാഷയും തമ്മിലുള്ള സങ്കലനത്തിൽ ഉടലെടുക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ജിനേഷ് അർപ്പിച്ചിരുന്നു. മലയാളത്തിൽ ഇന്റർനാഷണൽ ഡൊമെയ്ൻ നെയിം (IDN) സ്റ്റാൻഡേർഡ് സെറ്റ് ചെയ്യുന്നതിന് സിഡാക് സമർപ്പിച്ച ഡ്രാഫ്റ്റിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി എസ്എംസിക്കുവേണ്ടി തയ്യാറാക്കിയ ക്രിട്ടിക് ഡോക്യുമെന്റ് എഴുതിയവരിലൊരാൾ ജിനേഷ് ആണ്. ഈ ക്രിട്ടിക്കിന്റെ വെളിച്ചത്തിൽ സിഡാക് മുൻകയ്യെടുത്ത് എസ്എംസി അടക്കമുള്ള വിവിധസംഘങ്ങളുമായി ഇതുസംബ

ന്ധിച്ച് തിരുവനന്തപുരത്ത് കഴിഞ്ഞമാസം കൺസൽട്ടേഷൻ സംഘടിപ്പിച്ചിരുന്നു.

ഇൻസ്ക്രിപ്റ്റ് കീബോർഡ് ലേഔട്ട് കൂടുതൽ മെച്ചപ്പെടുത്താനുള്ള സിഡാക്കിന്റെ നിർദ്ദേശത്തിൽ കടന്നുകൂടിയ ചില പാകപ്പിഴകൾ ചൂണ്ടിക്കാട്ടാനും ജിനേഷ് ആയിരുന്നു മുൻകയ്യെടുത്തത്. ഈ ഡ്രാഫ്റ്റിൽ പിന്നീട് സിഡാക് തിരുത്തൽ വരുത്തുകയുണ്ടായി. സെപ്തംബറിൽ അവസാനമായി സംസാരിക്കുമ്പോൾ ജിനേഷ് എന്നോട് ആവശ്യപ്പെട്ടത്, ഈ പുതുക്കിയ ഡ്രാഫ്റ്റിന്റെ പശ്ചാത്തലത്തിൽ ഉടനെതന്നെ ക്രിട്ടിക് പുതുക്കണമെന്നും തനിക്ക് അതിനി സാധിക്കുമെന്ന കരുതുന്നില്ല എന്നുമാണ്. മരണം തൊട്ടുമുമ്പിൽ കണ്ടുകൊണ്ടാണ് ഇതു പറഞ്ഞതെന്ന് ഇതെഴുതുമ്പോഴും വിശ്വസിക്കാനാവുന്നില്ല.

യുഐഡിയുടെ ഭാഗമായി നടപ്പാക്കുന്ന ബയോമെട്രിക് ഐഡന്റിഫിക്കേഷനിലെ ചതിക്കുഴികൾ ചൂണ്ടിക്കാട്ടുന്ന ഒരു ലേഖനം തയ്യാറാക്കുവാൻ ഇതിനിടെ ജിനേഷ് തുടങ്ങിയിരുന്നു. സന്തോഷ് തോട്ടിങ്ങലിനെയും എന്നെയും കോ-ഓഥർമാരാക്കി ആരംഭിച്ച ആ പരിശ്രമം സൈബർ പെരുമ്പാതയിൽ പാതിവഴിയിൽ കിടക്കുകയാണ്. ഈ ലേഖനം മലയാളത്തിലാണെങ്കിൽ Economic and Political Weeklyക്കു വേണ്ടി അനിവറുമായി ചേർന്ന് ഇതേവിഷയത്തിൽ മറ്റൊരു ലേഖനവും തയ്യാറാക്കുന്നുണ്ടായിരുന്നു. അതും അപൂർണ്ണതയിൽ വിട്ടാണ് ജിനേഷ് വിടവാങ്ങിയത്.

silpaയിലേക്കും pypdflib ലേക്കും രോഗത്തിന്റെ മൂർദ്ധന്യത്തിലും ജിനേഷ് നടത്തിയ കമ്മിറ്റുകൾ ശ്രദ്ധേയങ്ങളാണ്. യൂണിക്കോഡ് മലയാളത്തിലുള്ള ലേഖനങ്ങൾ വെബ്ബിൽനിന്ന് നേരിട്ട പിഡിഎഫ് ആക്കി മാറ്റാനുതകുന്ന library ആണിത്.

ജിനേഷ് ചെയ്തതൊന്നും വെറുതെയാകില്ല എന്നുറപ്പിക്കാൻ കഴിയുന്ന സുഹൃദ്‌വലയം സ്വയം ഇൻട്രോവെർട്ട് എന്നുകരുതുന്ന ഈ ചെറുപ്പക്കാരനുണ്ടായിരുന്നു. ഒരു യഥാർത്ഥ ഹാക്കർക്ക് നൽകാവുന്ന ഏറ്റവും വലിയ ബഹുമാനം അവർ നേതൃത്വം നൽകിയ പ്രോജക്ടുകളെ വിജയത്തിലേക്കു നയിക്കുകയാണ്. ആ തരത്തിലുള്ള ആലോചനകൾ ആഷിക് സലാഹുദ്ദീന്റെയും വാസുദേവിന്റെയും അനിവറിന്റെയും മറ്റും മുൻകയ്യിൽ തുടങ്ങിക്കഴിഞ്ഞു.

പൊടുന്നനെ ഞാൻ അവസാനിപ്പിക്കുകയാണ്. ഇതിനപ്പുറമെഴുതാൻ എനിക്കുകഴിയില്ല. ഇതെഴുതുമ്പോൾ വീണ്ടും വാവിട്ടുള്ള കരച്ചിലിലേക്ക് ഞാൻ വഴുതിവീഴുകയാണ്. നീ മരിച്ചുവെന്നു വിശ്വസിക്കാൻ എനിക്കിപ്പോഴും കഴിയുന്നില്ല. ജിനേഷ്, നീ ജീവിക്കുന്നു, ഞങ്ങളിലൂടെ.

(30 September 2011)[2]

സെബിൻ ഏബ്രഹാം ജേക്കബ് (മലയാളം ഇന്റർനെറ്റ് വാർത്താ പോർട്ടലിന്റെ എഡിറ്റർ)

[2]http://malayal.am/പലവക/മുഖം/12927/ജീവിക്കുവാനുള്ള-കാരണങ്ങൾ

# Anivar's email to Swathanthra Malayalam Computing

Yes, I am writing this with tears. He was a close friend, co-traveler, and colleague in SMC.

He was a student in IIIT hyderabad, working on CVIT lab, in the team to develop a malayalam OCR. He was under the treatment for Leukemia in CMC Vellore for past 2 years. He was very active contributor to Swathanthra Malayalam Computing's projects and various other FOSS projects such as pypdflib, silpa project, etc even from his hospital bed. In addition he used to write articles in malayal.am on various topics. In FEC also he was quite active and contributed to various discussion threads. He was one among SMC's Google Summer of Code candidates in 2007. His contribution to standardization discussions such as critique to International Domain Names Standard for Malayalam, Inscript 2 Draft Keyboard Standard, etc was also commendable.

He was always available on google chat when he is in the intervals between treatments. We used to talk a lot about various contemporary topics. Jinesh was working on a paper about pitfalls in Biometric standards UID adopted, and he used to send a lot of contemporary research papers on biometrics to me.

Our last chat (around sep 4th) was about planning get together, when he reaches home after treatments. Whenever we asks about his treatment details he used to show this XKCD comic `http://xkcd.com/931/`

When he was in MES , he was the organiser of many FOSS activities in their campus and he was an initiator for Swatantra software user group Malappuram.

### ജിനേഷിന്റെ മറ്റ് സൈബർ സാന്നിദ്ധ്യങ്ങൾ

Blog `http://www.jinsbond.in/`

Facebook `https://www.facebook.com/jinesh.jayaraman`

Twitter `http://twitter.com/#!/jinsbond007`

Picasa `http://picasaweb.google.com/jinesh.k`

`http://fci.wikia.com/wiki/User:Jinesh.k`

`https://github.com/santhoshtr/pypdflib/commits/master`

http://code.google.com/p/tesseractindic/wiki/IndicLanguageTesseract

# തെളിഞ്ഞ കാലം

വിരിഞ്ഞ പൂവുമായ് വസന്തം വന്ന നാൾ
വെറും ചെമ്മൺ പാതയരികിൽ നിന്നു ഞാൻ
പറഞ്ഞിതൾ വാടിക്കൊഴിയും നേരത്തും
കനിഞ്ഞു നിൽക്കണേ, തെളിഞ്ഞകാലമേ!"
- വിജയലക്ഷ്മി

ജിനേഷിനെ അപൂർവ്വമായേ കണ്ടിട്ടുള്ളൂ. ഹ്രസ്വമായ മെയിലുകളിലും ഫോൺ സംഭാഷണങ്ങളിലും ഓർമ്മകൾ ഒതുങ്ങുന്നു. മലയാളം കീബോർഡിനെക്കുറിച്ച് സിഡാക്കിന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനുള്ള അടിയന്തിര ഫോൺവിളി മരണം വലയംചെയ്ത നിമിഷങ്ങളിലായിരുന്നു എന്നറിഞ്ഞത് പിന്നീടാണ്. സമയങ്ങൾ തീർന്നുകൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവായിരിക്കണം ആ വിളിയിൽ വല്ലാത്തൊരു പിടച്ചിൽ ഒളിപ്പിച്ചുവച്ചത്.

സാങ്കേതികതയ്ക്കകത്ത് വ്യാപരിക്കുമ്പോഴും സമൂഹമായിരുന്നു ജിനേഷിന്റെ ചിന്തകളുടെ പരിസരം. വ്യക്തിജീവിതവും വീക്ഷണങ്ങളും മാറിവരുന്നസങ്കേതങ്ങളിൽ പുനഃക്രമീകരിക്കേണ്ടതിനെക്കുറിച്ച് എഴുതുമ്പോഴും സമൂഹം, ലോകം, ചരിത്രം എന്നിവയെ മാറ്റിനിർത്തിക്കൊണ്ട് ജിനേഷ് ഒന്നുംതന്നെ ചിന്തിച്ചിട്ടില്ല. സ്വന്തം അഭിപ്രായങ്ങൾ കുറിച്ചിടുമ്പോഴും സ്നേഹിതരുടെ കമന്റുകളിൽനിന്നും കിട്ടുന്ന വെളിച്ചങ്ങൾക്കായി കാത്തിരുന്നു. അവയിൽ സ്വന്തം ആശയങ്ങൾ നവീകരിക്കാനുള്ള ജ്വലനങ്ങൾ കണ്ടെത്തുമെന്ന് എപ്പോഴും ആശിച്ചു. സ്വതന്ത്ര സോഫ്റ്റ്‌വെയറിനെക്കുറിച്ച് സംസാരിക്കുമ്പോഴാണ്, "മനസ്സിലാക്കിയത് രണ്ടു പേരോടുകൂടി പറയുക" എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചത്. അറിവിന്റെ അനന്തശ്രേണിയിൽ സാഹോദര്യത്തെ സ്ഥാനപ്പെടുത്തുകയായിരുന്നു ജിനേഷ്. സ്വാശ്രയകോളേജിലെ പഠനത്തെക്കുറിച്ചുള്ള ചർച്ചയിൽ "സഹജീവികളെ മാനിക്കാനോ മനസ്സിലാക്കാനോ കഴിയാത്ത പൗരന്മാരായി" വളർത്തുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ചോർത്ത് അദ്ദേഹം വല്ലാതെ വ്യാകുലപ്പെട്ടു.

കാറോട്ട മത്സരത്തിലെ മുന്നേറ്റങ്ങളും, നിമിഷനേരംകൊണ്ട് മാറിമറിയുന്ന ഗതിവിഗതികളും അപ്രവചനീയതയും ആവേശപൂർവ്വം പിന്തുടർന്ന ജിനേഷിന് സമകാലീന രാഷ്ട്രീയത്തിലെ കുതിപ്പിനേയും കിതപ്പിനേയും വേറിട്ടൊരു വിതാനത്തിൽ നിരീക്ഷിക്കാൻ പ്രാപ്തിനല്കി. മറ്റുപലർക്കും അന്യമായ ചില രാഷ്ട്രീയ ഉൾക്കാഴ്ചകൾ ജിനേഷിന് കൈവന്നത് സ്പോർട്സിൽ പ്രത്യക്ഷവൽക്കരിക്കപ്പെടുന്ന ഗെയ്മുകളെ കൗതുകപൂർവ്വം നോക്കിക്കണ്ടതുകൊണ്ടാണ്. ഫോർമുല വണ്ണിൽനിന്നും ഉരുത്തിരിച്ചെടുത്ത മറ്റൊരു ഫോർമുല സാമൂഹ്യചിന്തകളിൽ വിന്യസിപ്പിച്ചപ്പോഴുണ്ടായ ദർശനദീപ്തികൾ വളർന്നുവികസിക്കാൻ പക്ഷെ കാലം കൂട്ടുനിന്നില്ല.

'എന്തുകൊണ്ട് പത്രങ്ങൾ സോഷ്യൽ മീഡിയകളെ ഭയക്കുന്നു' എന്ന ലേഖനം പുതുലോകത്തിന്റെ പ്രവേഗവും സാദ്ധ്യതകളും അസാധാരണമായ വ്യക്തതയോടെ അനാച്ഛാദനം ചെയ്യുന്നു. പരമ്പരാഗത മാദ്ധ്യമങ്ങളുടെ ശേഷി എത്രയുണ്ടെങ്കിലും, അതിനെ ദുർബ്ബലപ്പെടുത്തുകയും പേടിപ്പിക്കുകയും ചെയ്യുന്ന വെബ്ബ്സങ്കേതങ്ങളുടെ പ്രഹരശേഷിയെക്കുറിച്ച് മറ്റാരേയുംക്കാൾ ജിനേഷ് ബോധവാനായിരുന്നു. ഒറ്റപ്പെട്ടവന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവന്റേയും സൗഹൃദക്കൂട്ടായ്മയെ ദേശരാഷ്ട്രങ്ങളുടെ അതിർവരമ്പുകളുല്ലംഘിക്കുന്ന ആഘോഷമായി ജിനേഷ് അതിൽ വരച്ചിടുന്നു. അപരന്റെ ശബ്ദം സംഗീതമായി മാറുന്ന കാലത്തെക്കുറിച്ചുതന്നെയാണ് ജിനേഷ് കിനാവു കണ്ടത്.

ശാസ്ത്രസാങ്കേതികതയുടെ വിദ്യാർത്ഥിയായിരുന്ന ജിനേഷിന് ശാസ്ത്രത്തിന്റെ അസാംഗത്യങ്ങളെക്കുറിച്ച് നന്നായറിയാമായിരുന്നു. വിഗ്രഹാരാധനയുടെ ശാസ്ത്രീയത തെളിയിക്കാൻ ശ്രമിക്കുന്നതിനുപകരം, അവയാഥാർത്ഥ്യമാക്കിയ വ്യക്തി-സമൂഹ്യസാഹചര്യങ്ങളുടെ വസ്തുനിഷ്ഠതയിലാണ് അന്വേഷണം തുടരേണ്ടതെന്ന നിലപാടാണുള്ളത്. കൊച്ചുത്രേസ്യയുടെ ആശങ്കകളുടെ കാരണക്കാരിൽ താനുമുണ്ടെന്നു തുറന്നുസമ്മതിക്കുന്ന ജിനേഷ്, ഇതൊരു സമൂഹരോഗമാണെങ്കിൽ അത് കണ്ടെത്താനും സ്വയംതിരുത്താനുമുള്ള യത്നത്തിൽ പങ്കുചേരാൻ ബൂലോകത്തിലെ എല്ലാ കൂട്ടുകാരേയും ക്ഷണിച്ചു. സഹിഷ്ണുതയെക്കുറിച്ചുള്ള വളരെ ചെറിയൊരു പോസ്റ്റിൽ ഭൂരിപക്ഷ /ന്യൂനപക്ഷ വർഗ്ഗീയതയെ സഫലമായി പ്രതിരോധിക്കാനുള്ള ആയുധം പരസ്പരബഹുമാനമാണ്, അല്ലാതെ സഹനമല്ല എന്നും ജിനേഷ് വെളിവാക്കുന്നു. "നീ അവനെ സഹിച്ചുവേണം ജീവിക്കാൻ" എന്ന അപകടത്തെ "നീ അവനേയും ബഹുമാനിക്കുക" എന്ന നിലപാടുകൊണ്ടാണ് നേരിടേണ്ടതെന്ന് ജിനേഷ് വിശ്വസിച്ചു.

നിരീക്ഷണങ്ങൾ ഗൗരവമുള്ളതാകുമ്പോഴും എഴുത്തിൽ ജിനേഷ് എന്നും നർമ്മം വിതറി. "അഞ്ചരമീറ്റർ തുണി അഴിഞ്ഞുവീഴാതെ ധരിച്ച് സ്വതന്ത്രമായി നടക്കുക എന്നത് ഒരു കഴിവു തന്നെയാണ് !" എന്ന് സാരിയെക്കുറിച്ച് അദ്ദേഹം വിനീതമായി അഭിപ്രായപ്പെട്ടു.

ലോഗ്ബുക്കിന്റെ സമാഹരണവും പ്രസിദ്ധീകരണവും കൂട്ടുകാർ ജിനേഷിനു നൽകുന്ന സമുചിതമായ സ്മാരകമാണ്. പോസ്റ്റുകളിലൂടേയും കമന്റുകളിലൂടേയും വികസിക്കുന്ന ലേഖനങ്ങൾ, സുഹൃത്തുക്കളിലൂടെ സ്വയംതിരുത്താനുള്ള വെബ്ബ് രണ്ടിന്റെ സാദ്ധ്യതകളെയാണ് അനാവരണം ചെയ്യുന്നത്. കൂട്ടായ്മയിലൂടെ രൂപപ്പെടുന്ന സത്യാന്വേഷണത്തിന്റെ മാതൃക മലയാളത്തിൽ അച്ചടിക്കപ്പെടുകയാണ്. യൂണികോഡിൽ ടൈപ്സെറ്റ് ചെയ്തു അച്ചടിക്കുന്ന ആദ്യത്തെ പുസ്തകം ജിനേഷിന്റേതായത് ഭാഷാസാങ്കേതികതയിലെ അവിസ്മരണീയമായ മുഹൂർത്തമായി മാറുന്നു. വരുംകാല മലയാളപുസ്തകപ്രസാധനത്തിൽ 'ലാടെക്കി'ന്റേയും സ്വതന്ത്ര സോഫ്റ്റ്വെയറിന്റേയും ഇടപെടലിന്റെ വിളംബരം കൂടിയാണിത്.

ഭൂമിയുടെ ഹൃത്തടത്തിലേക്ക് മടങ്ങിപ്പോയ നീർച്ചാൽ പുതുവേരുകളെ എന്നും നനച്ചുകൊണ്ടിരിക്കും. ശരവേഗത്തിൽ പാഞ്ഞുപോകുന്ന ഫെറാരിയേയും റെഡ്ബുള്ളിനേയുമൊക്കെ ഇപ്പോഴും ഗ്യാലറിയിലിരുന്ന് ജിനേഷ് കാണുന്നുണ്ടാകണം. അതിന്റെ ആവേശവും ആവേഗവുമൊക്കെ കൂട്ടുകാർക്കായി ഇപ്പോഴും കുറിച്ചിടുന്നുണ്ടാകണം. എല്ലാ വേഗങ്ങൾക്കും മുമ്പേ സഞ്ചരിച്ച കൊച്ചു കൂട്ടുകാരനായിരുന്നു അവൻ. മരണം ചുറ്റും പൊതിഞ്ഞ നാളുകളിലും കൂട്ടുകാർക്കായി അവൻ അറിവിന്റെ വളപ്പൊട്ടുകൾ കരുതിവച്ചു. അവയിൽ കോമിക്സുണ്ടായിരുന്നു. കാറോട്ടങ്ങളും ക്രിക്കറ്റുമുണ്ടായിരുന്നു. മലയാളമുണ്ടായിരുന്നു. താൻ ജീവിച്ച സ്ഥലകാലങ്ങളുടെ സ്പന്ദനങ്ങൾ ഒന്നൊഴിയാതെ സ്പർശിച്ചറിയണമെന്ന മോഹമുണ്ടായിരുന്നു. വേഗത്തിലവസാനിച്ചുപോയ ഒരു കാലത്തിലിരുന്ന് ജീവിച്ചുപോകുന്നതിനെ മറ്റുള്ളവർക്കായി എങ്ങനെ അടയാളപ്പെടുത്താമെന്നാണ് ഈ വരികൾ നമ്മെ പഠിപ്പിക്കുന്നത്. അകലെനിന്ന് അദൃശ്യമായി ഒഴുകിവന്ന് പെട്ടെന്ന് നിലച്ചുപോയ ഒരു ഒറ്റക്കുയിലിന്റെ പാട്ടുപോലെയാണത്. എല്ലാ ക്ലേശങ്ങളും വേപഥുകളും നിമിഷനേരത്തേക്ക് മാഞ്ഞില്ലാതാകുന്നതുപോലെ. നമ്മുടെ സംത്രാസങ്ങളിലേക്ക് പിന്നീട് മടങ്ങിയെത്തുമ്പോൾ നാം മനസ്സിലാക്കുന്നു, ജിനേഷുമൊത്തുള്ള ഈ ഹ്രസ്വമായ കൂടിച്ചേരലിൽ ഒരു ചെറിയ ത്തുവൽ നമുക്ക് ലഭിച്ചെന്ന്. എപ്പോഴും സ്പർശിക്കാനായി ലാപ്ടോപ്പിനോടൊപ്പം നാമത് മടിയിൽ വച്ചിട്ടുണ്ട്.

ഹുസൈൻ കെ.എച്ച്.

# 2

# Blog Posts

# My First Post

Life is becoming hard nowadays. Sitting at home doing nothing, makes me read more. I usually go for novels. But this time I decided to closely follow the top reports and articles in news papers. Within a day or two, what I understood was that, if these people started writing fiction, then the leading writers of today will have to look for something else to do. The interviews of important personalities are now live fed by channels. But we will be reading a totally different story of what we saw and heard the last day. For those who cry about the dryness in Malayalam literature, here is the answer. People with good level of imagination is now with media.

(July 05, 2007)

# Politics in campus: the need of time

I have read a lot, seen a lot and heard a lot about campus politics. When thinking with the open mind of a student who is bothered about the situation of the country today, I have a small comment to put forward regarding campus politics.

I just completed my professional course from one of the most criticized campuses of today in the name of campus politics. So I guess I am eligible to propose a view on the issue. Banning politics in campus is just like banning internet for the thousands of websites with so called inappropriate content.

What I am telling is, the most important part of the country's administration system is legislature. It is where the decisions are taken and new rules are made. Other pillars of democracy, like executive, judiciary and media; does the job of implementing and cross checking the decisions made by legislature. So by banning the politics in campuses, what is today's society aiming at? Creating an uneducated legislature, so that it acts as a spoon in the arms of the enemies of the state?

The main problem authorities raise about campus politics is the violence in the process. The campus is mostly youngsters between 17 and 25, the hot and energetic period, in malayalam ചോര തിളയ്ക്കുന്ന പ്രായം. It is the duty of society and authorities to control the law and order. If students are able to think about parents when any problem comes, then they will never go to make any violence in campus. Also if somebody wants to make problems in campus, he will make that irrespective of politics. It is the duty of society to provide good political basis, election mechanism and facilities. It is never the right solution to ban politics in campus just because the society and authorities fail to implement it in the right way.

Whatever the case maybe, campus politics act as a direct impression of what happens in the original society. Is it because of that authorities oppose campus politics? I don't know. I have not been able to express all that I wanted to.

Please post your comments. Then I guess I will be able to open up better.

(July 15, 2007)

# മൊബൈലും വിദ്യാർത്ഥിയും

കുറച്ചുകാലത്തെ ഇടവേളയ്ക്കുശേഷം കാലികപ്രസക്തമെന്ന് എനിക്ക് തോന്നിയ ഒരു വിഷയവുമായി.

ഈയടുത്തൊരു ദിവസം ടെലിവിഷനിൽ കണ്ടൊരു പരിപാടിയാണ് എന്നെക്കൊണ്ടിതെഴുതിക്കുന്നത്. വിദ്യാർത്ഥിയും മൊബൈലും ആയിരുന്നു ആ ചർച്ചയുടെ വിഷയം. ചർച്ചയിൽ പങ്കെടുത്ത മാർ ഇവാനിയോസ് കോളേജിലെ വിദ്യാർത്ഥികളടക്കമുള്ള പലരുടെയും അഭിപ്രായം പുത്തൻതലമുറഫോണുകൾ വിദ്യാർത്ഥികൾക്ക് അനാവശ്യമാണെന്നായിരുന്നു. വൈദ്യുതി കനിയാഞ്ഞതു കാരണം പരിപാടി മുഴുവനും കാണാനായില്ല. അതുകൊണ്ട് ചർച്ച സംഗ്രഹിച്ചതെങ്ങനെ എന്നറിയാനായില്ല. എന്തായാലും കഴിഞ്ഞ നാലുവർഷം ഒരു പ്രൊഫഷണൽ ബിരുദവിദ്യാർത്ഥിയായിരുന്ന ഈ ഞാനും അനുഭവത്തിന്റെ വെളിച്ചത്തിൽ ചിലത് പറയട്ടെ. ചർച്ചയിൽ പങ്കെടുത്ത പലരും ധരിച്ചിരിക്കുന്നതുപോലെ വിലകൂടിയ ഫോണുകളും അത്യന്താധുനിക സാങ്കേതികവിദ്യയും സ്റ്റാറ്റസ് സിംബലല്ല, മറിച്ച് ലോകം കൈവെള്ളയിലൊതുക്കാനുള്ള സങ്കേതങ്ങളാണ്. ചർച്ചയിൽ പങ്കെടുത്ത അത്യന്തം പഠനതൽപ്പരരായ സുഹൃത്തുക്കൾ മാത്രമല്ല ക്യാമ്പസുകളിലുള്ളത്. മറിച്ച്, ഒരു ഭൂരിഭാഗം പഠനത്തോടൊപ്പം ജീവിതം ആസ്വദിക്കുകയും ചെയ്യുന്നവരാണ്. ചിരിക്കുകയും കളിക്കുകയും ചെയ്യുന്ന മനുഷ്യജീവികൾ. അവർക്ക് ജീവിതത്തിലെ അനശ്വര മുഹൂർത്തങ്ങൾ പകർത്താൻ ക്യാമറയും, സംഗീതം ആസ്വദിക്കാൻ മ്യൂസിക് പ്ലെയറും, ഇന്റർനെറ്റുമായി ബന്ധപ്പെടാൻ മോഡവും, സർവ്വോപരി ഫോണും എല്ലാമായി പ്രവർത്തിക്കാൻ ഈ വിലയ്ക്ക്, ഈ വലുപ്പത്തിൽ ഒരുപകരണം വേറെയുണ്ടോ? ഈ ലളിതമായ സമസ്യക്ക് എനിക്കൊരുത്തരം തരിക. സ്റ്റാറ്റസിനുവേണ്ടി ഇത്തരം ഫോണുകൾ കൊണ്ടുനടക്കുന്നവർ വിദ്യാർത്ഥികളുടെ ഇടയിൽ ന്യൂനപക്ഷമാണ്.

മൊബൈലിന്റെ ദുരുപയോഗം തടയാൻ ഹോസ്റ്റലുകൾ നടപടികൾ വല്ലതും സ്വീകരിക്കാറുണ്ടോ എന്ന ചോദ്യത്തിന് അഭിമാനത്തോടെ ഒരു വിദ്യാർത്ഥിനി പറഞ്ഞ ഉത്തരം എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. ഹോസ്റ്റലിൽ മൊബൈൽ കൈവശംവയ്ക്കാൻ വാർഡൻ അനുവദിക്കാറില്ലത്രേ. അത്ര നിർബന്ധമുള്ളവർക്ക് വാർഡന്റെ കൈയ്യിലേൽപ്പിക്കാം. ഫോൺ വരുമ്പോൾ വാർഡന്റെ മുമ്പിൽവച്ചു സംസാരിച്ചിട്ട് തിരിച്ചുകൊടുക്കണം. ഇങ്ങനെ മൊബൈലുപയോഗിക്കുന്ന സുഹൃത്തിനും കൂട്ടുകാർക്കും പുത്തൻതലമുറയെന്നല്ല, മൊബൈൽ തന്നെ ആവശ്യമില്ല. അവർക്കൊക്കെ അത് കുരങ്ങന്റെ കൈയ്യിലുള്ള പൂമാലയാണ്. സാധാരണ മനുഷ്യരായി ജീവിക്കുകയും അവരെപ്പോലെ ചിന്തിക്കുകയും ചെയ്യുന്ന ഒരുപാടു വിദ്യാർത്ഥി സുഹൃത്തുക്കളുണ്ട് ഈ കൊച്ചു കേരളത്തിൽ. അവർക്ക് മൊബൈൽ ഒരത്യാവശ്യമാണ്. സംസാരിക്കാനും പരസ്പരം (സ്നേഹ)സന്ദേശം കൈമാറാനും മാത്രമല്ല, ജീവിതാഘോഷങ്ങളുടെ നേർകാഴ്ചകൾ സൂക്ഷിക്കാൻ, തന്നെ ത്രസിപ്പിച്ച ഈരടികൾ വീണ്ടും

വീണ്ടും ആസ്വദിക്കാൻ, ഒരിക്കലും തീരാത്ത മായകാഴ്ചകൾക്കായി ഇന്റർനെറ്റ് പരതാൻ, അങ്ങനെ പലതിനും. നേരംകൊല്ലികളായ കളികളുടെ പേരിൽ മത്സരം സംഘടിപ്പിക്കാനും, സോഫ്റ്റ്‌വെയറിന്റെ ഉള്ളുകളികളിലേക്കിറങ്ങി ച്ചെന്ന് തിരുത്താനും പോലും അവർക്ക് മൊബൈൽ ഒഴിവാക്കാനാവാത്ത കൂട്ടാണ്. പഠിത്തം നന്നാക്കാനെന്ന പേരിൽ വിദ്യാർത്ഥികളുടെനേരെ നടക്കുന്ന ഇത്തരം ചെയ്തികൾക്കെതിരെ ആരും പ്രതികരിക്കാത്തതല്ല എന്നെ അത്ഭുതപ്പെടുത്തിയത്, വിദ്യാർത്ഥികൾതന്നെ അതിനെ ന്യായീകരിക്കുന്ന താണ്. ഞാൻ കണ്ടിടത്തോളം, മൊബൈൽ കാരണം മാത്രം പഠിത്തം മോശ മാവുന്ന ഒരു കുട്ടി പോലും ലോകത്തിലുണ്ടാവില്ല. പഠിക്കാൻ കഴിയാത്തവർക്ക്, മൊബൈലല്ലെങ്കിൽ മറ്റൊരു കാരണം കാണും.

പിന്നെ ദുരുപയോഗം. വ്യക്തവും ശക്തവുമായ നിയമങ്ങളുണ്ടായിട്ടും മൊബൈൽ ദുരുപയോഗം ചെയ്യപ്പെടുമ്പോൾ, നമ്മുടെ നിയമവ്യവസ്ഥിതിയുടെ പ്രശ്നമായാണ് ഞാനതു കാണുന്നത്. ദുരുപയോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെ ടുകയും, നടപടികളും ശിക്ഷകളും ഉണ്ടാവുകയും ചെയ്താൽ ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങൾ കുറക്കാനാവും. സാങ്കേതികവിദ്യക്കനുസരിച്ച് നമ്മുടെ നിയമവ്യവസ്ഥിതിയും ഭരണസംവിധാനങ്ങളും വളരാത്തതാണെന്ന തോന്നുന്നു ഇതിനുള്ള തടസ്സം. പിന്നെ, പോലീസിനോടിടപെടാൻ നമുക്കെല്ലാർക്കുമുള്ള മടിയും.

എറിയാനറിയാവുന്നവന്റെ കയ്യിൽ വടി കൊടുക്കരുതെന്നപോലെ, വിദ്യാർത്ഥിക്ക് മൊബൈൽ കൊടുക്കരുതെന്ന വാശി പിടിക്കുന്നവരോട് : വടി പിടിക്കാനെങ്കിലും പഠിപ്പിച്ചശേഷം, എറിയുന്നവരെ നന്നാക്കുക. മൊബൈൽ ഉപയോഗത്തിൽ നിയന്ത്രണം വേണ്ടെന്നല്ല എന്റെ അഭിപ്രായം, നിയന്ത്രണവും നിരോധനവും ഫലത്തിൽ ഒന്നാവരുതെന്നാണ്. അതു ഗുണ ത്തേക്കാളേറെ ദോഷമേ ചെയ്യൂ. ഔചിത്യമില്ലാത്ത മൊബൈൽ ഉപയോഗം മാത്രമേ നിയന്ത്രിക്കേണ്ടതുള്ളൂ എന്നാണെന്റെ അഭിപ്രായം.

(August 28, 2007)

# സാരിയെക്കുറിച്ച് എന്റെ വിനീത അഭിപ്രായം

ഞാൻ ഈ കുറിപ്പ് എഴുതുന്നത് വിഷ്ണുപ്രസാദിന്റെ പോസ്റ്റും[1] അതിലെ മറ്റു കണ്ണികളും അവിടെയുള്ള ചർച്ചകളും കണ്ടാണ്.

സാരിക്ക് പുതുതലമുറ (ഇപ്പൊ സാരിയുടുത്ത് തുടങ്ങുന്നവരുടെ തലമുറ) കൊടുക്കുന്ന സ്ഥാനം, ഞാൻ വലുതായി എന്ന് സ്വയവും മറ്റുള്ളവരെയും തോന്നിപ്പിക്കാനുള്ള ഒരു വസ്ത്രം എന്ന നിലയിലാണെന്നാണ് എന്റെ തോന്നൽ. ചില സംഭവങ്ങളിലൂടെ വ്യക്തമാക്കാൻ ശ്രമിക്കാം. ഓണത്തിന് വീട്ടീപ്പോവാൻ കഴിയാതിരുന്ന എന്നെ ഒരു അനിയത്തിക്കുട്ടി ഫോൺ വിളിച്ച് പറഞ്ഞു, അവൾ സാരിയാണ് ഉടുത്തതെന്ന്. അവൾക്ക് സാരി മുതിർന്നവരുടെ കൂട്ടത്തിലേക്കുള്ള ഒരു ചവിട്ടുപടിയാണ്. സ്കൂളിൽ പഠിപ്പിക്കാൻ പോയ എന്റെ ക്ലാസ്മേറ്റ് ആദ്യദിവസം ചുരിദാറിട്ടു ചെന്നപ്പോൾ കുട്ടികൾക്ക് തമാശ, പിറ്റേന്ന് സാരിയും ഉടുത്ത് ചെന്നപ്പോൾ എവിടെനിന്നില്ലാതെ ബഹുമാനം. അവിടെ സാരി മുതിർന്ന സ്ത്രീയുടെ പരിവേഷം നൽകുന്നു. വെറും അഞ്ചരമീറ്റർ തുണിക്ക് ഇത്രയും മാറ്റങ്ങൾ മനുഷ്യമനസ്സിൽ വരുത്താൻ കഴിയുമെങ്കിൽ അത് ചില്ലറയല്ല എന്നാണ് എന്റെ വിനീത അഭിപ്രായം. ഞാൻ സാരി ഉടുക്കുന്നു, അല്ലെങ്കിൽ എനിക്ക് സാരി ഉടുക്കാനറിയാം എന്ന് എന്നോടു പറഞ്ഞ ഓരോ പെങ്കുട്ടിയും അത് ഒരു പൊതുവസ്ത്രം ധരിക്കാനറിയാം എന്നതിനേക്കാളുപരി, I have a skill എന്ന രീതിയിലാണ് എന്നോടു പറഞ്ഞിട്ടുള്ളത്. അഞ്ചരമീറ്റർ തുണി അഴിഞ്ഞുവീഴാതെ ധരിച്ച് സ്വതന്ത്രമായി നടക്കുക എന്നത് ഒരു കഴിവ് തന്നെയാണ്.

പിന്നെ ഞാൻ കണ്ടറിഞ്ഞിടത്തോളം, സാരി സ്ഥിരമായി ഉടുക്കാൻ താൽപ്പര്യമുള്ളവർ പുതുതലമുറയിൽ ഇല്ല എന്നു പറയാം, ഒരു സെറിമോണിയൽ സ്റ്റാറ്റസ് ആണ് എല്ലാവർക്കും സാരിയോടുള്ളത്. അത്രതന്നെ മതി എന്നാണ് എന്റെ അഭിപ്രായവും. അല്ലാതെ "സാരിയുടുക്കാനറിയാത്തവർ മലയാളി മങ്കയാവില്ല" എന്നത് വരട്ടു തത്വവാദം എന്ന ഗണത്തിൽ പെടുത്താനാണെനിക്കിഷ്ടം.

സാരി ധരിക്കാനറിയുന്നവർ ധരിക്കട്ടെ. പക്ഷെ അതൊരിക്കലും ഒരു രീതിയിലും അവശ്യയോഗ്യതയാവരുത്. സാരി ധരിച്ചില്ലെന്നുവച്ച് നന്നായി പഠിപ്പിക്കാനറിയുന്ന ഒരു സ്ത്രീയെ 'നിങ്ങൾക്ക് ടീച്ചറാവാനുള്ള യോഗ്യതയില്ല' എന്നു പറഞ്ഞു തിരിച്ചയക്കുന്നത് പിന്തിരിപ്പൻ നയമാണ്. സാരിയുടെ പ്രധാനയോഗ്യത എന്നു ഞാൻ പറയുക, ഒരേ സമയം executive ഉം traditional ഉം ആയ ഒരു വസ്ത്രം എന്നതാണ്. മുണ്ടുടുത്ത പുരുഷൻമാർ സ്വീകരിക്കപ്പെടാത്ത സ്ഥലങ്ങളിൽപോലും സാരിയുടുത്ത സ്ത്രീകൾ സ്വീകരിക്കപ്പെടും.

(Oct 21, 2007)

[1] http://prathibasha.blogspot.com/2007/10/blog-post_13.html

# സ്വതന്ത്ര സോഫ്റ്റ്‌വെയർ - ചില നിരീക്ഷണങ്ങൾ

സിബുവിന്റെ ഒരു പോസ്റ്റും[2] അവിടുത്തെ കമന്റുകളും, സ്വതന്ത്ര സോഫ്റ്റ് വെയറിനെക്കുറിച്ച് എനിക്കറിയാവുന്ന കാര്യങ്ങൾ എഴുതാൻ പ്രേരിപ്പിക്കുന്നു.

സോഴ്സ് ഉപയോഗിച്ച് പുതിയ സങ്കേതങ്ങൾ രൂപപ്പെടുത്തുന്നത് സോഫ്റ്റ് വെയറിനെ സാങ്കേതികമായി സമീപിക്കുന്നവരുടെ ആവശ്യമാണ്. എനിക്കറിയാവുന്നിടത്തോളം സോഫ്റ്റ്‌വെയർ ഉപയോക്താക്കളുടെ ഒരു ചെറിയ ശതമാനമേ ഇത്തരത്തിലുള്ളവരുള്ളൂ. ഇന്നത്തെ വലിയൊരു ശതമാനം സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോക്താക്കളും, അതിന്റെ സ്വാതന്ത്ര്യം തിരിച്ചറിഞ്ഞ് ഉപയോഗിച്ചു തുടങ്ങിയവരാണ്.

സാധാരണ സോഫ്റ്റ്‌വെയർ ഉപയോക്താക്കളിൽ ഭൂരിഭാഗവും പ്രോഡക്റ്റിനെ മാത്രം ആശ്രയിക്കുന്നവരാണ്. അവർ അതിന്റെ സർവ്വീസ് മാത്രമാണ് ഉപയോഗിക്കുന്നത്. അതിനാവശ്യമായ സപ്പോർട്ടാണ് അപ്പോളവിടെ വലിയ പ്രോഡക്റ്റ്. അതു നൽകാൻ സ്വതന്ത്ര സോഫ്റ്റ്‌വെയർ അനുവദിക്കുന്നുമുണ്ട്. പണം വാങ്ങരുതെന്ന് എനിക്കറിയാവുന്നിടത്തോളം എവിടെയും പറയുന്നുമില്ല. മാത്രവുമല്ല, പരിപൂർണ്ണസ്വാതന്ത്ര്യം ഉപയോക്താവിന് നൽകുന്നുമുണ്ട്. സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്താൻ അനുവദിക്കുന്നുമില്ല.

ഞാൻ കണ്ടുപിടിച്ച സങ്കേതം ഞാൻ മാത്രമേ സർവ്വീസ് ചെയ്യൂ എന്നും, അവിടെ എനിക്ക് മോണോപ്പോളി വേണം എന്നുമുള്ള വാദങ്ങളെ സ്വതന്ത്ര സോഫ്റ്റ്‌വെയർ തള്ളിക്കളയുന്നു. "തുറന്ന" വിപണിയുടെ യഥാർത്ഥ ഗുണഭോക്താക്കളായി ഉപയോക്താക്കളെ മാറ്റുന്നു. ഗവേഷണങ്ങളെ സ്വതന്ത്രമായ രീതിയിൽ collaborative development ആക്കി മാറ്റാൻ ശ്രമിക്കുന്നു.

കൊട്ടുംലാഭം ഇവിടെ ആർക്കും പ്രതീക്ഷിക്കാനാവില്ല, ശരിയാണ്. മാത്രമല്ല, മത്സരം കടുക്കുന്നതിനാൽ സപ്പോർട്ടെന്നാൽ input കുറച്ച് output കൂട്ടുന്ന രീതിയാക്കാനും കഴിയില്ല. ഇന്നത്തെ വിപണിയിലെ കൊട്ടുംലാഭത്തിന്റെ കുതിപ്പ് ഉണ്ടാവില്ല, പക്ഷെ മാന്യമായ ലാഭം കഴിവുള്ളവന് ലഭിക്കും. വിപണിയിൽ പിടിച്ചുനിൽക്കാൻ പുതിയ കണ്ടുപിടുത്തങ്ങൾ വേണ്ടിവരും, സാങ്കേതികവിദ്യ വെളിവാക്കേണ്ടതിനാൽ സ്വതന്ത്ര ഗവേഷണം നടത്തേണ്ടി വരും. ഉപയോക്താവ് സ്വാതന്ത്ര്യം ആവശ്യപ്പെടുന്നതിനാൽ ഒളിച്ചുകളി നടപ്പില്ല. അതുകൊണ്ടുതന്നെ, ഗവേഷണങ്ങൾ തുല്യശക്തികളുടെ collaborative attempt ആയിമാറുന്നു. പ്രോഡക്റ്റ് നന്നാവുന്നു.

സാമ്പത്തികമായി ലാഭം ഉണ്ടാക്കാം, കൊള്ളനടത്താൻ കഴിയില്ല - ഇങ്ങനെയാണ് എനിക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറിനെക്കുറിച്ച് തോന്നിയിട്ടുള്ളത്. എല്ലാരീതിയിലും സ്വതന്ത്രമായി സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന കാലം വരില്ല എന്ന് പറയാനാവില്ല. പക്ഷെ ഉപയോക്താവ് അവകാശങ്ങളെക്കുറിച്ച് ബോധവാനാവാത്തിടത്തോളം അതുണ്ടാവില്ല എന്നു പറയാം.

---

[2] http://cibu.blogspot.com/2007/11/blog-post.html

ഇതൊക്കെ ഇക്കാലത്തു നടക്കുമോ, ഉപയോക്താവ് സ്വാതന്ത്ര്യത്തെ തിരിച്ചറിയുമോ എന്നൊക്കെ ചോദിച്ചാൽ, ഈ ഉപയോക്താവ് എന്നു പറയുന്ന ആൾ നമ്മളോരോരുത്തരുമാണെന്നും ആവശ്യം നമ്മുടേതാണെന്നും മനസ്സിലാക്കുക. മനസ്സിലാക്കിയത് രണ്ടുപേരോടുകൂടിപ്പറയുക, പ്രവർത്തിക്കുക, ഇത്തരം പ്രവർത്തനങ്ങൾക്ക് ആകാവുന്ന സഹായം ചെയ്യുക. ലോകത്തിൽ ഒരാശയവും പടർന്നുപന്തലിച്ചതു ഒരു ദിവസം കൊണ്ടല്ല എന്നോർക്കുക.

ഇവിടെ ഞാൻ പങ്കുവയ്ക്കാൻ ശ്രമിച്ചത് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സ്വാതന്ത്ര്യം ഉപയോക്താവ് തിരിച്ചറിഞ്ഞു പ്രവർത്തിച്ചാൽ എന്തു സംഭവിക്കാം എന്നാണ്. അത് തിരിച്ചറിഞ്ഞുകഴിഞ്ഞ കമ്പനിയുടമയുടെ വാക്കുകൾ പ്രവീണിന്റെ പരിഭാഷയിൽ ഇവിടെ[3] വായിക്കൂ.

സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ നന്മയും ഗുണവും തിരിച്ചറിയുന്നവർ അത് മറ്റുള്ളവരെക്കൂടി മനസ്സിലാക്കാനും തിരിച്ചറിയിക്കാനും ശ്രമിക്കണം എന്നാണ്, എന്റെ അഭിപ്രായം. എല്ലാ സഹയാത്രികരുടെയും സഹകരണങ്ങൾക്കഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. കൂടുതൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

(November 03, 2007)

[3] http://pravi.livejournal.com/15198.html

# Account of a campus gang war!!!

This is an account of a mob in a well known self financing Engineering college, from the words of students of the college. It is from MES College of engineering, and most newspaper reports are not taking into account what the root cause of the problem is. I just tried to interact with some of my juniors there and got these details. This account is written on the basis of a chat conversation, which is published here. Some details I confirmed and crosschecked, basically those regarding the program at the auditorium and all. I just want to point out how a ordinary gang or group fight at college turned out to be a political (?) issue. I never call this as student politics, but student gang war.

There are more than enough issues at college, and without fighting for those, these student politicians (?) are fighting for head counts. I don't know what leads these students. Anyway, I believe it is not the professionalism that all are expecting from young engineers.

On Friday, the 23$^{rd}$ of November 2007, there was a screening for some program (guess its name was Dyuthi 07) going on in the auditorium. It was going well until the Mechanical fellows started shouting ROYAL MECH, to which the the EEEs responded by shouting CHOPPERS. The people present there said that they saw many chairs flying around. The situation was brought under control by the police.

Later, on Sunday (25$^{th}$ November) morning (night), at about 1:30 AM, while everyone were asleep, a few locals came to the hostel and destroyed an inmate's computer. Another inmate who rushed to the scene on hearing the noise was brutally attacked with weapons like chains, iron rods and haxo blade. He suffered injuries to his head, arm and foot. A big strike was planned for Monday (26th November) by KSU-MSF. The SFI-DYFI were also on strike and had lot of local support with them. Police rushed to the scene in large numbers. There were 3 jeeps and 2 vans full of police with their new 'lathi's. The strike was peaceful. Classes were suspended for the day.

The locals found some tools (iron rods) on the road and reported to the police. They said more would be found at the hostel

and asked the police to raid the place. Some locals came along as well. However, the students weren't happy at this. Pushing and pulling took place which was followed by throwing of stones. The police stopped the raid and came to the middle and used laathi to separate the 2 groups. Some were injured. Along with the students and the people, a news reporter was also injured. The bikes of 2 students were also destroyed by the DYFI activists.

The final outcome was, the college was closed for a week. The first internal exam, which was scheduled to be conducted in the first part of the odd semester, was again postponed. Also many students were injured and hospitalized. I was seeing this game of settling scores for a long time, and now just a problem in a cultural show turned out to be a big issue (settling accounts!). I don't know who is benefiting from these gang wars.

(Also heard some students were harassed while going home after all these. Didn't get the details though. Will put up those details too as soon as possible.)

(November 27, 2007)

# മലയാളിയുടെ പെൺകാഴ്ചയെപ്പറ്റി...

നമത് വാഴ്വും കാലത്തിന്റേയും[4], അവിടെക്കണ്ട കൊച്ചുത്രേസ്യയുടെ കമന്റിന്റെയും വെളച്ചത്തിൽ ഒരു കേരളീയ യുവാവിന്റെ കുറിപ്പ്. അന്ന് കൊച്ചുത്രേസ്യയെ തുറിച്ചുനോക്കിയവരിൽ ഞാൻ ഉണ്ടാവാഞ്ഞത് ഞാൻ കൊച്ചിയിൽ ഇല്ലാതിരുന്നതു കൊണ്ടാണെന്ന് ആദ്യമേ പറയട്ടെ. എന്താച്ചാൽ, സത്യത്തിന്റെ മുഖം വികൃതമാണെങ്കിലും തുറന്നു പറയുന്നതാണ് നല്ലതെന്ന് ഞാൻ പഠിച്ചുവരികയാണ്. എന്നെപ്പോലെ, വീട്ടിലെ പെണ്ണുങ്ങൾ ഉപദേശിച്ച നന്നാക്കാൻ ശ്രമിച്ച് പരാജയപ്പെട്ട്, അല്ലെങ്കിൽ അവരെ തെറ്റിദ്ധരിപ്പിച്ച്, നാട്ടിലെ പെണ്ണുങ്ങൾക്ക് പിടികൊടുക്കാതെ നടക്കുന്ന പയ്യൻമാരാവണം ആ കൂട്ടത്തിലേറെയും.

എന്താണ് ഞങ്ങളുടെ കാതലായ പ്രശ്നം എന്നൊന്നും ചോദിച്ചാൽ മറുപടി തരാൻ എനിക്കാവില്ല, കാരണം അങ്ങനെ ഒന്നില്ല എന്നതുതന്നെ. വിലങ്ങിട്ട് നിർത്താൻ ഒരു 'ഗേൾ ഫ്രണ്ടോ', അല്ലെങ്കിൽ ശക്തമായ ഒരു മാതൃസാന്നിദ്ധ്യമോ ഇല്ലാത്ത എല്ലാ കേരളീയ യുവാക്കളും എന്നെപ്പോലെത്തന്നെയാണ് എന്നാണ് എന്റെ ഇത്രയും നാളത്തെ അനുഭവസാക്ഷ്യം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ കാമഭ്രാന്തുമായി ജീവിക്കുന്നവരാണ് ഞങ്ങൾ എന്ന് എഴുതിത്തള്ളുന്നതിനുമുമ്പ്, എന്തു സാമൂഹിക സാഹചര്യമാണ് ഞങ്ങളെ ഇങ്ങനെയാക്കിത്തീർത്തത് എന്ന് മനസ്സിലാക്കിത്തരൂ. ഒരു വിഭാഗം ആളുകൾ ഒരേതരത്തിലുള്ള ദുശ്ശീലങ്ങൾക്കടിമകളാവുന്നുണ്ടെങ്കിൽ പ്രശ്നം വ്യക്തിക്കല്ല സമൂഹത്തിനാണ് എന്നാണ് എനിക്കു തോന്നുന്നത്. മദ്യത്തിനെതിരെ ഘോരഘോരം പ്രസംഗിച്ച് രാത്രിയിൽ നാൽക്കാലിൽ വീട്ടിലെത്തുന്ന, അല്ലെങ്കിൽ വീട്ടിലെ അലമാരയിൽനിന്ന് ബ്ലാക്ക് ലേബൽ വീശിയാൽ മാത്രം ഉറക്കംവരുന്ന സംസ്കാരത്തിന്റെ ബാക്കിപത്രമാണോ? അമിതമായ വിലക്കുകളിലൂടെ തെറ്റായ വിദ്വേഷങ്ങളും ആസക്തികളും വളർത്തുന്ന ആത്മീയ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സംഭാവനയോ? അതോ, എതിർലിംഗത്തിലെ ന്യൂനപക്ഷത്തിനെക്കണ്ട് ഒരു വിഭാഗത്തിനെ മുഴുവൻ തെറ്റിദ്ധരിച്ചതോ? സമൂഹത്തിനെ കുറ്റം പറഞ്ഞു സമാധാനിക്കുന്നതിലുപരി, ഏതേതു സാഹചര്യമാണ് മാറേണ്ടത് എന്ന് മനസ്സിലാക്കാനാണ് എന്റെ ശ്രമം. സമൂഹത്തിന്റെ നെടുംതൂണ് വ്യക്തിയാണെന്നും, സമൂഹം മാറണമെങ്കിൽ മാറേണ്ടത് വ്യക്തിയാണെന്നും തിരിച്ചറിയുന്നു ഞാൻ. അതുകൊണ്ട്, ഒരു വ്യക്തിയെന്ന നിലയിൽ മാറ്റേണ്ട ശീലങ്ങളെന്തൊക്കെയെന്നാണ് ഞാൻ അന്വേഷിക്കുന്നതും.

ആശങ്കകൾ പങ്കുവയ്ക്കുന്നതിനോടൊപ്പം പ്രശ്നത്തിന്റെ വേരുതേടിപ്പിടിച്ച് ചികിത്സയ്ക്ക് ഒരു കുറിപ്പടിക്കുള്ള ആദ്യ ഉദ്യമമെങ്കിലും നടത്താനാണ് എനിക്ക് താത്പര്യം. ബൂലോകത്തിലെ സഹൃദയരെല്ലാരും സഹായത്തിനുണ്ടാവുമെന്നാണ് പ്രതീക്ഷ.

(January 08, 2008)

[4] http://disorderedorder.blogspot.com/2008/01/blog-post_7837.html

# സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യം

സന്തോഷിന്റെ ബ്ലോഗിൽ[5] നടന്ന ചർച്ചയോടും, അനിവറിന്റെ വിശകലനത്തോടും[6] ചേർത്തുവായിക്കാൻ എന്റെ ചില നിരീക്ഷണങ്ങൾ.

എനിക്ക് പൈറേറ്റ് (pirate[7] - കടൽകൊള്ളക്കാരൻ) എന്നുപയോഗിക്കുന്നതിനോടുതന്നെ എതിർപ്പാണ്. Pirates of Silicon Valley എന്ന ചലചിത്രം തുറന്നുകാട്ടുന്ന കൊള്ളക്കാരുടെ ചിത്രവുമായി താരതമ്യം ചെയ്യുമ്പോൾ രണ്ടുകാലിലും മന്തുള്ളവൻ ഒരു കാലിലുള്ളവനെ 'മന്താ' എന്നു വിളിക്കുന്നതിലെ സുഖമില്ലായ്മ അനുഭവപ്പെടുന്നു. ആ വാക്കിന്റെ നിർവചനത്തിൽ പ്പെടാത്ത എത്ര പേരുണ്ടെന്നതും അതുപയോഗിക്കുമ്പോൾ ആലോചിക്കണം. 'പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ' എന്നു തീരുമാനിച്ചു നടപ്പാക്കിയാൽ അവശേഷിക്കുന്ന ജനക്കൂട്ടം നാമമാത്രമായിരിക്കും.

വില കുറഞ്ഞ മാർക്കറ്റിംഗ് തന്ത്രങ്ങളും അടവുനയങ്ങളും ഉപയോഗിച്ച് സ്വന്തം പ്രോഡക്ട് വാങ്ങാൻ നിർബന്ധിക്കുകയും, തലതിരിഞ്ഞ കരാറുകളിലൂടെയും അവിശുദ്ധ കൂട്ടുകെട്ടുകളിലൂടെയും ഉപയോക്താവിന്റെ സ്വാതന്ത്ര്യത്തിൽ കൈകടത്തുകയും ചെയ്യുന്ന എന്നതാണ് മൈക്രോസോഫ്റ്റും മറ്റനേകം കുത്തകകളും ചെയ്യുന്ന ആദ്യ criminal offense. (ഒരു ചെറിയ കൈകടത്തലിന്റെ ഉദാഹരണം[8]). അതാരും വലിയ പ്രശ്നമായിക്കാണുന്നില്ല (കാണാറില്ല). എല്ലാവരും പറയും അത് വെൻഡറുടെ സ്വാതന്ത്ര്യം എന്ന്. വെൻഡർ എടുക്കുന്ന സ്വാതന്ത്ര്യം ഉപയോക്താവിന്റെ സ്വാതന്ത്ര്യത്തിൽ ചവിട്ടി അലറിവിളിച്ചാണ് എന്ന് ആരും പ്രശ്നമായിക്കാണാറില്ല. വിപണിയിൽ വെൻഡർക്കല്ലല്ലോ കസ്റ്റമർക്കല്ലെ സ്വാതന്ത്ര്യം വേണ്ടത് എന്ന ചോദ്യം പലർക്കും രസിക്കാറുപോലുമില്ല.

പകരം, ഡ്രൈവറുകളും മറ്റു ഹാർഡ്‌വെയർ സപ്പോർട്ട് സങ്കേതങ്ങളും നൽകേണ്ടുന്ന വെൻഡർ അതു നൽകുന്നില്ലെങ്കിൽ അതിന് വിഘാതം യൂസർക്കു നൽകുന്ന സ്വാതന്ത്ര്യമാണെന്നുവരെ പറഞ്ഞുകളയും. നൂറും ഇരുനൂറും നാലായിരവും അയ്യായിരവും ലക്ഷങ്ങളും കൊടുത്തുവാങ്ങുന്ന ഉപകരണങ്ങൾ നിങ്ങൾക്ക് ഇഷ്ടമുള്ള സിസ്റ്റത്തിൽ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം വെൻഡർ തരാത്തതെന്ത് എന്നു ചിന്തിക്കാതെ, നമുക്ക് അവശ്യമായ സ്വതന്ത്ര്യത്തെക്കുറിച്ച് ബോധവാനാവാതെ, സോഫ്റ്റ്‌വെയറിൽ സാധാരണക്കാരന് എന്തിന് സ്വാതന്ത്ര്യം എന്ന് ചോദിക്കുകയും, മൈക്രോസോഫ്റ്റിനും മറ്റു കുത്തകകൾക്കും അവരുടെ വഴി എന്നു പറയുകയും ചെയ്യുന്നത് എനിക്ക് പിടികിട്ടുന്നില്ല. അതും ഇപ്പറയുന്ന സംവിധാനങ്ങൾ നിർമ്മിക്കാൻ വളരെ എളുപ്പമുള്ള സങ്കേതങ്ങ

[5]http://santhoshspeaking.blogspot.com/2008/01/blog-post_21.html

[6]http://replyspot.blogspot.com/2008/01/blog-post_24.html

[7]http://en.wiktionary.org/wiki/pirate

[8]http://chithrangal.blogspot.com/2008/01/blog-post_24.html

ളാണെന്ന വരുമ്പോൾ. (പലരും സ്വതന്ത്ര സോഫ്റ്റ്‌വെയറായി ഡ്രൈവറുകൾ തരാത്തത് അവരുപയോഗിക്കുന്ന, എതിരാളി പേറ്റന്റ് ചെയ്ത സങ്കേതം തിരിച്ചറിയപ്പെട്ടുമെന്നുള്ളതുകൊണ്ടാണത്രേ.) സ്വാതന്ത്ര്യത്തിന്റെ ആവശ്യത്തെപ്പറ്റി ചോദിച്ചാൽ ഈ ലേഖനത്തിൽ[9] RMS വിവരിക്കുന്ന കാലം വിദൂരമല്ലെന്ന് നിയമങ്ങളുടെ ഊരാക്കുടുക്കുകൾ വ്യക്തമായി അറിയാവുന്നവർക്ക് മനസ്സിലാവും. ഇത്തരം ഒരു അവസ്ഥ സംജാതമാക്കാൻ മാത്രം പ്രശ്നമുള്ള കരാറുകളാണ്, നാം ഓരോ തവണയും EULA യിൽ I Agree അമർത്തുമ്പോൾ ഒപ്പുവയ്ക്കുന്നത്. നിയമങ്ങൾ വ്യക്തമായി നടപ്പാക്കണം എന്ന് പറയുന്നവർ എത്ര പ്രാവശ്യം ഈ കരാറുകൾ ലംഘിച്ചിട്ടുണ്ട് എന്ന് ആലോചിക്കുക. സ്വാതന്ത്ര്യത്തിന്റെ വില തിരിച്ചറിയാൻ അതുമതിയാവും.

"യൂസർ ഫ്രന്റ്‌ലിനസ്സ്" എന്ന പദം പലപ്പോഴും ഒരു പ്രധാന പ്രശ്നമാണ്. ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്ന കാര്യത്തിൽ കുറച്ചുകാലംവരെ സ്വതന്ത്രസങ്കേതങ്ങൾ പിന്നിലായിരുന്നു. എന്നാൽ ഇന്ന് ബ്ലോഗുകളും മറ്റു സ്വതന്ത്രമാധ്യമങ്ങളും ഒരു google തിരച്ചിലിനപ്പുറത്തേക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. ഉപയോക്താവിന് കുത്തകളിൽനിന്നോ സ്വതന്ത്രസങ്കേതങ്ങളിൽനിന്നോ ഏതുവേണമെങ്കിലും എടുക്കാം. പക്ഷേ നമ്മൾ വായിക്കാതെ വിടുന്ന രണ്ടുകൂട്ടരുടെയും പരമപ്രധാനമായ അനുമതിപത്രവും പകർപ്പകാശവും വായിച്ച് മനസ്സിലാക്കി വേണമെന്ന് മാത്രം. ഇപ്പോഴും ഉപയോക്താവിന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കാൻ മടി കാണിക്കുന്ന വെൻഡറെ അതിനു നിർബന്ധിക്കുകയാണ് നമുക്കു ചെയ്യാവുന്ന എളുപ്പമുള്ള കാര്യം.

മൈക്രോസോഫ്റ്റിനെ എതിരിടുകയല്ല, മറിച്ച് സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുകയാണ് Free Software Foundation ചെയ്യുന്നതെന്ന് വ്യക്തമാക്കിയ ഒരു ലേഖനത്തിലെ കമന്റുകൾ മുഴുവൻ മൈക്രോസോഫ്റ്റിനെയും ആന്റിപൈറസി റെയ്ഡിനേയും ചുറ്റിപ്പറ്റിയായതിൽ എനിക്ക് ഇപ്പോഴും അത്ഭുതമുണ്ട്. അതും പല നല്ല ചർച്ചകളിലും പങ്കെടുത്തുകണ്ട മുഖങ്ങളാവുമ്പോൾ.

(January 24, 2008)

[9] `http://www.gnu.org/philosophy/right-to-read.html`

# Being Lonely (it is good if it makes you think!!!)

For me being lonely is the time to think and let your mind gaze through the rich grasslands of life. Even when I am in a crowd, sometimes I will go thinking. I never need to be alone to feel alone. Being alone is simply something which happens to me anywhere unpredictable. When I feel like that, what I would do is to try and draw conclusions on what I have observed.

Once, on such an occasion, I was trying to draw conclusions on the truth of GOD. I just tried to think how GOD can be. As He is the One capable of driving the whole universe, He will be either somewhere outside the universe at a centralized place or a distributed source. The existence of such a centralized source is something which is beyond imagination and almost impossible when we think that it is having a role in each and everything happening in the whole universe (just think of a big energy source which provides the force for our movements within the Earth and for Earth to move around the sun and so on). It led me to the conclusion that the force can be something distributed every where in the whole universe (just understand that it is a simple conclusion by a crooked mind!!! I am ready to believe otherwise if you can convince me).

However, the problem still hadn't been solved completely. I just kept thinking what can that distributed source of power be. It should be something associated with each and everything. When I looked at it from such a perspective, it just occurred to me that whenever some chemical reaction happens, an amount of energy is released. All activities in the universe, when thought of, can be reduced simply to things which are using energy or things which displace energy. Energy is the single driving force in all the actions of the universe. All actions are exchanges or conversions of forms of energy!!!

Then I suddenly felt like, are things this simple? But when I started thinking deeply into the facts, it appeared clearer to me that, the concept of a single GOD or a group GODs or anything can be rounded off to the definition of it as the ultimate source of energy in the whole universe. Suddenly it appeared to me as

something which explains everything (may be because it was so simple).

My thoughts then went into the fact that no religion or beliefs are explaining things like these. Then when I thought a little more, I understood that picturing God as something like a watchdog or The Ultimate Jury was a better solution to many problems in the society as well as answers to a bunch of questions (another one of my assumptions!!! Cross me if you want. Always welcome!!!).

This is just a sample of how my thoughts used to go when I am alone (not physically!!!). Please be patient to read more!!!

## Comments

1. anwer: Great thought dude. The one I could identify very well was that of energy. If God is energy, then it can be classified as omnipotent or omnipresent. However, as you said, the humanity likes and most of them can only accept a God who is a jury and prosecutor. The God and spirituality in its present form has only lead the world to chaos and destruction. I believe that the knowledge about God should be expanded. "All great new things were first called a blasphemy". All great knowledge too. I recommend you to read the book "*Tomorrow's God*" by *Neale Donald*. Cheers!

2. Navitha: Jinesh, well written. However, like all the things written in solitude, for these few lines that came from your thoughts, only you alone can interpret the depth of it completely. Yes, this question does come across everyone's mind regarding the existence and origin of God. Few just let it go by as a passing thought because once you start searching for an answer, it would go on from forever till eternity. Although the truth is that everyone do believe somewhere that there is some supernatural power that can change their lives no matter what!!! Otherwise people would not turn to God when nothing worldly can save them. Maybe it's the belief that has been fed into the human race since time immemorial.

   However, unlike others, you gave it a thought. Liked some interesting interpretations of yours. Let me quote you, "I

just kept thinking what can that distributed source of power be. It should be something associated with each and everything. When I looked at it from such a perspective, it just occurred to me that whenever some chemical reaction happens, an amount of energy is released.". But didn't it occur to you what drove all these chemical reactions? There must be something that is causing such an action.

Well people have different concepts of what God is to them. Some feel that it is within them. Some feel its all over. Some worship them. Some bend down to him. But to you it occurred that “Then when I thought a little more, I understood that picturing God as something like a watchdog”. If that was true, then how do you explain all the natural disasters? Where does the floods, volcanoes, Tsunamies and hurricanes stand? If he was such a watch dog would he ever do things to destroy his beautiful creations? Wouldn't he always maintain things in a "picture perfect" way so that nothing messes up with his possession?

3. jinsbond007: Hi Navi,

   May be my inabilities in expressing my thoughts at its best through writing made you think like that. As far as I know, nothing in this world happens as it is! It happens in an order, a pseudo random order! When I thought about this ordering, I found out that the action of energy behind these will explain this better than anything! I didn't write about that because, I thought people will be able to understand that I was thinking mere energy as the driving force behind everything!

   cheers

# നന്ദി മൈക്രോസോഫ്റ്റ്... നന്ദി മമ്മൂട്ടി...

മൈക്രോസോഫ്റ്റും മമ്മൂട്ടിയും e-literacy പരിപാടിയ്ക്കുവേണ്ടി കൈകോർക്കാൻ ആലോചിക്കുന്നു. സാമൂഹ്യബോധത്തിന്റെ പേരിൽ കൊക്കൊകോള പരസ്യത്തിൽനിന്നു പിൻവാങ്ങാൻ ധൈര്യം കാണിച്ച മമ്മൂട്ടി, സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാത്തതുകൊണ്ടാണ് ഇത്തരമൊരു തീരുമാനത്തിലെത്തിയതെന്നു കരുതുന്നു. സമൂഹത്തിന്റെ ഉന്നമനത്തിനും സംരക്ഷണത്തിനും സ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണെന്നും, അത് ഭരണഘടന നൽകുന്ന അവകാശങ്ങൾക്കുമപ്പുറം അറിവിന്റെ സ്വാതന്ത്ര്യത്തോടെയെ സാധ്യമാവൂ എന്നും നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്.

ആധുനികലോകത്തെ അറിവിന്റെ രൂപമായ വിവരസാങ്കേതികവിദ്യയിൽ, വിവരവും വിദ്യയും സങ്കേതവും സമൂഹത്തിൽനിന്നും അകറ്റി, വാണിജ്യവൽക്കരണത്തിനും വിപണത്തിനും ശ്രമിക്കുന്ന കുത്തകളുമായി കൈകോർത്ത് എല്ലാ ജനവിഭാഗങ്ങളെയും സാക്ഷരരാക്കാൻ കഴിയില്ല. പകരം സമൂഹത്തെ ഒന്നടങ്കം ചില വമ്പൻമാർക്കു വിധേയരായി നിർത്താനെ അതുപകരിക്കൂ. സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടതു് സാമൂഹ്യനീതിയും സ്വാതന്ത്ര്യവും ഉറപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സ്വതന്ത്ര സോഫ്റ്റ്‌വേറുകളാണ്. സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനാവശ്യമായ, പങ്കുവയ്ക്കലിന്റെയും പഠനത്തിന്റെയും പരിഷ്കരണത്തിന്റെയും പാഠങ്ങൾ ഉറപ്പാക്കുന്ന സ്വതന്ത്രസങ്കേതങ്ങളേക്കാൾ മറ്റു സങ്കേതങ്ങൾ എങ്ങനെ സാമൂഹ്യ ഉന്നമനത്തിന് സഹായകമാവും? അറിവിനെപ്പോലും വിപണിയിലെ ആയുധമാക്കുന്ന വൃത്തികെട്ട വിൽപ്പനതന്ത്രങ്ങളെ എതിർത്തു തോൽപ്പിക്കേണ്ടതു് സമൂഹമാണ്. സാമൂഹ്യവികസനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പേരു പറഞ്ഞു് ജനങ്ങളെ ഒന്നടങ്കം തങ്ങളുടെ അടിമകളാക്കാനുള്ള ശ്രമങ്ങളെ ഒറ്റക്കെട്ടായി പൊതുസമൂഹം ചെറുത്തു തോൽപ്പിക്കണം. സമൂഹത്തെ സ്വാധീനിക്കാൻ കഴിവുള്ള വ്യക്തികളേയും സ്ഥാപനങ്ങളെയും കൂട്ടുപിടിക്കാനുള്ള കുത്സിതശ്രമത്തെ തകർക്കുകയും വേണം.

നേർക്കുനേർ നിന്നുള്ള വിപണിയുദ്ധത്തിൽ കാലിടറിത്തുടങ്ങിയതും മത്സരത്തിന്റെ ആധിക്യവുമാണ്, standardization ന്റെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും രൂപത്തിലേക്ക് വിൽപ്പനതന്ത്രങ്ങളെ മാറ്റിയെഴുതാൻ കുത്തകകളെ പ്രേരിപ്പിക്കുന്നതു്. സൗജന്യവിദ്യാഭ്യാസത്തിലൂടെ സമൂഹത്തെ സ്വാതന്ത്ര്യത്തിൽ നിന്നകറ്റാനുള്ള ശ്രമമാണ് ഇത്തരം സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ നടത്തുന്നതു്. ഇതിനെതിരെ പ്രതികരിക്കേണ്ടതു് നമ്മളോരോരുത്തരുമടങ്ങുന്ന സമൂഹമാണ്.

പ്രതികരിക്കാൻ താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ, അത്, ഈ കത്തിലൊരൊപ്പിട്ടു[10] തുടങ്ങൂ. സ്വാതന്ത്ര്യത്തിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ വീണ്ടുമൊരവസരം തന്നതിന് മൈക്രോസോഫ്റ്റിനും മമ്മൂട്ടിക്കും നന്ദി.

(April 18, 2008)

[10] http://fci.wikia.com/wiki/Open_Letter_To_Mammooty

# ശാസ്ത്രവും മതവും - ചില അഭിപ്രായങ്ങൾ

ഇവിടെ എഴുതുന്ന കാര്യങ്ങൾ എന്റെ ചിന്തകളും നിരീക്ഷണങ്ങളും തോന്നലും മാത്രമാണ്. അത് ഖണ്ഡിക്കാൻ ആർക്കും അവകാശമുണ്ട്. ഞാൻ തെളിവു നിരത്തി വാദിക്കുകയല്ല, എന്റെ ചില ചിന്തകൾ പങ്കുവയ്ക്കുകയാണ്. വിയോജിപ്പുകൾ രേഖപ്പെടുത്തുന്നതും തെളിവുകൾ നിരത്തുന്നതും ഭാവിയിൽ ഇതു കാണുന്നവർക്കുപകരിച്ചേക്കും.

ശാസ്ത്രവും മതവും ഒന്നാണോ രണ്ടാണോ, അവയുടെ രണ്ടിന്റേയും വ്യവസ്ഥാപിതരീതികൾ എന്താണ് എന്നൊന്നും എനിക്കറിയില്ല. ചെറുതായിമാത്രം വായിച്ചിട്ടേയുള്ളൂ. ശാസ്ത്രത്തിന്റെ കാര്യത്തിൽ കോൺഫറൻസുകളിലും പ്രസിദ്ധീകരണങ്ങളിലും വിദഗ്ധരുടെയും അംഗീകാരം (പല സമയത്തും ഇതു വെറും പാഴ്‌വേലയാവാറുമുണ്ട്) നേടിവരുന്ന വിവരങ്ങളാണ് ആധികാരികം എന്നറിയപ്പെടുന്നത്. മതത്തിന്റെ കാര്യത്തിൽ (ഇവിടെയിങ്ങനെ മതം എന്നെഴുതാമോ എന്നെനിക്കറിയില്ല. ഞാൻ എഴുതുന്നതും പറയുന്നതും ഇന്ത്യൻ ഫിലോസോഫിയേയും സാഹിത്യത്തേയും കുറിച്ചാണ്). പലപ്പോഴും മാറ്റാനാവാത്തതാണ് (പാടില്ലാത്തതാണ്) മതകാര്യങ്ങൾ എന്നാണ് പറയുന്നത്.

അതുകൊണ്ട് ശാസ്ത്രീയമാണോ അല്ലയോ എന്ന പരീക്ഷണങ്ങളും, ശാസ്ത്രം മാത്രമാണോ എല്ലാം എന്ന ചിന്തകളും ഉപേക്ഷിച്ച്, കാലമിത്രയും മാറിയിട്ടും ഈ രീതികൾ മാറേണ്ടതില്ല എന്നു പറയുന്നതിന്റെ സങ്കേതത്തെക്കുറിച്ച് ആലോചിക്കാനാണെനിക്കുതോന്നുന്നത്. അറിവ് പൂർണ്ണമല്ലെന്നും അവ അപ്ഡേറ്റ് ചെയ്യണമെന്നും, അങ്ങനെ ചെയ്താൽ എന്തു സംഭവിക്കുമെന്നും എന്നാരും എഴുതിക്കാണാത്തതിൽ എനിക്ക് ശരിക്കും വിഷമമുണ്ട്. ആധുനികശാസ്ത്രത്തിലേതുപോലെ എല്ലാം ചർച്ചചെയ്ത് അപ്പപ്പോൾ ബോദ്ധ്യംവന്നതാവണം കൂടുതൽ ശരി എന്ന് തീരുമാനിക്കുന്ന സംവിധാനത്തേക്കാളും, ഗുരു ശിഷ്യർക്ക് കാര്യങ്ങൾ പകർന്നുകൊടുക്കുന്ന രീതിയിൽ പരസ്പരം എതിർക്കുന്ന രീതികൾക്ക് നിലനിൽക്കാൻ ഇടമുണ്ടായിരുന്നു എന്നത് ഒരേസമയം നല്ലതും ചീത്തയുമായി ഭവിച്ചു (പഴയ ഇന്ത്യൻ ഫിലോസഫി രീതിയിലെങ്കിലും) എന്നാണെനിക്കുതോന്നുന്നത്. പക്ഷേ പിന്നീട് ഇതൊക്കെ അറിവിനു പകരം, ചോദ്യംചെയ്യാൻ പാടില്ലാത്ത അറിവായിമാറുമ്പോഴാണ് പ്രശ്നങ്ങൾ നിറയുന്നത്. വേറിട്ടു നിലനിന്നിരുന്ന സാഹിത്യവും വിശ്വാസവും ശാസ്ത്രവും ഒന്നാണെന്നു വരുത്തുമ്പോഴാണ് പല കഥകളും തെളിയിക്കേണ്ടത് ആവശ്യമായിമാറുന്നത്. ഞാൻ കരുതുന്നിടത്തോളം, തങ്ങൾ പൂർണ്ണരല്ല എന്ന് ബോധമുള്ള ആരും ഒരിക്കലും ഇതാണ് എല്ലാം എന്നോ, അല്ലെങ്കിൽ കൂടുതൽ മികച്ച വിശദീകരണങ്ങൾ ആവശ്യമില്ല എന്നോ പറയാനിടയില്ല. അങ്ങനെയായിരുന്നെങ്കിൽ തർക്കശാസ്ത്രത്തിന്റെ ആവശ്യമില്ലായിരുന്നല്ലോ! തർക്കിച്ചും ചർച്ചചെയ്തും അംഗീകരിക്കുക എന്നത് അന്ന് സ്വീകാര്യമായ രീതിയായിരുന്നിരിക്കണം. പക്ഷേ, സർവ്വകലാശാലാ സംവിധാനമൊന്നുമില്ലാത്ത അന്ന് അറിവിന്റെ അപ്ഡേഷൻ വളരെ പതുക്കെയായിരുന്നിരിക്കണം.

ഇന്ന് ശാസ്ത്രസങ്കേതമുപയോഗിച്ച് പഴയകാര്യങ്ങൾ അരക്കിട്ടുറപ്പിക്കാൻ യത്നിക്കുന്നവർ മറക്കുന്ന കാര്യം, ശാസ്ത്രം ഇതേതെങ്കിലും തെറ്റാണെന്നു കണ്ടാൽ ഉടനെ മാറ്റിയെഴുതില്ല എന്ന യാഥാർത്ഥ്യമാണ്. മാറ്റിയെഴുതാനാവാത്ത അറിവിന്റെ കാര്യത്തിലോ? നിലനിൽപ്പിനുവേണ്ടി ശാസ്ത്രത്തെ കൂട്ടുപിടിക്കുന്ന വിഡ്ഢിത്തത്തേക്കാളും എനിക്ക് ഉചിതമായിത്തോന്നുന്നത്, അത് അറിവാണെന്ന് അംഗീകരിക്കുകയും, അതിലെ ശാസ്ത്രവും സാഹിത്യവുമെല്ലാം തിരഞ്ഞുമാറ്റാൻ ശ്രമിക്കുകയുമാണ്. വിഗ്രഹാരാധനയുടെ ശാസ്ത്രീയതയെക്കുറിച്ച് പഠിക്കുന്നതിനുപകരം, അതിന്റെ കാരണങ്ങളെക്കുറിച്ചും, ക്ഷേത്രങ്ങളുടെ സാമൂഹ്യപ്രാധാന്യത്തെക്കുറിച്ചും, വിഗ്രഹങ്ങൾ (കല്ലായാലും ലോഹമായാലും മനുഷ്യനായാലും) ഉണ്ടാക്കാൻ നിർബന്ധിച്ച സാമൂഹ്യസാഹചര്യങ്ങളെക്കുറിച്ചും ചിന്തിക്കുന്നതായിരിക്കും കുറച്ചുകൂടി യുക്തം എന്നെനിക്കു തോന്നുന്നു. പിന്നെ മതമെന്നത് മനുഷ്യന്റെ ആത്മീയാവശ്യം നിറവേറ്റാൻ വേണ്ടിമാത്രമുള്ളതാണെങ്കിൽ അതിന് ആധുനികശാസ്ത്രത്തിന്റെ സാക്ഷ്യപത്രം എന്തിനാണെന്നാണെനിക്കു മനസ്സിലാവാത്തത്. ആത്മാവോ ആത്മീയതയോ അംഗീകരിക്കാത്ത ഒരു സംവിധാനത്തിന്റെ?

കാലോചിതമായി മാറ്റങ്ങൾ വരുത്താൻ തന്നെ പലയിടങ്ങളിലും വഴികളോ നിർദ്ദേശങ്ങളോ ഇല്ല. അപ്പോൾ കാലോചിതമാറ്റങ്ങൾ വേണ്ടതല്ലേ എന്നു ചിന്തിക്കുന്ന ജനങ്ങളെ, ഞങ്ങൾ കാലത്തിനു മുമ്പേ നടക്കുന്നവരാണ് എന്ന് മനസ്സിലാക്കിക്കാൻ വേണ്ടിമാത്രമാണ് ശാസ്ത്രമുപയോഗിക്കുന്നത്. അവിടെ റിസൽട്ട് ആദ്യമേ റെഡിയായിട്ടുള്ള പരീക്ഷണമായതുകൊണ്ട് കാര്യങ്ങൾ വളരെ എളുപ്പവുമാണ്. അതായത്, ഉത്തരം നേരത്തേ അറിയാം, എങ്ങനേയെങ്കിലും തെളിവുണ്ടാക്കിയാൽ മതി എന്ന രീതിയിൽ നമ്മൾ പരീക്ഷയെഴുതുന്നപോലെ. ഇത്തരം റിസൽട്ടുകളൊക്കെവച്ച് പ്രൂവ് ചെയ്യുന്ന സംഗതിയുടെ വാലിഡിറ്റി, അതു ബേസ്ചെയ്ത കാര്യം തെറ്റാണെന്നാരെങ്കിലും തെളിയിച്ചാൽ തീരും എന്ന് പല മുറിശാസ്ത്രജ്ഞരും മനസ്സിലാക്കുന്നില്ലെന്നു മാത്രം. ഭൂമി ഉരുണ്ടതാണെന്ന് പണ്ട് പറഞ്ഞിട്ടുണ്ട് എന്ന് പറയുംപോലെ എളുപ്പമല്ല, ദൃഢവുമല്ല, കോസ്മിക് എനർജിയും ഊർജ്ജപ്രസരണവും റേഡിയേഷനും വച്ചു കളിക്കുന്നത്. ആധുനികശാസ്ത്രം പലകാര്യങ്ങളിലും നിലപാടുമാറ്റിയേക്കാം, തെളിവുകളുടെ അടിസ്ഥാനത്തിൽ. ആദ്യം, ശാസ്ത്രം ഉപയോഗിക്കണമെങ്കിൽ എല്ലാം മാറ്റത്തിനു വിധേയമാണെന്ന് അംഗീകരിക്കേണ്ടിവരും, പലപ്പോഴും ആത്മഹത്യാപരമായ കാര്യം. എന്റെ അഭിപ്രായത്തിൽ, പല വിശ്വാസങ്ങളെയും ശാസ്ത്രസത്യങ്ങളാക്കുന്നതിലും നല്ലത്, അതിലേയ്ക്കു നയിച്ച സാമൂഹികസാഹചര്യങ്ങളെക്കുറിച്ച് പഠിക്കുകയെന്നതാണ്. മനുഷ്യനെ മനുഷ്യനാക്കാൻ അതായിരിക്കും കുറച്ചുകൂടി ഉപകാരപ്പെടുക.

## പ്രതികരണങ്ങൾ

1. കിരൺ തോമസ് തോമ്പിൽ

നല്ല നിരീക്ഷണങ്ങൾ. ഇതാണ് ഉണ്ടാകേണ്ടതു്. മതത്തെ ശാസ്ത്രീയമാക്കാൻ ശ്രമിക്കുന്നവർ ഇങ്ങനെയൊക്കെ ചിന്തിച്ചെങ്കിൽ എന്ന് തോന്നിപ്പോകുന്നു. ഉദാഹരണമായി വിഗ്രഹാരാധനയെ സ്വാമി വിവേകാനന്ദൻ നിർവചിച്ചതു് ഓർക്കുന്നുണ്ടല്ലോ. വിഗ്രഹാരാധനയെ പുച്ഛിച്ച ഒരു രാജാവിനോട്ട് അദ്ദേഹം പറഞ്ഞു, "അങ്ങയുടെ പിതാവിന്റ ചിത്രം വികൃതമാക്കിയാൽ അങ്ങേയ്ക്ക് വേദനിക്കില്ലെ? അതു് വെറും കടലാസും പെയിന്റുമാണ് എന്ന് താങ്കൾക്കറിയാം. എന്നാൽ അതിലൂടെ താങ്കളുടെ പിതാവിനെ അനുസ്മരിക്കുന്നു. അതു പോലെ ഒരു ഭക്തൻ ഒരു വിഗ്രഹത്തിൽ പ്രാർത്ഥിക്കുമ്പോൾ അയാൾ അതിലെ കല്ലിനേയും മണ്ണിനേയുമല്ല, മറിച്ച് ദൈവത്തോടാണ് പ്രാർത്ഥിക്കുന്നതു്." എന്നാൽ ഇന്നത്തെ മതശാസ്ത്രചിന്തകർ പറയുന്നതു് മന്ത്രം ചൊല്ലുമ്പോൾ കമ്പി വൈബ്രേറ്റ് ചെയ്യുന്നതിനാൽ ഊർജ്ജം വരും, അതു് ഭക്തരിലേക്ക് പടരും എന്നൊക്കെയാണ്!

2. പാർത്ഥൻ

   ഇത്തരം ചിന്തകളാണ് ഓരോരുത്തരുടെ മനസ്സിലും വളരേണ്ടതു്. താങ്കളെഴുതിയതിൽ ഇഷ്ടമായ ഏറ്റവും പ്രധാനമായ വരികൾ : .. (1) പിന്നെ മതമെന്നതു് മനുഷ്യന്റെ ആത്മീയാവശ്യം നിറവേറ്റാൻ വേണ്ടിമാത്രമുള്ളതാണെങ്കിൽ അതിന് ആധുനികശാസ്ത്രത്തിന്റെ സാക്ഷ്യപത്രം എന്തിനാണെന്നാണെനിക്കു മനസ്സിലാവാത്തതു്. ആത്മാവോ ആത്മീയതയോ അംഗീകരിക്കാത്ത ഒരു സംവിധാനത്തിന്റെ? (2) പല വിശ്വാസങ്ങളേയും ശാസ്ത്രസത്യങ്ങളാക്കുന്നതിലും നല്ലതു്, അതിലേക്ക് നയിച്ച സാമൂഹികസാഹചര്യങ്ങളെക്കുറിച്ച് പഠിക്കുകയെന്നതാണ്. ഗുരുവായൂർ ചുരിദാർ പ്രശ്നത്തിൽ ഭഗവാന്റെ ഇഷ്ടം എന്ന് പറഞ്ഞതിനുപകരം, ഡ്രസ്സ് കോഡിന്റെ പ്രത്യേകതകൾ ശാസ്ത്രീയവും സാമൂഹികവുമായ വീക്ഷണത്തിൽ വിശദീകരിക്കാമായിരുന്നു. അങ്ങിനെ ഭക്തന്മാരുടെ മാനം രക്ഷിക്കാമായിരുന്നു എന്നെനിയ്ക്ക തോന്നുന്നു.

3. Simy Chacko :: സിമി ചാക്കൊ

   വളരെ നല്ല നിരീക്ഷണങ്ങൾ... അടുത്തയിടെ ഇതേ വിഷയവുമായി വന്ന മിക്ക പൊസ്റ്റുകളും കമന്റുകളും വായിച്ചു. ഈ പോസ്റ്റിൽ വെല്ലുവിളിയുടെ ഭാഷ ഇല്ലാത്തതു് എനിക്കിഷ്ടായി.

# ക്രിക്കറ്റ്, ദേശീയത, പണം - ചില നിരീക്ഷണങ്ങൾ

ക്ഷമിക്കണം. ബാബുരാജ് എഴുതിയ[11] ലേഖനത്തിന് മറുപടിയായി എഴുതിത്തുടങ്ങിയതാണ്. എഴുതിയെഴുതി, ലേഖനത്തിന്റെ വിഷയത്തിൽനിന്നും കുറച്ചകന്നുപോയി എന്നു തോന്നിയതിനാൽ ഇവിടെ കുറിക്കുന്നു.

കെറി പാർക്കർ ക്രിക്കറ്റിലേയ്ക്ക് നിറവും പണവും കൊണ്ടുവന്നപ്പോൾ തുടങ്ങിയ മാറ്റങ്ങളുടെ വികാസമാണ് 20-20. ലോകത്തിന്റെ വേഗമനുസരിച്ച് കളിയുടെ വേഗം വർദ്ധിപ്പിച്ചുകൊണ്ടുള്ള പരീക്ഷണം. വാരാന്ത്യങ്ങളിൽ നടക്കുന്ന രണ്ടുമണിക്കൂർ പ്രീമിയർ ലീഗ് പോരാട്ടങ്ങളും, മൂന്നുമണിക്കൂറിലേറെ നീളാത്ത വേഗത്തിന്റെ പോരാട്ടങ്ങളും, രാത്രിയിലെത്തുന്ന എൻ.ബി.എ. യുദ്ധങ്ങളും, ദിനം മുഴുവൻ നീളുന്ന ക്രിക്കറ്റിന് സ്വീകരണമുറിയിൽ വെല്ലുവിളിയുയർത്തുന്നു എന്ന തിരിച്ചറിവിന്റെയും പുതിയ വിപണിസാദ്ധ്യതകളുടെയും ആകത്തുകയാണ് 20-20 ക്രിക്കറ്റ്. ദേശീയത പണം കൊയ്യാനുള്ള ഉപകരണം മാത്രമായ മേധാവികൾക്ക് ഈ പുതിയ രീതി ഒരു വലിയ ലോട്ടറിയായിരുന്നു.

പിന്നെ, വമ്പൻ ക്ലബ്ബുകളും മറ്റും ഫുട്ബോൾ നിലങ്ങൾ വാഴുമ്പോൾ ക്രിക്കറ്റിൽ അതു പാടില്ലെന്ന നിലപാടിന് പ്രധാനകാരണം ഒരു വലിയ തെറ്റിദ്ധാരണയാണ്. ഇന്ത്യയുടെ പേരിൽ കളിക്കാനിറങ്ങുന്നവർ പ്രധിനിധീകരിക്കുന്നത് യാതൊരു പൊതുബാദ്ധ്യതയുമില്ലാത്ത ഒരു ക്ലബ്ബ് കൂട്ടായ്മയെയാണെന്നുള്ളത് ഭൂരിഭാഗത്തിനും അറിയില്ല. "ടീം ഇന്ത്യ" എന്നത് "ടീം ബി.സി.സി.ഐ`` മാത്രമാണെന്ന് സുപ്രീം കോടതി വരെ വ്യക്തമാക്കിയതാണ് (ക്ഷമിക്കണം, ഇവിടെ ചെറിയൊരു പിശകുപറ്റിയോ എന്നൊരു സംശയം, ബോർഡ് സുപ്രീം കോടതിയിൽ അങ്ങനെ വാദിക്കുകയും, സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു എന്നാണ് തോന്നുന്നത്. ഇതും[12] ഇതും[13] വായിച്ചിട്ട് എനിക്കങ്ങനെയാണു തോന്നിയത്). ബി.സി.സി.ഐ എന്ന ക്ലബ്ബിന്റെ ടീം ദേശീയ ടീമാണെന്നുള്ള തെറ്റിദ്ധാരണയാണ് പുതിയ 20-20 മാമാങ്കങ്ങൾ ദേശീയതയുടെ പേരിൽ എതിർക്കുന്നവർക്കുള്ളത്.

ആഗോളതലത്തിൽത്തന്നെ വെറുമൊരു സാമ്പത്തിക കൂട്ടായ്മയായോ മറ്റോ ക്രിക്കറ്റിനെ കാണാവുന്നതാണ്. ഐ.സി.സി. അടക്കം എല്ലാ ബോർഡുകളുടെയും പ്രധാനലക്ഷ്യം സാമ്പത്തികമാണ്. മാത്രമല്ല, ഒരു ക്രിക്കറ്റ് ബോഡിയും കൃത്യമായി ഒരു രാഷ്ട്രത്തെ പ്രധിനിധീകരിക്കുന്നില്ല. ലോകത്തിലെ മുഴുവൻ ക്രിക്കറ്റ് മാമാങ്കങ്ങളും സത്യത്തിൽ കുറെ ക്ലബ്ബുകളുടെ ഏറ്റുമുട്ടലുകൾ മാത്രമാണ്. ദേശീയത നല്ലവണ്ണം വിറ്റഴിയുന്ന ഒരുൽപ്പന്നമായതുകൊണ്ട്

[11] http://puthunireekshanam.blogspot.com/2008/05/blog-post.html

[12] http://www.thehindubusinessline.com/2004/10/01/stories/2004100103330400.htm

[13] http://www.hinduonnet.com/thehindu/2005/02/03/stories/2005020308411200.htm

വ്യാപകമായി അതുപയോഗിക്കുന്നെന്നുമാത്രം. ദേശീയതയെ ചുരുങ്ങിയനിലയിൽ ഉപയോഗിച്ച് ക്രിക്കറ്റ് അതിന്റെ യഥാർത്ഥ മുഖം വെളിവാക്കുമ്പോൾ അത് പ്രോത്സാഹിപ്പിക്കപ്പെടണം. മുഖംമൂടികൾ വലിച്ചെറിയാനും പരീക്ഷണങ്ങൾ നടത്താനും തയ്യാറായാൽ ദേശീയതയുടെ പേരിൽ കബളിപ്പിക്കപ്പെടുന്ന ജനതയെ ഓർത്തെങ്കിലും നമ്മൾ സത്യങ്ങൾ അംഗീകരിക്കാൻ തയ്യാറാവണം.

ഇന്ത്യക്കുവേണ്ടി ക്രിക്കറ്റ് കളിക്കുന്നവൻ സത്യത്തിൽ പ്രീമിയർ ലീഗിൽ ഒരു ടീമിനുവേണ്ടി കളിക്കുന്നവനിൽനിന്നും വ്യത്യസ്തനൊന്നുമല്ല. താൻ കരാറൊപ്പിട്ടിട്ടുള്ള ബോർഡിനേയെ പ്രധിനിധീകരിക്കു എന്ന നിബന്ധനയുണ്ടെന്നതൊഴിച്ചാൽ. പിന്നെ, പണത്തിനു പകരം കളിക്കാരെ കൈമാറ്റം ചെയ്യുന്ന രീതി ഐ.സി.സി. നിയമവിധേയമാക്കിയിട്ടുമില്ല. അത് ദേശീയത എന്ന ഉൽപ്പന്നത്തെ സംരക്ഷിക്കാൻ വേണ്ടിയാണ്. ക്ലബ്ബുകൾ തമ്മിലുള്ള പോരാട്ടങ്ങളെ ദേശീയപോരാട്ടങ്ങളായി വ്യവസ്ഥമാറ്റാതെ യഥാർത്ഥത്തിൽ അവതരിപ്പിക്കുമ്പോൾ അതിനെ ദേശീയബോധമുള്ളവർ പിന്തുണക്കുകയാണ് വേണ്ടതെന്നാണെന്റെ അഭിപ്രായം.

## പ്രതികരണങ്ങൾ

1. റോബി

   ഈ കുറിപ്പിനു നന്ദി. 'ടീം ഇന്ത്യ' ഇന്ത്യൻ ടീമാണെന്നൊരു തെറ്റിദ്ധാരണ എനിക്കുമുണ്ടായിരുന്നു. ആ സുപ്രീം കോടതി പരാമർശത്തിന്റെ ലിങ്ക് വല്ലതുമുണ്ടോ? ഇനി ഇക്കാര്യം ആരോടെങ്കിലും പറയേണ്ടിവന്നാൽ വസ്തുനിഷ്ഠമായി പറയാമല്ലോ.

2. ദസ്തക്കിർ

   ഓഫിന് മാപ്പ്: അരുന്ധതി റോയുടെ പ്രസിദ്ധമായ 'come september speech'ൽ നമ്മുടെയൊക്കെ കപടദേശീയതയെക്കുറിച്ചുള്ള ഒരു പ്രസ്താവന ഇവിടെ ഉദ്ധരിക്കുന്നു. "An 'anti-national' is a person who is against his/her own nation and, by inference, is pro some other one. But it isn't necessary to be 'anti-national' to be deeply suspicious of all nationalism, to be anti-nationalism. Nationalism of one kind or another was the cause of most of the genocide of the twentieth century. Flags are bits of coloured cloth that governments use first to shrink-wrap peoples' minds and then as ceremonial shrouds to bury the dead. When independent, thinking people (and here I do not include the corporate media) begin to rally under flags, when writers, painters, musicians, film-makers suspend their judgment and blindly yoke their art to the service of the 'Nation', it's time for all of us to sit up and worry. In India we saw it happen soon

after the Nuclear tests in 1998 and during the Kargil War against Pakistan in 1999. In the United States we saw it during the Gulf War and we see it now, during the 'War against Terror'. That blizzard of Made-in-China American flags."

3. Don (ഡോൺ)

   അത് ശരി. പക്ഷെ ഭാരത്, ഇന്ത്യൻ, ഓഫ് ഇന്ത്യ എന്നീ പേര് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമെ ഉപയോഗിക്കാവൂ എന്നൊരു നിയമമില്ലേ? അപ്പോൾ BCCI എന്ന പേരു നിയമ വിരുദ്ധമല്ലേ?

4. ബാബുരാജ് ഭഗവതി

   ശ്രീ ജിനീഷ് കെ.ജെ., താങ്കൾ ആ ആശയത്തെ വികസിപ്പിച്ചിരിക്കുന്നു. പുതിയ വിവരങ്ങൾക്ക് നന്ദി. താങ്കളുടെ വാദം ഈ വിഷയത്തെ പുതിയ ഉയരത്തിലെത്തിച്ചു. അഴീക്കോടിന്റെ പ്രസ്താവനയിലെ മണ്ടത്തരം കൂടുതൽ വെളിവാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ലേഖനം തയ്യാറാക്കിയപ്പോഴും ബി.സി.സി.ഐ. യെകുറിച്ച് മറിച്ച് ഞാൻ ചിന്തിച്ചിരുന്നില്ല. സുപ്രീം കോടതി വിധി നെറ്റിൽ ലഭ്യമാണോ?

5. jinsbond007

   ക്ഷമിക്കണം റോബി, ബാബുരാജ്. എന്റെ കയ്യിൽ ലിങ്കൊന്നുമില്ല. പക്ഷെ ആ പരാമർശത്തിനുശേഷമാണ് തോൽക്കുന്ന ഇന്ത്യൻ ടീം, മാദ്ധ്യമങ്ങൾക്ക് ബി.സി.സി.ഐ. യുടെ പതിനൊന്നു കളിക്കാർ മാത്രമായത്. പിന്നെ, BCCI എന്നതിന്റെ പൂർണ്ണരൂപം, Board of Control for Cricket in India എന്നാണ്.

6. jinsbond007

   സുപ്രീം കോടതി പരാമർശത്തിന്റെ കാര്യത്തിൽ ഞാൻ കരുതിയത് മുഴുവൻ ശരിയല്ല എന്നു തോന്നുന്നു. ബ്രാക്കറ്റിൽ ഡിസ്ക്ലെമറും ലിങ്കും ചേർത്തിട്ടുണ്ട്.

# Please Read the Offer Document Carefully Before...

I hope all are familiar with the above words. After all those Shining India mutual fund advertisements, a warning like this is mandatory. I felt the same regarding the offer documents supplied at campus placements after reading a news in economic times about the act of Keane India on last Monday. A small account of it can be read over here[14].

I can imagine a little about what was there within the minds of those people who got sacked. I believe all of them were people who got placements through campuses (since Keane takes 80% of their workforce from campus and it is not easy to send one with prior experience). All the offer documents I got (not many anyway. Only two) had one section called "Job Termination". There was a notice period specified before terminating the job. It usually varies according to your value and employers value. For me those values were in months.

Friends who get a job from campuses usually do not bother to read through the whole document before agreeing and sending it to the specified address. Or even if they did take time to read, thinking about loosing the job, nobody would be ready to reject any job they have in hand. Moreover, the monetary benefits page blinds them while reading through other instructions. I rejected a job in industry for one in research in academia. As the academia is not as rich as corporate India and my preference was not monetary, the one I rejected was the one which gave me more monetary benefits. That made me answer a lot of questions like, "how much do you think you will get after you complete the course", "Is that bigger than what you will get after that time in industry" and a lot of other similar questions. People who are not ready to ignore the curiosity of people also don't like to reject some offer despite of the risk associated with it.

[14] http://www.itexaminer.com/Outsourcing/tabid/77/articleType/ArticleView/articleId/794/Keane-chops-400-staff.aspx

But they are not understanding that, the value of people who gets fired by a company for which they spend two years is not impressive unless you have made a value for your own. The companies which favour new recruits than experienced professionals, sometimes take around 2 to 3 weeks to give the offer document after placing a verbal offer. The figures they boasted at the recruitment drive might never match, or appears like only something which you get after the highest performance incentive and no tax cuts.

Friends, money matters. But it is not the only thing that matters. The first job is your life and so you'd better be careful with it. Please read the full document, even the fine prints. In case of any doubt, call the company or mail them. Usually they provide an explanation. Placement offices in colleges, more than making the numbers, please teach your students about the importance of a job and how one should be careful about offer documents. Moreover, students, even when you are doing a job, try to make your own space in the world so that even at the worst moment of the company, firing you should be their last option!

"So please read the offer document carefully before investing your life"

(June 19, 2008)

# എന്റെ ചില സാമൂഹ്യശാസ്ത്ര ചിന്തകൾ

ഏഴാംക്ലാസ്സിലെ പാഠപുസ്തകത്തെപ്പറ്റി പണ്ട് ഞാൻ ഏഴാംക്ലാസ്സിൽ പഠിച്ച ഓർമ്മവച്ച് എഴുതുന്നത് ശരിയാണൊ എന്നറിയില്ല. കാരണം, എനിക്ക് ഇപ്പോഴും കൃത്യമായി അറിയില്ല ഞാൻ ഏഴാംക്ലാസ് സാമൂഹ്യശാസ്ത്രത്തിലെന്താണ് പഠിച്ചതെന്ന്! കുറെ ഇന്ത്യൻ ഹിസ്റ്ററിയും (മെഡീവൽ ഇന്ത്യ ആണെന്നൊരോർമ്മ), ജ്യോഗ്രഫിയും, പിന്നെക്കുറച്ച് സിവിക് സ്റ്റഡീസും (ഫണ്ടമെന്റൽ ഡ്യൂട്ടിസ്, ഫണ്ടമെന്റൽ റൈറ്റ്സ്, ഭരണഘടന, ദേശീയനയങ്ങൾ അങ്ങനെയെന്തൊക്കെയോ). സി.ബി.എസ്.സി. സിലബസ്സിൽ ഒരു സീരീസ്സായിട്ടാണ് ഇതൊക്കെ പഠിപ്പിച്ചിരുന്നത്. ആറുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ കൃത്യമായി വിഭജിച്ച് പുസ്തകങ്ങളുണ്ടായിരുന്നു. ആൻഷ്യന്റ് ഇന്ത്യ, മെഡീവൽ ഇന്ത്യ, മെഡീവൽ വേൾഡ്, മോഡേൺ വേൾഡ് എന്നൊക്കെ ഹിസ്റ്ററിയിലും, യൂറോപ്പും ആഫ്രിക്കയും അമേരിക്കയുമൊക്കെയായി ജ്യോഗ്രഫിയിലും അതങ്ങനെ പടർന്നുകിടന്നു. വേണമെന്നു വായിച്ച് വിവാദമുണ്ടാക്കാനുള്ള ഒരു വെടിക്കുള്ള മരുന്ന് ആ പുസ്തകങ്ങളിലുണ്ടായിരുന്നു എന്നാണെന്റെ ചെറിയ ഓർമ്മ. പുതിയ ബോധനരീതിയുടെ ഇന്ററാക്ടീവ് രീതിയിലുള്ളതാവാഞ്ഞതുകൊണ്ടും, പുസ്തകങ്ങളെഴുതിയവരും റിവ്യൂ ചെയ്തവരും അപാരബുദ്ധിജീവികളായതുകൊണ്ടും, ആർക്കും വായിച്ചു മനസ്സിലാവാഞ്ഞതുകൊണ്ടുമൊക്കെയായിരിക്കാം ആരും ഒന്നും പറയാഞ്ഞത്. പിന്നെ, സോഷ്യൽ സയൻസ് ഭൂരിഭാഗം കുട്ടികളും പരീക്ഷ ജയിക്കാൻ വേണ്ടിമാത്രം പഠിച്ചിരുന്ന ഒരു വിഷയമായതുകൊണ്ടുമാകാം. എന്തായാലും ആ പുസ്തകങ്ങൾക്കൊക്കെ പഠിപ്പിക്കുന്ന അദ്ധ്യാപകൻ/അദ്ധ്യാപികയ്ക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്ത തരത്തിൽ ഒരു ഫാക്റ്റ് ഫയൽ മാത്രമായിരുന്നു. വിഷയത്തെ നേർരേഖയിലൂടെ കാണിച്ച് ഒരു വ്യതിചലനത്തിനും ഇടംകൊടുക്കാതെ പഠിപ്പിക്കാവുന്നവയായിരുന്നു ആ പാഠങ്ങൾ. എന്നാൽ, പുസ്തകം വായിച്ച് ഒരഭിപ്രായം രൂപീകരിച്ച് എഴുതാൻ പറഞ്ഞാൽ, മതവിശ്വാസത്തെയും സിസ്റ്റങ്ങളെയും കൃത്യമായി എതിർക്കുന്ന, അല്ലെങ്കിൽ ഓരോ മതത്തിന്റെയും ജനനത്തിന്റെ കാലഘട്ടവും നടത്തിയ രക്തച്ചൊരിച്ചിലും, അവ വളർത്തിയ സംസ്കാരവും വിശദമായി പുസ്തകം പ്രതിപാദിച്ചിരുന്നു. ഓരോ മതരീതികളെയും സംസ്കാരമായി എടുത്തുകാട്ടി, അവയുടെ അധഃപധനം വിവരിച്ചിരുന്ന രീതി വായിച്ചുകഴിഞ്ഞാൽ, ഇന്നുള്ള സംവിധാനങ്ങൾ വെറും കെട്ടുകാഴ്ചകൾ മാത്രമാണെന്ന് മനസ്സിലാക്കാമായിരുന്നു. ഇസ്ലാമിന്റെയും ക്രിസ്ത്യാനിറ്റിയുടെയും ജൂഡായിസത്തിന്റെയും ആദ്യകാലരീതികളും, പിന്നീട് അവയിൽ വന്നമാറ്റങ്ങളും എല്ലാം ഏതു പള്ളിയേയും പിടിച്ചുകുലക്കാൻ പറ്റിയ രീതിയിൽത്തന്നെ വേണമെങ്കിൽ ഒരാൾക്കു പഠിപ്പിക്കാനുള്ള വക ആ പുസ്തകങ്ങളിലുണ്ടായിരുന്നു. എന്നാൽ, കുട്ടികൾക്കുള്ള ചോദ്യങ്ങളും വർക്കുകളും, കാലഘട്ടങ്ങളെയും പ്രസ്ഥാനങ്ങളെയും സംബന്ധിച്ച പ്രബന്ധരചനയായിരുന്നുവെന്നുമാത്രം. വിരസമായ അക്കാദമിക് എഴുത്തിന്റെ ലോകമായി

രുന്നു അന്ന് സാമൂഹ്യ ശാസ്ത്രം. പോരാഞ്ഞിട്ട് കാണാപ്പാഠം പഠിച്ച് പരീക്ഷയ്ക്ക് എഴുത്തും.

ഈ പുസ്തകം കണ്ടപ്പോൾ ആ ഭീകരമായ സാമൂഹ്യശാസ്ത്രപഠനത്തെ കുറിച്ചോർത്ത് എനിക്കൊരിത്തിരി സങ്കടംവന്നു. സാമൂഹ്യശാസ്ത്രത്തിലെ വിരസത ഒട്ടൊന്നൊഴിവായല്ലൊ എന്നൊരു സമാധാനവും. പക്ഷെ, ഞാൻ കണ്ട (വായിച്ച, പഠിച്ച എന്നൊക്കെ പറയാനെന്താമടി എന്നതിന് എന്റെ സോഷ്യൽ സയൻസ് മാർക്കുകൾ മറുപടി പറയും) പുസ്തകങ്ങളിലില്ലാതിരുന്ന ഒരു കാര്യം ഇപ്പോ വന്നു. ഒരേ പുസ്തകം വിവിധ അദ്ധ്യാപകരുടെ കീഴിൽ പഠിക്കുന്ന കുട്ടികൾ, തങ്ങളുടെ കാഴ്ചപ്പാടുകളെ തിരിച്ചറിയുന്നതിനേക്കാൾ അദ്ധ്യാപകന്റെ കാഴ്ചപ്പാടുകളെ മനസ്സിലാക്കുന്നതിനുള്ള ഒരു സാധ്യത, അല്ലെങ്കിൽ അദ്ധ്യാപകന് പഠനത്തിൽ കൂടുതൽ ഇടപെടാനുള്ള സാഹചര്യം. പത്താംക്ലാസ് കഴിയുമ്പോൾ സാമൂഹ്യശാസ്ത്രത്തിൽനിന്ന്, സമൂഹവീക്ഷണവും സമൂഹത്തിന്റെ രീതിശാസ്ത്രവും അഭ്യസിക്കാത്ത ഞങ്ങൾക്കു പകരം, സ്വന്തം കുടുംബത്തിൽനിന്നും അദ്ധ്യാപകരിൽനിന്നും സമൂഹത്തിൽനിന്നും പാഠപുസ്തകം വഴി ഒരു സമൂഹവീക്ഷണം കണ്ടെത്താനും, സ്വയം ഒരു രീതിശാസ്ത്രം (അവ അനുകരണമോ സ്വന്തമോ എന്നത് ഓരോരുത്തർക്കനുസരിച്ചിരിക്കും) കൈമുതലായുള്ള ഒരു തലമുറ. അദ്ധ്യാപകന് ഒരുപാട് ഇടംനൽകുന്ന ഈ പുസ്തകങ്ങളിലൂടെ ഉണ്ടായേക്കാവുന്ന തിക്തഫലങ്ങളെ ഒഴിവാക്കാൻ സുസജ്ജമായ ഒരു അദ്ധ്യാപകസമൂഹം കേരളത്തിലുണ്ടാവണം.

സ്കൂൾകാലങ്ങളെക്കുറിച്ചിത്തിരി. ഞാൻ അഞ്ചാംക്ലാസ്സിനുശേഷം ബോർഡിങ്ങിലാണ് പഠിച്ചത്. അവിടെ മതവിശ്വാസവും ജാതിയുമൊന്നും ഒരു കാര്യമല്ലായിരുന്നു. ജാതി ചോദിക്കരുത് പറയരുത് സ്റ്റൈലായിരുന്നു. അഞ്ചുവരെ പഠിച്ച സ്കൂളിലും, ഞങ്ങൾക്ക് ജാതിയും മതവുമല്ലായിരുന്നു. വലിയ കാര്യം, വൈകുന്നേരത്തെ കളിയും കോപ്പി എഴുതലും സിനിമാക്കഥ പറയലുമൊക്കെത്തന്നെയായിരുന്നു. പിന്നെ, കൊച്ചുവഴക്കുകളും. അതിലൊന്നും ജാതിയും മതവുമല്ല ആശയം നൽകിയിരുന്നത്, ജീവിതമായിരുന്നു. ഇന്നും വിദ്യാലയങ്ങളിൽ അത്തരം അവസ്ഥയുണ്ടെങ്കിൽ കുട്ടികൾ എന്തു സംഭവിച്ചാലും, ഇന്നുള്ളതുപോലെയൊക്കെത്തന്നെ വളർന്നുവന്നോളും. സ്കൂളിൽ പഠിക്കുന്ന പാഠം എങ്ങനെയൊക്കെ സ്വാധീനിച്ചാലും ഒരു സാമൂഹ്യവിപ്ലവത്തിനുള്ള വഴിമരുന്നിടാൻ അതിനാവുമോ എന്നെനിക്കറിയില്ല. ഒരു പക്ഷേ, ഇപ്പോൾ കാണിക്കുന്ന പ്രതിഷേധപേക്കൂത്തുകൾക്കു പകരം, വിമർശനവിധേയമായ പഠനത്തിനുശേഷം ഒരു നിലപാടെടുക്കണമെന്നെങ്കിലും കുട്ടികളെ ഉത്ബോധിപ്പിക്കാൻ പാഠങ്ങൾക്കു കഴിയട്ടെ എന്നൊരു പ്രാർത്ഥന. കുട്ടികൾ സ്വയം തിരിച്ചറിയാനും മനസ്സിലാക്കാനും പ്രേരിപ്പിക്കുന്ന പാഠ്യപദ്ധതി നല്ലതുതന്നെ, പക്ഷെ, നേർവഴിക്കു നയിക്കാൻ, അല്ലെങ്കിൽ സംശയങ്ങൾ നിവൃത്തിക്കാൻ വ്യക്തമായ സംവിധാനങ്ങളില്ലെങ്കിൽ ഈ ഉദ്യമം ഒരു അരാജകസമൂഹത്തിന്റെ രൂപീകരണത്തെ ത്വരിതപ്പെടുത്തുമോ എന്നൊരു സംശയം!

## പ്രതികരണങ്ങൾ

1. ഡാലി

   ജിൻസ് ഈ ബ്ലോഗ് (http://scertkerala.wordpress.com/) കണ്ടിരുന്നോ? ജിൻസിന്റെ പോസ്റ്റ് ഇവിടെ (http://scertkerala.wordpress.com/2008/06/27/13/) ലിങ്ക് ചെയ്തിട്ടുണ്ട്.

2. jinsbond007

   ഡാലി ചേച്ചി, ബ്ലോഗ് ഞാൻ കണ്ടിരുന്നു. അവിടെയുള്ള ഏതാണ്ടെല്ലാ ചർച്ചകളും വായിക്കുകയും ചെയ്തു. എന്റെ ചില അഭിപ്രായങ്ങൾ ഞാൻ വേറൊരു പോസ്റ്റായി ഇട്ടിട്ടുണ്ട്. പിന്നെ ചർച്ചകളൊക്കെ സംഗ്രഹിക്കാനുള്ള ഒരു ശ്രമവും നല്ലതാണ്.

# ചില സാമൂഹ്യശാസ്ത്ര നിരീക്ഷണങ്ങളും അഭിപ്രായങ്ങളും

സാധാരണ ഒരു വിഷയത്തിൽ രണ്ട് പോസ്റ്റ് പോയിട്ട് ഒരു പോസ്റ്റുപോലും ഇടാത്ത ഞാൻ ഇങ്ങനെയെഴുതുന്നത് വല്ല ഹിഡൻഅജണ്ടയും വച്ചുകൊണ്ടാണോ എന്നു ചോദിച്ചാൽ ചില കാര്യങ്ങളൊക്കെ ചർച്ചചെയ്തു കാണണമെന്ന ഒരു പ്രത്യക്ഷ അജണ്ട ഉണ്ടെന്നാണ് മറുപടി. ചോദിക്കേണ്ട പല ചോദ്യങ്ങളും ചോദിക്കാതിരിക്കുകയും, ആവശ്യമില്ലാത്ത ചോദ്യങ്ങളും ചർച്ചകളും നടത്തുകയുമാണ് വർത്തമാനകാല മാധ്യമങ്ങളുടെയും രാഷ്ട്രീയത്തിന്റെയും ഒരു രീതി. പ്രസക്തമായ ഈ വിഷയത്തിലും അതങ്ങനെത്തന്നെയാണെന്നു തോന്നുന്നു. ബ്ലോഗിൽനടന്ന ചർച്ചകളിൽപോലും മറ്റാരോ ഉണ്ടാക്കിയിട്ട ഒരു അജണ്ടയിൻമേൽ ചർച്ച തുടങ്ങി, അതേ ട്രാക്കിലൂടെ പോകുന്ന ഒരു തോന്നൽ. വേണ്ട പലകാര്യങ്ങളും ചർച്ചചെയ്യാതിരിക്കാൻ വേണ്ടിയാണോ ഇത്തരം ഒരു വിവാദം എന്നൊരു തോന്നൽ പലരും പ്രകടപ്പിച്ച് കണ്ടെങ്കിലും ആരും അതു കാര്യമായി വിശകലനംചെയ്തു കണ്ടില്ല.

പഠിക്കുന്ന കുട്ടികളുടെ തലത്തിലേക്കിറങ്ങിച്ചെന്ന് പ്രശ്നത്തെ അപഗ്രഥിക്കാൻ ചെറിയ ശ്രമമേ കണ്ടുള്ളൂ. കുട്ടികൾ ഇക്കാര്യം അവരുടേതായ റിസോഴ്സുകളിൽനിന്നും മനസ്സിലാക്കണം എന്നതാണ് പുതിയരീതിയുടെ സ്വഭാവം. പുസ്തകങ്ങളേക്കാളും കുട്ടികൾ ആശ്രയിക്കേണ്ടത് മാതാപിതാക്കളും അദ്ധ്യാപകരും മുതിർന്നപൌരന്മാരുമടങ്ങുന്ന റിസോഴ്സിനെയാണ്. അവിടെ പ്രധാനചുമതല വഹിക്കേണ്ടത് അദ്ധ്യാപകരും. കുട്ടികളെ ഇത്തരം ഒരു രീതിയിൽ അവരുടെ അപഗ്രഥനശേഷിയെ തിരിച്ചറിയാനും, ചെറിയ നിഷ്പക്ഷമായ വിവരണങ്ങൾ നൽകാനും, കാര്യങ്ങളേയും കാരണങ്ങളേയും തിരിച്ചറിയാനും, വസ്തുതകൾ മനസ്സിലാക്കാനും സഹായിക്കേണ്ടതും, നാനാവിധത്തിലുള്ള കഴിവുകളെ അളന്ന് മാർക്കു കൊടുക്കേണ്ടതും അദ്ധ്യാപകനാണ്. ലഘുവിവരണങ്ങളും ചോദ്യങ്ങളും അടങ്ങിയ തീരെ ലളിതമായ പാഠപുസ്തകങ്ങൾക്ക് പഠനത്തിൽ രണ്ടാംസ്ഥാനമാണുള്ളത്. അവയുടെ അദ്ധ്യാപന വ്യാഖ്യാനത്തിനും, അദ്ധ്യാപനത്തിന്റെ ചുവടുപിടിച്ച് കുട്ടി നടത്തുന്ന അന്വേഷണങ്ങൾക്കുമാണ് പ്രഥമസ്ഥാനം.

പാഠത്തെക്കാളും ഗുരുവാണ് വിദ്യാർത്ഥികളെ കൂടുതൽ സ്വാധീനിക്കാൻ പോകുന്നത്. ഇത്രയും പ്രൊഫഷനലായ, ഇത്രയും എഫേർട്ട് എടുക്കാൻ താത്പര്യമുള്ള ഗുരുജനങ്ങളിന്നുണ്ടോ, ആവോ! ഉണ്ടെങ്കിൽത്തന്നെയും എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളിലും കാണുമോ? മാത്രമല്ല, തങ്ങളുടെ ജോലിഭാരം വർദ്ധിക്കുന്നതിൽ അദ്ധ്യാപകർ ഇതുവരെ ഉത്ക്കണ്ഠയൊന്നും പ്രകടിപ്പിച്ചു കാണാത്തതുകൊണ്ട് അവർക്കു കാര്യംതന്നെ കൃത്യമായി മനസ്സിലായിട്ടില്ലെന്നാണെനിക്കു തോന്നുന്നത്. കമ്യൂണിസ്റ്റു ബുദ്ധിജീവികൾ എന്തെങ്കിലും

ഹിഡൻഅജണ്ട നടപ്പാക്കുന്നുണ്ടെങ്കിൽ അതു അദ്ധ്യാപക സമൂഹത്തിലൂടെയായിരിക്കണം

## പ്രതികരണങ്ങൾ

1. അടകോടൻ

   വളരെ നല്ലനിരീക്ഷണം. എല്ലാവിധ ക്രിമിനൽ സ്വഭാവങ്ങളും സമൂഹത്തിൽ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു, അതിൽ മതമില്ലാത്തവനും മതമുള്ളവനും കണക്കാണ്. അതുകൊണ്ട് പാഠപുസ്തകത്തിൽ ശാസ്ത്രത്തോടൊപ്പം സംസ്കാരവും പഠിപ്പിക്കട്ടെ. അതിൽ 'മതമില്ലാത്ത ജീവൻ' പ്രത്യേകമായി പഠിപ്പിക്കേണ്ട ആവശ്യവുമില്ല, സാമൂഹ്യമായ മാറ്റങ്ങൾക്കനുസരിച്ച് എല്ലായിടത്തും സ്വയം മാറ്റം വരും.

2. അങ്കിൾ

   ജാതി ആവശ്യമില്ലെന്നു പഠിച്ചുവരുന്ന ജീവനോട്ട് ജാതി പറഞ്ഞാലേ ആനുകൂല്യങ്ങൾ നൽകൂ എന്നു പറഞ്ഞാൽ അവനു ആശയകുഴപ്പം ഉണ്ടാകില്ലേ? മറ്റൊരിടത്ത് ഞാനിതവതരിപ്പിച്ചപ്പോൾ, ഇതു രണ്ടും രണ്ടായിട്ട് കാണണമെന്നാണ് എന്നെ ഉപദേശിച്ചത്.

3. Rajeeve Chelanat

   "പ്രശ്നത്തെ പഠിക്കുന്ന കുട്ടികളുടെ തലത്തിലേക്കിറങ്ങിച്ചെന്ന് അപഗ്രഥിക്കാൻ ചെറിയ ശ്രമമേ കണ്ടുള്ളൂ". അത്രയെങ്കിലും കണ്ടുവല്ലോ ജിൻസ്. നന്നായി. അജണ്ടയും വ്യക്തം. "ഹിഡൻ അജണ്ട എന്നത്, അങ്ങനെ ഒന്നുണ്ട് എന്നറിയുന്നവനു പോലും പ്രത്യക്ഷത്തിൽ ദൃശ്യമാവില്ല". അത് ദൃശ്യമാകാൻ പിന്നെയെന്താണ് സാർ ഒരു വഴി. ഒന്നു പറഞ്ഞുതരു.

4. jinsbond007

   അങ്കിളേ, ഈ പറഞ്ഞ പാഠം തന്നെ വേറൊരു രീതിയിൽ പഠിപ്പിച്ചാൽ, കുട്ടിയ്ക്ക് മനസ്സിലാവുന്നതു് മതവും ജാതിയും ഒഴിവാക്കാനാവാത്തതാണെന്നാവും. അങ്ങനെയും വ്യാഖ്യാനിക്കാനും, കുട്ടി ചിന്തിച്ച് അങ്ങനെയെത്തിയാൽ തിരുത്താൻ പാടില്ലെന്നുമുള്ള ഒരു രീതി ഉപയോഗിച്ചാൽ. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള ആനുകൂല്യങ്ങൾ അവകാശമായി നൽകപ്പെട്ടതാണെങ്കിലും, അതു ഉപയോഗിക്കുന്നതിനു ഒരു മാനുഷികവശം ഉണ്ടാക്കാൻ ഇത്തരം ഒരു പാഠം സഹായിച്ചാൽ നല്ലതല്ലെ? പട്ടികജാതി സംവരണം നേടിയ കുറെ കുട്ടികളെ എനിക്ക് നേരിട്ടറിയാവുന്നതു കൊണ്ടു പറഞ്ഞതാ. പിന്നെ രാജീവ്, ഹിഡൻ എന്ന വാക്കിന്റെ അർത്ഥം തന്നെ ഒളിച്ചു വയ്ക്കപ്പെട്ടതു് എന്നല്ലെ? വല്ലതും

ഒളിച്ചു വയ്ക്കപ്പെട്ടിട്ടുണ്ട് എന്ന് തറപ്പിച്ചു പറയാൻ ഞാൻ ത്രികാല ജ്ഞാനിയൊന്നുമല്ല, എനിക്കു തോന്നിയ ഒരു വേർഷൻ എഴുതി എന്നു മാത്രം. എന്തെങ്കിലും ഹിഡൻ അജണ്ട ഉണ്ട്/ഇല്ല എന്ന ഒരാരോപണം ഒരിക്കലും തെളിയിക്കാൻ കഴിയാത്ത ഒന്നാണ്. അത് പുറത്തുവരാനുള്ള ഒരേയൊരു സാധ്യത അങ്ങനെചെയ്ത അരെങ്കിലും വ്യക്തമായി അങ്ങനെ സമ്മതിച്ചു വെളിപ്പെടുത്തുമ്പോൾ മാത്രമാണ്. അവിടെപ്പോലും ആധികാരിതയെ സംബന്ധിച്ച് പ്രശ്നങ്ങൾ ഉയർന്നുവന്നേക്കാം. ഒരു ഹിഡൻ അജണ്ട എന്നത് വെറും ഒരു ആരോപണമായി ഉന്നയിക്കാമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു. അജണ്ട എന്നത് ഒരു കാര്യപരിപാടിയല്ലെ, അതു മറച്ചുവച്ചു നടത്തുമ്പോളല്ലെ ഹിഡൻ അജണ്ട ആവുന്നത് എന്നു കരുതിയാണ് ഞാൻ എഴുതിയത്. മറച്ചുവച്ച് ഒരു കാര്യപരിപാടി നടത്തുമ്പോൾ, അത് എങ്ങനെ ഏതു രീതിയിൽ നടത്തും? മറ്റുപലതിന്റെയും പേരിൽ. അത്തൊരമൊരു അജണ്ട തെളിയിക്കപ്പെടണമെങ്കിൽ, പരസ്യമായി ഇതു നടത്തപ്പെട്ടു എന്നു സംശയിക്കപ്പെട്ട കാര്യപരിപാടികളൊക്കെ വ്യക്തമായി ഹിഡൻ അജണ്ട എന്ന സാധനത്തിന്റെ ലക്ഷ്യങ്ങളാണ് അല്ലെങ്കിൽ അതുമാത്രമാണ് നിറവേറ്റിയിരുന്നത് എന്നു തെളിയിക്കണം. അത് വളരെ ദുഷ്കരവും, എനിക്കറിയാവുന്നിടത്തോളം നടപ്പാക്കിയവരുടെ സഹായമില്ലാതെ തെളിയിക്കൽ അസാദ്ധ്യവുമാണ്. ഞാൻ എന്നെത്തന്നെ വിശദീകരിച്ചു എന്നു കരുതട്ടെ. പിന്നെ, പഠിക്കുന്ന കുട്ടിയേക്കാളും എനിക്ക് സംശയം പഠിപ്പിക്കുന്നവരെപ്പറ്റിയാണ്. ഇന്നത്തെ ക്ലാസ് മുറികൾ ഞാൻ പഠിച്ച കാലത്തെയല്ല എന്നു ഞാൻ മനസ്സിലാക്കുന്നു. അതെങ്ങനെയായിരുന്നു എന്നു ഞാൻ തൊട്ടുമുമ്പത്തെ പോസ്റ്റിൽ എഴുതിയിട്ടുണ്ട്. എന്റെ ആശയങ്ങൾക്ക് വ്യക്തതയില്ലെങ്കിൽ ഞാൻ തന്നെയാണുത്തരവാദി. പോയന്റ് ടു പോയന്റ് ക്ലിയർ എന്ന രീതിയിൽ ടെക്നിക്കൽ പേപ്പറായി എഴുതിയാൽ അതെന്റെ ഒരുപാടു സമയം കാർന്നുതിന്നും. അതിനാൽ ദയവായി ക്ഷമിക്കുക. ഒറ്റയിരുപ്പിനു എനിക്ക് മനസ്സിൽ തോന്നിയതെല്ലാം എഴുതി, വീണ്ടും വ്യക്തമായി വായിച്ചുപോലും നോക്കാതെയാണ് ഞാനിത് പ്രസിദ്ധീകരിച്ചത്. അതിന്റെ തെറ്റും കുറ്റങ്ങളും പൊറുക്കുക.

# അഭിനവ് ബിന്ദ്രയും ഒളിമ്പിക് സ്വർണ്ണവും ചില ചിന്തകളും

താൻ എന്താണ് ചെയ്യുന്നതെന്നും എന്തിനു വേണ്ടിയാണ് ബെയ്ജിങ്ങിലെത്തിയതെന്നും അഭിനവിനു നന്നായറിയാമായിരുന്നെന്നു തോന്നുന്നു. "It is the thrill of my life!" എന്ന് നിർവ്വികാരനായി പറയുന്ന അഭിനവ് ബിന്ദ്രയിൽ താൻ തീരുമാനിച്ചുറച്ചതിലപ്പുറമൊന്നും നേടിയില്ലെന്ന അഹങ്കാരത്തെക്കാളും, എങ്ങനെ ആഘോഷിക്കണമെന്നു തീരുമാനിക്കാനാവാത്ത ഒരു പ്രതിസന്ധിയാണ് കണ്ടതു്. ഡെറാഡൂണിലെ സ്കൂളിലും ഷൂട്ടിങ്ങ് റേഞ്ചിലും ബിസനസ്സിലും, ചിട്ടയും അച്ചടക്കവും ശീലിച്ച അഭിനവിന് ആഘോഷങ്ങളിലും അച്ചടക്കം ഒഴിവാക്കാനാവാത്തതാണെന്നു കരുതാം.

മൂന്നൂറുകോടിയിലേറെ വിറ്റുവരവുള്ള സ്ഥാപനങ്ങൾ കുടുംബത്തിലുള്ള അഭിനവ്, ഇന്ത്യൻ വ്യവസായലോകത്തിന്റെ കായികപ്രതിനിധിയാണെന്നു തോന്നുന്നു. സ്വന്തമായി ഷൂട്ടിങ് റേഞ്ച് നിർമ്മിച്ചും, സ്വന്തം പണം മുടക്കി ദക്ഷിണാഫ്രിക്കയിൽ പോയി പരിശീലിച്ചും സ്വർണ്ണം നേടിയ അഭിനവ് തിളങ്ങുന്ന ഇന്ത്യയുടെ പ്രതിനിധിയാണ്.

ചിലപ്പോൾ ഒളിമ്പിക് വ്യക്തിഗത സ്വർണ്ണം നേടുന്ന ആദ്യത്തെ സി.ഇ.ഓ. യും ഇദ്ദേഹമായിരിക്കും. പ്രസിദ്ധ ജർമ്മൻ ആയുധനിർമ്മാതാക്കളായ വാൾട്ടറിന്റെ (ജെയിംസ് ബോണ്ട് സിനിമകളിലൂടെയാണ് എനിക്ക് ഇവരെ പരിചയം!) ഇന്ത്യയിലെ ഒരേയൊരേജന്റായ അദ്ദേഹത്തിന്റെ കമ്പനി, 2010ഓടെ പ്രതീക്ഷിക്കുന്നത് 100 കോടിയുടെ വിറ്റുവരവാണത്രേ. കൂടാതെ കമ്പ്യൂട്ടർ ഗെയിം ഉപകരണങ്ങളും മറ്റും വിൽക്കുന്ന കമ്പനിക്കു പറ്റിയ ഏറ്റവും വലിയ ബ്രാൻഡ് അംബാസിഡറായിരിക്കും അഭിനവ്. എം.ബി.എ ബിരുദധാരിയായ ഈ ചെറുപ്പക്കാരന് ബിസിനസ്സിന്റെ സാധ്യതകളെ പതിന്മടങ്ങാക്കാൻ സ്വന്തം ബ്രാൻഡ് എങ്ങനെ ഉപയോഗിക്കാം എന്ന കാര്യത്തിൽ ഒരു പ്രാക്റ്റിക്കൽ കാത്തിരിക്കുകയാണെന്നു തോന്നുന്നു. കായികരംഗത്തെ നേട്ടത്തിന്റെ പിൻബലത്തിൽ ബിസിനസ്സിലിറങ്ങിയവർ പലരുമുണ്ട്. ഒരു പക്ഷെ സ്വന്തം ബിസിനസ്സ് അഭിവൃദ്ധിപ്പെടുത്താൻ പാകത്തിൽ ഒരു ഒളിമ്പിക് മെഡൽ ലഭിച്ച ആദ്യ കായികതാരവും ഇദ്ദേഹമായിരിക്കും.

ഇന്ത്യൻ കായികലോകത്തോടൊപ്പം ഇന്ത്യൻ ബിസിനസ്സ് ലോകത്തിനും ഒരുപാടു പാഠങ്ങൾ നൽകാൻ അഭിനവിനാകട്ടെ എന്നാശംസിച്ചുകൊണ്ടു് നിർത്തുന്നു.

## പ്രതികരണങ്ങൾ

1. വേണു | venu : എന്തായാലും വിജയത്തിന്റെ ഉത്തുംഗശൃംഗങ്ങളിലും കാത്തുസൂക്ഷിച്ച ഭാരതീയപാരമ്പര്യം. പക്വത എന്തെന്നും നിസ്സംഗത എന്തെന്നും അഭിനയിച്ചു കാണിച്ചതല്ല, ജീവിച്ചു കാണിക്കുകയായിരുന്നു.

അഭിനവ് ബിന്ദ്രയെക്കുറിച്ച് കൂടുതൽ അറിയിക്കാൻ കഴിഞ്ഞ ഈ പോസ്റ്റിനു നന്ദി.:)

# പിണറായി, വിദ്യാഭ്യാസം, സമൂഹം, മുൻവിധികൾ, സ്വാതന്ത്ര്യം

സെബിൻ ഇവിടെ[15] എഴുതിയ നീണ്ടലേഖനത്തിനു മറുപടിയായി എഴുതിത്തുടങ്ങിയതാണ്. ഞാൻ എഴുതിത്തീർന്നപ്പോഴേയ്ക്കും അവിടെ ചർച്ച സിപിഎമ്മിന്റെ നയങ്ങളെക്കുറിച്ചും തട്ടിപ്പുകളെപ്പറ്റിയുമായതുകൊണ്ട് ഇനി ഇതവിടെ കൊണ്ടിട്ടാൽ ഞാൻ വിഷയം മാറ്റാൻ നോക്കുന്ന കമ്യൂണിസ്റ്റുകാരനായാലോ എന്നു കരുതി ഇവിടെയിടുന്നു.

പിണറായിയുടെ തത്വങ്ങൾക്കും ആദർശങ്ങൾക്കും വിരുദ്ധമായി വിവേകും വീണയും സ്വകാര്യസ്വാശ്രയകോളേജിൽ പഠിക്കുന്നതിനെ പഴിപറയുന്ന കാര്യത്തിൽ എന്റെ ചില ചിന്തകളാണ് ഇവിടെ കുറിക്കുന്നത്. വിവേക് കിരൺ സ്വകാര്യ സ്വാശ്രയകോളേജായ SCMSൽ MBAയ്ക്കു ചേർന്നതാണ് എല്ലാവരും ചോദ്യംചെയ്യുന്നതു്. വിവേക് അവിടെ ചേർന്നതു് കോഴകൊടുത്താണെങ്കിൽ തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. (അതിനി വിവേകല്ല, ദേവേന്ദ്രനായാലും എതിർക്കേണ്ടതാണ്.) എന്നാൽ പ്രശ്നം, സ്വകാര്യ സ്വാശ്രയകോളേജുകളുടെ നയങ്ങളെ എതിർക്കുന്ന ആദർശങ്ങളിൽ വിശ്വസിക്കുകയും, പലപ്പോഴും ഈ സ്ഥാപനങ്ങൾക്കെതിരെ നിശിതവിമർശനം നടത്തുകയും, അവ അടച്ചിട്ടും പഠിപ്പുമുടക്കിയും സമരം നടത്തുകയും ചെയ്യുന്ന വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളുടെ മാതൃസംഘടനയുടെ സംസ്ഥാന സെക്രട്ടറിയായിരിക്കുകയും ചെയ്യുന്ന വ്യക്തിയുടെ മകനായതുകൊണ്ട്, സ്വകാര്യ സ്വാശ്രയകോളേജിൽ ചേർന്നുപഠിക്കാൻ പാടില്ലെന്നതാണ്. ഈയൊരു വാദത്തിൽ വൻപിശകുണ്ടെന്നാണ് എന്റെ അഭിപ്രായം.

പിണറായിയുടെ ഭാഗത്തുനിന്നു നോക്കിയാൽ, കാര്യമെല്ലാം ശരിയാണ്; വിവേക് ഒരിക്കലും സ്വകാര്യ സ്വാശ്രയകോളേജിൽ ചേർന്നു പഠിക്കരുതു്; (അന്നത്തെ സാഹചര്യങ്ങളിൽ. ഇപ്പോ മൊത്തം കോളേജുകളോട് എതിർപ്പൊന്നുമില്ലെന്നു തോന്നുന്നു.) പാർട്ടിക്കും തനിക്കും മാനക്കേടുണ്ടാക്കിവയ്ക്കുന്ന ഒന്നാന്തരം സംഭവം. സ്വന്തം ആദർശങ്ങൾ മകനെപ്പോലും പറഞ്ഞുപഠിപ്പിക്കാനാവാത്ത ദുർബലനാവാകുന്ന സാഹചര്യം. പക്ഷേ, വിവേകിന്റെ സ്ഥാനത്തുനിന്നു നോക്കിയാൽ, സ്വന്തം വിദ്യാഭ്യാസകാര്യങ്ങളിൽപോലും തീരുമാനമെടുക്കാൻ അച്ഛന്റെ ആദർശങ്ങൾ തടസ്സമാവുന്ന സ്ഥിതിയാണ്. താൻ എന്തു ചെയ്യണമെന്നും ആരാവണമെന്നും മൂന്നാമതൊരാൾ നിശ്ചയിക്കുന്ന അവസ്ഥ. അവിടെ തന്റെ സ്വകാര്യസ്വാതന്ത്ര്യം വിവേക് ഉപയോഗിച്ചിരിക്കാനുള്ള സാധ്യതയാണ് സെബിൻ അവിടെ സൂചിപ്പിച്ചതെന്നാണ് എനിക്കു മനസ്സിലായതു്. (സത്യം പറഞ്ഞാൽ എനിക്കു വിവേകിനേയോ പിണറായിയേയോ യാതൊരു പരിചയവുമില്ല. കൃത്യമായി എന്തു സംഭവിച്ചു എന്ന് വിവേകിനോടുതന്നെ ചോദിക്കേണ്ടി വരും.)

[15] http://absolutevoid.blogspot.com/2009/11/blog-post.html

"സ്വന്തം മകനെ/മകളെ സ്വകാര്യ സ്വാശ്രയകോളേജിൽ ചേർക്കുകവഴി പിണറായി തന്റെ അനുയായികളെ വഞ്ചിക്കുകയായിരുന്നു" എന്ന വിലയിരുത്തലിലെ പ്രധാനപ്രശ്നം, ഒരുപാടു മുൻവിധികളാണ്. ഒരാളുടെ വിദ്യാഭ്യാസകാര്യങ്ങളിലെ തീരുമാനങ്ങളിൽ പ്രധാന സ്വാധീനം അച്ഛന്റെയായിരിക്കും എന്നതുമുതൽ, വിവേകിന് സ്വന്തമായി പിണറായിയെ എതിർത്ത് SCMSൽ പഠിക്കാൻ സാധ്യമല്ല എന്നതുവരെയെത്തുന്നു അത്. ഇതു വിവേക്കിരണോ വീണയോ മാത്രം അനുഭവിക്കുന്ന പ്രശ്നമല്ല. കേരളത്തിലെ ഓരോ വിദ്യാർത്ഥികളും അനുഭവിക്കുന്ന സാമൂഹ്യസമ്മർദ്ദമാണ്. മെഡിസിനോ എഞ്ചിനീയറിങ്ങിനോ അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്തവരെ താറടിക്കുന്നതിൽ തുടങ്ങി, ഉന്നതവിദ്യാഭ്യാസത്തിനു ശ്രമിക്കുന്ന പിന്നോക്കക്കാരനെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതിൽ എത്തിനിൽക്കുന്നു ഇത്. പിണറായിയുടെയും വിവേകിന്റെയും പേരിനോട്ട് ചേർത്തുവയ്ക്കുന്നതുകൊണ്ട് ഈ വിഷയത്തിന് അതർഹിക്കുന്ന പ്രാധാന്യം ലഭിക്കാതെ പോകുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. സെബിന്റെ ബ്ലോഗിൽ ഈ വിഷയത്തിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയവരെല്ലാവരും, പിണറായിയുടെയും പാർട്ടിയുടെയും ഭാഗത്തുനിന്നു മാത്രമെ പ്രശ്നത്തെ സമീപിച്ചുള്ളു എന്നാണെനിക്കു തോന്നുന്നത്. വിഷയം കമ്യൂണിസ്റ്റുകാർക്കെതിരെയുള്ള വിമർശനമായതുകൊണ്ടായിരിക്കാം.

പ്രായമായ ഒരു കുട്ടി സ്വന്തം വിദ്യാഭ്യാസകാര്യത്തിൽ എടുക്കുന്ന തീരുമാനത്തിനെ, അത് രക്ഷിതാവിന്റെയോ സമൂഹത്തിന്റേയോ പ്രതീക്ഷകൾക്കൊത്തല്ല എന്ന കാരണംകൊണ്ട് എതിർക്കരുത്. അങ്ങനെ എതിർക്കുകയും, "സ്വന്തം മക്കളെപ്പോലും മര്യാദയ്ക്കു നിർത്താനറിയാത്തവർ" എന്ന് രക്ഷിതാക്കളെ പഴിപറയുകയും ചെയ്യുന്നവർ ഒരാളുടെ വ്യക്തിസ്വാതന്ത്ര്യത്തിലും സ്വകാര്യതയിലുമാണ് തലയിടുന്നതെന്നു ചിന്തിക്കുകപോലും ചെയ്യാതെയാണ് വിധിയെഴുതുന്നത്. സ്വന്തമായൊരഭിപ്രായവും ലക്ഷ്യവും ഉണ്ടായിപ്പോയതിനാൽ പഴികേൾക്കേണ്ടിവരുന്നവരാണ് ആ കുട്ടികൾ. സ്വന്തം കരിയറും ജീവിതവും എങ്ങനെ വേണമെന്ന് തീരുമാനിക്കാൻ ഓരോ വിദ്യാർത്ഥിയേയും പ്രാപ്തമാക്കുകയാണു വേണ്ടതെന്നു പറയുന്ന സമൂഹംതന്നെയാണ് ഇത്തരത്തിലും വിലയിരുത്തുന്നത്. ഇത് പലപ്പോഴും സ്വന്തം ആഗ്രഹങ്ങളുടെ മുകളിൽ മാതാപിതാക്കളുടെയും സമൂഹത്തിന്റെയും പ്രതീക്ഷകളെ പ്രതിഷ്ഠിക്കാനാണ് കുട്ടികളെ പ്രേരിപ്പിക്കുന്നത്. തങ്ങളെ തുറിച്ചുനോക്കുകയും മുറുമുറുക്കയും ചെയ്യുന്നവരെ അവഗണിക്കാൻ കഴിയാത്ത ഓരോ വിദ്യാർത്ഥിയും ഈ സമ്മർദ്ദം അനുഭവിച്ചിട്ടുണ്ടാവണം. സ്വന്തം കുട്ടിയെ അവനിഷ്ടമുള്ള വഴി തിരഞ്ഞെടുക്കാനനുവദിച്ച മാതാപിതാക്കളും ഏതാണ്ടിതേതോതിൽ സമ്മർദ്ദം അനുഭവിക്കുന്നുണ്ടാവണം.

ഇത്രയൊക്കെ ഒരാളുടെ സ്വകാര്യതയിൽ ഇടപെടുന്ന സമൂഹം തന്നെ, ഇരട്ടത്താപ്പുകാണിക്കുന്നതും സ്വാഭാവികം. ഇന്ത്യൻ വിദ്യാർത്ഥികൾ "ഔട്ട് ഓഫ് ദ ബോക്സ്" ചിന്തിക്കാത്തവരാണെന്നും, "ക്നോളെജ് ജെനറേഷൻ പ്രോസസ്സി"ൽ ഇടപെടാൻ താത്പര്യമില്ലാത്തവരാണെന്നും വിധിയെഴുതും. വിദ്യാഭ്യാസത്തിൽ പാശ്ചാത്യരീതികളും പ്രക്രിയകളും പിന്തുടർന്നാൽ ഈ പ്രശ്നം പരി

ഹരിക്കപ്പെടുമെന്നു കരുതുന്ന ബുദ്ധിജീവിസമൂഹം, സമാനസാഹചര്യങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന വെല്ലുവിളികൾ രണ്ടിടത്തും വേറെയാണെന്നു സൗകര്യപൂർവ്വം മറക്കുന്നു. മറക്കാത്തവർ പരീക്ഷകൾ കുറച്ചും സ്വതന്ത്രമായി ചിന്തിക്കാനുള്ള സാഹചര്യം ഒരുക്കിയും സമ്മർദ്ദം കുറയ്ക്കാം എന്ന ചിന്തയാണ് വച്ചുപുലർത്തുന്നത്. ഇത്തരം പരിഷ്കാരങ്ങളെ നടപ്പാക്കുമ്പോൾ ഉണ്ടാവുന്ന ഫലങ്ങൾ പലപ്പോഴും വിപരീതമാണെന്നു മാത്രം.

പാശ്ചാത്യവിദ്യാർത്ഥികൾക്ക് സ്കൂളിൽ ലഭിക്കുന്ന "റൈറ്റിങ് ഓൺ ഫ്രീ സ്ലേറ്റ് എക്സ്പീരിയൻസ്" മധ്യവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്വപ്നംപോലും കാണാൻ കഴിയാത്തതാണ്. പാശ്ചാത്യരീതിയിൽ കുട്ടികളെ പഠിപ്പിച്ചുകൊണ്ടുവരുന്ന സമൂഹം, സ്വതന്ത്രമായി ചിന്തിക്കാനുള്ള കഴിവുതന്നെ ഓരോ വിദ്യാർത്ഥിയിൽനിന്നും പറിച്ചുമാറ്റുന്നു. എന്നിട്ടും നന്നാവാത്തവരുടെ മുകളിലാണ് മേൽപ്പറഞ്ഞരീതിയിലുള്ള കുതിരകയറ്റം. ഇത്രയ്ക്കും ഇടുങ്ങിയ ചട്ടക്കൂടുകളിൽ വളർത്തിക്കൊണ്ടുവരുന്ന വിദ്യാർത്ഥികൾ യാഥാസ്ഥിതികരീതികളുടെ പുറത്തേയ്ക്ക് നോക്കാൻപോലും അശക്തരാവുന്ന അവസ്ഥയാണുണ്ടാവുന്നത്. ഇത്തരത്തിലുള്ള ഒരു വിദ്യാഭ്യാസ സാമൂഹ്യസാഹചര്യങ്ങളിലൂടെ കടന്നുവരുന്ന വിദ്യാർത്ഥി, യാതൊരു സാമൂഹ്യബോധമോ ബാധ്യതയോ വികാരങ്ങളോ ഇല്ലാത്തയാളാവുന്നു. തന്റെ ലോകം തന്നിലേക്കു ചുരുക്കുകയും, സഹജീവികളെ മാനിക്കാനോ മനസ്സിലാക്കാനോ കഴിയാതിരിക്കുകയും ചെയ്യുന്ന പൗരനായി മാറുന്നു. സാർവത്രിക വിദ്യാഭ്യാസത്തിലൂടെ അത്ഭുതങ്ങൾ സൃഷ്ടിച്ച കേരളത്തിലെ സമൂഹം ഇന്നു നേരിടുന്ന തകർച്ചയ്ക്ക് ഒരു പ്രധാന പങ്ക്, മേൽപ്പറഞ്ഞ സാമൂഹ്യസാഹചര്യങ്ങൾക്കാണ്.

ഇനി, ഇതും സെബിന്റെ ലേഖനവും തമ്മിലെന്താണ് ബന്ധമെന്നു ചോദിച്ചാൽ, ഒന്നുമില്ല. സമൂഹത്തിന്റെ മുൻവിധികൾ എങ്ങനെ വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തിലും സ്വകാര്യതയിലും കടന്നുകയറുന്നു എന്നാണ് ഞാൻ പറയാൻ ശ്രമിച്ചത്.

# ക്രിക്കറ്റ്, ദേശീയത, പണം - ഐ.പി.എൽ. എതിർക്കപ്പെടേണമോ?

രാംകുമാറിന്റെ പോസ്റ്റിനു[16] മറുപടിയായി എഴുതിയതാണ്. പല ഭാഗങ്ങളായി അദ്ദേഹം വിശദമായി എഴുതിയ ഒരു പോസ്റ്റാണത്. ഞാൻ അതിലെ ഒരുഭാഗത്തിനുമാത്രം എഴുതുന്ന മറുപടിയാണിത്. അത് പോസ്റ്റിലെ മറ്റുവിഷയങ്ങളുടെ പ്രാധാന്യം കുറയ്ക്കുന്നതെന്നു കരുതി ഇവിടെയിടുന്നു.

ഇന്ത്യയിൽ ഒരുപക്ഷേ ഏറ്റവും ജനകീയമായ കായികവിനോദമാണ് ക്രിക്കറ്റ്. അതിനാൽ തന്നെ, ഇന്ത്യൻ കായികവിനോദവ്യവസായത്തിന്റെ ആണിക്കല്ലും. ഇത്രയേറെ ജനകീയവും ലാഭകരവുമായ ഒരു വ്യവസായത്തിന്റെ മൊത്തമായുള്ള അവകാശം കുത്തകവത്കരിക്കപ്പെട്ടതാണ്. ബോർഡ് ഫോർ കൺട്രോൾ ഓഫ് ക്രിക്കറ്റ് ഇൻ ഇന്ത്യ എന്ന ബി.സി.സി.ഐ.യ്ക്കാണ് ഇന്ത്യയിലെ ക്രിക്കറ്റ് നടത്തിപ്പിന്റെ ചുമതല. ക്രിക്കറ്റിന്റെ പ്രചാരണത്തിനും നടത്തിപ്പിനും പ്രോത്സാഹനത്തിനും, അവരൊഴുക്കുന്ന "വിയർപ്പിനു" പകരമായി ഈയടുത്തകാലംവരെ നികുതിയിളവുകളും ലോകക്രിക്കറ്റിൽ രാജ്യത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാനുള്ള അവകാശവും കാലാകാലങ്ങളായി സർക്കാർ അവർക്കു നൽകിപ്പോന്നിരുന്നു.

ഈ ബി.സി.സി.ഐ. എന്ന പ്രാദേശിക ക്ലബ്ബ് കൂട്ടായ്മയുടെ ഭരണമാകട്ടെ കാലങ്ങളായി പത്രത്താളുകളിലിടം പിടിക്കുന്ന തൊഴുത്തിൽകുത്തുകളുടെ കഥയാണ്. വമ്പൻ രാഷ്ട്രീയ നേതാക്കളും (ശരദ് പവാർ, അരുൺ ജെയ്റ്റ്ലി, മാധവറാവു സിന്ധ്യ, നരേന്ദ്ര മോഡി), ബിസിനസ്സുകാരും (എൻ. ശ്രീനിവാസൻ, ലളിത് മോഡി, ജഗ്മോഹൻ ഡാൽമിയ, ചിരായു അമീൻ) എല്ലാം ചേർന്ന ഒരു പവർ കൺസോർഷ്യമാണിതെന്നു പറയുന്നതാവും ശരി. ഹിമാചൽ പ്രദേശ് ക്രിക്കറ്റ് അസോസിയേഷനെ വിലക്കെടുത്താണ് ഇപ്പോഴത്തെ വിവാദതാരമായ ലളിത് മോഡി ആദ്യമായി ബി.സി.സി.ഐ.യ്ക്കുള്ളിലെത്തുന്നത്. ഇങ്ങനെ അടിമുടി അഴിമതിയിൽ കുളിച്ചുനിൽക്കുന്നതെങ്കിലും, കൃത്യമായുണ്ടാകുന്ന തിരഞ്ഞെടുപ്പുകൾ കാര്യങ്ങൾ ഭദ്രമാണെന്നൊരു തോന്നൽ ജനങ്ങൾക്കു നൽകിയിരുന്നു. അതുകൊണ്ടുതന്നെ, ഇന്ത്യൻ ദേശീയതയെ സ്വാർത്ഥ ബിസിനസ്സ് താൽപ്പര്യങ്ങൾക്കുപയോഗിക്കുന്ന ലാഭേച്ഛയുള്ള സംഘടനാസംവിധാനമാണിതെന്ന കാര്യം സമർത്ഥമായി മറച്ചുവയ്ക്കപ്പെട്ടു.

ഐ.പി.എൽ. തുടങ്ങാൻ തീരുമാനിച്ചതോടെ ബി.സി.സി.ഐ. ഒരേ സമയം അതിന്റെ കപടദേശീയതയുടെ മുഖംമൂടി ഭാഗികമായെങ്കിലും കീറിക്കളയുകയും, പണക്കൊതിയുടെയും സ്വാർത്ഥ ബിസിനസ്സ് താൽപ്പര്യങ്ങളുടെയും കുടം തുറക്കുകയുമാണ് ചെയ്തത്. ഐ.സി.എല്ലിനെതിരായ നീക്കങ്ങൾ, ഒരു റെഗുലേറ്ററേക്കാൾ ഒരു കുത്തകയുടെ കുപ്പായമാണ് തങ്ങൾക്കുള്ളതെന്ന് അവർ

[16] http://ramakumarr.blogspot.com/2010/04/blog-post.html

തുറന്നുകാട്ടുകയായിരുന്നു. കാലങ്ങളായി ക്രിക്കറ്റിനെ നിയന്ത്രിച്ചിരുന്നവരുടെ, അല്ലെങ്കിൽ ഇന്ത്യൻ ക്രിക്കറ്റിന്റെ തനതുസാമ്പത്തിക സ്വഭാവമാണ് വെളിപ്പെട്ടതെന്നും പറയാം.

ഇപ്പോൾ മൂന്നാം വർഷത്തിലെത്തിനിൽക്കുന്ന ഐ.പി.എൽ. മാമാങ്കം വർഷങ്ങളായി ബി.സി.സി.ഐ.യിൽ നടന്നുവന്നിരുന്ന സ്വജനപക്ഷപാതിത്വത്തിന്റെയും സ്വർത്ഥതാൽപ്പര്യങ്ങളുടെയും ഇരയായി ഇരുട്ടിൽ തപ്പുകയാണ്. ഇതിനുപകരം ഒന്നാംതരം നടത്തിപ്പിലൂടെ ഐ.പി.എൽ. നല്ല പേരുണ്ടാക്കിയിരുന്നെങ്കിലും, സമീപഭാവിയിൽത്തന്നെ (പത്തോ പന്ത്രണ്ടോ വർഷങ്ങൾക്കുള്ളിൽ) ബി.സി.സി.ഐ. യെ വിഴുങ്ങാൻ മാത്രം സാമ്പത്തിക വളർച്ച ഐ.പി.എൽ. നേടിയേനെ. പൊതുവിപണിയിൽ സജീവമായ കമ്പനികളുടെയും വ്യക്തികളുടെയും വിശ്വാസതയുടെ പുറത്ത് കൂടുതൽ സുതാര്യത കൈവരിക്കാനുള്ള സാധ്യതയും അസ്ഥാനത്തായിരുന്നില്ല (മറിച്ച് സംഭവിക്കാനുള്ള സാധ്യതയാണു പക്ഷെ കൂടുതൽ). അങ്ങനെ ഇത്രയും കാലം ഇന്ത്യയുടെയും ഇന്ത്യയിലെ ജനങ്ങളുടെയും പേരിൽ ക്രിക്കറ്റ് നിയന്ത്രിച്ചിരുന്ന സാമ്പത്തിക രാഷ്ട്രീയ ദല്ലാളുമാർ നേരിട്ട് അവകാശം നേടിയെടുത്ത സ്വന്തം മുഖം വെളിവാക്കാനുള്ള സാധ്യതയാണ് ഐ.പി.എൽ. കൊണ്ടുവന്നത്. ക്രിക്കറ്റ് ദേശീയതയുടെ പേരിൽ കബളിപ്പിക്കപ്പെട്ടിരുന്ന പൊതുജനത്തിന് സത്യം മനസ്സിലാക്കാനുള്ള അവസരവും .

ഇന്ത്യൻ ക്രിക്കറ്റ് പൊതുജനങ്ങൾ തിരിച്ചുപിടിക്കേണ്ട യാതൊരു ആവശ്യവുമില്ല. കാരണം അതൊരിക്കലും പൊതുജനങ്ങളുടേതായിരുന്നില്ല എന്നതു തന്നെ. ഇപ്പോൾ ഐ.പി.എൽ. സാമ്പത്തികവും സംഘടനാപരവുമായ വിവാദങ്ങളിൽപ്പെട്ടുഴലുന്നത് പൊതുജനത്തെ സംബന്ധിച്ച് നല്ലതാണ്. കൂടുതൽ സാമ്പത്തിക അച്ചടക്കത്തോടെ വളരാൻ അത് ഐ.പി.എൽ. എന്ന ബ്രാൻഡിനെ സഹായിച്ചേക്കും. ഇന്ത്യൻ ക്രിക്കറ്റിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിന് അവരെയതു കൂടുതൽ സഹായിക്കും. ഒരു പക്ഷേ ഭാവിയിൽ മൂലധനം നിയന്ത്രിക്കുന്നതും പ്രതിഭനിയന്ത്രിക്കുന്നതുമായി പ്രൊഫഷണലെന്നും അമേച്വറെന്നും ക്രിക്കറ്റിനെ വേർതിരിക്കാനും ഇതുപകരിച്ചേക്കും.

# Asus eeepc 1005HA hotkeys and ubuntu lucid

My Asus eeepc 1005HA was working like a charm from the day I bought it. It came with Windows XP pre-installed. Since I am not quite a fan of XP, I decided to install some GNU/Linux distro. I left the Windows partition as it is and installed Ubuntu on one half of my hard disk. Anyway, I installed then latest Karmic Koala 9.10 Ubuntu Netbook Remix. If I remember correctly, it came with a 2.6.31 kernel. As expected, everything worked out of the box. Hotkeys, network (wired n wireless, atheros devices), touchpad, sound and camera worked smoothly. There were some issues with hibernation. Microphone also had some issues. I installed the backported modules to fix them.

When first beta of Lucid came out, I decided to switch. It came with a 2.6.32 kernel. Since it was beta, Lucid gave some small issues related to the improved and renamed interface (Ubuntu Netbook Edition). Most of them were quickly fixed. Except the issue related to hot keys (eeepc-laptop, the driver which controls hot keys won't load by default).

To start with, like any Ubuntu user I did a little search on Ubuntu forums. As expected, the problem was already reported. Some kind of a solution was also given (to pass acpi_osi=Linux as a kernel parameter). But it didn't workout quite well since it also killed my wired interface some how. I didn’t really dig up on what is happening then. Since it was not a very important thing for me, I kept it aside. Lately, when I got some free time, I decided to explore a little.

So I simply did the easiest and blindest thing to do. To check whether it is fixed in the latest stable kernel. So I downloaded the latest stable kernel (2.6.34), from kernel.org and compiled it. Since I knew quite bit about my laptop by then, I spent sometime on removing all unwanted drivers and technologies. Finally I compiled the kernel in my 1005HA. Since I knew from bug reports that to load eeepc-laptop, acpi_osi needs to be passed, I did that. Ta da, it started working.

Then like any curious and interested guy would do, I decided to explore more and find out what had gone wrong. To check why

it worked in Karmic and not in Lucid. Different bug reports and details dating from November 2009 gave a good idea.

The issue is related to ASUS and Windows 7. Apparently for compatibility with Windows 7, ASUS changed their ACPI device from the usual one (ASUS010) to Windows Management Interface (WMI). BIOS updates to enable windows 7 support simply disables the ASUS010 interface used by eeepc-laptop when an OS is detected as Windows 7. When OSI is invoked by BIOS, Linux kernel usually returns true for any windows string. An easy way is to blacklist the new eeepc models. But, it is not the right solution. Also it created some issues since it was not the optimal solution.

The permanent solution for the problem is to write eeepc-wmi interface. There is some preliminary experimental driver available from Yong Wang. It is quite in its infancy. It will load the eeepc-wmi driver when acpi_osi is not passed. One of the most used hot keys is the Wireless LAN one. But it is still not done in the new eeepc-wmi driver. So, I guess it might take some time for it to get fixed. Or someone who really know how do this should sit on it and finish it off. Device drivers are quite out of my understanding, but I am ready to help in anyway I can. For the time being, this workaround looks the only way forward.

# Asus eeepc 1005HA and Meego 1.0.1

I bought my eeepc in last December and since then I have been using Ubuntu Netbook Remix (UMR) or Ubuntu Netbook Edition (UNE). It was working good and with some hacks, I was able to use it to its best.

I don't use my netbook for much multimedia purposes (still I need to listen to a set of songs once in a while). I have a desktop from my institute and another pc with a big screen TV connected to it for my multimedia choices. When I saw Meego coming out from maemo and moblin, I was actually excited. There were many reasons for my excitement, one of them being curious to see how they choose or combined the two legacies (maemo comes from so called debian side and moblin from fedora). Other was of happiness, since an OS meant for mobile/smartphone computing will definitely be simple and faster.

Due to all the excitement and my interest in OSes for netbooks based on Linux, I tried it out yesterday (yeah, I know its one and half months after 1.0 came out). To say the least, it was a very good system. Yeah there are a lot of drawbacks. But for a 1.0 release, it appears pretty good.

The thing I hated most in these first 24 hrs is (whether you believe or not), it doesn't have g++. It is quite essential to compile some things which doesn't come with the default system or in repository. Frankly speaking, I didn't care that I don't have multimedia capability, but g++ is essential for me.

As most of the other reviews say, interface is very good and the best for a netbook. I will even go to the extent of saying that this is the best one that I have seen. Still there are issues with policy kit authetication (for my NTFS partition from windows installed by ASUS and ext4 of 10.04 UNE). Since the system or syslinux based bootloader doesn't support ext4, I had to recover the grub for ubuntu (which took some of my time).

Lack of office programs won't bother me much, but I did not quite understand the part of gadget (which allows you to add numerous plugin scripts the system). Poorly designed and quite out of focus. I use latex and beamer for my document and presentation purposes, so I was ok when office was not there in Meego.

But, when I get an ODF standard document, I don’t really know what to do.

I noted another interesting aspect, the whole Meego claims to have Malayalam support and can input and render malayalam quite well (smc-fonts are missing, I am planning to put a repo in our savannah and later make sure meego uses smc-fonts and it comes by default). Chromium has some issue when it comes to rendering Unicode 5.0 (pre unicode 5.1 chilus, it is not able to convert cons+virama+ zwj-> chillu). The interface renders it very well though. So, I think it has something to do with the chromium rendering modules (webkit I suppose, to be fair, chrome in windows doesn’t show such tendencies).

Anyway, for serious netbook users and for future smartphones, systems based on meego and android are the future. I am all out to make sure malayalam is working perfect and out of the box for meego (its easier for me and since its built especially for atom, I am one of the few who can test it).

I will setup a repository for smc fonts for meego in savannah. Next step is to make meego developers add smc-fonts in the repo. Another task is about verifying the rendering issue with chromium (which might take time, since I need to find chromium users in GNU.Linux).

For a first release, I should say, meego is very impressive. Yeah I know it doesn't have multimedia capabilities (can't even play my MP3 files), still it gets a lot of marks for the interface. If they succeed in making the interface flawless, with a good sync with policy-kit to authenticate, I think meego can make a big leap with its next release.

## Comments

1. Ashik S

   I can help with testing things on Chromium – in fact Rajiv nair (mandoos) and me are having it as our default browsers on our Ubuntu and Arch systems. Give us the test cases and we will run them and give you the results.

2. jinsbond007

hi,

Thanks. So far I have only one problem with chromium. Reading Malayalam. I installed smc-fonts, set the browser font to Meera and encoding to UTF8. But, it is having some issue with chillus formed by ZWJ. I am going home tomorrow, so not sure when will I be able to give the details but I will try my best.

The problem is only with the browser, all apps are gtk based (but, there is qt also under the hood though no apps are yet available). Since MeeGo is a combination of Moblin and maemo, I think it will have these kind of behaviour.

# Again on student politics, freedom of expression and interestingly my views about women

In Facebook group of MESCE, there was an interesting discussion on an age old topic. Fatima Ali (B Arch, student at MES I guess) started it. She wanted our opinion on whether you like to be in a college like MES, laden with strikes, gang wars and not much cultural activities, but authorities are questioned from time to time. Or in a college at Bangalore or somewhere, where no one questions authorities and in return they get to conduct some extravagant events and activities. As someone who values freedom over anything, my choice was obviously the former one, stating there are better alternatives with better democratic atmosphere (with both inclusive and representative democracy).

About the kind of politics in college, I had written two long articles (here[17] and here[18]). The first one had a fierce discussion in the comment section. Then my experience in IIIT gave me a new outlook of student politics and democracy in academic institutions. In any system, it completely depends upon the leaders. No one groomed the next generation or batch. If there was someone who was naturally capable of and interested in taking the lead, the whole community would benefit. Else the ones who represented the students simply gained something for themselves.

Anyway, that was not what I was going to write here. In the whole discussion, only a handful of people expressed their views. Interestingly (or as usual) the only lady in the whole discussion was Fatima. Later Karthika also joined. When Fatima wrote a concluding note, I innocently asked, "Fatima, interestingly, you were the only girl here, are you people afraid to express yourself or what?". I was actually interested to know whether all the ladies in the group (both alumni and current students of MES) were not interested and believed that it is up to them to express their views on politics. The result, I was accused of being "Male Chauvinist". I have been called many names during discussions in many forums. I have been part of internet and real world forums which discussed

[17] See article 'Politics in campus: the need of time'

[18] See article 'Account of a campus gang war!!!'

a variety of problems including the plight of women. I do have a variety of friends from a various sections of society and it is the first time one of them is accusing me of being a male chauvinist.

Anyway, whether am I a male chauvinist or not is not worth a discussion. Though to make my part clear, I should state that I have respect for and belief in all women. As a matter of fact, in many occasions I had to oppose the prejudiced remarks about them. Once I had an argument with my father about political awareness among female student population (later there was one about geographical awareness). I was the one who defended the girls against his prejudiced, society imposed "ignorant female" thesis. So, it was natural for me to be curious to know whether there is any truth in the thesis put forward by my father (and majority of the society). A reply by Fatima does imply that, they have their own opinions and they do think and try to understand situations (it seems that they just don't like to put it up in public forums).

The cause of my father's thesis might be the society imposed restrictions on women to get into public discussions (when you are not part of discussions, you don't have opinions. It is an age old method of suppression). Then later, women themselves started restricting themselves from being a part of messy discussions to avoid being tagged. I think Sreebala K. Menon once wrote about this in Mathrubhumi (society tagging females who take their own path in life or express their opinion on worldly issues). When you look around, females who (tried to) express their views and take a stand in issues were attacked more fiercely than their male colleagues. Just think about Arundhathi Roy in recent Kashmir issue. There were 3 people in the dias and only her remarks were taken up by Times Now. If you read her interviews in Thehelka (there are many on different issues), you will understand how good an intellectual she is and how much research and analysis has been done by her before expressing her opinion on a matter (still we accuse her of reacting spontaneously to hot issues).

In case of MES, KBLH is a jail. Parents feel their children are safe in jail, where in fact, they might be getting frustrated. If people are going to say we are happy in KBLH, I would suggest them to look up Stockholm Syndrome. When there is a strike in college, the entire female fraternity of the college is stripped of a chance of

being part of it (they are in fact jailed). Most of them don't get to see what happens or understand what is the point of the agitation. So it will be interesting to hear their point of view on the matter which was under discussion on that thread. On top, I was interested to know whether the same atmosphere of tension which kept a large portion of females out of political discussions in campus was keeping them away from that thread. Now I understand that being curious about the opinions, inadequate representation and participation of females in a discussion is a good enough ground to be tagged as a male chauvinist.

If, as Fatima says, a lot of women can express their views freely on her wall, why don't they do that in the thread in MESCE group? Why don't they pick fights with us and enlighten us with their perspectives and visions? I do like to know these and that is not because I am a male chauvinist or sympathiser for the cause of female empowerment. But as someone who knows there is huge potential which is going to be wasted just because people are not confident enough or not ready to break some unwritten rules in the society. Social conventions are not forever. They are supposed to be rewritten after a period of time. I had actively written about my views on society. I dislike society for the restrictions it has put on my thought and the prejudices it has against anybody and everybody. I learned to fight it and I would like more people to fight that and overcome social inertia to make our system a dynamic one.

Here I rest my case!

# Evaluating FOSS Contributions

Counting FOSS contributions for research grants actually threw open a new area of investigation as such, I guess. It is about evaluation of the novelty factor of contribution to FOSS project. As we know, in any field of research, evaluation metrics is a big area of investigation and people come up with new distances and measures every now and then (even we are in the middle of such an effort for OCR).

Normally novelty factor is decided based on where the related paper is published, how good it is explored and how good is the theoretical foundation for the papers. The interesting thing is, many FOSS projects cite papers published (and some regularly publish papers) in main stream journals to get acknowledged for their novelty and to ensure the novelty of the algorithms they use. Many times author's notes are used in FOSS projects to report on real time usage, easier adaptation etc. (many plugins in GIMP are developments of European university PhDs. A famous one is, a resynthesizer plugin).

However, the idea of evaluating the novelty factor solely considering the contribution to the project requires a new metric to evaluate itself too. The normal factors required to assert novelty is all present in a collaborative project very much in line with the normal lab, professors, conferences and peer reviews mechanism. The only difference and a crucial missing factor will be a published (I would say inaccessible too, a paper costs 5-10 USD depending on the publisher, conference and journal) covering paper. Peer review of the technique, its implementation in real time projects, required documentations as a part of the project documentation and various blog and log entries are available.

Peer review of the subject experts happen very well in discussions over IRC and mailing lists (most of which are archived). Different perspectives from theoretical foundations to practical implementation issues are discussed in a single go there (depends on the project too). But this varies from project to project. A project or a contribution which generates a bigger discussion along with being criticized and evaluated rigorously should get more points (very similar to classification of conferences and journals to A+, A, etc.).

We can even have a FOSS project classification depending on how much discussions, scrutiny and perspectives are evaluated before new features are incorporated into the existing system.

Another thing that we can draw parallel is the criterion used by conferences and journals for accepting a paper and the peer review system of the projects. These are some ideas that got into my mind, when thinking about a systematic evaluation metric for novelty in FOSS contribution. A metric and a system like this will help to counter so many software patents too I guess. There is Special Interest Group of ACM for Computer Science Education. They have a special section on FOSS. I haven't seen the proceedings and as such, I don't know what all they discussed. But it will be good to check these formal forums and their proceedings to look for prior ideas on the subject. I don't have access to ACM libraries here. If we can put some time and thought into this, we can develop a draft and then may be start an open discussion too. This will help FOSS projects to avoid depending on non- free published items for claiming the novelty factor due for them (since Santhosh is not interested in publishing, he is not recognized by anyone in academia of Indian Language Research though his works are very popular).

I believe what ever I wrote was taking it apriori that acceptance of ideas to a project is enough for validation. My problem was how do we evaluate the novelty factor (we know there is a novelty factor, but how to scale it). Then later on turning this novelty factor itself to rate the projects. Now projects interact with academia in a weird way. We should find a middle ground, where even academic contributions like submitting a paper to A+ journal is counted similar to adding the same algorithm with all its detail to a project with A+ novelty factor. People might not accept it as such, and at first, there will be double contributions, but with enough campaigning and ensuring that the evaluation framework is strong enough and thus reliable, we can make some progress.

It will also work as a counter measure to the now existing monopolistic attitude of IEEE, ACM etc. In case of academic publishing, the only thing that I worry about are the arguments against the review of documentation (like how implementation of something in one project will ensure its reimplementation capability in different scenario if the documentation is not aimed at that). Ca-

pability to re-implement and produce results for a different set of users for a different set of purposes should also carry weightage (like how much help does this implementation give on doing that). That usually does not come under the aims of the project and they don't care. But the ones who are doing the contribution and waiting for it to be counted towards their Degree or Salary should be aware of it and do it.

Collaborative publishing can be very well used and an example of wikipedia can support the claim. Acceptance by user community is a validation of novelty. But how the detail or contribution is accepted may not always be a measure of novelty (some contributions, very novel, might not trigger much response, some trivial ones might trigger huge response). So, in order to evaluate novelty and the original contribution, there should be a mechanism which in turn projects can use to count or evaluate their innovativeness or novelty factor. This, along with a must do documentation of the contribution in a collaborative peer reviewed wiki kind of system, should ensure freedom of the knowledge generated out of the process.

It is not just a matter of accepting FOSS to mainstream academic research, but more or less bringing back the idea of freedom to the academia. We should prepare a draft framework (I don't have much of an idea on how to prepare it). Then should try evaluating some recent contributions to some projects on basis of this framework (we can use SILPA as one of the sample projects). Then present this to the world as a method to count novelty in collaborative projects without using the normal way of status of publication (all FOSS projects maintained by universities or research organizations cite their publications to show novelty).

# 3

## മലയാളം ഇന്റർനെറ്റ് വാർത്താ പോർട്ടലിൽ നിന്നും

# കാറോട്ടത്തിന്റെ മാസ്മരികത: ഫോർമുല വൺ

ഈ ഞായറാഴ്ച കഴിഞ്ഞ ചൈനീസ് ഗ്രാൻപ്രീയോടെ ഫോർമുല വൺ ആദ്യ എഷ്യൻപാദം പൂർത്തിയാക്കിയിരിക്കുകയാണ്. സെപ്റ്റമ്പർ 24-26ന് സിംഗപ്പൂരിൽ നടക്കുന്ന ഗ്രാൻപ്രീയിലാണ് ഇനി എഫ് വൺ എഷ്യയിലേക്ക് തിരിച്ചെത്തുന്നത്. കാനഡയിൽ ജൂൺ ആദ്യം നടക്കുന്ന ഗ്രാൻപ്രീ ഒഴിവാക്കിയാൽ ഫോർമുല വണ്ണിന്റെ യൂറോപ്യൻ പാദമാണ് അടുത്ത നാലരമാസക്കാലമെന്ന് നിസ്സംശയം പറയാം.

നിലവിലെ ചാമ്പ്യനായ മക്‌ലാരന്റെ ജെൻസൺ ബട്ടൺ അറുപതു പോയിന്റുകളുമായി ഇക്കൊല്ലവും മുന്നിലാണ്. അൻപതു പോയിന്റുമായി മെഴ്സിഡസിന്റെ നികോ റൊസ്‌ബർഗ് ആണ് രണ്ടാമതു്. നാൽപ്പത്തിയൊൻപതു പോയിന്റുകളുമായി ഫെറാരിയുടെ ഫെർണാണ്ടോ അലോൺസോയും മക്‌ലാരന്റെ ലൂയിസ് ഹാമിൽട്ടണും റൊസ്‌ബർഗിനൊപ്പത്തിനൊപ്പം നിൽക്കുന്നു. ഇക്കൊല്ലം മത്സരരംഗത്തേക്ക് തിരിച്ചെത്തിയ എഫ് വൺ ഇതിഹാസം മൈക്കൽ ഷുമാക്കർ പത്തു പോയിന്റുമായി പത്താമതാണ്. ഫോഴ്സ് ഇന്ത്യയുടെ അഡ്രിയാൻ സുടിൽ ഒൻപതാമതും, വിറ്റാൻടോണിയോ ലിയുസ്സി പതിനൊന്നാമതുമാണ്. ഇന്ത്യക്കാരൻ കരൺ ചന്ദോക്ക് പോയിന്റൊന്നുമില്ലാതെ പത്തൊൻപതാമതാണ്. ടീമുകളുടെ കാര്യത്തിൽ മക്‌ലാരൻ 109 പോയിന്റുകളുമായി മുന്നിട്ടുനിൽക്കുന്നു. തൊണ്ണൂറു പോയിന്റുമായി ഫെറാരി രണ്ടാമതും, എഴുപത്തിമൂന്നു പോയിന്റുമായി റെഡ്ബുൾ മൂന്നാമതുമാണ്. അറുപതു പോയിന്റുമായി മെഴ്സിഡസ് നാലാമതും, നാൽപ്പതുപോയിന്റ് നേടിയ റോബർട്ട് കുബിത്സയുടെ ബലത്തിൽ നാൽപ്പത്തിയാറു പോയിന്റുമായി റെനോ അഞ്ചാമതുമാണ്. പതിനെട്ടുപോയിന്റുമായി ഫോഴ്സ് ഇന്ത്യ ആറാമതാണ്.

ഒന്നാംസ്ഥാനക്കാർക്ക് (പത്തിന്റെ സ്ഥാനത്ത് ഇരുപത്തഞ്ച്) ഏഴ് പോയിന്റ് രണ്ടാംസ്ഥാനക്കാരേക്കാൾ (എട്ടിന്റെ സ്ഥാനത്ത് പതിനെട്ട്) കൂടുതൽ നൽകുന്ന പുതിയ പോയിന്റ് സംവിധാനം പോയിന്റ് നിലയിൽ ആദ്യപാദത്തിൽത്തന്നെ കാണുന്ന വൻവ്യത്യാസത്തിനു കാരണമാണ്. കഴിഞ്ഞവർഷം യൂറോപ്യൻ പാദത്തിൽ നല്ല പ്രകടനം കാഴ്ചവച്ച ഫോഴ്സ് ഇന്ത്യക്ക് വരുംആഴ്ചകളിൽ ഇതു മുൻതൂക്കം കൊടുക്കുന്നു. മത്സരത്തിനിടയിൽ ഇന്ധനം നിറക്കാനനുവദിക്കാത്ത പുതിയ നിയമവും യൂറോപ്പിൽ രണ്ടു പോളുകൾ നേടിയ ഫോഴ്സ് ഇന്ത്യക്ക് അനുകൂലമാകും.

മാറിയനിയമങ്ങൾ മത്സരതുടക്കങ്ങൾ ഒട്ടൊന്നു വിരസമാക്കിയെങ്കിലും അവസാനലാപ്പുകളിൽ മധ്യനിരയിൽ നല്ല പോരാട്ടങ്ങൾക്കും അതു് അവസരമൊരുക്കി. ഇന്ധന പരിപാലനത്തിൽനിന്നും ടീമുകളുടെ ശ്രദ്ധ ടയർ പരിപാലനത്തിലേക്കുമാറിയതോടെ, വൺ സ്റ്റോപ്പ് സ്ട്രാറ്റജി സർവ്വസാധാരണമായി. അതുകൊണ്ടുതന്നെ, കൃത്യമായി കാലാവസ്ഥ പ്രവചിക്കാൻ കഴിയുന്നവർക്ക് മഴയിൽ കുതിർന്ന റേസുകളിൽ വലിയമുൻതൂക്കം ലഭിക്കും. തന്റെ നല്ലകാലത്തു് ഇതിൽ മിടുക്കനായിരുന്നു ഷുമി.

ഇനിയും പതിനഞ്ച് റേസുകൾ ശേഷിക്കുകയും, 1515 പോയിന്റുകൾ പങ്കുവയ്ക്കപ്പെടാൻ കാത്തിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇതിപ്പോഴും ആരുടെയും കയ്യിലൊതുങ്ങിയിട്ടില്ല. മാത്രവുമല്ല, മുൻനിര ടീമുകളെല്ലാം നല്ല പ്രകടനം കാഴ്ചവച്ചിട്ടുള്ളതിനാൽ യൂറോപ്പിലെ റേസുകളിൽ വരുംആഴ്ചകളിൽ തീ പാറുമെന്നുറപ്പ്.

(20 April 2010)[1]

[1] http://malayal.am/വിനോദം/കായികം/4845/കാറോട്ടത്തിന്റെ-മാസ്മരികത-ഫോർമുല-വൺ

# ക്രിക്കറ്റ് കുടത്തിലെ ഭൂതം

"വിവാദത്തിന്റെ കൂട്ടുകാരനായി മാറിയ കുട്ടിക്രിക്കറ്റിന്റെ അന്താരാഷ്ട്രപതിപ്പിൽനിന്ന് 'ഇന്ത്യൻ സേന' പുറത്തായതു് ഇന്നലെയാണ്. അപ്പോഴും ഇവിടെ ഇന്ത്യയിൽ ഐപിഎൽ വിവാദത്തിന്റെ അലയൊലികൾ അടങ്ങിയിട്ടില്ല. കാരണംകാണിക്കൽ നോട്ടീസ് ലഭിച്ച ഐപിഎല്ലിന്റെ മുൻ കമ്മീഷണർ ലളിത് മോഡിക്ക് മറുപടി പറയാനുള്ള സമയം ദീർഘിപ്പിച്ച് വിവാദത്തിന്റെ ആയുസ്സുനീട്ടുകയാണ് ബിസിസിഐ. ഇന്ത്യൻ ക്രിക്കറ്റ് ലീഗ് എന്ന നവീന ആശയത്തെ കട്ടെടുത്തു് ഇന്ത്യൻ പ്രീമിയർ ലീഗ് ആയി അവതരിപ്പിച്ച ലളിത് മോഡി ഒടുവിൽ കായികരംഗത്തെ അധോലോകവാഴ്ചയുടെ അടയാളമായി മാറുന്നു. മൂന്നുകൊല്ലം പിന്നിട്ട ഐപിഎല്ലിന്റെ കഥകൾ അപസർപ്പകകഥകളെപോലും വെല്ലും. ചതിയുടെയും പകയുടെയും അദ്ധ്യായങ്ങൾ നിറച്ച ആദ്യ രണ്ടുവർഷത്തെ ഐപിഎൽ കാലം അന്വേഷിക്കുകയാണിവിടെ. മലയാളം ന്യൂസ് പോർട്ടലിനു വേണ്ടി ജിനേഷ് കെജെ തയ്യാറാക്കിയത്."

ഐപിഎല്ലിന്റെ ചരിത്രം അന്വേഷിക്കുമ്പോൾ ചെന്നെത്തുന്നതു് സുഭാഷ് ചന്ദ്രയുടെ എസ്സെൽ ഗ്രൂപ്പിൽ പെട്ട സീ ടെലിഫിലിംസ് 2003 മുതൽ ഇന്ത്യയിലെ ക്രിക്കറ്റ് സംപ്രേക്ഷണാവകാശത്തിനായി നടത്തിയ ലേലയുദ്ധങ്ങളിലും നിയമയുദ്ധങ്ങളിലുമാണ്. പലപ്പോഴും പൊതുജനത്തെ അമ്പരപ്പിക്കുന്ന നടപടിക്രമങ്ങളിലൂടെ സംപ്രേക്ഷണാവകാശം കിട്ടാക്കനിയായപ്പോൾ സുഭാഷ് ചന്ദ്ര അസാധ്യമായ ഒരു സാഹസത്തിനു മുതിർന്നു. ബിസിസിഐയിലെ 'കടൽകിഴവൻമാരുടെ' സംഘത്തിന് ഒരു കോർപ്പറേറ്റ് ബദൽ എന്ന സ്വപ്നത്തിനു നിറംപകരാൻ ശ്രമിച്ചു. ഇതു ചെയ്യുമ്പോൾ ഇന്ത്യയിലെ ക്രിക്കറ്റ് ഭരണം നേരെയാക്കിയെടുക്കണം എന്നൊരുദ്ദേശം ചന്ദ്രയുടെ സ്വപ്നത്തിൽപോലുമുണ്ടായിരുന്നു എന്നു തോന്നുന്നില്ല. ഒരു പക്ഷേ ടെലിവിഷൻ സംപ്രേക്ഷണാവകാശങ്ങളുടെ വിൽപ്പനയിലൂടെ ഫോർമുല വണ്ണിന്റെ അവസാനവാക്കായി മാറിയ ബെർണി എക്ലെസ്റ്റോണായിരുന്നിരിക്കണം ചന്ദ്രയുടെ (പിന്നീട് ലളിത് മോഡിയുടെയും) പ്രചോദനം.

എന്തായാലും എന്റെ ചാനലുകൾക്ക് കാണിക്കാൻ അവർ ക്രിക്കറ്റ് തരുന്നില്ല, അതുകൊണ്ട് ഞാൻ സ്വന്തമായി ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കാൻ പോകുന്നു എന്ന് കെറി പാർക്കർ ശൈലിയിൽ പറഞ്ഞു് ചന്ദ്ര തുറന്നുവിട്ട ഇന്ത്യൻ ക്രിക്കറ്റ് ലീഗ് ഭൂതം ലോകക്രിക്കറ്റിന്റെ മേലാളൻമാരുടെ ഉറക്കംകെടുത്താൻ വലിയ താമസമുണ്ടായില്ല. ഐസിഎല്ലുമായി സഹകരിക്കുന്ന എല്ലാവർക്കും വിലക്കേർപ്പെടുത്തി ബിസിസിഐ നയം വ്യക്ത

മാക്കി. ഇന്ത്യൻ ബോർഡിന്റെ മണിപവറിനു മുമ്പിൽ ഐസിസിയും മറ്റു ബോർഡുകളും മുട്ടുമടക്കി. ലീഗുമായി സഹകരിക്കുന്ന എല്ലാവർക്കും അംഗീകൃതവേദികളിൽനിന്നും വിലക്കുവന്നു.

പക്ഷെ, അവസരങ്ങളെക്കാളേറെ ഉദ്യോഗാർത്ഥികളുള്ള ഇന്ത്യൻ വ്യവസ്ഥിതിക്കുള്ളിൽനിന്നും ആറ് തരക്കേടില്ലാത്ത ടീമുകളെ ഉണ്ടാക്കാൻ ഐസിഎല്ലിനു സാധിച്ചു. കപിൽ ദേവിന്റെയും ഡീൻ ജോൺസിന്റെയും മറ്റും മേൽനോട്ടത്തിൽ ആവേശകരമായ ഒരു സീസൺ സംഘടിപ്പിക്കാൻ ചന്ദ്രയ്ക്കായി. ചന്ദ്രയെ തളർത്താൻ തങ്ങളാലാവുംവിധം ബിസിസിഐ ശ്രമിച്ചു. എങ്കിലും ആദ്യ സീസൺ കഴിഞ്ഞപ്പോൾ ബിസിസിഐയെക്കൊണ്ട് സ്വന്തം 20-20 ലീഗ് പ്രഖ്യാപിക്കാൻ ചന്ദ്രയുടെ സാഹസത്തിനു സാധിച്ചു.

ഐപിഎൽ പ്രഖ്യാപിച്ചുകഴിഞ്ഞപ്പോൾ മാധ്യമങ്ങളുടെ ഒരു പ്രധാന ആശയമായിരുന്നു മാറ്റുരച്ചുനോക്കൽ. ഐപിഎൽ ജേതാവും ഐസിഎൽ ജേതാവും തമ്മിലൊരുമത്സരം. തങ്ങൾക്കു യാതൊരു പ്രശ്നവുമില്ലെന്ന് കപിൽ പറഞ്ഞെങ്കിലും വിമതരോട് യാതൊരു ഒത്തുതീർപ്പുമില്ലെന്ന് ബിസിസിഐ തീർത്തുപറഞ്ഞു. അതോടെ ഐസിഎല്ലിന്റെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞുവെന്ന് ചന്ദ്രയ്ക്ക് ബോദ്ധ്യംവന്നിട്ടുണ്ടാവണം. അദ്ദേഹം കോടതിയിലും ഐസിസിയിലും ഹർജികൾ നൽകി. അടുത്തവർഷം കൂടുതൽ വിപുലമായി സംഘടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ഒന്നിൽക്കൂടുതൽ ടൂർണ്ണമെന്റുകളും ദേശീയതയുടെ ചായവും ചേർത്ത് കൊഴുപ്പുകൂട്ടാനുള്ള ശ്രമം, ഐസിഎൽ വിട്ടുവരാൻ താൽപര്യമുള്ളവർക്ക് മാപ്പുനൽകാനുള്ള ബിസിസിഐ തീരുമാനത്തോടെ അവസാനിച്ചു. അങ്ങനെ സുഭാഷ് ചന്ദ്രയുടെ ബിസിസിഐയുമായുള്ള പോരാട്ടം കെറി പാർക്കറുടേതിനു സമാനമായി ബിസിസിഐയുടെ അന്തിമവിജയത്തിൽ കലാശിച്ചു.

ഡോളറുകൾ പറന്നുനടന്ന ഐപിഎൽ ലേലത്തിൽ മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ് ടീമുകളുടെ പത്തുവർഷത്തെ അവകാശത്തിന് നാനൂറു കോടിക്കുമുകളിൽ കൊടുക്കാൻ മുൻനിര ലിസ്റ്റഡ് കമ്പനികൾ തയ്യാറായി. ബിസിസിഐയുടെ മുഖമുദ്രയായ അതാര്യനയങ്ങളുടെ പ്രതീകമായി, ഐപിഎൽ ഭരണസമിതിയംഗമായ എൻ ശ്രീനിവാസൻ ചെന്നൈ ടീമിനുടമയായി. ഒരു കണക്കിനു പറഞ്ഞാൽ ചെന്നൈ ടീമിന്റെ അവകാശം ശ്രീനിവാസൻ ശ്രീനിവാസനുതന്നെ വിറ്റു.

ഇതിനിടയിൽ, ലേലത്തിനും മുമ്പ്, മറ്റൊരുകാര്യം നടന്നിരുന്നു. ഐപിഎല്ലിനു ജീവൻനൽകാൻ ഏറ്റവുമധികം പ്രവർത്തിച്ച ബിസിസിഐ വൈസ് പ്രസിഡന്റ് ലളിത് മോഡിയെ സ്ഥിരതയ്ക്കുവേണ്ടി അഞ്ചുവർഷത്തേക്ക് ചെയർമാനും കമ്മീഷണറുമായി നിയമിച്ചു. മാദ്ധ്യമങ്ങൾ ഊഹങ്ങൾകൊണ്ടും വിശകലനംകൊണ്ടും നിറഞ്ഞു. ഇന്ത്യൻ വിപണി സ്പോർട്സ് എന്റർടൈൻമെന്റ് കമ്പോളത്തിനു തുറന്നുകിട്ടാൻ പോകുന്നതിലെ സന്തോഷത്തിലായിരുന്നു. ഇന്ത്യൻ ക്രിക്കറ്റ് ബോർഡ് സാമ്പത്തികസുതാര്യതയി

ലേക്കുവയ്ക്കുന്ന ആദ്യചുവടുകളായിവരെ വിശകലനവിദഗ്ദ്ധർ ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു.

(10 May 2010)[2]

[2] http://malayal.am/പലവക/പരമ്പര/ബിസിനസ്-ലീഗ്/5365/ക്രിക്കറ്റ്-കുടത്തിലെ-ഭൂതം

# അംബാനി മുതൽ മല്യ വരെ

ഐപിഎൽ ടീമുകളുടെ സാമ്പത്തിക വിശകലനത്തിൽ എറ്റവുമാദ്യം വരേണ്ടതു്, 2008ൽ നൂറു മില്യൺ ഡോളറിനുമേൽ വിറ്റുപോയ ടീമുകളാണ്. മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ് ടീമുകളുടെ അവകാശമാണ് പത്തുവർഷത്തേക്ക് നൂറു മില്യൺ ഡോളറിനുമേൽ തുകയ്ക്കു വിറ്റുപോയതു്. ഇതിൽ ആശ്വാസകരമായ സംഗതി മൂന്നു ടീമും സ്വന്തമാക്കിയതു് ലിസ്റ്റഡ് കമ്പനികളാണെന്നതാണ്. മാത്രമല്ല, ഐപിഎൽ വഴി എങ്ങനെ പണമുണ്ടാക്കാമെന്നതിനും മുടക്കുമുതൽ തിരിച്ചുപിടിയ്ക്കുന്നതിനും ശക്തമായ ന്യായീകരണം മുംബൈ, ബാംഗ്ലൂർ ടീമുടമകൾക്കുണ്ടായിരുന്നു താനും.

ഹൈദരാബാദ് ടീമിന്റെ സാമ്പത്തികനയങ്ങളെപ്പറ്റി വലിയ വിവരങ്ങളൊന്നും വെളിയിൽ വന്നിട്ടില്ല. എങ്കിലും ഒരു വട്ടം ഐപിഎൽ ചാമ്പ്യൻമാരായതും, ആന്ധ്രാപ്രദേശിലെ ആരാധകവൃന്ദവും, ഉടമസ്ഥരായ ഡെക്കാൺ ക്രോണിക്കിളിന് വിനോദവ്യവസായത്തിലുള്ള താൽപ്പര്യങ്ങളുമാകണം അവരെ നയിച്ചതു്. എന്തായാലും ഈ ലക്കത്തിൽ മുംബൈ, ബാംഗ്ലൂർ ടീമുകളുടെ സമീപനത്തിലേക്കാണ് കൂടുതൽ ശ്രദ്ധകൊടുത്തിരിക്കുന്നതു്.

ബാംഗ്ലൂർ നഗരത്തിനുവേണ്ടിയുള്ള ലേലത്തിൽ വിജയം കണ്ടതു് ഇന്ത്യയിലെ ഒരു ഒന്നാംകിട സ്പോർട്സ് എന്റർപ്രോണറായ വിജയ് മല്യയുടെ യുബി ഗ്രൂപ്പാണ്. മുംബൈ ടീമിനെ നേടിയതു് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ കമ്പനിയായ റിലയൻസ് ഇൻഡസ്ട്രീസും.

ക്രിക്കറ്റും റിലയൻസുമായുള്ള ബന്ധം 1987ൽ ഇന്ത്യൻ ബോർഡിനെ ഇംഗ്ലണ്ടിനുപുറത്ത് ഏകദിന ലോകകപ്പ് സംഘടിപ്പിക്കാൻ സഹായിച്ചതിൽ തുടങ്ങുന്നു. കോൺഗ്രസ്സുകാരനായ മാധവറാവു സിന്ധ്യയുടെ ബലത്തിലാണ് അന്ന് റിലയൻസ് ലോകകപ്പ് സ്പോൺസർ ചെയ്തതെന്ന് ഒരു പറച്ചിലുണ്ടെങ്കിലും, നാലാം ലോകകപ്പിന് റിലയൻസ് കപ്പ് എന്ന് പേരിടാൻ മാത്രം സഹായങ്ങൾ ചെയ്തവർ പിന്നീട് അത്രയ്ക്കു മഹാമനസ്കത കാട്ടിയില്ല എന്നതാണ് സത്യം.

1996ൽ ലോകകപ്പ് ഇന്ത്യയിലെത്തുമ്പോൾ, പുകയിലയ്ക്കപ്പുറം പുതിയലോക സ്വപ്നം കണ്ടുതുടങ്ങിയ ഐടിസിയുടെ വിൽസ് ബ്രാൻഡാണ് ടൈറ്റിൽ സ്പോൺസേഴ്സായതു്. ആ റിലയൻസ് ക്രിക്കറ്റിന്റെ ലോകത്തേയ്ക്ക് ആഘോഷപൂർവ്വം എത്തിയതിന് സാമ്പത്തിക വിശാരദന്മാർ വിവിധകാരണങ്ങളാണ് നിരത്തിയതു്.

ആ വിശകലനങ്ങളുടെ രത്നച്ചുരുക്കം ഇതായിരുന്നു, ഏറ്റവും പതുക്കെ ലാഭമുണ്ടാക്കാൻ തുടങ്ങുന്ന ഫ്രാഞ്ചൈസി മുംബൈയായിരിക്കും. പിന്നെ, ഒരു വർഷം മൂന്നു മില്യൺവരെയൊക്കെ നഷ്ടം മുംബൈ സഹിക്കും. കാരണമോ, ഉടമസ്ഥരായ മുകേഷ്-നിതാ അംബാനി ദമ്പതികൾക്കു ലഭിക്കുന്ന ടിവി പ്രൈംടൈമും സൗജന്യ പരസ്യവും.

ഇന്ത്യയിലെ ഏറ്റവും പണക്കാരായ ദമ്പതികൾക്ക് തങ്ങൾ എത്രമാത്രം മിഡിൽ ക്ലാസാണെന്ന കാണിക്കാൻ കിട്ടുന്ന സൗജന്യാവസരങ്ങൾ അവരുടെ കമ്പനികൾക്കു ചെയ്യുന്ന ഗുണങ്ങൾ പലമടങ്ങാണ്. മാത്രമല്ല, ഐപിഎൽ ഹോം മത്സരങ്ങൾ നിതാ അംബാനി തന്റെ സാമൂഹ്യസേവന സന്നദ്ധത തുറന്നുകാണിച്ച് ഉപയോഗിക്കുന്നു. വേറെ ഒരു മാധ്യമവും അംബാനി ദമ്പതികളുടെ സാമൂഹ്യസേവനത്തെ ഇത്രയും പ്രകീർത്തിച്ചിട്ടുണ്ടാവില്ലെന്നുള്ളതുതന്നെ അവർക്ക് ടീമിൽ വരുന്ന നഷ്ടം നികത്തുന്നു. അവർക്ക് സൗജന്യവിലയ്ക്കു ലഭിച്ച ക്രിക്കറ്റ് ദൈവത്തേയും നന്നായി ഉപയോഗിച്ച് നഷ്ടം കുറയ്ക്കാൻ സാധിച്ചിരുന്നു. (സച്ചിനും സഹീറും ഹർബജനും അണിനിരന്ന 2009ൽ ഐഡിയ പരസ്യം ഉദാഹരണം.)

ഈ ഘടകങ്ങളിലൂന്നി സാമ്പത്തികലക്ഷ്യങ്ങൾ നിശ്ചയിച്ച മുംബൈ ടീം ആവറേജ് പ്രകടനം കാഴ്ചവച്ചാൽപ്പോലും ഉടമസ്ഥരെ ഭയപ്പെടുത്താൻമാത്രം പ്രശ്നങ്ങളുള്ള ഒന്നായിരുന്നില്ല. ഇതിനൊപ്പം ടീം മർച്ചൻഡൈസ് വിപണികൂടി ചേർത്താൽ കിട്ടുന്ന ഫലം അമ്പരപ്പിച്ചില്ലെങ്കിലും ഒരിക്കലും നിരാശാജനകമല്ല. മാത്രമല്ല, മുംബൈ നഗരത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ട് ഒരു പരിധിവരെ നല്ല സ്പോൺസർമാരെ ആകർഷിക്കാനും ടീമിനു കഴിഞ്ഞു.

മുംബൈ ഏറ്റവും യാഥാസ്ഥിതികമായ രീതിയിൽ ഒരു സ്പോർട്സ് ഫ്രാഞ്ചൈസി എങ്ങനെ നടത്താം എന്നാണ് പരീക്ഷിച്ചത്. ആവശ്യമില്ലാത്ത റിസ്കുകൾ ഒഴിവാക്കി, സാമ്പത്തിക നഷ്ടംപോലും എല്ലായ്പ്പോഴും ചില സാമൂഹികനേട്ടങ്ങൾ തരുമെന്നുറപ്പാക്കി വ്യക്തമായ പ്ലാനോടുകൂടി കളത്തിലിറങ്ങിയ അവസ്ഥ. അവരുടെ ടീം അടുത്ത പത്തുവർഷത്തേക്ക് ഒരിക്കൽപോലും ഐപിഎൽ ജേതാക്കളായില്ലെങ്കിൽകൂടി, ഉണ്ടാകാവുന്ന സഞ്ചിതനഷ്ടം എങ്ങനെ മറ്റുവഴികളിലൂടെ പരിഹരിക്കാം എന്നതു് ആദ്യമേ മുംബൈയുടെ കണക്കുപുസ്തകങ്ങളിൽ ഇടംപിടിച്ചിരിക്കാം എന്നാണ് പല വിശകലന വിദഗ്ദരുടെയും വാദം.

ബാംഗ്ലൂർ ടീമിന്റെ കഥ കുറച്ചു വ്യത്യസ്ഥമാണ്. റിലയൻസിനെപ്പോലെ പബ്ലിക് ലിമിറ്റഡ് കമ്പനിയായ യുബി ഗ്രൂപ്പാണ് ബാംഗ്ലൂർ ടീമിന്റെ ഉടമസ്ഥർ. പക്ഷെ പ്രധാന പ്രമോട്ടറായ വിജയ് മല്യ മുകേഷ്-നിതാ അംബാനി ദമ്പതികളിൽനിന്ന് വ്യത്യസ്തമായി പ്രശസ്ത സ്പോർട്സ് ഇൻവെസ്റ്ററാണ്. ഫോഴ്സ് ഇന്ത്യ ഫോർമുലാ വൺ ടീമാണ് മല്യയുടെ ഒരു പ്രധാന സ്പോർട്സ് നിക്ഷേപം. മറ്റൊരു നിക്ഷേപം ഇന്ത്യൻ കുതിരയോട്ട രംഗത്തു് പൂനെ സമ്രാട്ടുകളെ വെല്ലുവിളിക്കുന്ന കുതിരകളുടെ ഉടമകളായ യുണൈറ്റഡ് റേസിങ് ആന്റ് ബ്ലഡ്സ്റ്റോക്ക് ബ്രീഡേഴ്സാണ്. ഇന്ത്യൻ ഫുട്ബാളിൽ ഈസ്റ്റ് ബംഗാൾ, മോഹൻ ബഗാൻ ടീമുകളുടെ ടൈറ്റിൽ സ്പോൺസറാണ് യുബി ഗ്രൂപ്പ്. മാത്രമല്ല ഈസ്റ്റ് ബംഗാൾ ക്ലബ്ബിൽ അമ്പതു ശതമാനം ഓഹരിയും മല്യക്കു സ്വന്തമായുണ്ട്.

മല്യയുടെ സ്പോർട്സ് നിക്ഷേപങ്ങളുടെ ഒരു പ്രത്യേകതയെന്തെന്നാൽ, അവയെല്ലാം യുബി ഗ്രൂപ്പിന്റെ പ്രധാന ബിസിനസ്സായ മദ്യക്കച്ചവടത്തെ പരിപോഷിപ്പിക്കുന്ന തരത്തിലാണ് പ്ലേസ് ചെയ്തിരിക്കുന്നതെന്നാണ്. ഇന്ത്യയിൽ

കുതിരയോട്ടവും പന്തയവും നടത്തുന്ന വലിയ പണക്കാരുടെയിടയിൽ സ്വന്തം ബ്രാൻഡുകളുടെ സ്വാധീനം വർധിപ്പിക്കാനാണ് മല്യ കുതിരകളെ ഉപയോഗിക്കുന്നത്. ഫോർമുല വണ്ണിന്റെ പ്രഭവസ്ഥാനമായ യൂറോപ്പിൽ യുബി ഗ്രൂപ്പിന്റെ അടിത്തറ വിപുലീകരിക്കുന്നതിനാണ് ഫോഴ്സ് ഇന്ത്യ ടീമിനെ മല്യ ഉപയോഗിക്കുന്നത്. ബംഗാളിലെ സാധാരണ കുടിയന്മാരാണ് കൊൽക്കത്ത ടീമുകളിലൂടെ ലക്ഷ്യമാക്കിയതെങ്കിൽ, ഐപിഎൽ ടീം അഖിലേന്ത്യാതലത്തിൽ ക്രിക്കറ്റ് ആരാധകരുടെ പ്രധാന ബ്രാൻഡാവുന്നതിനുള്ള അടവായിരുന്നു. എന്റർടൈൻമെന്റ് ആന്റ് സ്പോർട്സ് ഡയറക്ടുമായി സഹകരിച്ച് റോയൽ ചാലഞ്ചേഴ്സ് സ്പോർട്സ് വിവിധനഗരങ്ങളിലെ ക്ലബ്ബുകളിൽ നടത്തുന്ന ഐപിഎൽ രാവുകൾ ഈ സ്ട്രാറ്റജിയുടെ നേരുദാഹരണമാണ്.

അതുകൊണ്ടുതന്നെ പുറമേനിന്നുള്ള സ്പോൺസർമാരെ പ്രോത്സാഹിപ്പിക്കാത്ത മല്യയുടെ നയം കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കുന്നു. അതിനാൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂർ ടീം ഉണ്ടാക്കുന്ന ലാഭത്തിൽ ഐപിഎൽ മാമാങ്കത്തൽനിന്ന് മല്യയുടെ മദ്യ ബ്രാന്റുകൾ ഉണ്ടാക്കുന്ന ലാഭം കൂടി ചേർക്കേണ്ടതാണ്. ഇത്തരത്തിൽ ഐപിഎല്ലിലെ വില കൂടിയ രണ്ടു ടീമുകളും വ്യക്തമായ ബിസിനസ്സ് ലക്ഷ്യങ്ങളും കണക്കുകളുമായാണ് ആളുകളെ അമ്പരപ്പിക്കുന്നതെങ്കിൽ നേരെ എതിർധ്രുവത്തിൽ നിൽക്കുന്ന വമ്പൻമാരുമുണ്ട്. അവരെക്കുറിച്ച് അടുത്ത ലേഖനത്തിൽ.

(10 May 2010)[3]

---

[3] http://malayal.am/പലവക/പരമ്പര/ബിസിനസ്-ലീഗ്/5378/അംബാനി-മുതൽ-മല്യ-വരെ

# കുഞ്ഞൻ ടീമുകളുടെ ബിസിനസ് മോഡൽ

ഇന്ത്യൻ പ്രീമിയർ ലീഗിലെ കുഞ്ഞൻ ടീമുകളാണ് ജയ്പൂർ ആസ്ഥാനമായ രാജസ്ഥാൻ റോയൽസും, മൊഹാലി ആസ്ഥാനമായ കിങ്സ് ഇലവൻ പഞ്ചാബും, കൊൽക്കത്ത ആസ്ഥാനമായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും. മൂന്നും മുന്നൂറു കോടിയിൽ താഴെ മുതൽമുടക്കുള്ളവ. മറ്റു രണ്ടു ടീമുകളായ ചെന്നൈ സൂപ്പർ കിങ്സും ഡൽഹി ഡെയർ ഡെവിൾസും അക്ഷരാർത്ഥത്തിൽ മദ്ധ്യനിരക്കാരാണ്: പണത്തിന്റെ കാര്യത്തിലും പ്രകടനത്തിന്റെ കാര്യത്തിലും.

എല്ലാ സീസണിലും സെമികളിക്കുകയും, രണ്ടു സീസണിൽ ഫൈനലിലെത്തുകയും ഇപ്രാവശ്യം ചാമ്പ്യൻമാരായി തങ്ങളുടെ കഴിവുതെളിയിക്കുകയും ചെയ്തു, ചെന്നൈ. പക്ഷെ ലീഗ് പട്ടികയിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ അവർ മദ്ധ്യനിരക്കാരാണ്. രണ്ടുസീസണിൽ സെമികളിച്ച ഡൽഹി, ചെന്നൈയെ അപേക്ഷിച്ച് മോശമാണെങ്കിലും വ്യക്തമായ മദ്ധ്യനിര പ്രകടനമാണ് പുറത്തെടുത്തത്. ഇപ്രാവശ്യം അഞ്ചാമതായാണ് അവർ ലീഗിൽ ഫിനിഷ് ചെയ്തത്.

ഇന്ത്യ സിമന്റ്സ് ഉടമയും ബിസിസിഐ സെക്രട്ടറിയും ഐപിഎൽ ഭരണസമിതി അംഗവുമായ എൻ ശ്രീനിവാസനാണ് ചെന്നൈ ടീമുടമ. കോൺഫ്ലിക്റ്റ് ഓഫ് ഇന്ററസ്റ്റിന് ഇതിലും വ്യക്തമായ ഉദാഹരണമൊന്നും തരാൻ കഴിയുമെന്നു തോന്നുന്നില്ല. എൻ ശ്രീനിവാസന് ചെന്നൈ ടീമിന്റെ ഉടമസ്ഥാവകാശം നിലനിർത്താൻവേണ്ടി ബിസിസിഐ അതിന്റെ ഭരണഘടനയിൽപോലും ഭേദഗതി വരുത്തുകയുണ്ടായി. മുൻ ബിസിസിഐ സെക്രട്ടറി എ.സി. മുത്തയ്യ ഇതിനെതിരെ ഇപ്പോഴും ശ്രീനിവാസനുമായി നിയമപ്പോരാട്ടത്തിലാണ്.

ഡൽഹി ടീം പ്യുവർ കോർപ്പറേറ്റ് ടീമാണ്. ഇൻഫ്രാസ്ട്രക്ചർ രംഗത്തെ ഭീമൻമാരായ ജിഎംആർ ഗ്രൂപ്പാണ് ഉടമസ്ഥർ. ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്രവിമാനത്താവളവികസനത്തിനപ്പുറം, തലസ്ഥാനത്ത് അവർക്കുള്ള താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ട ബ്രാൻഡ് ഇമേജ് സൃഷ്ടിക്കുക എന്ന ലക്ഷ്യവും ഡൽഹി ടീം സ്വന്തമാക്കിയതിനു പിന്നിലുണ്ടാവണം. പ്രധാനമായും ദക്ഷിണേന്ത്യ കേന്ദ്രമാക്കി (ബാംഗ്ലൂർ ആസ്ഥാനമാക്കി) പ്രവർത്തിക്കുന്ന ആന്ധ്രാപ്രദേശുകാർ ഡൽഹി ടീം വിലകൊടുത്തു വാങ്ങിയെങ്കിൽ, പ്രാദേശിക ക്രിക്കറ്റ് ടീം സ്വന്തമാക്കുന്നതിലൂടെ ലഭിക്കുന്ന ലോയൽറ്റിയും ബ്രാൻഡ് ഇമേജും ഒരു ലക്ഷ്യമായിരിക്കണം.

വീരേന്ദർ സേവാഗും ഗൌതം ഗംഭീറും നയിക്കുന്ന ടീം കളിക്കളത്തിലെ പ്രകടനത്തിലൂടെ ഒരിക്കലും ഉടമസ്ഥരെ നിരാശരാക്കിയതുമില്ല. ഫേവറൈറ്റുകളായിത്തന്നെ കളി തുടങ്ങുകയും വിശാലമായ ഒരു ഫാൻബേസ് വളർത്തിയെടുക്കുകയും ചെയ്ത് ടീം വളർച്ചയുടെ പാതയിലാണ്. ടീമിന്റെ സാമ്പത്തികവിവരങ്ങൾ ഇതുവരെ പുറത്തുവന്നില്ലെങ്കിലും ലാഭമുണ്ടാക്കിത്തുടങ്ങിയിരിക്കണമെന്നാണ് വിദഗ്ധമതം. മാത്രമല്ല, സാമ്പത്തിക ക്രമക്കേടുകളെച്ചുറ്റിപ്പറ്റി

യുള്ള അന്വേഷണങ്ങളിൽപെടാത്ത മൂന്ന കോർപ്പറേറ്റ് ടീമുകളിൽ ഒന്നാണ് ഡൽഹി.

ഇതുവരെ നമ്മൾ കണ്ട അഞ്ചു ടീമുകളിൽനിന്നും വ്യത്യസ്തമാണ് മറ്റുമൂന്ന ടീമുകളുടെ അവസ്ഥ. മൂന്നും സാമ്പത്തിക ക്രമക്കേടുകൾക്ക് അന്വേഷണം നേരിടുന്ന ടീമുകളാണെന്നുള്ളതുതന്നെ പ്രധാനം. ഷാരൂഖ് ഗൌരി ഖാൻ ദമ്പതികളുടെ റെഡ് ചില്ലി എന്റർടൈൻമെന്റും, ജൂഹി ചൌളയുടെ ഭർത്താവ് ജയ് മേത്തയും (ഇപ്പോൾ കേൾക്കുന്നതു്, ആദ്യം പ്രചരിപ്പിക്കപ്പെട്ടതിൽനിന്ന് വിരുദ്ധമായി, ജയ് മേത്ത ഓഹരി സ്വന്തമാക്കിയതു് ആദ്യസീസണിനു ശേഷമാണെന്നാണ്) പ്രമോട്ടു ചെയ്യുന്ന ടീമാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്. ടീമിന്റെ ഏറ്റവും വലിയ ആകർഷണം ഷാരൂഖ് തന്നെയാണ്.

ലീഗിൽ ഗംഭീര പ്രകടനമൊന്നും ഇതുവരെ കാഴ്ചവച്ചില്ലെങ്കിലും, ഏറ്റവും കൂടുതൽ സ്പോൺസർഷിപ്പ് സ്വന്തമായുള്ള ടീമാണ് നൈറ്റ് റൈഡേഴ്സ്. കളിക്കാൻ ഈഡൻ ഗാർഡൻസ് പോലൊരു ഹോംഗ്രൌണ്ടും, ദാദയെ കാണാൻവേണ്ടി ജീവൻ നൽകാനും തയ്യാറാകുന്ന കാണികളുമുള്ള ടീം. കുറച്ച് സാമ്പത്തിക അച്ചടക്കം കൂടി കാട്ടിയിരുന്നെങ്കിൽ മികച്ചതാകാമായിരുന്നു.

ടീമിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ് മുകളിൽ പറഞ്ഞപോലെ ബ്രാൻഡ് ഷാരൂഖാണ്. ക്രിക്കറ്റ് കളത്തിലെ പ്രകടനത്തേക്കാളും, കളത്തിനു പുറത്തെ ഗ്ലാമർ ഉപയോഗിച്ച് ഒരു ടീം നടത്തിക്കൊണ്ടുപോകാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് കൊൽക്കത്ത. ഗ്ലാമർ ടീം വരുമാനത്തിലെ വലിയൊരു പങ്കു വഹിക്കുന്നതിനാൽ, പരമ്പരാഗത ക്രിക്കറ്റ് പ്രേമികൾക്ക് ദഹിക്കാത്ത ആഫ്റ്റർ മാച്ച് പാർട്ടികളും ഫാഷൻ ഷോകളും മറ്റും നടത്തി ടീമിന്റെ ഗ്ലാമർ ഉയർത്തുന്നതിലും ബദ്ധശ്രദ്ധനാണ് ഷാരൂഖ്. എന്തിനേറെ, ഷാരൂഖായിരുന്നു ഇക്കൊല്ലത്തെ ഐപിഎൽ അവാർഡിന്റെ (അവാർഡ് നൈറ്റ് പാർട്ടിയുടെ) കോ ഹോസ്റ്റ്.

മുൻ ഐപിഎൽ കമ്മീഷണർ ലളിത് മോഡിയുടെ ബന്ധുക്കൾക്കുള്ള ഓഹരിയുടെ പേരിൽ വിമർശനവിധേയരായതാണ് മൊഹാലി ടീമും രാജസ്ഥാൻ ടീമും. രണ്ടു ടീമുകളുടെയും വിവരങ്ങൾ ധാരാളം പത്രത്തിലും മറ്റും ഇടംപിടിച്ചിട്ടുള്ളതിനാൽ വീണ്ടും വിസ്തരിക്കാൻ ശ്രമിക്കുന്നില്ല. വളരെ വേഗത്തിൽത്തന്നെ നിക്ഷേപകർ ലാഭമുണ്ടാക്കിയേക്കാവുന്ന ടീം എന്നായിരുന്നു രാജസ്ഥാനെപ്പറ്റിയുള്ള അഭിപ്രായം.

ആദ്യ സീസൺ ജേതാക്കളായതോടെ എന്നാണ് ടീം ലാഭം ഇരട്ടിപ്പിക്കുക എന്നായി ചോദ്യം. 2009 സീസൺ തീർന്നപ്പോൾത്തന്നെ, ടീം 7.5 മില്യൺ ഡോളർ ലാഭമുണ്ടാക്കിയതായാണ് പ്രമോട്ടർമാർ പറഞ്ഞതു്. മാത്രമല്ല, ടീമിന്റെ വാല്യുവേഷനും ഇരട്ടിയോളമായി വർദ്ധിച്ചു. മോഡിയുടെ ബന്ധുവായ സുരേഷ് ചെല്ലാറാമും ന്യൂസ് കോർപ്പ് ഉടമ റൂപർട്ട് മർഡോക്കിന്റെ മകൻ ലക്കാൻ മർഡോക്കും പ്രധാന നിക്ഷേപകരായ എമർജിങ് മീഡിയ ഗ്രൂപ്പും, ശിൽപ്പാ ഷെട്ടിയും രാജ് കുന്ദ്രേയുമാണ് ഇപ്പോൾ ടീം ഉടമസ്ഥർ. ശിൽപ്പാ

ഷെട്ടിയുടെ വരവോടെ കളിയിലെ പ്രകടനത്തോടൊപ്പം ഗ്ലാമറും പ്രധാന വരുമാനമാർഗ്ഗമാക്കിയാണ് ടീം മുന്നേറിയത്.

മുംബൈയിലെ ലേറ്റ് നൈറ്റ് പാർട്ടികളിലെ നിത്യസാന്നിധ്യമായ ഷെട്ടി സിസ്റ്റേഴ്സിന്റെ സാന്നിധ്യം ഒരനുഗ്രഹവുമായെന്നു പറയണം. ഐപിഎല്ലിലെ ഗ്ലാമർ ഘടകത്തെ ടൈംസ് ഓഫ് ഇന്ത്യയ്ക്കുവേണ്ടി വിലയിരുത്തിയിരുന്ന മന്ദിരാ ബേഡി, വിജയ് മല്യയ്ക്കും ഷാരൂഖിനും ശേഷം മൂന്നാംസ്ഥാനമാണ് ഐപിഎൽ പാർട്ടികളുടെ കാര്യത്തിൽ ഷെട്ടി സിസ്റ്റേഴ്സിനു നൽകിയത്.

ഗ്ലാമറിന്റെ കാര്യത്തിലും കളിയുടെ കാര്യത്തിലും അച്ചടക്കത്തിന്റെ കാര്യത്തിലുമെല്ലാം ശരാശരി നിലവാരം പുലർത്തിയ ടീമാണ് മൊഹാലി. കളിയുടെ കാര്യത്തി ഒന്നാം സീസണിൽ സെമിഫൈനലിസ്റ്റുകളും, രണ്ടാം സീസണിൽ അഞ്ചാംസ്ഥാനക്കാരുമായിരുന്ന ടീം അവസാന സ്ഥാനക്കാരായാണ് ഇക്കഴിഞ്ഞ സീസൺ പൂർത്തിയാക്കിയത്.

ഈ സീസണിൽ കളിക്കളത്തിലെ കളിയേക്കാൾ, പുറത്തെ കളികൾകൊണ്ടാണ് ടീം വാർത്തകളിൽ നിറഞ്ഞത്. മോഡിയുടെ ബന്ധുവായ ഡാബർ ഉടമ മോഹിത് ബർമ്മനായിരുന്നു പ്രധാന കാരണം. ഇന്നേവരെ ടീം ടാക്സ് റിട്ടേണുകൾ സമർപ്പിയ്ക്കുകയോ, ഓഡിറ്റ് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ലെന്നതും പത്രത്താളുകളിൽ നിറഞ്ഞു.

2009ൽ ആസ്ട്രേല്യൻ കളിക്കാരുടെ അഭാവമായിരുന്നു പ്രധാന പ്രശ്നമായതെങ്കിൽ, 2010ൽ പ്രധാന താരം യുവരാജ് സിങ് ഫോമിലേക്കുയരാഞ്ഞതും, സ്ഥിരതയും മൂർച്ചയുമില്ലാത്ത ബൌളിങ്ങുമാണ് ടീമിനെ കുഴക്കിയത്. സ്പോൺസർഷിപ്പുകൾ വഴിയും, ഷാരൂഖിനെ പിൻപറ്റി ടീമിന്റെ ഗ്ലാമർ വർദ്ധിപ്പിക്കുന്ന പാർട്ടികൾ വഴിയും സാമ്പത്തികലാഭമാണ് പ്രമോട്ടർമാർ ലക്ഷ്യമിട്ടിരുന്നത്. ധാരാളം സ്പോൺസർമാർ ടീമിനുണ്ടുതാനും. പക്ഷെ സ്പോൺസർഷിപ്പുകൾ നിലനിർത്താനാവശ്യമായ ശ്രമം കളിക്കളത്തിലുണ്ടാവാത്തതും അനാവശ്യവിവാദങ്ങളും ഗുരുതരമായ സാമ്പത്തിക അലസതയും ടീമിനെ കുഴക്കുകയാണിപ്പോൾ. എല്ലാതരത്തിലും താഴോട്ടായിരുന്ന കഴിഞ്ഞ മൂന്നു സീസണിൽ ടീമിന്റെ പോക്കെന്ന് നിസ്സംശയം പറയാം.

(12 May 2010)[4]

[4] http://malayal.am/പലവക/പരമ്പര/ബിസിനസ്-ലീഗ്/5401/കുഞ്ഞൻ-ടീമുകളുടെ-ബിസിനസ്-മോഡൽ

# ഐപിഎൽ ആഫ്റ്റർ മാച്ച് പാർട്ടി

> "ഐപിഎൽ ടീമുകളുടെ രണ്ടുവർഷത്തെ ചരിത്രം പരിശോധിച്ചു തുടങ്ങിയതാണ് പരമ്പര. ആദ്യഭാഗത്തിൽ ഐപിഎൽ ഉണ്ടാക്കാനിടയായ സാഹചര്യം വിലയിരുത്തിയെങ്കിൽ ,രണ്ടും മൂന്നും ഭാഗങ്ങൾ വിവിധ ടീമുകളുടെ സ്ട്രാറ്റജിയും നയങ്ങളും ലക്ഷ്യങ്ങളുമാണ് വിലയിരുത്തിയത്. ഇന്ത്യൻ സ്പോർട്സ് വ്യവസായത്തിന് ഐപിഎൽ നൽകിയ ഏറ്റവും പ്രധാന സംഭാവനയെക്കുടി വിലയിരുത്തി ഈ പരമ്പര അവസാനിക്കുകയാണ്."

ഏറ്റവും വലിയ സംഭാവനയെന്തെന്നുള്ള ചോദ്യത്തിന് പലരും പല ഉത്തരങ്ങളും നൽകുമായിരിക്കും. എന്റെ കണക്കിൽ, കായികവിനോദവ്യവസായത്തിൽ കായികവിനോദമാണ് വ്യവസായവത്കരിക്കപ്പെടുന്നത്. ജനകീയ കായികരൂപങ്ങളിലെ വിനോദം മൈതാനത്തിലെ കളിയിൽനിന്ന് ഏറെയൊന്നും മുൻപോട്ടു പോയിട്ടില്ല. വ്യവസായവത്കരിക്കുമ്പോൾ ഇതൊരു പ്രശ്നമാണ്, കാരണം കളി കാണാൻ മാത്രമായി വരുന്ന സ്റ്റേഡിയത്തിലെ കാണികളും, ടെലിവിഷൻ പ്രേക്ഷകരും അതിൽനിന്നുള്ള വരുമാനവും പരിധിയുള്ളതാണ്. അതിനാൽത്തന്നെ കമ്പോളത്തിൽ എല്ലാവർക്കുംവേണ്ട വർഷാവർഷം പുതുക്കിയ രണ്ടക്ക വളർച്ചാനിരക്ക് (ഇക്കൊല്ലത്തെ വളർച്ചാനിരക്ക് കഴിഞ്ഞകൊല്ലത്തേക്കാൾ കുറഞ്ഞാൽ പോലും കമ്പോളം വേവലാതിപ്പെടും :)) എന്നത് ഒരു ഉട്ടോപ്യയായി മാറും. ഐപിഎൽ ഫ്രാഞ്ചൈസികൾ ലിസ്റ്റ് ചെയ്യാൻ (അതുവഴി കൂടുതൽ പണം സ്വരൂപിക്കാനും) കഷ്ടപ്പെടും. അതിന് ഐപിഎൽ കണ്ട പ്രതിവിധി, കായിക വിനോദത്തിലെ വിനോദത്തിനെ ഒന്നുകൂടി വിപുലമാക്കി, ഗ്രൗണ്ടിൽ നടക്കുന്ന കായികമത്സരവുമായി യാതൊരു ബന്ധവുമില്ലാതാക്കുകയായിരുന്നു.

പണം ചെലവാക്കുന്ന ആളുകളുടെ സെഗ്മെന്റ് എടുത്തു നോക്കിയാൽ, ഏറ്റവും വലിയ ധൂർത്തൻമാർ 'യങ് അർബൻ മിഡിൽക്ലാസ് ' ആണെന്നു കാണാം. അവരെ മുഴുവൻ ഉൾക്കൊള്ളാൻ ഇന്ത്യൻ ക്രിക്കറ്റ് സ്റ്റേഡിയങ്ങൾക്കു കഴിയില്ല. മാത്രമല്ല, ക്രിക്കറ്റിനോട് ഭ്രാന്തമായ ആവേശമില്ലാത്ത, പ്രീമിയർ ലീഗും എൻബിഎയും ഫോർമുല വണ്ണും പിന്തുടരുന്ന ഒരു വലിയ വിഭാഗം അവർക്കിടയിലുണ്ട്. പലപ്പോഴും, ഈ സെഗ്മെന്റിലെ ഏറ്റവും സമ്പന്നവിഭാഗം ഇവരാണുതാനും. ഇവർ പണമൊഴുക്കിത്തുടങ്ങിയാലെ, നിശ്ചിത വരുമാനത്തിൽനിന്നും എക്സ്പൊണെൻഷ്യൽ രീതിയിൽ വളരാൻ ഐപിഎല്ലിനു കഴിയൂ. അതിനാൽ അവരുടെ പാർട്ടിസമയങ്ങൾക്കും കൂടി സമാനമായാണ് ഇക്കൊല്ലത്തെ ഐപിഎൽ മാച്ചുകൾ നിശ്ചയിച്ചിരുന്നത്.

പ്രവർത്തിദിനങ്ങളിൽ ഒരു കളി, വൈകി 8 മണിക്കു തുടങ്ങുന്നു. വാരാന്ത്യങ്ങളിൽ രണ്ടു കളി, ഒന്നു നാലുമണിക്കും മറ്റേത് എട്ടുമണിക്കും. നട്ടുച്ചയ്ക്കു കളിനടത്തിയാലും ഗ്രൗണ്ട് നിറയുന്ന ഇന്ത്യയിൽ, ഇത് പ്രധാനമായും പാർട്ടിപ്രേക്ഷകരെ ലക്ഷ്യം വച്ചാണെന്നുള്ളതു വ്യക്തം (ടെലിവിഷനിൽ പ്രൈം ടൈം ആണത്, കുടുംബകലഹം ഉണ്ടാക്കാൻ പോന്ന കാര്യം!).

ഇതിനോടൊപ്പം തന്നെ, എന്റർടൈൻമെന്റ് സ്പോർട്സ് ഡയറക്ടുമായി സഹകരിച്ച് റോയൽ ചാലഞ്ചർ സ്പോർട്സ് മിതമായ പരസ്യങ്ങളുമായി പബ്ബുകൾക്കും സ്പോർട്സ് ബാറുകൾക്കും നൽകിയ ഉഗ്രൻ ഫീഡും കണക്കിലെടുക്കണം. ടെലിവിഷൻ പ്രേക്ഷകന്റെ ഒരു ഭാഗമായി പബ്ബ്/സ്പോർട്സ് ബാർ പ്രേക്ഷകരെ കാണാതെ, പ്രത്യേകമായിത്തന്നെ പരിഗണിച്ചിരുന്നു എന്നാണിതു കാണിക്കുന്നത്. ക്രിക്കറ്റിനൊപ്പം പൂളും, ബൗളിങ്ങും, ഹിപ് ഹോപ്പും, പിന്നെ മല്യയുടെ മദ്യവും. ഇത്രയും ക്രിക്കറ്റിനെ ടൗണിലെ അടിച്ചുപൊളി പിള്ളാരുടെ ഡെയ്‌ലി റൊട്ടീനിൽ ഉൾപ്പെടുത്താനുള്ള കളികൾ. ഇവിടെ പ്രധാനമായും മെട്രോകളിലെയും രണ്ടാംനിര നഗരങ്ങളിലെയും അപ്പർ മിഡിൽക്ലാസ്സിലെ ക്രിക്കറ്റ് അലർജിക്കാരെയാണ് ലക്ഷ്യംവച്ചത്. നിറഞ്ഞ പബ്ബുകൾ ഇതൊരു വൻവിജയമായിരുന്നുവെന്നതിനു തെളിവാണ്.

കളിനടക്കുന്ന നഗരങ്ങളിൽ മത്സരത്തിനുശേഷം നടക്കുന്ന പാർട്ടികളും ഫാഷൻ ഷോകളും ലക്ഷ്യംവയ്ക്കുന്നത് അതിസമ്പന്നരുടെ സോഷ്യൽ ലൈഫിൽ ക്രിക്കറ്റിന് ഇടം നൽകുകയെന്നാണ്. ക്രിക്കറ്റ് മൈതാനത്തിന്റെ ഒരു മൂക്കിൽ തുള്ളിച്ചാടാനെന്ന പേരിൽ കൊണ്ടുവരുന്ന ചിയർഗേൾസും, ഈ പാർട്ടികളിൽ കുറച്ചു ചിയർ എക്സ്ട്രാ കൊണ്ടുവരാനുള്ളതാണ്. ഇന്ത്യൻ പാർട്ടിസർക്കിളിലെ, ഹൂസ് ഹൂ ആയ ഷാരൂഖ്-ഗൗരി ഖാൻ, വിജയ് മല്ല്യ, ഷെട്ടി സിസ്റ്റേഴ്സ്, പ്രീതി സിന്റ, നിത-മുകേഷ് അംബാനി, ഇവരുടെയൊക്കെ പാർട്ടികളിൽ ക്ഷണിക്കപ്പെട്ടാൽ അതു നൽകുന്ന സോഷ്യൽ മൈലേജ് ഈ പാർട്ടികളെ ഗംഭീരമാക്കുന്നു. ഇപ്രാവശ്യം പാർട്ടികളുടെ അതിപ്രസരം കാരണം പല ക്രിക്കറ്റർമാരും, 'പ്ലീസ് ഇന്നെന്നെ ഒഴിവാക്കൂ' എന്നു പറഞ്ഞതായും കേൾക്കുന്നുണ്ട്. പണ്ട് "പൂച്ചക്കൊരു മൂക്കുത്തിയിലെ" സുകുമാരിയെപ്പോലെ ക്രിക്കറ്റ് കാണുന്നവരുമായി ഒരു രാത്രിമുഴുവൻ ചിലവഴിക്കുന്നതോർക്കുമ്പോൾ കളിക്കാർക്കു മുട്ടിടിക്കുന്നുണ്ടാകും! തമാശ ഒഴിവാക്കിയാൽ, കാലങ്ങളായി ജനലക്ഷത്തിന്റെ കളി എന്നു പറഞ്ഞു ക്രിക്കറ്റിനെ ഒഴിവാക്കിയിരുന്നവരെക്കൂടി പ്രധാന പ്രേക്ഷകരാക്കിയെടുക്കുന്നതിനാണ് ഈ ക്രിക്കറ്റ് വിനോദത്തിൽനിന്നും ക്രിക്കറ്റ് ഒഴിവാക്കിയ പരിപാടി സഹായിച്ചത്, അതിലൂടെ കോടികളുടെ വരുമാനവും.

ഐപിഎൽ ഇന്ത്യൻ സ്പോർട്സ് വ്യവസായത്തിനു നൽകിയ ഏറ്റവും വലിയ സംഭാവന ഇതാണ്. ഒരു ജനകീയ കായികരൂപമായതിനാൽ ക്രിക്കറ്റ് മെട്രോകളിലെ ഉപരിവർഗ്ഗ പാർട്ടിസർക്കിളുകളിൽ നേരിട്ടിരുന്ന അയിത്തം ഒഴിവാക്കാൻ ഐപിഎല്ലിനു കഴിഞ്ഞു. അതുവഴി, പതിന്മടങ്ങു വരുമാനവും.

ജനകീയകായികവിനോദത്തെ എക്സ്ക്ലൂസിവിറ്റിയുടെ ലോകത്ത് പ്രതിഷ്ഠിക്കുന്ന തെങ്ങനെയെന്നാണ് ഐപിഎൽ കാണിച്ചു തന്നത്.

(13 May 2010)[5]

[5] http://malayal.am/പലവക/പരമ്പര/ബിസിനസ്-ലീഗ്/5426/ഐപിഎൽ-ആഫ്റ്റർ-മാച്ച്-പാർട്ടി

## സ്പാനിഷ് ലെഗ്ഗോടെ യൂറോപ്യൻ പാദത്തിന് തുടക്കം

അങ്ങനെ അത്ഭുതങ്ങളൊന്നുമില്ലാതെ ഫോർമുല വൺ യൂറോപ്യൻപാദത്തിന് തുടക്കമായി. ആദ്യന്തം വിരസമായ റേസിനൊടുവിൽ റെഡ്ബുള്ളിന്റെ മാർക്ക് വെബ്ബർ കരിയറിലെ മൂന്നാമത്തെ കിരീടം നേടി. ടയർ പരിപാലിക്കുന്നതിൽ പിഴവുവരുത്തിയ ഹാമിൽട്ടന്റേയും, കേടായ ബ്രേക്കുമായി മത്സരം പൂർത്തിയാക്കിയ റെഡ്ബുള്ളിന്റെതന്നെ സെബാസ്റ്റ്യൻ വെറ്റലിന്റേയും ചിലവിൽ ഹോം റേസിൽ അലോൺസോ ഫെറാരിക്കുവേണ്ടി പതിനെട്ടു പോയിന്റു നേടി.

മുൻ റേസുകളിൽ തന്റെ പഴയകാലത്തിന്റെ നിഴൽ മാത്രമായിരുന്ന മെഴ്സിഡസിന്റെ മൈക്കൽ ഷൂമാക്കർ കാറിൽ ചെറിയ മാറ്റങ്ങളുമായി വന്ന്, താനിപ്പോഴും ഒരങ്കത്തിന് തയ്യാറാണെന്നു തെളിയിച്ചതാണ് വാർത്തകളിൽ പ്രധാനം. പ്രാക്ടീസുകളിലും യോഗ്യതാ റൌണ്ടുകളിലും നല്ല പ്രകടനം കാഴ്ചവച്ച ഷൂമാക്കർ നാലാമതായാണ് റേസ് അവസാനിപ്പിച്ചത്. നാല് മുൻനിര ടീമുകളിൽ മെഴ്സിഡസ് വേഗത്തിന്റെ കാര്യത്തിൽ ബഹുദൂരം പിന്നിലാണെന്ന കാര്യം സ്പെയിനിൽ വ്യക്തമായി കാണാമായിരുന്നു. ഷൂമാക്കറിന്റെ പരിചയസമ്പത്തൊന്നുമാത്രമാണ് ജെൻസൺ ബട്ടന്റെയും ഫെലിപെ മസ്സയുടെയും അക്രമണങ്ങളിൽനിന്ന് രക്ഷിച്ചത്. തൊട്ടുമുമ്പിലെ വേഗമേറിയ ഫെറാരിയെ നേരിടുന്നതിനുപകരം, പിന്നിലെ വേഗമേറിയ കാറുകളെ തടഞ്ഞ് സ്ഥാനംനിലനിർത്താൻ നടത്തിയ ശ്രമം വിജയം കണ്ടെന്നു പറയാം. ടീം മേറ്റ് നികോ റൊസ്ബർഗ് പക്ഷെ മുൻ റേസുകളിനിന്നും വ്യത്യസ്തമായി വളരെ മങ്ങിയ പ്രകടനമാണ് കാഴ്ചവച്ചത്. എട്ടമതായി തുടങ്ങി ഒരു ഘട്ടത്തിൽ പതിനേഴാം സ്ഥാനംവരെ പോയ റൊസ്ബർഗ് പതിമൂന്നാമതായാണ് ഫിനിഷ് ചെയ്തത്. റൊസ്ബർഗിന് തൊട്ടതെല്ലാം പിഴച്ച വാരമാണെന്ന് വേണമെങ്കിൽ പറയാം.

റെഡ്ബുള്ളിന്റെ രണ്ടാം ടീമായ ടോറോ റോസോയുടെ സെബാസ്റ്റ്യൻ ബുയെമിക്കും നിർഭാഗ്യങ്ങളുടെ റേസായിരുന്നു. ട്രാക്കിൽ രണ്ടു പെനാൽട്ടിയും പിഴച്ച സ്ട്രാറ്റജിയും, അവസാനം ഹൈഡ്രോളിക് സംവിധാനത്തിന്റെ പിഴവും ഈ യുവ സ്വിസ്സ് ഡ്രൈവറുടെ മറ്റൊരു റേസ് വാരംകൂടി അലങ്കോലമാക്കി. പിൻനിരയിൽ, ലോട്ടസിന്റെ ഹൈക്കി കൊവാലെയിനൻ ഗിയർ ബോക്സ് പിഴവുകാരണം ട്രാക്കുകാണാതെ പിൻമാറിയെങ്കിൽ, ഹിസ്പാനിക് റേസിങ് ടീമിന്റെ ബ്രൂണോ സെന്നയുടെ (അന്തരിച്ച മുൻചാമ്പ്യൻ അയർട്ടൻ സെന്നയുടെ അനന്തിരവൻ) കരിയറിലെ ഏറ്റവും മോശം റേസ് വാരാന്ത്യങ്ങളിലൊന്നായിരുന്നു സ്പെയിനിലേത്. ഒരു ലാപ്പുപോലും നീണ്ടില്ല സെന്നയുടെ പോരാട്ടം. ഇന്ത്യക്കാരനും ടീം മേറ്റുമായ കരൺ ചന്ദോക് ഇരുപത്തിയേഴാം ലാപ്പുവരെ ശ്രമിച്ചുനോക്കിയെങ്കിലും ഇരുപതാമതായി റിട്ടയർ ചെയ്തു. വിർജിന്റെ ലൂകാസ് ഡി ഗ്രാസ്സി 62 ലാപ്പുകൾ പൂർത്തിയാക്കിയെങ്കിൽ, വിർജിൻ ടീം മേറ്റ് ടിമോ ഗ്ലോക്കും ലോട്ടസിന്റെ യാനോ ട്രൂലിയും 63 ലാപ്പുകൾ പൂർത്തിയാക്കി. ആക്സിഡന്റുമൂലം റേസ് അവസാനപ്പിച്ച മക്‌ലാരന്റെ ലൂയിസ് ഹാമിൽട്ടണും സാങ്കേതിക തകരാറുമൂലം അവസാനഘട്ടത്തിൽ റേസ് നിർത്തിയ ഫോഴ്സ് ഇന്ത്യയുടെ

വിറ്റാൻടോണിയോ ലിയൂസ്സിയും 64 ലാപ്പുകൾ പൂർത്തിയാക്കിയാണ് വിരമിച്ച തെന്നറിയുമ്പോഴാണ് ഇവരുടെ പ്രകടനത്തിന്റെ നിലവാരം വ്യക്തമാവുക.

മുൻനിരയിൽ പോരാട്ടങ്ങളൊക്കെ കുറവായിരുന്നുവെങ്കിലും, മധ്യനിരയിൽ ചില ചെറിയ അങ്കങ്ങളൊക്കെയുണ്ടായിരുന്നു. ഏതാണ്ട് ഒരേവേഗതയുള്ള കാറുകളിൽ, ഫോഴ്സ് ഇന്ത്യയുടെ അഡ്രിയാൻ സുടിലും, റെനോയുടെ റോബർട്ട് കുബിത്സയും തമ്മിലായിരുന്നു പ്രധാന പോരാട്ടം. തുടക്കത്തിൽ സോബറിന്റെ കാമുയി കൊബിയാഷിയുമായി നടന്ന ഒരു ഉരസൽ മൂലം താളം നഷ്ടപ്പെട്ട കുബിത്സ ബാക്കി റേസ് മുഴുവൻ സുടിലിനെ മറികടക്കാനുള്ള ശ്രമത്തിലായിരുന്നു. ഇവർക്കു പിന്നിലായി, വില്യംസിന്റെ റൂബൻ ബാരിക്കെല്ലോ, ടോറോ റോസോയുടെ ജൈമി അൽഗ്യുസാരി, റെനോയുടെ വിറ്റാലി പെട്രോവ് എന്നിവരും കൊബിയാഷിയും അവസാന രണ്ടു പോയിന്റുകൾക്കായുള്ള പോരാട്ടങ്ങളിലായിരുന്നു.

ഈ ഞായറാഴ്ചയാണ് (മേയ് 16) മൊണാകൊ ഗ്രാൻപ്രീ. പുതിയ അപ്ഗ്രേഡുകൾക്കൊന്നും സമയമില്ലാത്തതിനാൽ, ടീമുകൾ സ്ട്രാറ്റജി പ്ലാനിങ്ങിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാനാണ് സാധ്യത. ടയറുകളുടെ പരിപാലനം ഏറെ ആവശ്യമുള്ള ട്രാക്കാണ് മൊണാകൊയിലേതും. എങ്കിലും യോഗ്യതാ റൗണ്ടിലെ പ്രകടനവും ട്രാക്കിലെ സ്ഥിരതയുമാണ് ഇതുവരെ എല്ലാ റേസുകളിലും ജേതാക്കളെ നിശ്ചയിച്ചത്. റോസ്ബ്രാവ്ണും ഷൂമാക്കറും പുതിയ വല്ല തന്ത്രങ്ങളുമായി ഇറങ്ങുമോ എന്നതു് കാത്തിരുന്നു കാണേണ്ടതാണ്. ആദ്യ ഏഴു ഡ്രൈവർമാർക്കിടയിൽ വെറും 21 പോയിന്റ് വ്യത്യാസവും (70 പോയിന്റോടെ ബട്ടൺ ഒന്നാമതും, 49 പോയിന്റോടെ മസ്സ ഏഴാമതും) ആദ്യ മൂന്നു ടീമുകൾ തമ്മിൽ വെറും ആറു പോയിന്റിന്റെയും (മക്‌ലാരൻ 119, ഫെറാരി 116, റെഡ്ബുൾ 113) മാത്രം വ്യത്യസമുള്ളതു് ഇനിയും അത്ഭുതങ്ങൾക്ക് സാധ്യതയൊരുക്കുന്നു. 24 പോയിന്റുമായി ഫോഴ്സ് ഇന്ത്യ ആറാമതാണ്.

വാൽക്കഷണം: മക്‌ലാരന്റെ പ്ലാന്റിൽ മെഴ്സിഡസ് ഉണ്ടാക്കുന്ന SLS AMG യുടെ പരസ്യത്തിൽ ഇപ്പോൾ മൈക്കൽ ഷൂമാക്കറാണ്. മക്‌ലാരൻ പ്ലാന്റിൽ മെഴ്സിഡസ് ഉണ്ടാക്കുന്ന അവസാന കാറാണിതു്. ദശകങ്ങൾക്കുശേഷം (എന്റെ ഓർമ്മ ശരിയാണെങ്കിൽ മക്‌ലാരൻ എഫ് 1ന ശേഷം) മക്‌ലാരൻ വീണ്ടും റോഡ് കാറുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുകയാണ്. MP4-12C എന്ന് പേരിട്ടിരിക്കുന്ന കാർ 2011ൽ നിരത്തിലെത്തുമെന്നാണ് മക്‌ലാരൻ വൃത്തങ്ങൾ പറയുന്നതു്.

(11 May 2010)[6]

[6] http://malayal.am/വിനോദം/കായികം/5473/സ്പാനിഷ്-ലെഗ്ഗോടെ-യൂറോപ്യൻ-പാദത്തിനു്-തുടക്കം

# അപകടങ്ങളുടെ മോണ്ടേകാർലോ

പ്രതീക്ഷിച്ചതുപോലെ ആവേശകരമായ ഗ്രാൻപ്രീയായിരുന്നു മോണ്ടേ കാർലോയിലേത് (മേയ് പതിനാറ്). മാർക്ക് വെബ്ബർ തുടർച്ചയായി രണ്ടാമത്തെ വിജയം നേടി. റെഡ്ബുള്ളിനുവേണ്ടി സെബാസ്റ്റ്യൻ വെറ്റൽ രണ്ടാമതെത്തിയപ്പോൾ റെനോയുടെ റോബർട്ട് കുബിത്സ മൂന്നാമതെത്തി. ഇരുപത്തിനാലുപേരുമായിത്തുടങ്ങിയ മൊണാകൊ ഗ്രാൻപ്രീ അവസാനിച്ചപ്പോൾ റേസ് പൂർത്തിയാക്കിയത് പന്ത്രണ്ടുപേരാണ്.

ആദ്യലാപ്പിൽ വില്യംസിന്റെ നികോ ഹൽക്കൻബർഗ് തുടങ്ങിവച്ച ആക്സിഡന്റുകളുടെ പരമ്പര, അവസാനലാപ്പുകളിൽ ലോട്ടസിന്റെ യാനോ ട്രൂലിയാണ് പൂർത്തിയാക്കിയത്. സേഫ്റ്റികാറിന്റെ പിന്നിൽ റേസ് പൂർത്തിയാക്കിയെങ്കിലും, സേഫ്റ്റികാർ പിൻവലിഞ്ഞു് റേസ് പൂർത്തിയാകുന്നിടംവരെയുള്ള ചെറിയദൂരത്തിൽ ഫെറാരിയുടെ ഫെർണാണ്ടോ അലോൺസോ വരുത്തിയ പിഴവ് മുതലെടുത്ത് ആറാംസ്ഥാനം പിടിച്ചെടുത്ത മെഴ്സിഡസിന്റെ മൈക്കൽ ഷൂമാക്കർ, തനിക്കു കിട്ടുന്ന സൂചിപ്പഴുതുപോലും ധാരാളമാണെന്ന് ഒരിക്കൽക്കൂടി യുവഎതിരാളികളെ ഓർമ്മിപ്പിച്ചു. പിന്നീട് ഷൂമാക്കറുടെ മറികടക്കൽ നിയമവിരുദ്ധമാണെന്ന വിധിയെഴുതിയ സ്റ്റ്യുവർട്ടുമാർ 20 സെക്കന്റ് ഡ്രൈവ് ത്രൂ പെനാൽട്ടി നൽകി.

മൊത്തം സീസണിലെ ഏറ്റവും വിഷമംപിടിച്ച റേസെന്ന വിശേഷണമുള്ള മോണ്ടേ കാർലോ ഗ്രാൻപ്രീ സ്വന്തംപേര് നിലനിർത്തിയെന്ന് വേണമെങ്കിൽ പറയാം. ആകെ 78 ലാപ്പുകളുള്ള റേസിൽ നാലുതവണയാണ് സേഫ്റ്റികാർ വിന്യസിക്കപ്പെട്ടത്. രണ്ടുതവണയും വില്യംസിന്റെ റൂബൻ ബാരിക്കെല്ലോയും ഹൾക്കൻബർഗുമായിരുന്നു കാരണക്കാർ. മുൻചിറകുകൾ (front wing) പ്രവർത്തനരഹിതമായതാണ് ഹൾക്കൻബർഗിനെ കുഴക്കിയതെങ്കിൽ, മുപ്പത്തിരണ്ടാം ലാപ്പിൽ കാറിന്റെ പിൻഭാഗമാണ് ബാരിക്കെല്ലോയെ ചതിച്ചത്. മൂന്നാമത് സേഫ്റ്റികാർ വിന്യസിച്ചത് മഴവെള്ളം ഒഴുകിപ്പോകാനുള്ള ചാലുകളുടെ മൂടി ഒരെണ്ണം തുറന്നുകിടന്നതുകൊണ്ടായിരുന്നു. നാലാംതവണ മെഴ്സിഡസ് SLS AMG ട്രാക്ക് നിയന്ത്രിക്കാനായി എത്തിയത്, ലോട്ടസിന്റെ യാനോ ട്രൂലി ഹിസ്പാനിക് റേസിങ് ടീമിന്റെ ഇന്ത്യൻ ഡ്രൈവർ കരൺ ചന്ദോക്കിന്റെ മുകളിൽക്കൂടി കയറിമറിഞ്ഞതിനാണ്.

ട്രാക്കിനുള്ളിൽക്കൂടി ഓവർടേക്ക് ചെയ്യാനുള്ള ശ്രമത്തിനിടയിൽ ബാലൻസ് നഷ്ടപ്പെട്ട ട്രൂലിയുടെ കാർ ചന്ദോക്കിന്റെ കാറിന്റെ മുകളിൽക്കൂടി മറിയുകയായിരുന്നു. തക്കസമയത്ത് തലതാഴ്ത്താൻ ചന്ദോക്കിനു തോന്നിയിരുന്നില്ലെങ്കിൽ അപകടവാർത്തയ്ക്കുപകരം മരണവാർത്ത നമുക്കു വായിക്കേണ്ടിവന്നേനെ. റേസിന്റെ എഴുപത്തിനാലാം ലാപ്പിൽ നടന്ന ഈ അപകടം ഇനി അത്ഭുതങ്ങളൊന്നും ട്രാക്കിൽ കാണില്ലെന്ന് ഏകദേശം ഉറപ്പാക്കി. പക്ഷേ, അപ്പോഴും വിട്ടുകൊടുക്കാൻ തയ്യാറാകാതിരുന്ന മൈക്കേൽ ഷൂമാക്കർ അവസാനനിമിഷം എല്ലാവരെയും അമ്പരപ്പിച്ച് അലോൺസൊയെ മറികടന്നു.

ഈ വിജയത്തോടെ ടീം മേറ്റ് വെറ്റലിനൊപ്പം ചാമ്പ്യൻഷിപ്പ് പോരാട്ടത്തിൽ മുന്നിട്ടുനിൽക്കുന്ന വെബ്ബറിന് വെല്ലുവിളിയുയർത്താൻ വെറ്റലിന് ഒരിക്കലും സാധിച്ചില്ല. മാത്രവുമല്ല, കുബിത്സയയിൽനിന്ന് ആവശ്യത്തിനു സമ്മർദ്ദത്തിലുമായിരുന്നു വെറ്റൽ. ഒരു ചെറിയ പിഴവുപോലും വരുത്താതെ മൂന്നു സേഫ്റ്റികാറുകളിൽനിന്നും രക്ഷപ്പെട്ട വെബ്ബർ സ്പെയിനിലെ തന്റെ ഫോം തുടരുകയായിരുന്നുവെന്നു പറയണം. എന്നാൽ റേസിലെ താരം, പിറ്റ് ലേനിൽനിന്ന് റേസ് ആരംഭിച്ച് തുടക്കത്തിൽത്തന്നെ ആവേശകരമായ മറികടക്കലുകളിലൂടെയും, പിറ്റ് സ്റ്റോപ്പെടുക്കാതെ മുഴുവൻ റേസും ഒരു ടയറിൽ തീർത്ത തന്ത്രത്തിലൂടെയും ആറാമത് ഫിനിഷ് ചെയ്ത ഫെറാരിയുടെ ഫെർണാണ്ടോ അലോൺസോയാണ്. (ഏതാണ്ട് മുഴുവൻ റേസും, ആദ്യ യെല്ലോഫ്ലാഗ് വന്നപ്പോൾ പിറ്റ് ചെയ്ത് സോഫ്റ്റ് ടയറുകൾ മാറ്റി ഓപ്ഷൻ ടയറുകൾ എടുക്കുകയാണ് അലോൺസോ ചെയ്തത്). രണ്ടായിരത്തിയാറിലെ ഷൂമാക്കറുടെ മൊണാകൊ പ്രകടനത്തെ ഓർമ്മിപ്പിച്ചു ഇത്. അന്ന്, അലോൺസോയുടെ യോഗ്യതാലാപ്പ് അലങ്കോലമാക്കാൻ കാർ ട്രാക്കിനു വിലങ്ങനെയിട്ട ഷൂമാക്കറിനെ, പിഴചുമത്തി പിറ്റ് ലേനിലെത്തിക്കുകയായിരുന്നു. ആവേശകരമായ ഒരു റേസിലൂടെ ഷൂമാക്കർ അന്ന് അഞ്ചാമത് ഫിനിഷ് ചെയ്തു.

നിലവിലെ ചാമ്പ്യൻ മക്‌ലാരന്റെ ജെൻസൺ ബട്ടണ് മൊണാകൊയിൽ കാര്യങ്ങൾ അത്ര ശുഭകരമല്ലായിരുന്നു. ചാമ്പ്യൻഷിപ്പ് പട്ടികയിൽ എഴുപതു പോയിന്റോടെ ഒന്നാമനായെത്തിയ ബട്ടൺ മടങ്ങുമ്പോൾ നാലാമതാണ്. മൂന്നാം ലാപ്പിൽ എൻജിൻ തകരാറുമൂലം പുറത്തുപോകേണ്ടിവന്ന ബട്ടനെ, റെഡ്ബുള്ളിന്റെ ഡ്രൈവർമാരും (78 പോയിന്റു വീതം), ഫെർണാണ്ടോ അലോൺസോയുമാണ് (75 പോയിന്റ്) മറികടന്നത്. ഫെറാരിയുടെ ഫെലിപെ മസ്സ 61 പോയിന്റുമായും, മൊണാകൊയിലെ മൂന്നാംസ്ഥാനക്കാരൻ റെനോയുടെ റോബർട്ട് കുബിത്സയും, മക്‌ലാരന്റെ 2008ലെ ലോകചാമ്പ്യൻ ലൂയിസ് ഹാമിൽട്ടൺ 59 പോയിന്റുമായും ബട്ടണു തൊട്ടുപിറകിലുണ്ട്. ആദ്യ ഏട്ടുസ്ഥാനക്കാരെ വെറും 25 പോയിന്റ് വേർതിരിക്കുന്ന പട്ടിക ഇപ്പോഴും ഇതൊരു തുറന്ന പോരാട്ടമാണെന്നു വ്യക്തമാക്കുന്നു. മെഴ്സിഡസിന്റെ നികൊ റോസ്ബർഗാണ് എട്ടാമതു്. ഒൻപതാമത്, മൈക്കൽ ഷൂമാക്കറും, പത്താമതു്, ഫോഴ്സ് ഇന്ത്യയുടെ അഡ്രിയാൻ സുടിലാണ്.

ടീമുകളുടെ കാര്യത്തിൽ റെഡ്ബുൾ 156 പോയിന്റോടെ രണ്ടാംസ്ഥാനത്തുള്ള ഫെറാരിയേക്കാൾ 22 പോയിന്റിനു മുന്നിലാണ്. മൂന്നാംസ്ഥാനത്തു നിൽക്കുന്ന മക്‌ലാരനും ഫെറാരിയും തമ്മിൽ വെറും 5 പോയിന്റ് വ്യത്യാസമേയുള്ളൂ. എന്നാൽ മെഴ്സിഡസ് 78 പോയിന്റുമായി ബഹുദൂരം പിന്നിലാണ്. അഞ്ചാംസ്ഥാനത്തുള്ള റെനോ കുബിത്സയുടെ ബലത്തിൽ 65 പോയിന്റുമായി മെഴ്സിഡസിന് വെല്ലുവിളിയുയർത്തുന്നു. വ്യക്തമായ മധ്യനിരപ്രകടനവുമായി ഫോഴ്സ് ഇന്ത്യ 30 പോയിന്റോടെ ആറാമതാണ്.

അടുത്തറേസിനു വലിയ കാലതാമസമില്ലാത്തതിനാൽ (മേയ് അവസാനവാരം തുർക്കിയിൽ) വലിയ മാറ്റങ്ങളൊന്നും പ്രതീക്ഷിക്കേണ്ടതില്ല.

എങ്കിലും തന്റെ വെല്ലുവിളി മധ്യനിരയിൽനിന്ന് മുൻനിരയിലേക്കെത്തിക്കാൻ മൈക്കേൽ ഷൂമാക്കർ ആവേശപൂർവ്വം ശ്രമിക്കുന്നതും, ആദ്യ ഏട്ടുസ്ഥാനത്തിൽ ഓരോ റേസിലും മാറ്റങ്ങൾ പ്രതീക്ഷിക്കാമെന്നതും തുർക്കിയിൽ ആവേശമുണർത്തും.

പിൻകുറിപ്പ്: ഏഴ് റേസുകളുമായി 1950ലാണ് ആദ്യഫോർമുലവൺ ചാമ്പ്യൻഷിപ്പ് തുടങ്ങുന്നത്. കൃത്യം പറഞ്ഞാൽ 1950 മേയ് 13ന് ഇംഗ്ലണ്ടിലെ സിൽവർസ്റ്റോണിൽ. 2010 റേസ് കലണ്ടറിൽ അന്നുണ്ടായിരുന്നതിൽ നാലു ട്രാക്കുകളിൽ ഇന്നും ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ നടക്കുന്നുണ്ട്. മൊണ്ടേ കാർലോ, സിൽവർസ്റ്റോൺ, മോൺസ (ഇറ്റാലിയൻ), സ്പാ (ബെൽജിയൻ) എന്നിവയാണത്. അറുപതു വർഷങ്ങൾക്കുശേഷം ഏറെ മാറ്റങ്ങളുമായി എഫ് വൺ പ്രയാണം തുടരുമ്പോൾ, ഇന്നും യൂറോപ്യൻ ടീമുകളാണ് ചാമ്പ്യൻഷിപ്പിനെ നിയന്ത്രിക്കുന്നതെന്നത് മറ്റൊരു സത്യം.

(18 May 2010)[7]

[7] http://malayal.am/വിനോദം/കായികം/5513/അപകടങ്ങളുടെ-മോണ്ടേകാർലോ

# തന്ത്രങ്ങളുടെ ഇസ്താംബൂൾ

ഫോർമുല വൺ പോരാട്ടത്തിന്റെ ഏഴാം റൗണ്ടാണ് തുർക്കിയിലെ ഇസ്താംബുൾ പാർക്കിൽ മേയ് മുപ്പതിന് അരങ്ങേറിയത്. ഈ റേസോടെ ഫോർമുല വണ്ണിന്റെ ആദ്യ യൂറോപ്യൻപാദം അവസാനിച്ചു. ഇനി കാനഡയിലെ ഒരു റേസിനുശേഷം വലൻസിയയിൽ ജൂൺ അവസാനവാരം നടക്കുന്ന യൂറോപ്യൻ ഗ്രാൻപ്രീയിലൂടെയാണ് യൂറോപ്പിലേക്ക് ചാമ്പ്യൻഷിപ്പ് പോരാട്ടങ്ങൾ തിരിച്ചുവരുന്നത്.

തുർക്കിയിലെ റേസ് പലകാര്യങ്ങൾകൊണ്ടും പ്രത്യേകത നിറഞ്ഞതാണ്. ആന്റിക്ലോക്ക്വൈസ് റേസും, സീസണിലെ ഏറ്റവും വലിയ വളവായി കണക്കാക്കുന്ന എട്ടാം വളവും റേസിന്റെ പ്രത്യേകതയാണ്. മാത്രമല്ല, ടയറുകൾക്ക് കൂടുതൽ ആയാസം നൽകുന്ന റേസായതിനാൽ പിറ്റ്സ്റ്റോപ് സമയങ്ങളും ടയർ പരിപാലനവും വളരെ പ്രാധാന്യമർഹിക്കുന്ന റേസ് കൂടിയാണിത്. തുർക്കിയിലെ റേസോടുകൂടി ഫോർമുല വൺ ചാമ്പ്യൻഷിപ്പിലെ മൂന്നിലൊന്നു റേസുകളും പൂർത്തിയായി.

അപകടങ്ങളുടെ പരമ്പരകൊണ്ടാണ് മോണ്ടേകാർലോ[8] ശ്രദ്ധപിടിച്ചുപറ്റിയതെങ്കിൽ, തുർക്കിയിലെ കാര്യം മറിച്ചായിരുന്നു. ആവേശകരമായ മറികടക്കലുകളും തന്ത്രങ്ങളും മറ്റുമാണ് ഇസ്താംബുൾ പാർക്കിലെ പോരാട്ടത്തെ അവിസ്മരണീയമാക്കിയത്. സീസണിലെ മികച്ച പ്രകടനക്കാരായ റെഡ്ബുൾ ഒന്നും മൂന്നും ഗ്രിഡ്ഡുകളിലും, മക്ലാരൻ രണ്ടും നാലും ഗ്രിഡ്ഡുകളിലും റേസ് ആരംഭിച്ചപ്പോൾ, മെഴ്സിഡസും ഫെറാരിയും നിരാശപ്പെടുത്തി. അഞ്ചും ആറും സ്ഥാനങ്ങളിൽനിന്ന് മെഴ്സിഡസ് പോരാട്ടം തുടങ്ങിയെങ്കിലും, വേഗത ഒരു പ്രശ്നമായി മാറുകയായിരുന്നു. മുന്നിൽ ഓടിയ റെഡ്ബുൾ-മക്ലാരൻ കാറുകൾ മാത്രമല്ല, യോഗ്യതാറൗണ്ടിൽ പിന്നിലായിപ്പോയ ഫെറാരി-റെനോ കാറുകളും മെഴ്സിഡസിനേക്കാൾ വേഗമേറിയതാണെന്ന് വ്യക്തമായി കാണാമായിരുന്നു.

ആദ്യലാപ്പിൽ മക്ലാരന്റെ നിലവിലെ ചാമ്പ്യൻ ജെൻസൺ ബട്ടണെ മറികടന്ന് ഷുമാക്കർ നില മെച്ചപ്പെടുത്തിയെങ്കിലും വളരെ വേഗംതന്നെ, വേഗമേറിയ ബട്ടന്റെ കാറിനു മുമ്പിൽ അടിയറവു പറഞ്ഞു. എങ്കിലും റേസിന്റെ തുടക്കംമുതൽ റോബർട്ട് കുബിത്സയെ പിന്നിൽ തളച്ചിട്ട് നികൊ റോസ്ബർഗ് മിടുക്കു കാട്ടി. നീളമേറിയ സ്ട്രൈറ്റുകൾ ഏറെയുള്ള മോണ്ട്രിയലിൽ മുൻനിര കാറുകൾക്ക് വെല്ലുവിളിയുയർത്തണമെങ്കിൽ മെഴ്സിഡസ് ഇനിയും മെച്ചപ്പെട്ടേമതിയാകൂ എന്ന് തുർക്കിയിൽ വ്യക്തമായി.

ചാമ്പ്യൻഷിപ്പ് പോയിന്റ് നിലയിൽ മുന്നിട്ടുനിൽക്കുന്ന മാർക്ക് വെബ്ബറിന് ലൂയിസ് ഹാമിൽട്ടൺ കടുത്ത വെല്ലുവിളിയാണുയർത്തിയത്. പതിനാറാം ലാപ്പിൽ പിറ്റ് സ്റ്റോപ്പിൽവച്ച് വെബ്ബറെ മറികടക്കാമെന്നു കണക്കുകൂട്ടിയ ഹാമിൽട്ടണെ ഞെട്ടിച്ചുകൊണ്ട് വെബ്ബർ മുന്നിൽ കടക്കുകയും, ട്രാക്കിൽവച്ച് സെബാസ്റ്റ്യൻ വെറ്റൽ മുന്നിലെത്തുകയും ചെയ്തത് തിരിച്ചടിയായി. ആദ്യ

[8] അപകടങ്ങളുടെ മോണ്ടേകാർലോ

റൗണ്ട് പിറ്റ് സ്റ്റോപ്പുകൾ കഴിഞ്ഞപ്പോൾ റെഡ്ബുള്ളിന്റെ വെബ്ബർ ഒന്നാമതും, വെറ്റൽ രണ്ടാമതുമായിരുന്നു. തൊട്ടുപിറകിൽ രണ്ടു മക്ലാരൻ കാറുകളിൽ ഹാമിൽട്ടണും ബട്ടണും.

അഞ്ചാമതോടിയിരുന്ന ഷുമാക്കർ ഏതാണ്ട് മുപ്പതു സെക്കന്റോളം പിറകിലായിരുന്നത്, അദ്ദേഹത്തിൽനിന്ന് ബട്ടൻ പൊസിഷൻ തിരിച്ചുപിടിച്ചത് എത്രമാത്രം ക്രിട്ടിക്കലായിരുന്ന മൂവായിരുന്നുവെന്ന് വ്യക്തമാക്കി. യാനോട്ടൂലിയുടെ ലോട്ടസ് വഴിയിൽ കിടന്നപ്പോൾ മുപ്പത്തഞ്ചാം ലാപ്പിൽ യെല്ലോ ഫ്ലാഗ് വന്നെങ്കിലും ഒരു ലാപ്പുമാത്രമേ നീണ്ടുനിന്നുള്ളൂ. പിന്നീട് യെല്ലോ ഫ്ലാഗ് വന്നത് ഒന്നാംസ്ഥാനത്തിനുവേണ്ടി രണ്ടു റെഡ്ബുൾ കാറുകൾ തമ്മിൽ ഏറ്റുമുട്ടിയപ്പോഴാണ്. മാർക് വെബ്ബറെ സെബാസ്റ്റ്യൻ വെറ്റൽ ഏതാണ്ട് മറികടന്നെങ്കിലും ചെറിയ ഒരു പിഴവിൽ രണ്ടു കാറുകളും ട്രാക്കിൽനിന്നും പുറത്തുകടക്കുകയും, വെറ്റലിന്റെ കാർ തരിപ്പണമാവുകയും ചെയ്തു. വെബ്ബറിന്റെ കാറിനും ചെറിയ തോതിൽ പരിക്കു പറ്റി മുൻവിങ് മാറ്റിവെക്കേണ്ടിവന്നു. അവസരം മുതലാക്കി മക്ലാരൻ കാറുകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കൈക്കലാക്കി. ബാഴ്സിലോണയിലെപ്പോലെ[9] അഞ്ചാമതോടിയിരുന്ന മൈക്കൽ ഷുമാക്കർ ബഹുദൂരം പിറകിലായിരുന്നതിനാൽ വെബ്ബറിനു പോഡിയവും ചാമ്പ്യൻഷിപ്പ് ലീഡും നിലനിർത്താനായി. അവസാനഘട്ടംവരെ ആദ്യപത്തു സ്ഥാനങ്ങൾക്കു പുറത്തായിരുന്ന സുട്ടിൽ സൗബറിന്റെ കൊബിയാഷിയെ മറികടന്നതും, റെനോയുടെ വിറ്റാലി പെട്രോവിനു പറ്റിയ അബദ്ധവും ഫോഴ്സ് ഇന്ത്യക്ക് രണ്ടുപോയിന്റ് നേടിക്കൊടുത്തു.

മൊണാകൊ ഗ്രാൻപ്രീ കഴിഞ്ഞപ്പോൾ നാലാമതായിരുന്ന ജെൻസൺ ബട്ടൺ 88 പോയിന്റുമായി രണ്ടാമതായാണ് തുർക്കിയിൽനിന്നും പോകുന്നത്. തുർക്കിയിൽ മൂന്നാമതെത്തിയ വെബ്ബർ 93 പോയിന്റോടെ ചാമ്പ്യൻഷിപ്പ് ലീഡ് നിലനിർത്തിയപ്പോൾ, സീസണിലെ ആദ്യ ഒന്നാംസ്ഥാനം തുർക്കിൽ കരസ്ഥമാക്കിയ ഹാമിൽട്ടൺ 84 പോയിന്റോടെ മൂന്നാമതാണ്.

ഒരുപക്ഷേ ചാമ്പ്യൻഷിപ്പ് ലീഡ് ചെയ്യാനുള്ള ആഗ്രഹമൂലമായിരിക്കാം, ജെൻസൺ ബട്ടൺ നാൽപ്പത്തിയെട്ടാം ലാപ്പിൽ ഹാമിൽട്ടണെ മറികടന്നത്. എന്നാൽ ഉടൻതന്നെ ഒന്നാംസ്ഥാനം തിരിച്ചുപിടിച്ച് ഹാമിൽട്ടൺ സ്വന്തം നിലപാടു വ്യക്തമാക്കി. ഫെർണാണ്ടൊ അലോൺസൊയും സെബാസ്റ്റ്യൻ വെറ്റലും 78ഉം 79ഉം പോയിന്റുമായി ഇപ്പോഴും ചാമ്പ്യൻമാർക്ക് ശക്തമായ വെല്ലുവിളിയുയർത്തുന്നുണ്ടെങ്കിലും, റോബർട്ട് കുബിത്സ (67), ഫെലിപെ മസ്സ (67), നികൊ റൊസ്ബർഗ് (66) എന്നിവർക്ക് ചാമ്പ്യൻഷിപ്പ് പോരാട്ടത്തിൽ നിലനിൽക്കണമെങ്കിൽ പോഡിയങ്ങളും ഒന്നാംസ്ഥാനങ്ങളും കൂടിയേതീരൂ. നിർമ്മാതാക്കളുടെ കാര്യത്തിൽ മക്ലാരനും (172) റെഡ്ബുള്ളും (171) തമ്മിൽ വെറും ഒരു പോയിന്റ് വ്യത്യാസമേയുള്ളൂ. എന്നാൽ മൂന്നാംസ്ഥാനത്തുള്ള ഫെറാരി 25 പോയിന്റിനു പിറകിലാണ്.

[9] സ്പാനിഷ് ലെഗ്ഗോടെ യൂറോപ്യൻപാദത്തിന് തുടക്കം

മെഴ്സിഡസ് ടീം പ്രിൻസിപ്പാൾ റോസ് ബ്രാവ്ൺ പറഞ്ഞത്, അടുത്ത മൂന്നനാലു റേസുകൾക്കകം ഈ സീസണിലെ പുതിയ ഡെവലപ്മെന്റുകൾ നിർത്തിവെച്ച് അടുത്ത സീസണിൽ ശ്രദ്ധകേന്ദ്രീകരിക്കുമെന്നാണ്. ഈ സീസണിൽ ഇനിയും മികച്ച റിസൽട്ടുകൾ ലഭിക്കണമെങ്കിൽ ആദ്യം കാറിന്റെ വേഗം വർദ്ധിപ്പിക്കാനാവണമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു.

മോണ്ട്രിയാലിലും അത്തരത്തിൽ ചാമ്പ്യൻഷിപ്പ് വേഗം കണ്ടെത്താനായി ല്ലെങ്കിൽ മെഴ്സിഡസ് ഈ വർഷത്തെ മത്സരം ഒഴിവാക്കി അടുത്തവർഷത്തെ കാറിൽ ശ്രദ്ധകേന്ദ്രീകരിക്കാനാണ് സാധ്യത. ഇത് റെനോക്കും റോബർട്ട് കുബിത്സയ്ക്കും ഫോഴ്സ് ഇന്ത്യക്കും നല്ല വാർത്തയാണ്. എന്നാൽ യോഗ്യതാ റൗണ്ടിൽ ഷുമാക്കറിനു പിന്നിൽ പെട്ടുപോകുന്ന ചാമ്പ്യൻഷിപ്പ് മോഹികൾക്കു മോശം വാർത്തയും. എത്ര വേഗംകുറഞ്ഞ കാറിലായാലും, ട്രാക്കിൽ ഷുമാക്കറെ മറികടക്കാൻ സാധാരണ അടവുകളൊന്നും പോരെന്നതു കൊണ്ടാണത്. മൊണാകൊയിൽ കണ്ടതുപോലെ, ഒരു പോയിന്റിനു വേണ്ടി മുഴുവൻ റേസും കളയാൻ മടിയില്ലാത്തവനാണ് ഷുമാക്കർ. അടവുകളുടെ രാജാവും.

വാൽക്കഷണം: പുസിക്യാറ്റ് ഡോൾസ് ഗ്രൂപ്പിലെ പാട്ടുകാരിയും മുൻലോകചാമ്പ്യൻ ലൂയിസ് ഹാമിൽട്ടണിന്റെ കാമുകിയുമായ നികോൾ ഷെർസിങർ 'ഡാൻസിങ് വിത് സ്റ്റാർസ് ' ഷോയിൽ ജേത്രിയായത് മേയ് 25നാണ്, ഞായറാഴ്ച ലൂയിസ് ഹാമിൽട്ടൺ തുർക്കിയിലും വിജയിച്ചു. ദമ്പതികൾക്ക് ഇപ്പോൾ ശുക്രനാണെന്നു തോന്നുന്നു :)

(2 June 2010)[10]

[10]http://malayal.am/വിനോദം/കായികം/5784/തന്ത്രങ്ങളുടെ-ഇസ്താംബൂൾ

# ടയറുകൾ കളിനിയന്ത്രിച്ച കാനഡ ഗ്രാൻപ്രി

ട്രാക്കിന്റെ പ്രത്യേകതകൊണ്ട് ആവേശകരമായി മാറിയ റേസായിരുന്നു കാനഡയിലേത്. മോൺട്രിയാലിലെ ഗില്ലിസ് വിലെന്യവേ സർക്യൂട്ടിൽ നടന്ന പോരാട്ടം ആവേശകരമായത് ട്രാക്കിന്റെ പ്രതലവുമായി യോജിച്ചുപോകുന്ന ടയറുകൾ തിരഞ്ഞെടുക്കുന്നതിൽ ടീമുകൾ പരാജയപ്പെട്ടതിനാലാണ്. അത് പതിവിനുവിപരീതമായി എല്ലാവരും രണ്ടു പിറ്റ് സ്റ്റോപ്പെങ്കിലും എടുക്കാൻ കാരണമായി. ടയറുകൾ തിരഞ്ഞെടുക്കുന്നതിൽ പിഴവുപറ്റിയ മെഴ്സിഡസ് യോഗ്യതാ റൗണ്ടിൽ മോശമായിപ്പോയി. മക്ലാരന്റെ ഹാമിൽട്ടൺ പോൾ നേടി റെഡ്ബുള്ളിന്റെ കുത്തക അവസാനിപ്പിക്കുകയും ചെയ്തു. എന്തായാലും പ്രാക്ടീസ്/യോഗ്യതാ റൗണ്ടുകളിൽ കണ്ട അപ്രവചനീയത റേസിലും വന്നതോടെയാണ് മത്സരം നന്നായത്.

പോൾ നേടിയ ഹാമിൽട്ടൺതന്നെ റേസ് ഒന്നാമനായി ഫിനിഷ് ചെയ്തെങ്കിലും മുൻറേസുകളിനിന്നും വിപരീതമായി, ആദ്യാവസാനം രണ്ടും മൂന്നും സ്ഥാനക്കാരിനിന്ന് നല്ല സമ്മർദ്ദമായിരുന്നു നേരിട്ടത്. രണ്ടാമതായി യോഗ്യതനേടിയെങ്കിലും ഗിയർ ബോക്സ് മാറ്റിവച്ചതിനാൽ ഗ്രിഡ്ഡിൽ റെഡ്ബുള്ളിന്റെ മാർക് വെബ്ബർ എട്ടാമതായാണ് തുടങ്ങിയത്. എന്നാൽ ആദ്യലാപ്പിൽ ഫെലിപെ മസ്സയും വിറ്റാൻടോണിയോ ലിയുസ്സിയും തമ്മിലുണ്ടായ ഉരസൽ രണ്ടുകാറുകളെയും പിറ്റിലെത്തിച്ചത് ലീഡർ ടേബിളിലും മാറ്റങ്ങൾ വരുത്തി. അത്യുഗ്രൻ സ്റ്റാർട്ടിലൂടെ ഷുമാക്കറും ആദ്യപത്തിലിടം കണ്ടെത്തി.

എന്നാൽ ടയറുകൾ വിചാരിച്ചത്ര നിലനിൽക്കാഞ്ഞത്, ഏഴാംലാപ്പിൽത്തന്നെ റെഗുലർ പിറ്റ് സ്റ്റോപ്പുകൾ എടുക്കുന്ന കാഴ്ചയാണ് സമ്മാനിച്ചത്. അഞ്ചാംലാപ്പിൽ വെബ്ബർ ബട്ടണെ മറികടന്ന് മുൻനിരയിലെത്തി. എന്നാൽ യോഗ്യതാ റൗണ്ടിൽ സോഫ്റ്റ് ടയറുകൾ പരീക്ഷിച്ച ടീമുകൾക്ക് നിരനിരയായി പിറ്റുചെയ്യേണ്ട അവസ്ഥയുണ്ടാക്കി. (യോഗ്യതാ റൗണ്ടിൽ മൂന്നാംപാദത്തിലെത്തിയ ഡ്രൈവർമാർ അതേ ടയറിൽ വേണം റേസ് തുടങ്ങാൻ.) റേസിന്റെ തുടക്കത്തിൽ ഒരു സമയം റെഡ്ബുള്ളുകൾ ഒന്നും രണ്ടും സ്ഥാനത്തും ഷുമാക്കർ മൂന്നാമതുമായിരുന്നു.

ആദ്യ പിറ്റ് സ്റ്റോപ്പുകൾ കഴിഞ്ഞപ്പോൾ ചിത്രമാകെ മാറി. സോഫ്റ്റ് ടയറുകളിലേക്കു മാറിയ വെറ്റൽ ഒരുപാടു പിന്നിലേക്കു പോയപ്പോൾ, മിഡ്ഫീൽഡിലെ പൊരിഞ്ഞപോരാട്ടം വെബ്ബറിനു വിനയായി. കുബിത്സയും ടോറോ റോസോയുടെ ബ്യുയെമിയും ഫോഴ്സ് ഇന്ത്യയുടെ സുട്ടിലും കാര്യങ്ങൾ കഷ്ടമാക്കി. ആദ്യ പിറ്റ് സ്റ്റോപ്പിൽവച്ച് അലോൺസൊ ഹാമിൽട്ടണെ മറികടന്നെങ്കിലും വേഗംതന്നെ അവസാന സ്റ്റൈറ്റിൽവച്ച് പൊസിഷൻ തിരിച്ചുപിടിച്ചു. റെഡ്ബുള്ളുകളുടെ പിഴവുകൾ മുതലാക്കി ഈ സമയംകൊണ്ട് ബട്ടൺ മൂന്നാമതെത്തുകയും ചെയ്തു. ഹാമിൽട്ടണിനുമേൽ സമ്മർദ്ദം ചെലുത്തുന്നതിനോടൊപ്പംതന്നെ ബട്ടണിൽനിന്നും സമ്മർദ്ദത്തിലാവുകയും ചെയ്തു അലോൺസൊ. അവസാനം കരൺ ചന്ദോക്കിന്റെ ഹിസ്പാനിക് റേസിങ്

ടീം കാറിനു പിന്നിൽ പെട്ടുപോയ അവസരം നോക്കി ബട്ടൺ രണ്ടാംസ്ഥാനം പിടിച്ചെടുക്കുകയും ചെയ്തു.

ഒന്നാം പിറ്റ് സ്റ്റോപ്പുവരെ നല്ല പ്രകടനം കാഴ്ചവെച്ച ഷൂമാക്കർ പിറ്റ് സ്റ്റോപ്പിനുശേഷം കുബിത്സയുടെ ആക്രമണത്തിന്റെ ഫലമായി ട്രാക്കിൽനിന്നും മാറി പ്പോകേണ്ടിവന്നു. തത്കാലം സ്ഥാനം സംരക്ഷിക്കാനായെങ്കിലും, ഉടൻതന്നെ ഉരസലിന്റെ ഫലമായി ഒരു പിറ്റ് സ്റ്റോപ്പിനു നിർബന്ധിതനാവുകയും റേസിൽ പിന്നിലായിപ്പോവുകയും ചെയ്തു. പിന്നീട് സ്ഥാനം മെച്ചപ്പെടുത്താനായെങ്കിലും ഒരിക്കലും മുൻനിരയിലെത്താനായില്ല.

അവസാനലാപ്പുകളിൽ മോശം ടയറുകളിലായിപ്പോയ ഷൂമാക്കർ ഫോഴ്സ് ഇന്ത്യയുടെ കാറുകളിൽനിന്നും നിരന്തര ആക്രമണത്തിലുമായിരുന്നു. രണ്ടു മൂന്നു ലാപ്പുകൾ പിടിച്ചുനിന്നെങ്കിലും അവസാനം രണ്ട് ഫോഴ്സ് ഇന്ത്യകൾക്കും പിന്നിൽ കീഴടങ്ങി. ആദ്യലാപ്പുകളിലെ അസ്ഥിരത മുതലെടുത്ത ടോറോ റൊസോയുടെ ബ്യുയെമി അവസാനംവരെ ഏതാണ്ടൊക്കെ പൊസിഷൻ നിലനിർത്തുകയും ചെയ്തു. വെറും അഞ്ച് റിട്ടയർമെന്റുകൾ മാത്രം നടന്ന റേസ് സ്ഥിരതയുടെ കാര്യത്തിൽ ടീമുകൾക്ക് ആശ്വാസമായിക്കാണണം. റിട്ടയർമെന്റ്/ആക്സിഡെന്റ് തുടർക്കഥയാക്കിയ ബ്രൂണോ സെന്നയും യാനോ ട്രൂലിയും ഇത്തവണയും മുഴുവൻ റേസും തീർത്തില്ല. പെഡ്രോ ഡി ലാ റൊസയുടെ റിട്ടയർമെന്റ് സൗബറിന്റെ ഫെറാരി എൻജിനുമായുള്ള പ്രശ്നങ്ങൾ ഇനിയും തീർന്നില്ലെന്നു വ്യക്തമാക്കി.

പതിവിനിന്നും വ്യത്യസ്തമായി ഹാർഡ് ടയറുകൾ നല്ല പെർഫോമൻസ് കാഴ്ചവയ്ക്കുകയും, രണ്ടുതരം ടയറുകളും നിർബന്ധമായി ഉപയോഗിക്കണമെന്ന നിയമം ഡ്രൈവർമാരെ വലയ്ക്കുകയും ചെയ്തത് കാണികൾക്ക് ആവേശകരമായ പോരാട്ടങ്ങൾ ട്രാക്കിലൊരുക്കി. പതിവില്ലാതെ മദ്ധ്യനിരയിലും മുൻനിരയിലും ഒരുപോലെ പോരാട്ടങ്ങളും പൊസിഷൻ മാറലുകളും നടന്നത് റേസ് ആദ്യന്തം ആവേശകരമാക്കി. കനേഡിയൻ ഗ്രാൻപ്രീ വലിയ മാറ്റങ്ങളൊന്നും കിരീടപ്പോരാട്ടങ്ങളിൽ വരുത്തില്ലെങ്കിലും ഒരു 5-വേ ചാമ്പ്യൻഷിപ്പ് പോരാട്ടത്തിനുള്ള കാഹളങ്ങളാണ് അണിയറയിൽ മുഴങ്ങുന്നത്. പാർട്ടി സ്പോയിലേഴ്സായി റൊസ്ബർഗും (74), കുബിത്സയും (73), മസ്സയും (67) ഒപ്പത്തിനൊപ്പമുണ്ട്. ഇവർക്ക് പോഡിയങ്ങളും ഒന്നാംസ്ഥാനങ്ങളും വരും റേസുകളിൽ നേടാനാവുമെങ്കിൽ തീർച്ചയായും അത്ഭുതങ്ങൾക്കിനിയും പഴുതുണ്ട്. ഒരു പക്ഷേ 2007 നേക്കാളും മികച്ച ഫിനിഷിനു വരെയും.

ഞായറാഴ്ചത്തെ റേസിനു ശേഷം (13 ജൂൺ) 109 പോയിന്റുമായി ഹാമിൽട്ടണാണ് ഒന്നാമത്. ടീം മേറ്റ് ബട്ടൺ വെറും മൂന്നു പോയിന്റ് വ്യതാസത്തിൽ രണ്ടാമതും മാർക് വെബ്ബർ 103 പോയിന്റുമായി മൂന്നാമതുമാണ്. അലോൺസൊയും (94) വെറ്റലു (90) മാണ് നാലും അഞ്ചും സ്ഥാനങ്ങളിൽ. ടീമുകളുടെ കാര്യത്തിൽ മക്‌ലാരൻ 215 പോയിന്റുമായി റെഡ്ബുള്ളിൽ നിന്നും 22 പോയിന്റ് മുന്നിലാണ്. ഫെറാരി 161 പോയിന്റുമായി മൂന്നാമതാണ്.

ചിരപരിചിതമായ യൂറോപ്യൻ ട്രാക്കുകളിൽ നടക്കുന്ന റേസുകളാണ് ഇനി വരുംവാരങ്ങളിൽ. മധ്യനിരടീമുകളായ ഫോഴ്സ് ഇന്ത്യയും റെനോയും കഴിഞ്ഞവർഷം ഈ ട്രാക്കുകളിൽ മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. എന്നാൽ ബ്രാവ്ണിന്റെ പ്രകടനം അത്ര മെച്ചവുമായിരുന്നില്ല. മികച്ച കാറല്ലെങ്കിലും, പ്രകടനങ്ങൾ ശരാശരിമാത്രമാണെങ്കിലും, ഷൂമാക്കറിന് എല്ലാവരും ട്രാക്കിൽ നൽകുന്ന ബഹുമാനവും ഓരോ പോയിന്റിനും വേണ്ടിയുള്ള പോരാട്ടങ്ങളും മെഴ്സിഡസിന് എന്നും മുതൽക്കൂട്ടാണ്. റൊസ്ബർഗ് ആദ്യറേസുകളിലെ തന്റെ നിലവാരത്തിലേക്ക് തിരിച്ചെത്തുകയാണെങ്കിൽ, കിരീടം നേടാനായില്ലെങ്കിലും പലരുടെയും കഞ്ഞിയിൽ പാറ്റയാവാൻ ഇപ്പോഴും കെൽപ്പുള്ള ടീമാണ് മെഴ്സിഡസ്. വില്യംസും സൗബറും ടോറോ റൊസൊയും പ്രകടനം മെച്ചപ്പെടുത്തിയത് മദ്ധ്യനിരപോരാട്ടങ്ങൾ മുൻനിരമത്സരങ്ങളേക്കാൾ ആവേശകരമാവാനുള്ള സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

പല ടീമുകളും അടുത്ത സീസണിലെ കാറിന്റെ കാര്യം പറഞ്ഞുതുടങ്ങിയിട്ടുണ്ടെങ്കിലും അടുത്തമാസം അവസാനത്തോടെ മാത്രമേ ഈ സീസണിലെ വികസനങ്ങളെക്കുറിച്ച് അന്തിമ തീരുമാനത്തിലെത്തുകയുള്ളൂ. മുൻനിരടീമുകൾ മുഴുവനായും അടുത്ത സീസണിൽ കേന്ദ്രീകരിക്കാനുള്ള സാധ്യത തുച്ഛമാണ്. മാത്രമല്ല, ഈ സീസണിലെ പോരാട്ടം കടുത്തതായത് തീരുമാനങ്ങളെ സ്വാധീനിക്കാനുമിടയുണ്ട്. മദ്ധ്യനിരടീമുകൾ പലതും കൂടുതൽ റിസോഴ്സുകൾ അടുത്ത സീസണിനുവേണ്ടി മാറ്റിവയ്ക്കാനാണ് സാധ്യത. അത് അവസാന രണ്ടുമാസങ്ങളിലെ പോരാട്ടങ്ങളെ വിപരീതമായി സ്വാധീനിച്ചേക്കാം.

(15 June 2010)[11]

[11] http://malayal.am/വിനോദം/കായികം/6079/ടയറുകൾ-കളിനിയന്ത്രിച്ച-കാനഡ-ഗ്രാൻപ്രി

# ബുദ്ധിജീവികളുടെ സ്വത്വപ്രതിസന്ധി

ആശയസംഘട്ടനങ്ങളും സംവാദങ്ങളും വ്യത്യസ്തവിശകലനങ്ങളും അഭിപ്രായങ്ങളും കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ ഇന്നുംഇന്നലെയുമുള്ള പ്രതിഭാസമല്ല. മാർക്സിസമെന്ന ചിന്താപദ്ധതിതന്നെ വൈരുദ്ധ്യാത്മകതയിൽ (dialectics) അടിയുറച്ചതായതുകൊണ്ട്, അവസാന ഇൻഫറൻസിലെത്തണമെങ്കിൽ തീസിസും അതിനൊരു ആന്റിതീസിസും അത്യാവശ്യമാണുതാനും. ഇതു രണ്ടിലും ഊന്നിയുള്ള ഉൾപാർട്ടിവാദങ്ങളിലൂടെയും സംവാദങ്ങളിലൂടെയും പുരോഗമിച്ച് അവസാനം പാർട്ടി ഏകകണ്ഠമായി ഇൻഫറൻസിലെത്തുകയാണ പതിവ്. പലപ്പോഴും ഉൾപാർട്ടിസംവാദങ്ങളിൽ സ്വന്തംഭാഗം പാർട്ടി ശരിക്കും കണക്കിലെടുത്തില്ലെന്നോ (ഒതുക്കിക്കളഞ്ഞെന്നോ) ഒക്കെയുള്ള കാരണങ്ങളാൽ പലകാലഘട്ടങ്ങളിൽ പലരും പാർട്ടി വിട്ടുപോയിട്ടുമുണ്ട്. ചില തീസിസുകളെ റിവിഷനിസ്റ്റ് അഭിപ്രായങ്ങളാണെന്നു വകയിരുത്തി പാർട്ടി തള്ളിക്കളയുകയും, തീസിസിന്റെ അവതാരകർ അതംഗീകരിക്കാത്തതുകൊണ്ട് അച്ചടക്കലംഘനമായി കണക്കാക്കി പാർട്ടിയിൽനിന്നും പുറത്താക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്.

അതുപോലെ ചില പാർട്ടിനയങ്ങളെ കാലോചിതമായി പരിഷ്കരിക്കുകയും തെറ്റുതിരുത്തൽ എന്ന് മാദ്ധ്യമങ്ങൾ വിളിക്കുന്ന പരിഷ്കരണപ്രക്രിയയിലൂടെ തിരുത്തുകയും ചെയ്തിട്ടുണ്ട്. പാർട്ടിയിൽ ആശയസംഘട്ടനമുണ്ടായ ഘട്ടങ്ങളിൽ പലപ്പോഴും അച്ചടക്കനടപടികളുമുണ്ടായിട്ടുണ്ട്. (പാർട്ടി വിരുദ്ധ പ്രവർത്തനത്തിന്റെ പേരിലുള്ള അച്ചടക്കനടപടിയല്ല, ആശയവ്യതിയാനത്തിന്റെ പേരിൽ.) ഇത്തരത്തിൽ ബൗദ്ധികവ്യവഹാരങ്ങളും ജനകീയ പിന്തുണയും നയങ്ങളുടെ നിശിതമായ ഉൾപ്പാർട്ടിവിമർശനവും നടത്തുന്ന പാർട്ടിയായതിനാലാവണം കമ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിക്ക് സമൂഹത്തിന്റെ എല്ലാതലങ്ങളിലും നല്ല പിന്തുണയുള്ളത്. എന്നാലും മറ്റേതൊരു പാർലമെന്ററി പാർട്ടിയേയുംപോലെ അധികാരത്തിന്റെ ഇടനാഴികകളിലേക്ക് കണ്ണുംനട്ടിരിക്കുന്നവരും പാർട്ടിയിലുണ്ട്. അവർ ഇത്തരം ഉൾപ്പാർട്ടി പ്രത്യയശാസ്ത്രസംവാദങ്ങളെ പൊതുജനസമക്ഷം കൊണ്ടുപോയി സ്വന്തംകാര്യം നടത്താനാണ് ശ്രമിക്കാറ്.

കേരളത്തിന്റെ കാര്യത്തിൽ, പാർട്ടി അധികാരത്തിലിരിക്കുന്ന അവസാനനാളുകളിലോ, അധികാരം നഷ്ടപ്പെട്ട ഉടനെയോ ആണ് നയപരിഷ്കരണമെന്ന ആശയവുമായി ബുദ്ധിജീവികളിറങ്ങാറുള്ളത്. കേരളത്തിലെ ഇലക്ഷനിലെ ജയപരാജയങ്ങൾ പലപ്പോഴും ജനപിന്തുണയേക്കാൾ പാർട്ടികളുടെ അടവുനയങ്ങളോട്ട് (പാർട്ടിയിൽ കൂട്ടായ ചർച്ച നടത്താതെ, പാർലമെന്ററി ആവശ്യങ്ങൾക്കായി നേതൃത്വം കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ) ജനങ്ങളുടെ പ്രതികരണമാണെന്നത് പരസ്യമായ രഹസ്യമാണെങ്കിലും ജനകീയപിന്തുണ നഷ്ടപ്പെട്ടതാണ് ഇലക്ഷനിൽ പരാജയപ്പെടുന്നതിനു കാരണമെന്ന മുൻവിധിയോടെയാണ് നയപരിഷ്കരണവാദങ്ങൾ ഉയരാറുള്ളത്.

പലപ്പോഴും പ്രത്യയശാസ്ത്രസംവാദങ്ങളെ പൊതുജനസമക്ഷം അവതരിപ്പിക്കുന്നത് അപകടമായിത്തീരാറുണ്ട്. പാർട്ടിവേദികളിൽ ചർച്ചചെയ്യുമ്പോൾ തത്വശാസ്ത്രങ്ങളിൽ കാലാകാലങ്ങളിൽ സ്റ്റഡിക്ലാസുകളിലൂടെയും വായനയിലൂടെയും പാർട്ടി നേടിയ മിനിമം അറിവ് പൊതുവേദികളിൽ കാണാനാവില്ല. അതിനാൽത്തന്നെ, ബൗദ്ധികമായി ഉന്നതനിലവാരം പുലർത്തുന്നവരും തത്വശാസ്ത്രപാണ്ഡിത്യമുള്ളവരും പൊതുചർച്ചകളിൽ കപടബുദ്ധിജീവികളായി മുദ്രകുത്തപ്പെടുകയും, മുറിമൂക്കൻ എന്നു വിളിക്കാനാവുന്ന, ഉളുപ്പില്ലാതെ ആരെയും ഉദ്ധരിച്ച് ജനങ്ങളെ അമ്പരപ്പിക്കുന്ന വാഗ്‌വിലാസക്കാർ പാർട്ടിസൈദ്ധാന്തികൻമാരാവുകയും ചെയ്യാറുണ്ട്. ഇന്നത്തെക്കാലത്തെ ഒരു മണിക്കൂർ ടെലിവിഷൻ ഫോക്കസ് ചർച്ചകൾ ഇത്തരത്തിൽ പൊതുജനസമക്ഷം പാർട്ടിക്ക് പലപ്പോഴും ക്ഷീണമുണ്ടാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ പാർട്ടിനയരൂപീകരണത്തിനും അടിസ്ഥാനപ്രമാണങ്ങൾ ദൃഢമാക്കുന്നതിനും ഏറെ സഹായിച്ചിട്ടുള്ള ഉൾപാർട്ടി ചർച്ചകളും സംവാദങ്ങളും പലപ്പോഴും പാർട്ടിയുടെ പാർലമെന്ററി സാധ്യതകൾക്ക് ഒരു ബാധ്യതയാവുന്ന കാഴ്ച ഈയടുത്തകാലത്തായി സാധാരണമാണ്. ഇത് പ്രതിപക്ഷസ്വരത്തിന് അർഹമായ സ്ഥാനം കൊടുക്കാൻ ശ്രമിക്കുന്ന പാർട്ടി എന്നതിനുപകരം പ്രതിപക്ഷസ്വരങ്ങളെ അനുവദിക്കാത്ത പാർട്ടി എന്നൊരിമേജിനും കാരണമായി. 'കാറ്റും വെളിച്ചവും കടക്കാനനുവദിക്കരുതെന്ന്' മട്ടിലുള്ള പ്രസ്താവനകളും അതിനാദ്യം പാർട്ടിക്കുള്ളിൽത്തന്നെ കിട്ടിയ സ്വീകരണവും എല്ലാം കാര്യങ്ങൾ കൂടുതൽ മോശമാക്കിയതേയുള്ളൂ. പലപ്പോഴും ഇത്തരമൊരവസ്ഥ സംജാതമാക്കിയത് ഇ.എം.എസ്സിനെപ്പോലെ പ്രത്യയശാസ്ത്രവ്യാഖ്യാനങ്ങൾ നൽകി ഉൾപാർട്ടി ആശയസംവാദങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പൊതുസമ്മതനായ ഒരു നേതാവോ പ്രത്യയശാസ്ത്രവിശാരദനോ ഇല്ലാതെ പോയതാണ്. 50 വർഷത്തോളം പാർട്ടിയുടെ പ്രത്യയശാസ്ത്ര അജണ്ട നിശ്ചയിക്കുന്നത് ഒരു ദേഹത്തിന് ഏൽപ്പിച്ചു കൊടുത്തതിന്റെ പ്രത്യാഘാതം.

ഇപ്പോൾ പാർട്ടിയിൽ നടക്കുന്ന ആശയസംവാദങ്ങളും ചില ഉന്നംവച്ചുള്ള ഒതുക്കലുകളും, ഇ.എം.എസ്. ഒഴിച്ചിട്ടുപോയ കസേരയും അധികാരത്തിന്റെ ഇടനാഴിയിൽ കണ്ണുംനട്ടിരിക്കുന്നവരും സൃഷ്ടിക്കുന്ന ഓളങ്ങൾ മാത്രമാണ്. ഈ സംവാദത്തിന് കാരണമായി എഴുതപ്പെട്ട ലേഖനങ്ങളും അവയുടെ വായനകളും ശ്രദ്ധിച്ചാലിതറിയാം.

പാർട്ടിയിൽ ഇ.എം.എസ്. ഒഴിച്ചിട്ടുപോയ പ്രത്യയശാസ്ത്രവ്യാഖ്യാതാവിന്റെ കസേരയ്ക്ക് ഒരു വ്യാഴവട്ടത്തിനുശേഷവും വ്യക്തമായ അവകാശികളൊന്നും ഉണ്ടായിട്ടില്ല. പ്രധാനകാരണം, ഈയെമ്മസ്സിനുശേഷം പാർട്ടിയ്ക്കുവേണ്ടി പ്രത്യയശാസ്ത്രവ്യാഖ്യാതാക്കളുടെ ജോലി ഏറ്റെടുത്തവരെല്ലാവരും ബുദ്ധിജീവിയായതിനുശേഷം മാർക്സിസ്റ്റുകാരായ പുരോഗമന കലാസാഹിത്യസംഘക്കാരോ, സിഡിയെസ്സുകാരോ, പരിഷത്തുകാരോ ആയിരുന്നു എന്നതാണ്. കാലാകാലങ്ങളിൽ പാർട്ടിയുടെ ദീർഘകാലനയങ്ങൾ രൂപപ്പെടുത്തുന്നതിലും അവയ്ക്ക് കൃത്യമായ വ്യാഖ്യാനങ്ങൾ ചമയ്ക്കുന്നതിലും അവരാരും

ഈയെമ്മസ്സിനെ അപേക്ഷിച്ച് മോശമായിരുന്നില്ല. എന്നാൽ പാർലമെന്ററി രാഷ്ട്രീയത്തിലധിഷ്ഠിതമായ ഹ്രസ്വകാല അടവുനയങ്ങളും, അവയും പാർട്ടിയുടെ പ്രഖ്യാപിതനയങ്ങളുമായുള്ള വൈരുദ്ധ്യങ്ങളും, ജനാധിപത്യക്രമത്തിനകത്തു പ്രവർത്തിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടി നടത്തുന്ന നീക്കുപോക്കുകളായി ഈയെമ്മസ്സിനെപ്പോലെ കാണാൻ അവർക്കു കഴിയാതെപോയി. ചിലർ അത്തരം അടവുനയങ്ങളെത്തന്നെ വ്യതിയാനങ്ങളായിക്കണ്ടപ്പോൾ (ഇത്തരക്കാർക്ക് യഥാർത്ഥ ഇടതുപക്ഷമെന്നെല്ലാം പേരുനൽകി മാദ്ധ്യമങ്ങളും ആഘോഷിച്ചു), മറ്റുചിലർ ഇത്തരം നയങ്ങളെ ദീർഘകാലപരിപാടിയിൽ ഉൾപ്പെടുത്തി നയവിപുലീകരണം നടത്താനും പുതിയ വ്യാഖ്യാനങ്ങൾ ചമയ്ക്കാനുമാണ് ശ്രമിച്ചത്. ഒരുപക്ഷേ ബുദ്ധിജീവികൾ നേരിടുന്ന സ്വത്വപ്രതിസന്ധിയായിരിക്കണം അവരെക്കൊണ്ടിതെല്ലാം ചെയ്യിച്ചത്.

ഇത്തരത്തിലല്ലാതെ പാർട്ടിയുടെ താൽക്കാലിക പാർലിമെന്ററി നീക്കുപോക്കുകളെ അങ്ങനെത്തന്നെ കാണാനും, അവയെ പ്രത്യശാസ്ത്രപരമായി വ്യാഖ്യാനിച്ചു ബുദ്ധിമുട്ടേണ്ടതില്ലെന്നും വ്യക്തമായി മനസ്സിലാക്കിയ ചുരുക്കം ചില പോസ്റ്റ് ഇ.എം.എസ്. ബുദ്ധിജീവികളിലൊരാളാണ് ഡോ. തോമസ് ഐസക്ക്. വിദേശപഠനത്തിന്റേയും അന്താരാഷ്ട്ര ഗ്രാന്റുകളുടെയും ബലത്തിൽ ദീർഘകാലം സി.ഡി.എസ്സിൽ ഗവേഷകനായിരുന്ന ധനകാര്യബുദ്ധിജീവി. ഈ വിദേശഗ്രാന്റുകളുടേയും മറ്റും പേരിൽ 'യഥാർത്ഥ ഇടതുപക്ഷക്കാർ ' ഏറെക്കാലം വേട്ടയാടിയെങ്കിലും അവസാനം ഐസക് പാർട്ടിയ്ക്കകത്തും, സോ കാൾഡ് 'യഥാർത്ഥ ഇടതുപക്ഷക്കാർ' പാർട്ടിയ്ക്കു പുറത്തുമായി. ഐസക്കിന്റെ കൂടെയുണ്ടായിരുന്ന ബുദ്ധിജീവി സഖാക്കളെല്ലാംതന്നെ ഏതാണ്ട് പാർട്ടിയ്ക്കു പുറത്തായെന്നു കൂടിയറിയുമ്പോഴാണ് ഈ 'വരേണ്യ ബുദ്ധിജീവി' സഖാവ് കമ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിക്കകത്തെ രാഷ്ട്രീയം എത്രപെട്ടന്നു മനസ്സിലാക്കിയെന്ന് നമ്മൾ തിരിച്ചറിയുന്നത്.

പക്ഷെ ഇക്കാലംവരെ തോമസ് ഐസക്ക് പാർട്ടിയ്ക്കുവേണ്ടി തന്റെ ബുദ്ധിജീവിക്കുപ്പായം ഏറെയൊന്നും ഉപയോഗിച്ചിട്ടില്ല, അല്ലെങ്കിൽ അതിന്റെ ആവശ്യമുണ്ടായിട്ടില്ല. ഒരു പ്രാവശ്യം എം.പി. പരമേശ്വരനോടൊപ്പം ചിലതൊക്കെ ചെയ്യാൻനോക്കി കൈപൊള്ളിയ അനുഭവം ചെറുതായുണ്ടുതാനും. ഈ സർക്കാരിലെ തോമസ് ഐസക്കിന്റെ പ്രവർത്തനങ്ങൾ (അതിന് ഐസക് മുൻധനകാര്യമന്ത്രിമാരോടുകൂടി നന്ദി പറയണം) ഐസക്കിനവകാശപ്പെടാനില്ലാതിരുന്ന ജനപിന്തുണയെന്ന ഘടകത്തിൽ വലിയൊരളവ് മാറ്റമുണ്ടാക്കിയെന്നത് സത്യമാണ്. പാർട്ടി കീഴ്ഘടകങ്ങളിലെ സഖാക്കൾക്കുവരെ നേട്ടമായി എടുത്തുപറയാൻ ഈ മന്ത്രിസഭയിലെ ചുരുക്കം ചില രജതരേഖകളിലൊന്നാണ് ധനകാര്യവകുപ്പ്.

ഈ സർക്കാരിന്റെ കാലശേഷം പതിവുപോലെ ജനങ്ങൾ യു.ഡി.എഫിനെ തിരഞ്ഞെടുത്തയക്കാനാണ് സാധ്യത. അപ്പോൾ പാർലിമെന്ററി ജോലിക്ക് പാർട്ടി നിയോഗിച്ച ഐസക്കടക്കമുള്ള മുൻനിരനേതാക്കൾ മുഴുവസമയ പാർട്ടി പ്രവർത്തനത്തിലേക്ക് കടക്കാനുള്ള സാധ്യത വിരളമല്ല. വീണ്ടും

ജയിച്ച് എം.എൽ.എ. ആവുകയാണെങ്കിൽ വീണ്ടും പാർലിമെന്ററി രംഗത്തു തന്നെ കാണും. എന്നാൽ പാർട്ടിയിൽ പുതുതായി കൈവന്ന സ്വാധീനവും, മന്ത്രിയെന്ന നിലയിലെ പ്രകടനംവഴി സ്വന്തം പാണ്ഡിത്യവും ഐസക്കിനെ ഈയെമ്മസ്സ് ഒഴിച്ചിട്ട കസേരയിലെ ഒരു ഭാഗത്തിലേക്ക് ആകർഷിച്ചാൽ അത്ഭുതമൊന്നുമില്ല. പ്രായോഗിക സാമ്പത്തികശാസ്ത്രത്തിലെ പാഠങ്ങളിൽനിന്ന് പുത്തൻകാലഘട്ടങ്ങളിലെ മാർക്സിസ്റ്റവ്യാഖ്യാനങ്ങളുടെ സാമ്പത്തികശാസ്ത്രവഴി തനിക്കു വഴങ്ങുമെന്നു തെളിയിക്കാൻ ഐസക്കിലെ ബുദ്ധിജീവിക്കു തോന്നിയാൽ അതു പാറ്റയെപ്പിടിച്ചിടുന്നത് ആസ്ഥാനവ്യാഖ്യാതാവിന്റെ കുപ്പായം ലക്ഷ്യമിട്ടിരിക്കുന്ന അർദ്ധബുദ്ധിജീവി സഖാക്കളുടെ കഞ്ഞിയിലായിരിക്കും.

പു.ക.സ.യിലെ അതിബുദ്ധിജീവി സഖാക്കളുടെ വൃത്തമൊപ്പിക്കൽകൊണ്ട് അധികകാലം പിടിച്ചുനിൽക്കാനാവില്ലെന്ന് പാർട്ടിനേതൃത്വത്തിനുതന്നെ ബോധ്യമുണ്ടാകണം. സാമൂഹ്യശാസ്ത്രപരമായും സാമ്പത്തികപരമായും വ്യാഖ്യാനങ്ങൾ ചമയ്ക്കുന്നതിൽ അവരൊരുപക്ഷെ ഈയെമ്മെസ്സിനെവരെ കടത്തിവെട്ടും. പക്ഷെ വ്യാഖ്യാനങ്ങളെ നേതാക്കളിലേക്കും അണികളിലേക്കും പൊതുജനങ്ങളിലേക്കും കമ്യൂണിക്കേറ്റു ചെയ്യാൻ പു.ക.സ. സഖാക്കളുടെ അതികഠിന അക്കാദമികഭാഷയും ഭാവങ്ങളും തടസ്സമാണ്. തത്വശാസ്ത്ര അക്കാദമികരംഗത്തെ പദപ്രയോഗങ്ങളിൽ മിനിമം അവഗാഹവും പൊതുവായ തത്വശാസ്ത്രരീതികളിൽ അറിവുമില്ലാത്തവർക്ക് സംസ്കൃതത്തേക്കാളും കഠിനമായേക്കാം പു.ക.സ. ബുദ്ധിജീവികളുടെ വാചക കസർത്തുകൾ. കൂടാതെ അക്കാദമിക് ഇന്റഗ്രിറ്റി അഥവാ ബൗദ്ധികസത്യസന്ധത എന്നൊരു വാൾ അവരെ പലപ്പോഴും പാർട്ടിക്കൊരു ബാദ്ധ്യതയാക്കുകയും ചെയ്യും. ഇത് ശരിക്കറിയാവുന്ന ചില സഖാക്കൾ ആസ്ഥാനബുദ്ധിജീവിവൃന്ദത്തിൽ തന്റെ പേരുകൂടി ഉൾപ്പെടുത്താൻ കിണഞ്ഞു പരിശ്രമിക്കുന്നതിന്റെ അനന്തരഫലമായി വേണമെങ്കിൽ പാർട്ടിക്കകത്തെ ഇപ്പോഴത്തെ ആശയസമരത്തെ കാണാം. അതിനിടയിൽ ചില തലമുതിർന്ന നേതാക്കൾ നടത്തുന്ന ഇടപെടലുകൾ മന്ത്രിപ്പണിക്കുശേഷം പാർട്ടിയിൽ പുറമ്പോക്കിലാവാതിരിക്കാനുള്ള വെപ്രാളത്തിന്റെ ബാക്കിപത്രമാണെന്നും സംശയിക്കണം.

പൊതുവേദിയിൽ രണ്ടുകൂട്ടരേയുംകൂടി ഒരുമിച്ച് ആക്രമിച്ച് കീഴ്പ്പെടുത്താൻ മാത്രം ശക്തരൊന്നുമല്ല പു.ക.സ. ബുദ്ധിജീവികൾ. ശരീരപ്രകൃതിപോലെത്തന്നെ, ആഞ്ഞ ഒരു കാറ്റിൽ പാറിപ്പോകാനുള്ളതേയുള്ളു അവരുടെ പൊതുസമ്മതി. എന്നാൽ കുറച്ചുകാലംമുമ്പ് എതിരാളികളെ നേരിടാൻ 'കാറ്റും വെളിച്ചവും കടക്കാൻ പാടില്ലാത്ത' പാർട്ടിയുടെ വക്താക്കൾ നടത്തിയതരത്തിലുള്ള ശക്തമായ ഇടപെടലുകളുടെ തലത്തിലേക്ക് ഈ സംവാദം പോകുന്നത് ഒരു പക്ഷേ പു.ക.സ. സഖാക്കൾക്കുമപ്പുറമാകാം ലക്ഷ്യമെന്നൊരു സംശയത്തിനും ഇടനൽകുന്നു.

എന്തായാലും സന്നാഹങ്ങളുടെ ബാഹുല്യംകൊണ്ട് ശ്രദ്ധേയമായിത്തീരുന്ന സൈദ്ധാന്തികസമരം, സഖാവ് വി.എസ്സിനൊപ്പമുള്ള ബുദ്ധിജീവികൾ ആസൂത്ര

ണംചെയ്തു് നടപ്പാക്കിയ 'വിശുദ്ധ വി.എസ്., നശിച്ച പാർട്ടി' ടൈപ്പ് ചേരിതിരിവുകളിലേക്ക് നയിക്കുമോ എന്ന് കാത്തിരുന്ന കാണാം.

പോസ്റ്റ് സ്ക്രിപ്റ്റ്: ലോകത്തുള്ള കമ്യൂണിസ്റ്റും അല്ലാത്തതുമായ ബുദ്ധിജീവികളുടെയും ചിന്തകൻമാരുടേയും ഐഡന്റിറ്റി പൊളിറ്റിക്സിലുള്ള (സ്വത്വരാഷ്ട്രീയം) രചനകളൊന്നും പോരാഞ്ഞിട്ടായിരിക്കും സഖാവ് ബേബി മേയ് 25ന് 'ദ ഹിന്ദു'വിലെ (24ന് 'ദ ന്യൂയോർക്ക് ടൈംസിലെ') പോൾ ക്രൂഗ്മാന്റെ കോളത്തിലെ ഐഡന്റിറ്റി പൊളിറ്റിക്സെന്ന പദത്തിലേക്ക് റെഫർ ചെയ്തതു്. പോക്കറും പാർട്ടിയും, എന്തിന് രാജീവുംവരെ പാർശ്വവത്കരിക്കപ്പെട്ടവരുടെ സ്വത്വരാഷ്ട്രീയത്തെപ്പറ്റി സംസാരിക്കുമ്പോൾ, റിപ്പബ്ലിക്കൻ പാർട്ടിയും അതിനോടൊട്ടിനിൽക്കുന്ന കോർപ്പറേറ്റ് അമേരിക്കയും സെനറ്റ്-കോൺഗ്രസ്സ് ഇലക്ഷനിൽ പ്രയോഗിക്കാൻപോകുന്ന മുഖ്യധാരയിലുള്ള "അമേരിക്കനിസം" എന്ന ഐഡന്റിറ്റിയെപ്പറ്റിയാണ് ക്രൂഗ്മാൻ വാചാലനാവുന്നതു്.

'ഇരകളുടെ മാനിഫെസ്റ്റൊ'യിൽനിന്നും മുഖ്യധാരാസ്വത്വങ്ങളുടെ രാഷ്ട്രീയമാനിഫെസ്റ്റൊകൾക്കുള്ള വ്യത്യാസംപോലും മനസ്സിലാക്കാതെയാണോ ബേബി സഖാവ് സ്വത്വരാഷ്ട്രീയത്തിന്റെ അപകടങ്ങളെക്കുറിച്ച് വാചാലനായതു്? ബേബിക്കു നാണംവന്നില്ലെങ്കിലും ഇതിനു മറുപടിപറയാൻ ഒരുപക്ഷേ കെ.ഇ.എന്നിനും പോക്കർക്കും നാണം കാണും. രാജീവ് സഖാവ് പറഞ്ഞതു്, സ്വത്വരാഷ്ട്രീയത്തിന്റെ ചതിക്കുഴികൾ പാർട്ടി സ്റ്റഡിക്ലാസ്സുകളിൽ അടുത്ത കാലത്തായി നല്ലപോലെ വിഷയമായിട്ടുണ്ടെന്നാണ്. സ്റ്റഡിക്ലാസുകളൊന്നും സഖാവ് ബേബിയായിരിക്കില്ല കൈകാര്യം ചെയ്തതെന്നും നമുക്ക് പ്രതീക്ഷിക്കാം.

(16 June 2010)[12]

[12]http://malayal.am/പലവക/പരമ്പര/സ്വത്വം/6150/ബുദ്ധിജീവികളുടെ-സ്വത്വപ്രതിസന്ധി

# റിലയൻസിന് ഇനി പമ്പുകൾ തുറക്കാം!

"പെട്രോളിയം ഉത്പന്നവിപണി ഡീറെഗുലേറ്റ് ചെയ്യാൻ സർക്കാർ ഭാഗത്തുനിന്ന് ശ്രമം തുടങ്ങുന്നത് 2002ലാണ്. ബിജെപി നേതൃത്വം നൽകിയ എൻഡിഎ ഗവൺമെന്റ് പക്ഷെ, പൂർണ്ണമായും വിലനിയന്ത്രണം വിപണിക്കു വിട്ടുകൊടുത്തിരുന്നില്ല. പിന്നീട് അധികാരത്തിലെത്തിയ യുപിഎ ഗവൺമെന്റാകട്ടെ, ഇടതുസമ്മർദ്ദത്തിനു വഴങ്ങിയും മന്ത്രി മണിശങ്കർ അയ്യറുടെ നിലപാടുകളെ തുടർന്നും വിലനിയന്ത്രണം വീണ്ടും ഏർപ്പെടുത്തുകയാണു ചെയ്തത്. രണ്ടാം യുപിഎ ഗവൺമെന്റ് പൊളിച്ചെഴുതിയതു് ഈ ഇടപെടലിനെയാണ്. ഇത്തവണത്തെ ഡീറെഗുലേഷൻ സ്ഥായിയായി നിൽക്കുമെന്ന് വിദഗ്ധർ പറയുന്നു. രണ്ടാഴ്ചയിലൊരിക്കൽ മാറിമറിയുന്ന വിലയുമായി നിശ്ചിതശമ്പളക്കാർക്ക് മത്സരിക്കേണ്ടിവരുന്ന അവസ്ഥ!"

കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇന്ധനവിലവർദ്ധന നടന്നതു് പല രീതിയിലാണ്. ബജറ്റിൽ ഡ്യൂട്ടി കൂട്ടിയപ്പോൾ ഏതാണ്ട് മൂന്നു രൂപയോടടുത്താണ് പെട്രോളിനും ഡീസലിനും വിലകൂടിയത്. പിന്നീട് ഏപ്രിൽ മാസത്തിൽ യൂറോ IV മാനദണ്ഡങ്ങൾ പ്രധാനനഗരങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി എണ്ണ റിഫൈനറികൾ ചെലവാക്കിയ പണം തിരിച്ചുപിടിക്കാനായി വീണ്ടും ചെറുതായി വിലകൂട്ടി. ഇനിയും വിലകൂട്ടാനുള്ള സാധ്യതകളെക്കുറിച്ച് കഴിഞ്ഞ ഒരു മാസമായി കേട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അതും പ്രാവർത്തികമാക്കിയിരിക്കുന്നു. ഇതിനുപുറമെയാണ് ചില സംസ്ഥാനങ്ങളിലെ നികുതികൂട്ടിയതിനനുസരിച്ചും മറ്റും വിലയിൽ വന്ന വർദ്ധനവ്.

സാധാരണഗതിയിൽ ഒരു പ്രാവശ്യം വിലകൂട്ടി, സാധനവിലയൊക്കെകൂടി, ബസ്സുകാരുടെ സമരമൊക്കെ തീർന്ന ശേഷമേ അടുത്ത വിലകൂട്ടലിന്റെ മണം അടിക്കാറുള്ളൂ. എന്നാൽ അടിക്കടി ഇങ്ങനെ വില കൂട്ടാൻ സർക്കാരിനെ പ്രേരിപ്പിക്കുന്ന കാര്യമെന്താണ്?

അടുത്തു നടന്ന വിലവർദ്ധനവ്, അന്താരാഷ്ട്ര വിപണിയിൽ ക്രൂഡിന്റെ വില വർദ്ധിച്ചതുമൂലമുള്ളതല്ല. കഴിഞ്ഞ ഒരു വർഷമായി, അതു കുഴപ്പമില്ലാത്ത (70-80 ഡോളർ/ബാരൽ) നിലവാരത്തിലാണ്. കുറെയൊക്കെ സ്ഥായിയാണെന്നു പറയാം. എന്നാൽ ഇന്ത്യയിലെ എണ്ണവിൽപ്പന കമ്പനികൾ സർക്കാർ സബ്സിഡിയോടെയാണ് ഇപ്പോഴും എണ്ണയുത്പന്നങ്ങൾ വിൽക്കുന്നതു്. അതിൽ പെട്രോളിന്റെ സബ്സിഡി പൂർണ്ണമായും എടുത്തുകളയുകയാണ് ഇന്നലത്തെ വിലകൂട്ടലിലൂടെ ചെയ്തതു്. ഡീസലിന്റെ വിലയിൽ ഇപ്പോഴും ലിറ്ററിന് 80 പൈസ സർക്കാർ സബ്സിഡി നൽകുന്നുണ്ട്.

ക്രൂഡ് വിലയിൽ വലിയൊരു ചാഞ്ചാട്ടം വിപണി പ്രവചിക്കുന്നുമില്ല. അതിനാൽ വിപണി തുറന്നുകൊടുക്കുന്നത് കഴിഞ്ഞ കുറേവർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സർക്കാർകമ്പനികളെ രക്ഷിക്കാനാണെന്നാണ് സർക്കാർ പറയുന്നത്. മാത്രമല്ല സ്വകാര്യകമ്പനികളുടെ ഉൽപ്പന്നങ്ങൾ ലഭ്യ മാവുന്നത് വിപണിയിൽ മത്സരം ഉണ്ടാകാൻ സഹായകമാവുമെന്നും പറയുന്നു. ഒരു പക്ഷേ, സബ്സിഡികൾ ഘട്ടംഘട്ടമായി എടുത്തുകളയാനുള്ള പ്ലാനിങ് കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗവുമാകാം ഇത്. (ദാരി ദ്ര്യരേഖയ്ക്കുമുകളിലുള്ളവരുടെ പൊതുവിതരണസമ്പ്രദായംവഴിയുള്ള ധാന്യവില ഉയർത്താനാണ് പ്ലാനിങ് പാനലിന്റെ മറ്റൊരു ശുപാർശ.)

ഇതിനുമുമ്പ് മോട്ടോർ ഇന്ധനങ്ങളുടെ ഡിറെഗുലേഷന് ഒരു ശ്രമം നടത്തിയത് 2002ലാണ്. അന്നത്തെ എൻ.ഡി.എ. സർക്കാർ വിലനിയ ന്ത്രണം എടുത്തുകളഞ്ഞെങ്കിലും വില നിശ്ചയിക്കാനുള്ള അവകാശം സർക്കാർ കമ്പനികൾക്കാണ് നൽകിയത്. സർക്കാർകമ്പനികൾ നിയന്ത്രിക്കുന്ന പെട്രോളിയം മാർക്കറ്റിൽ ഫലത്തിൽ വില നിയന്ത്രിച്ചിരുന്നത് സർക്കാർ തന്നെയായിരുന്നു. തിരഞ്ഞെടുപ്പ് പ്രമാണിച്ച് ഒരു വർഷത്തോളം (2003-04 കാലഘട്ടത്തിൽ) എണ്ണക്കമ്പനികൾ അന്താരാഷ്ട്രവിലകളെ മാനിക്കാതെ വിലയുയർത്താതിരുന്നപ്പോൾ അത് വ്യക്തമാവുകയും ചെയ്തു. അതായത്, വിപണി സുതാര്യമാക്കിയെന്നു മേനിനടിച്ചെങ്കിലും പ്രത്യക്ഷനിയന്ത്രണത്തി നിന്നും പരോക്ഷനിയന്ത്രണത്തിലേക്ക് കാര്യങ്ങൾ മാറുകമാത്രമാണുണ്ടായത്. അതുകൊണ്ടുതന്നെ, വിപണിയിൽ പ്രവേശിച്ച പല സ്വകാര്യകമ്പനികളും സർക്കാർകമ്പനികളുടെ വിലയോട് മത്സരിക്കാനാവാതെ പമ്പുകളും സംവിധാ നങ്ങളും അടച്ച് സ്ഥലംവിടുകയും ചെയ്തു.

തിരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ വന്ന യു.പി.എ. വിലനി യന്ത്രണം പുനഃസ്ഥാപിക്കുകയും, പൊതുമേഖലാകമ്പനികൾക്ക് സർക്കാർ ഇന്ധന സബ്സിഡി നൽകുന്ന സംവിധാനം വീണ്ടും കൊണ്ടുവരികയും ചെയ്തു. അതുകൊണ്ട് ക്രൂഡ് വില ക്രമാതീതമായി ഉയർന്ന 2007-08 കാലഘട്ടത്തിലും തിരഞ്ഞെടുപ്പുകളെ അതിജീവിക്കാൻ യു.പി.എ.ക്കു കഴിഞ്ഞു. അന്നത്തെ മന്ത്രി മണിശങ്കർ അയ്യരുടെ നിലപാടുകളും, ഇടതുപക്ഷത്തിന്റെ ഇടപെടലുകളും, ഒരു പക്ഷെ ഈ തീരുമാനത്തിനു കാരണമായിട്ടുണ്ടാവണം.

എന്തായാലും, ഇപ്പോഴത്തെ വിലയുയർത്തൽകൊണ്ട് സബ്സിഡി പൂർണ്ണമായും ഒഴിവാകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചു കുറയുമെന്നു മാത്രം. എങ്കിൽപ്പിന്നെ, ഈ വിലയൊക്കെ പതുക്കെപതുക്കെ (ഒരു രൂപ വച്ച് അഞ്ചു പ്രാവശ്യം കൂട്ടിയാലും അഞ്ചുരൂപയാവില്ലെ?) കൂട്ടിയാൽ മതിയായിരുന്നില്ലെ എന്ന ചോദ്യത്തിനുള്ള മറുപടി, ഇനി വരാനിരിക്കുന്ന സംസ്ഥാന തിരഞ്ഞെടുപ്പുകളും, വെള്ളപ്പൊക്കദുരിതങ്ങളുമൊക്കെയാണ്. പറഞ്ഞപോലെ വിപണിക്കനുസരിച്ച് പൊതുമേഖലാ എണ്ണകമ്പനികൾ വില വർദ്ധിപ്പിക്കുമോ (താഴ്ത്തുമോ) എന്ന് നമുക്ക് കാത്തിരുന്നു കാണേണ്ടിവരും.

(സ്വന്തം ലാഭം കൂട്ടാനല്ലാതെ, കുറയ്ക്കാൻ ആർക്കും താൽപ്പര്യമുണ്ടാകാൻ ഒരു വഴിയുമില്ല.)

ആപൽക്കരമായ രീതിയിൽ അന്താരാഷ്ട്രവില ഉയർന്നാലല്ലാതെ, ഇനി സർക്കാർ ഇടപെട്ടു പെട്രോൾ വില കുറക്കാൻ സാധ്യതയില്ല. കാരണം, എൻ.ഡി.എ. സർക്കാരിന്റെ പരാജയത്തിൽനിന്നും പാഠമുൾക്കൊണ്ട് കുറച്ചുകൂടി സമർത്ഥമായാണ് പെട്രോൾ വിപണിതുറക്കാനുള്ള യു.പി.എ. ശ്രമങ്ങൾ നീങ്ങുന്നത്. ഇത്തവണ ശരിക്കും ഒരു ഡിറെഗുലേഷൻ നടക്കാനുള്ള സാധ്യതകളാണ് മുന്നിൽ കാണുന്നത്. ഒരു പക്ഷേ ധാരാളം പെട്രോളും ഡീസലും കൈയ്യിലുണ്ടാവുകയും, ചില്ലറവിൽപ്പനശാലകൾ വഴി അവ വിറ്റഴിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സ്വകാര്യ എണ്ണകമ്പനികളുടെ സമ്മർദ്ദവും കാരണമായിരിക്കാം.

വിപണി സാധ്യതകളും വിലകൂട്ടലിനു തിരഞ്ഞെടുത്ത സമയവും കാണിക്കുന്നത്, ഇപ്പോഴത്തെ വിലയിൽനിന്ന് (അന്താരാഷ്ട്രവിലയ്ക്കും, എണ്ണക്കമ്പനികളുടെ മനോഗതത്തിനും അനുസൃതമായി) ചില്ലറ തിരിച്ചുപോക്കല്ലാതെ 2010നു മുൻപത്തെ അവസ്ഥയിലേക്ക് പോകാൻ യാതൊരു സാധ്യതയുമില്ലെന്നാണ്. അല്ലെങ്കിൽ സർക്കാരിനെ പിടിച്ചുകുലുക്കാൻ മാത്രം സമ്മർദ്ധം പാർലമെന്റിൽ ഉണ്ടാവണം. മമതാ ബാനർജി എതിർപ്പു പ്രകടിപ്പിച്ചുകഴിഞ്ഞെങ്കിലും, ഒരിക്കലും പ്രവചിക്കാൻ കഴിയാത്തൊരു സ്ത്രീയാണെങ്കിലും, ബംഗാളിലെ അവരുടെ സാധ്യതകളെ തുരങ്കംവയ്ക്കാൻ മാത്രം ഇന്ധന വിലവർദ്ധനയ്ക്കു കഴിയില്ലെന്നതിനാൽ പാർലമെന്റിൽ അവർ ഇടയുമെന്നു കരുതാനാവില്ല. സ്പെക്ട്രം ലേലം തത്കാലത്തിനു മൗനികളാക്കിയിരിക്കുന്ന ഡി.എം.കെ. കട്ടുംകൈ വല്ലതും ചെയ്യുമോ എന്നത് കാത്തിരുന്നു കാണേണ്ടതാണ്.

(27 June 2010)[13]

[13] http://malayal.am/വാർത്ത/വിശകലനം/6410/റിലയൻസിന്-ഇനി-പമ്പുകൾ-തുറക്കാം

# വലൻസിയയിലെ അപകടവും വെബ്ബറിന്റെ രക്ഷപ്പെടലും

ആദ്യപത്തിൽ സീസണിലെ പതിവിൽനിന്നും വ്യത്യസ്തമായി ചില പുതുമുഖങ്ങളെ കണ്ട റേസായിരുന്നു വലൻസിയയിലേത്. യൂറോപ്യൻ ഗ്രാൻപ്രീ എന്ന പേരുമായി, ഫോർമുല വൺ ചാമ്പ്യൻഷിപ്പിന്റെ ഒൻപതാം റൌണ്ട് ഇക്കഴിഞ്ഞ ഞായറാഴ്ച (27 ജൂൺ) സ്പെയിനിലെ വലൻസിയയിലെ തെരുവുകളിൽ പൂർത്തിയായപ്പോൾ ലോകചാമ്പ്യൻഷിപ്പ് പോരാട്ടങ്ങൾ മക്‌ലാരൻ, റെഡ്ബുൾ ടീമുകളിലേക്കൊതുങ്ങുന്ന കാഴ്ചയാണ് കാണാനാവുന്നത്. കാനഡയിൽ കാഴ്ചവെച്ച പ്രകടനത്തിനിന്നും ഒരുപാടു മുന്നോട്ടുപോകാൻ വില്യംസ്, സൌബർ,ടോറോ റോസൊ ടീമുകൾക്കായത്, മധ്യനിര പോരാട്ടം വരുംനാളുകളിൽ ശക്തമാകുമെന്നും വ്യക്തമാക്കി.

ടയറുകൾ കുഴപ്പങ്ങളുണ്ടാക്കിയ യോഗ്യതാ റൌണ്ടായിരുന്നു വലൻസിയയിലേത്. ശരിയായ ടയർ സ്ട്രാറ്റജിയിലൂടെ മക്‌ലാരൻ റെഡ്ബുൾ ടീമുകൾ മുൻനിരയിലെത്തിയപ്പോൾ, റെഡ്ബുൾ സെബാസ്റ്റ്യൻ വെറ്റലിലൂടെ സീസണിലെ എട്ടാമത്തെ പോൾ ഉറപ്പാക്കി. ഹാമിൽട്ടൺ മൂന്നാമതെത്തിയെങ്കിലും, ഒന്നാം നമ്പർ കാറിൽ ഏഴാമതെത്താനെ നിലവിലെ ചാമ്പ്യൻ ജെൻസൺ ബട്ടണ് കഴിഞ്ഞുള്ളൂ. ഫെറാരികൾ നാലും അഞ്ചും സ്ഥാനത്തും കുബിത്സ ആറാമതുമെത്തി. എന്നാൽ യോഗ്യതാ റൌണ്ടിന്റെ അത്ഭുതമായത്, സീസണിൽ തീരെ നിറംമങ്ങിപ്പോയ വില്യംസ് കാറുകൾ ഒരേസമയത്തോടെ എട്ടും ഒൻപതും സ്ഥാനങ്ങളിലെത്തിയതാണ്. ടയറുകൾ ചതിച്ച മെഴ്സിഡസും ഫോഴ്സ് ഇന്ത്യയും പതിവിനു വിപരീതമായി, യോഗ്യതാ റൌണ്ടിന്റെ മൂന്നാംപാദം കാണാതെ പുറത്തായി.

റേസിൽ അത്യുഗ്രൻ ഒരു സ്റ്റാർട്ടിലൂടെ ഹാമിൽട്ടൺ വെബ്ബറെ മറികടന്നു (ടയറുകൾ തമ്മിലുരസിയില്ലായിരുന്നുവെങ്കിൽ വെറ്റലിനേയും രണ്ടാം വളവിനടുത്തുവച്ച് മറികടക്കുമായിരുന്നു). ട്രാക്കിലെ പൊസിഷൻ നഷ്ടപ്പെട്ട വെബ്ബർ ആദ്യലാപ്പുകഴിഞ്ഞപ്പോൾ ഏഴാമതായി. കാനഡയിലെ അത്രയും മികച്ചതല്ലെങ്കിലും കുഴപ്പമില്ലാത്ത ഒരു സ്റ്റാർട്ടിലൂടെ ഷൂമാക്കർ പതിനൊന്നാമതെത്തിയപ്പോൾ, കൂട്ടുകാരൻ റൊസ്ബർഗ് മോശമായിപ്പോയി. യാനോ ട്രൂലി അഞ്ച് ലാപ്പു കഴിഞ്ഞപ്പോൾത്തന്നെ രണ്ട് പിറ്റ് സ്റ്റോപ്പുകളെടുത്ത് ലോട്ടസിന്റെ റിലയബിലിറ്റിയെക്കുറിച്ചൊരു സൂചന നൽകി. വെബ്ബറാകട്ടെ എട്ടാം ലാപ്പിൽ പിറ്റ് ചെയ്ത് ടയറുകൾ മാറ്റി മറ്റു കാറുകൾ (നിയമപ്രകാരം റേസിൽ ഓപ്ഷൻ ടയറുകളും ഹാർഡ് ടയറുകളും നിർബന്ധമായും ഉപയോഗിച്ചിരിക്കണം) പിറ്റു ചെയ്യുമ്പോൾ പൊസിഷൻ തിരിച്ചുപിടിക്കാനുള്ള ശ്രമം നടത്തി. എന്നാൽ വളരെ മോശം ഒരു പിറ്റ് സ്റ്റോപ്പിലൂടെ ട്രാക്കിലുള്ള മുൻതൂക്കം നഷ്ടമാവുകയാണ് ചെയ്തത്. തൊട്ടതെല്ലാം പിഴച്ച വെബ്ബർ പത്താം ലാപ്പിൽ ലോട്ടസിന്റെ ഹൈക്കി കൊവലായ്നെനുമായി കൂട്ടിയിടിച്ച് പുറത്തുപോവുകയും ചെയ്തു.

ഒരു സാധാരണ മറികടക്കലിനിടയിൽ വെബ്ബറെ പ്രതിരോധിക്കാൻ ശ്രമിച്ച ലോട്ടസിന്റെ പിന്നിൽത്തട്ടി റെഡ്ബുൾ ട്രാക്കിൽ ശരിക്കും തലകുത്തിമറിയുക തന്നെയായിരുന്നു (വീഡിയോ കാണുക). അത്ഭുതകരമായാണ് തകർന്നുപോയ റെഡ്ബുൾ കാറിൽനിന്ന് മാർക് വെബ്ബർ യാതൊരു പരിക്കുമില്ലാതെ രക്ഷപ്പെട്ടത്.

ഇതായിരുന്നു, അല്ലെങ്കിൽ വിരസമെന്നു പറയാവുന്ന റേസിലെ ടേണിങ് പോയിന്റ്. അപകടത്തിനുശേഷം സേഫ്റ്റികാർ വരുമെന്നുറപ്പായതോടെ എല്ലാ മുൻനിരകാറുകളും ഒന്നിനുപിറകേ ഒന്നായി പിറ്റ് ചെയ്ത് ഹാർഡ് ടയറുകളിലേക്കുമാറി. സേഫ്റ്റികാറിനു പിന്നിൽ ഫോർമേഷൻ നടക്കുന്നതിനു മുൻപുതന്നെ, പിറ്റെടുത്ത് പൊസിഷൻ നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ഇത്. ഇതിന്റെ ഫലമായി, ഷുമാക്കറും കൊബിയാഷിയും മുൻനിരയിലെത്തുകയും ചെയ്തു. എന്നാൽ ശരിക്കും മുന്നിലോടുകയും ഹാമിൽട്ടണു കനത്ത വെല്ലുവിളിയുയർത്തുകയും ചെയ്തിരുന്ന ഫെറാരികൾ ഇവിടെ സേഫ്റ്റികാറിനു പിന്നിൽപ്പെട്ടുപോയി. സേഫ്റ്റികാറിനെ അവഗണിച്ച ഹാമിൽട്ടണാകട്ടെ ഒരു അഞ്ചു സെക്കന്റ് ഡ്രൈവ് ത്രൂ പെനാൽട്ടിയുമായി രക്ഷപ്പെടുകയും ചെയ്തു. സേഫ്റ്റികാർ നിയമങ്ങൾക്ക് ശരിക്കും കനത്ത വിലകൊടുക്കേണ്ടിവന്നത് മെഴ്സിഡസാണ്. പിറ്റ്ലേനിൽ റെഡ് ലൈറ്റ് കിട്ടിയ ഷുമാക്കർ മൂന്നാമതുനിന്ന് പത്തൊൻപതാമനായാണ് പുറത്തെത്തിയത്. പിന്നീട് സോഫ്റ്റ് ടയറുകളെ മാറ്റാനായി ഒന്നുകൂടി പിറ്റ് ചെയ്ത് ഷുമാക്കർ ഇരുപത്തിയൊന്നാമതായി. എന്നാൽ പിറ്റ് സ്റ്റോപ്പ് അവസാനംവരെ എടുക്കാതിരുന്ന കൊബിയാഷി ഏതാണ്ട് റേസിന്റെ അവസാനംവരെ മൂന്നാമതായിരുന്നു. പിന്നീട് പിറ്റ് ചെയ്ത് ഓപ്ഷൻ ടയറുകളിലേക്കുമാറി ഏഴാമതായി ഫിനിഷ് ചെയ്തു.

വെബ്ബറിന്റെ അപകടവും തുടർന്നുണ്ടായ ബഹളവും ശരിക്കും മുതലാക്കിയത് മധ്യനിര ടീമുകളാണ്. വില്യംസിന്റെ ബാരിക്കെല്ലോയും റെനോയുടെ കുബിത്സയും ടോറോ റോസോയുടെ ബ്യൂയെമിയും ഫോഴ്സ് ഇന്ത്യയുടെ സുട്ടിലും അഞ്ചുമുതൽ എട്ടുവരെ സ്ഥാനങ്ങളിലെത്തുകയും, ഏതാണ്ട് അവസാനംവരെ നിലനിർത്തുകയും ചെയ്തു. (പിന്നീട് യെല്ലോ ഫ്ലാഗ് നിയമങ്ങളെ അവഗണിച്ചെന്നു പറഞ്ഞ് ഇവർക്കെല്ലാം പെനാൽട്ടിയും ലഭിച്ചു.) വില്യംസിന്റെ നികൊ ഹൾക്കൻബർഗ് റിട്ടയർചെയ്തതും, സൌബറിന്റെ പെഡ്രോ ഡി ലാ റൊസയ്ക്ക് പെനാൽട്ടി കിട്ടിയതും നികൊ റൊസ്ബർഗിന് ഒരു ആശ്വാസ പത്താം സ്ഥാനം നൽകി. ഇവിടെ ഒന്നാമതായി ഫിനിഷ് ചെയ്തെങ്കിലും സെബാസ്റ്റ്യൻ വെറ്റൽ ചാമ്പ്യഷിപ്പ് പോരാട്ടത്തിൽ 115 പോയിന്റുമായി മൂന്നാമതാണ്. മക്‌ലാരന്റെ ഹാമിൽട്ടൺ 127 പോയിന്റുമായി ഒന്നാമതും, വെറും ആറുപോയിന്റു വ്യത്യാസത്തിൽ ബട്ടൺ രണ്ടാമതുമാണ്. വലൻസിയയിൽ പോയിന്റൊന്നും നേടിയില്ലെങ്കിലും വെബ്ബർ 103 പോയിന്റുമായി നാലാമതുണ്ട്. അലൊൺസോ 98 പോയിന്റുമായി അഞ്ചാമതാണ്. കൺസ്ട്രക്റ്ററുമാരുടെ പോരാട്ടത്തിൽ മക്‌ലാരൻ (248) തന്നെയാണു മുന്നിൽ. കനത്ത വെല്ലുവിളിയുമായി റെഡ്ബുൾ

തൊട്ടുപിറകിലുണ്ട് (218). എന്നാൽ മൂന്നാമതുള്ള ഫെറാരിയ്ക്ക് ഇപ്പോഴത്തെ പ്ര കടനത്തിൽനിന്നും ഒരുപാട്ട മുന്നോട്ടുപോയെ മതിയാകൂ.

പോയിന്റ് നിലയിൽനിന്നും ഇതുവരെയുള്ള റേസ് അനുഭവങ്ങളിൽനിന്നും മനസ്സിലാകുന്നത്, മുനിരയേക്കാൾ കനത്ത പോരാട്ടം മധ്യനിരയിലാകുമെന്നാണ്. വില്യംസ്, സൌബർ ടോറോ റോസോ ടീമുകൾ കൂടി കരുത്തറിയിച്ചു കഴിഞ്ഞതോടെ വരുംആഴ്ചകളിൽ യൂറോപ്പിലെ ട്രാക്കുകളിൽ തീപാറുമെന്നുറപ്പിക്കാം.വലൻസിയയിലെ റേസിനിടയിൽ മെഴ്സിഡസ് കാറുകളുടെ ബ്രേക്കുകൾ അമിതമായി ചൂടായിരുന്നത്, ഈ സീസണിലെ റിലയബിലിറ്റി പ്രശ്നങ്ങളിൽനിന്നും അവർ ഇനിയും മുക്തരായിട്ടില്ലെന്നതിനു തെളിവായി.

ഫോർമുല വൺ ലീഡർ ബോർഡിൽ മുന്നിലുള്ള മക്‌ലാരന്റെയും ഹാമിൽട്ടണിന്റേയും, നിലവിലെ ചാമ്പ്യൻ ബട്ടണിന്റേയും ഹോം റേസാണ് ജൂലൈ രണ്ടാംവാരത്തിൽ. ഒരുപാട്ട കനത്തപോരാട്ടങ്ങൾക്കു വേദിയായിട്ടുള്ള സിൽവർസ്റ്റോൺ ഇത്തവണയും നിരാശരാക്കില്ലെന്നു പ്രതീക്ഷിക്കാം.

(30 June 2010)[14]

[14]http://malayal.am/വിനോദം/കായികം/6467/വലൻസിയയിലെ-അപകടവും-വെബ്ബറിന്റെ-രക്ഷപ്പെടലും

# സഹിഷ്ണത എന്ന മിത്ത്

അസഹിഷ്ണതയുടെ വിവിധ അദ്ധ്യായങ്ങൾ കൺമുന്നിൽ വിരിയുമ്പോൾ പലപ്പോഴും ജനമനസ്സുകളിലും ചായക്കടസംവാദങ്ങളിലും സാമാന്യവത്കരണങ്ങളായി പരിണമിക്കുന്ന സംഭാഷണങ്ങളിൽ ഒരുപാടു വിലയിരുത്തലുകൾ നടക്കാറുണ്ട്. അമിത സാമാന്യവത്കരണത്തിനുള്ള വ്യഗ്രതയിൽ 'മതവിശ്വാസങ്ങൾ'ക്കനുസരിച്ച് മനുഷ്യന്റെ സഹിഷ്ണതയിൽ വ്യക്തമായ മാറ്റങ്ങൾ വരാറുണ്ടെന്നൊരു വിധിയും കൽപ്പിക്കാറുണ്ട്. ചായക്കടസംവാദങ്ങളിലും സുഹൃദ്വേദികളിലും, വ്യക്തിപരമായ അഭിപ്രായം എന്നു പേരിട്ടുകേൾപ്പിക്കുന്ന കെട്ടുകഥകൾക്കും കേട്ടുകേൾവികൾക്കും തുല്യമായ ഇത്തരം സാമാന്യവത്കരണങ്ങൾ പിന്നീട് ഈ വിധികളെത്തന്നെ തെളിവുകളായെടുത്ത് സാമൂഹ്യസത്യങ്ങളുടെ മേലങ്കിയണിയുമ്പോൾ സാമൂഹ്യവിപത്തായിമാറുകയാണു ചെയ്യുന്നത്.

വിവിധമതവിശ്വാസങ്ങൾ പുലർത്തുന്നവർ എത്രമാത്രം സഹിഷ്ണുക്കളും മറ്റുള്ളവരുടെ വിശ്വാസത്തെ ബഹുമാനിക്കുന്നവരുമാണെന്നറിയണമെങ്കിൽ, ആസൂത്രിതമായും അല്ലാതെയും ഈ രാജ്യത്തും ലോകത്തും നടക്കുന്ന കൂട്ടക്കൊലകളുടെ കണക്കുകളെടുത്തുനോക്കിയാൽ മതിയാകും. രാഷ്ട്രീയാധികാരം കയ്യേറിയവർക്കുനേരെ ഭീഷണിയുയർത്തുന്നവെന്നുമുതൽ, ഭൂരിപക്ഷത്തിന്റെ വിനോദത്തിനുവേണ്ടിവരെ അന്യവിശ്വാസക്കാർ പലകാലത്തായി കൊലചെയ്യപ്പെട്ടിട്ടുണ്ട്. പലപ്പോഴും ഒരു വിശ്വാസക്കാർ അമിതമായി സഹിഷ്ണുക്കളായി മുദ്രകുത്തപ്പെടുന്നതു് സാധാരണമാണുതാനും. പക്ഷേ ഇതും മതവിശ്വാസങ്ങളുമായി വലിയ ബന്ധമൊന്നുമുണ്ടാകണമെന്നില്ല. അവിശ്വാസിയെ അന്യവത്കരിക്കുന്നതിന്, അതുപോലെ വിവിധസംഭവങ്ങളെ സ്വന്തം വിശ്വാസത്തോടുള്ള കടന്നുകയറ്റമായിക്കാണുന്നതിന്, സാമൂഹ്യവും രാഷ്ട്രീയപരവുമായ കാരണങ്ങളാണ് കൂടുതലും.

സമാധാനം ലോകസന്ദേശമാക്കുന്ന, ഹിംസ എന്നതു് കൊടുപാപമായ ജൈനമതക്കാർക്കും പല ബുദ്ധവിശ്വാസികൾക്കും ഇതരവിശ്വാസങ്ങളെ ബഹുമാനിക്കാനുള്ള കെൽപ്പ് കുറവാണ്. അതുപോലെ ഹിന്ദുക്കളുടെ സഹിഷ്ണതയുടെ ആധാരം പലപ്പോഴും വിചിത്രമാണ്. ഒരു ഹിന്ദു യുവാവ് അന്യമതക്കാരിയെ വിവാഹം കഴിച്ചാലോ, അല്ലെങ്കിൽ ഹിന്ദുയുവതി അന്യമതസ്ഥനെ വിവാഹം കഴിച്ചാലോ ഉയരാൻ സാധ്യതയുള്ള മുറുമുറുപ്പുകളെക്കാൾ ശക്തമായ എതിർപ്പുകൾ താഴ്ന്ന ജാതിക്കാരനെ/കാരിയെ വിവാഹം കഴിക്കുമ്പോൾ ഉയർന്നേക്കാം. കാരണം, ഹിന്ദു എന്ന സ്വത്വത്തേക്കാൾ ജാതീയമായ സ്വത്വം ശക്തമായതിനാലാണത്. ഇനിയിപ്പോൾ സ്വന്തം ജാതിയിലെത്തന്നെ ഒരാളെ ഇഷ്ടപ്പെട്ടു വിവാഹം കഴിക്കാൻ തീരുമാനിച്ചാലും അതു സ്വന്തം കുടുംബത്തിനപമാനമായിത്തോന്നിയാൽ മരണശിക്ഷവിധിക്കുന്നവരും ഹിന്ദുക്കളുടെയിടയിലുണ്ട്.

കുടുംബത്തിനപമാനമാകാനുള്ള കാരണങ്ങളന്വേഷിച്ചാൽ, സർവ്വംസഹിഷ്ണുക്കളായ സനാതനഹിന്ദുക്കളെ ലോകത്തിലെത്തന്നെ ഏറ്റവും വലിയ അസഹിഷ്ണുക്കളായിക്കാണേണ്ടിവരും. താൻ മുറുകെപിടിക്കുന്ന വിശ്വാസങ്ങളെ എതിർക്കാൻ ആർക്കും അവകാശമില്ലെന്നുള്ളതിലും കവിഞ്ഞ്, താൻ അംഗീകരിക്കാത്ത വിശ്വാസങ്ങൾ സ്വീകരിക്കുന്നവർ മരണശിക്ഷ അർഹിക്കുന്നവരാണെന്നുള്ള ചിന്തകളിലെത്തിനിൽക്കുന്ന സഹിഷ്ണുത.

അപ്പോൾ ഒരു വിഭാഗം സഹിഷ്ണുക്കളാണെന്നുള്ള പ്രചാരത്തിന്റെ അടിസ്ഥാനമെന്താണ്? വെറുമൊരു കൺകെട്ടുവിദ്യമാത്രമാണിത്. പരസ്പരം വിശ്വാസങ്ങളെ ബഹുമാനിക്കാനാവുന്ന ഒരു സമൂഹം നവോത്ഥാനശ്രമങ്ങളുടെ ഭാഗമായി വളർന്നുവന്നിരുന്നു. ഈ സാമൂഹ്യ നവോത്ഥാനശ്രമങ്ങൾ സ്വാതന്ത്ര്യസമരത്തിനും മുമ്പ് വേരുള്ളവയാണ്. മാത്രമല്ല, പുരോഗമന ചിന്താഗതിക്കാരായ ഭരണാധികാരികളുടെ ശ്രമഫലമായി, ആരോഗ്യപരമായ സാമൂഹ്യവളർച്ചനേടാനുള്ള ശ്രമങ്ങളുടെ ഭാഗമായി പരസ്പരബഹുമാനത്തിന്റെ പാഠങ്ങൾ സമൂഹത്തിൽ വേരൂന്നുകയും ചെയ്തു. ഇങ്ങനെ, അയൽക്കാരന്റെ വിശ്വാസങ്ങളെ ബഹുമാനിക്കാൻ ശീലിച്ചിരുന്ന ഒരു സമൂഹത്തെ, നിങ്ങൾ അപരന്റെ വിശ്വാസങ്ങളെ സഹിക്കുകയാണെന്ന പഠിപ്പിച്ചു തുടങ്ങുന്നത് ഭൂരിപക്ഷ വർഗ്ഗീയതയുടെ വക്താക്കളാണ്.

പരസ്പരം ബഹുമാനിക്കുകയും സഹായിക്കുകയും ചെയ്യുന്നത് ശീലമാക്കിയ ഒരു സമൂഹത്തിൽ അപരൻ നിന്റെ സഹിഷ്ണുതയെ മുതലെടുക്കുകയാണെന്നുള്ള പ്രചരണം അസഹിഷ്ണുതയുടെ വിത്തുകൾ പാകി. ന്യൂനപക്ഷ വർഗ്ഗീയതയുടെ വക്താക്കളുടെ ഇടപെടലാകട്ടെ, ഇതിന് ആക്കം കൂട്ടിയതേയുള്ളൂ. ഇല്ലാത്ത നിന്റെ 'ക്ഷമയുടെ നെല്ലിപ്പലക' നീ കണ്ടുകഴിഞ്ഞുവെന്ന രണ്ടുകൂട്ടരേയും വിശ്വസിപ്പിക്കാനായ വർഗ്ഗീയവാദികൾക്കാവട്ടെ, അവർക്ക് വേണ്ടതു കിട്ടുകയും ചെയ്തു: രാഷ്ട്രീയനേതൃത്വവും വിലപേശൽ ശേഷിയും. പുരോഗമനപരമായ ഒരു സമൂഹത്തിൽ തികച്ചും സ്വാഭാവികമായ പരസ്പരബഹുമാനത്തെ കൃത്രിമമായ സഹിഷ്ണുതയായി തെറ്റിദ്ധരിപ്പിച്ച് രാഷ്ട്രീയമായി നേട്ടം ലക്ഷ്യമിട്ടവരുടെ ഇരകൾ മാത്രമാണ് സഹിഷ്ണുതാവാദവുമായി രംഗത്തെത്തുന്നവർ.

നമ്മൾ പകർന്നുകൊടുക്കേണ്ടതും അളക്കേണ്ടതും സഹിഷ്ണുതയുടെ പാഠങ്ങളല്ല, പരസ്പരബഹുമാനത്തിന്റെ പാഠങ്ങളാണ്. സഹിഷ്ണുതയുടെ പാഠങ്ങൾക്കുള്ള പ്രശ്നമെന്തെന്നാൽ, ഒരു പരിധിക്കപ്പുറം ഒരാളുടെയും സംയമനം കാത്തുസൂക്ഷിക്കാൻ അന്യനോടുള്ള സഹിഷ്ണുത അവനെ സഹായിക്കില്ല എന്നുള്ളതാണ്. എന്നാൽ പരസ്പരബഹുമാനത്തിന്റേയും തിരിച്ചറിയലിന്റേയും പാഠങ്ങൾ ബന്ധങ്ങൾക്ക് കൂടുതൽ ആഴം നൽകുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, മറ്റുവിശ്വാസങ്ങൾക്ക് ബഹുമാനം കൊടുത്തുകൊണ്ട് അവരെയും സമൂഹത്തിന്റെ ഭാഗമായിക്കണ്ട് ജീവിക്കാനുള്ള കഴിവാണ് അളക്കേണ്ടത്. ഇതും മതവിശ്വാസവുമായി യാതൊരു ബന്ധവുമുണ്ടാകണമെന്നില്ല. ഇത് പലപ്പോഴും ഒരു പ്രദേശത്തെ വിശ്വാസിസമൂഹത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ കാഴ്ചപ്പാടുകളുമായാണ് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്.

ഹിന്ദുക്കളോളം തന്നെ മുസ്ലിങ്ങളും/ക്രിസ്ത്യാനികളും ഉള്ള പ്രദേശങ്ങളിൽ ജനിച്ചുവളർന്നവർക്ക്, പലപ്പോഴും പരസ്പരം മനസ്സിലാക്കാൻ കൂടുതൽ അവസരം ലഭിക്കും. അതുവഴി സാമൂഹ്യപരമായി അടുത്തറിയാനും സാധിക്കും. എന്നാൽ ഒരു പ്രത്യേക വിഭാഗം ഭൂരിപക്ഷമായ പ്രദേശത്ത്, രണ്ടു വിഭാഗങ്ങളും പരസ്പരം അടുത്ത് മനസ്സിലാക്കുന്നത് അപൂർവ്വമായിരിക്കും. അതിനാൽത്തന്നെ, പരസ്പരം വിശ്വാസങ്ങളെ ബഹുമാനിക്കാനുള്ള ശേഷി അവർ ആർജ്ജിക്കുന്നുമില്ല.

ഇതു വിശ്വാസത്തിന്റെ പ്രശ്നത്തേക്കാളും, സാമൂഹ്യപരമായ അന്യവത്കരണത്തിന്റേയും അന്യന്റെ സംസ്കാരത്തെ മനസ്സിലാക്കാൻ കഴിയാത്തതിന്റേയും പ്രശ്നങ്ങളാണ്. കേരളത്തിൽ ഒരു പരിധിവരെ അന്യവത്കരണം ഇല്ലാതിരുന്നതിന്റെ കാരണം, യൂണിഫോറങ്ങളില്ലാത്ത സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ ഒരുമിച്ചു പഠിച്ചുവളർന്ന തലമുറകളാണ്. ജാതി/മത സംഘടനകളുടെ പ്രൈമറിവിദ്യാലയങ്ങൾ സാർവത്രികമാകുന്നത് ഈ അന്യവത്കരണത്തിന് ആക്കം കൂട്ടുന്നുണ്ടാകണം.

ഇത്തരത്തിൽ വളർന്നുവരുന്ന, അല്ലെങ്കിൽ നിലനിൽക്കുന്ന പരസ്പരബഹുമാനത്തിന്റെ പാഠങ്ങളെ അങ്ങനെതന്നെ കണ്ട് അവയെ പരിപോഷിപ്പിക്കാനാണ് ശ്രമിക്കേണ്ടത്, ഒപ്പം അന്യവത്കരണശ്രമങ്ങളെ ചെറുക്കാനും. അല്ലാതെ, സഹിഷ്ണുതയായി തെറ്റിദ്ധരിക്കുകയും, പിന്നീട് വ്യക്തമായ രാഷ്ട്രീയ അജണ്ടകളോടുകൂടിയ ഭൂരിപക്ഷവർഗ്ഗീയതയുടെ വക്താക്കൾ അക്രമമഴിച്ചുവിടുമ്പോൾ അവയെ സഹിഷ്ണുതയുടെ പരിധികഴിഞ്ഞതായി വ്യാഖ്യാനിച്ച് തൃപ്തിയടയുകയുമല്ല വേണ്ടത്. അതുപോലെ, ന്യൂനപക്ഷവർഗ്ഗീയതയുടെ അന്യവത്കരണശ്രമങ്ങളുടെ ഇരകളാവുന്നവരെ അസിഷ്ണുക്കളായ വിശ്വാസത്തിന്റെ വക്താക്കളാക്കാൻ ധൃതിപിടിക്കുന്നതിനു മുമ്പേ, അന്യവത്കരണശ്രമങ്ങളെ ചെറുത്ത് മുഖ്യധാരയിലേക്ക് ഇവരേയുംകൂടി കൊണ്ടുവരാനാണ് ശ്രമിക്കേണ്ടത്.

സഹിഷ്ണുതയുടെ പാഠങ്ങളും കണക്കുകളും നിരത്തുന്നതിനുപകരം നമുക്ക് പരസ്പരബഹുമാനത്തിന്റെ പാഠങ്ങൾ പഠിപ്പിക്കാം. 'നിനക്കു അവനെ സഹിച്ചുവേണം ജീവിക്കാൻ' എന്നതിനു പകരം 'നീ അവനേയും ബഹുമാനിക്കുക' എന്നു പഠിപ്പിക്കാം.

(Jul 10, 2010)[15]

[15] http://malayal.am/വാർത്ത/വിശകലനം/6671/സഹിഷ്ണുത-എന്ന-മിത്ത്

# ആവേശം അലകളുയർത്തിയ ബ്രിട്ടീഷ് ഗ്രാൻപ്രീ

2010ലെ ഫോർമുല വൺ ചാമ്പ്യൻഷിപ്പിലെ പത്താമത്് റേസാണ് കഴിഞ്ഞ ഞായറാഴ്ച (11 ജൂലൈ) ബ്രിട്ടണിലെ സിൽവർസ്റ്റോൺ പാർക്കിൽ നടന്നത്. മത്സരരംഗത്തുള്ള പന്ത്രണ്ട ടീമുകളിൽ ഭൂരിഭാഗത്തിന്റേയും ഹോം റേസായിരുന്ന സിൽവർസ്റ്റോണിലേത്. ഇറ്റലിയിനിന്നുള്ള ഫെറാരിയും ടോറോ റോസോയും, സ്പെയിനിനിന്നും പ്രവർത്തിക്കുന്ന ഹിസ്പാനിക് റേസിങ് ടീമും, സ്വിസ്സർലാൻഡിൽനിന്നും പ്രവർത്തിക്കുന്ന ബിഎംഡബ്ല്യൂ സൗബറുമാണ് ഇതിനപവാദം.

ഹോം റേസായതിന്റെ വീറും വാശിയുമാണോ എന്തോ, ഈ സീസണിലെ ഏറ്റവും നല്ല റേസായിരുന്ന ബ്രിട്ടണിൽ കണ്ടത്. ഇന്ധനം നിറയ്ക്കുന്നതിന് വിലക്കേർപ്പെടുത്തിയതിനുശേഷം ട്രാക്കിൽനിന്നും അപ്രത്യക്ഷമായിരുന്ന ശക്തമായ മത്സരങ്ങളും കനത്ത പോരാട്ടങ്ങളും ധാരാളമായിരുന്ന ബ്രിട്ടണിലെ ട്രാക്കിൽ. ഈ സീസണിൽ ഇത്തരം മത്സരം കണ്ടത് അപകടങ്ങളുടെ പരമ്പര തന്നെയുണ്ടായ മോണ്ടേ കാർലോയിലും ടയറുകൾ ചതിച്ച കാനഡയിലും മാത്രമാണ്. എന്നാൽ അപകടങ്ങൾ വളരെ കുറവും, നല്ല പ്രതലത്തിൽ നടന്ന മത്സരവുമായിട്ടും സിൽവർസ്റ്റോണിലേത് നല്ല ഒരു പോരാട്ടം തന്നെയായിരുന്നു.

വെള്ളിയാഴ്ച പുതിയ ഡിഫ്യൂസറൊക്കെ പരീക്ഷിച്ച് ആത്മവിശ്വാസം കാണിച്ചെങ്കിലും വേഗത്തിൽ വന്ന കുറവ്, വേഗംതന്നെ പഴയ ഡിസൈനിലേക്കു മടങ്ങാൻ ചാമ്പ്യൻഷിപ്പിൽ മുന്നിട്ടുനിൽക്കുന്ന മക്‌ലാരൻ തീരുമാനിച്ചിടത്തുനിന്നാണ് ബ്രിട്ടണിലെ ബഹളങ്ങൾ തുടങ്ങുന്നത്. അതിശക്തമായ ഒരു പോരാട്ടത്തിൽ റെഡ്ബുൾ പതിവുപോലെ പോൾ നേടി. കഴിഞ്ഞ കുറേ റേസുകളായി ദൗർഭാഗ്യം വേട്ടയാടിക്കൊണ്ടിരുന്ന റൊസ്ബർഗ്, റെഡ്ബുള്ളുകൾക്കും അലോൺസൊയുടെ ഫെറാരിയ്ക്കും ഹാമിൽട്ടണും പിറകിൽ അഞ്ചാമതെത്തി. എന്നാൽ ടയറുകൾ ഉപയോഗിക്കുന്നതിൽ പിഴവുപറ്റിയ കൂട്ടുകാരൻ ഷൂമാക്കർ പത്താമതേ എത്തിയുള്ളൂ. ബാരിക്കെല്ലോയുടെ വില്യംസും പെഡ്രോ ഡി ലാ റോസയുടെ സൗബറും വലൻസിയയിലെ തങ്ങളുടെ ഫോം നിലനിർത്തിക്കൊണ്ട് ഗ്രിഡ്ഡിൽ എട്ടും ഒൻപതും സ്ഥാനങ്ങളിലെത്തിയപ്പോൾ നഷ്ടമുണ്ടായത് നമ്മുടെ സ്വന്തം ഫോഴ്സ് ഇന്ത്യക്കാണ്. യോഗ്യതാറൗണ്ടിന്റെ മൂന്നാംപാദത്തിലെത്താൻ ഇപ്രാവശ്യവും രണ്ടു ഫോഴ്സ് ഇന്ത്യകൾക്കുമായില്ല. യോഗ്യതാറൗണ്ട് കഴിഞ്ഞപ്പോൾ മക്‌ലാരന് ആശങ്കകൾ നൽകിക്കൊണ്ട് നിലവിലെ ചാമ്പ്യൻ ജൻസൺ ബട്ടൺ രണ്ടാമതായിരുന്ന വില്യംസിനും സൗബറിനും പിറകിൽ പതിനാലാമതായാണ് ഗ്രിഡ്ഡിലെത്തിയത്. രണ്ടാമത്തെ ഫോഴ്സ് ഇന്ത്യയിൽ വിറ്റാൻടോണിയോ ലിയുസ്സി പതിനഞ്ചാമതായി യോഗ്യത നേടിയെങ്കിലും, നികൊ ഹൾക്കൻബർഗിന്റെ ഫ്ലൈയിങ് ലാപ്പിൽ ഇടങ്കോലിട്ടെന്നു പറഞ്ഞ് 5 സ്ഥാനം പിഴമേടിച്ചു. ഇത്രയുമായിരുന്നു ശനി

യാഴ്ചത്തെ വിശേഷങ്ങളെങ്കിൽ, ഞായറാഴ്ച ഭാഗ്യത്തിന്റെ കാറ്റ് ഗതിമാറിവീശി യെന്നു പറയണം.

പോളിൽ റേസാരംഭിച്ച വെറ്റൽ മോശം സ്റ്റാർട്ടും, മസ്സയുടെ ഫെറാ രിയുമായുള്ള ഉരസലും, അതുവഴി ഒരു പിറ്റ്സ്റ്റോപ്പും എല്ലാമായി ആദ്യലാ പ്പുകഴിഞ്ഞപ്പോൾ ഇരുപത്തിമൂന്നാമതായിരുന്നു. (മസ്സയായിരുന്നു ഇരുപ ത്തിനാലാമത്.) ഈ ബഹളത്തിനിടയിൽ സ്ഥാനം മെച്ചപ്പെടുത്തിയെ ങ്കിലും മുൻനിരയിൽ ഹാമിൽട്ടണും വെബ്ബറും കനത്ത പോരാട്ടത്തിലായി രുന്നു. റെഡ്ബുൾ ഡ്രൈവർമാരിനിന്നും ചാമ്പ്യൻഷിപ്പിൽ കടുത്തമത്സരം നേരിടുന്നതിനാൽ ഹാമിൽട്ടൺ വിട്ടുകൊടുക്കാൻ യാതൊരു പരിപാടിയുമില്ലാ യിരുന്നു. അവർക്കുപിന്നിൽ എതാണ്ട് മൂന്നുമിനിട്ടു പിറകിലായി കുബിത്സയും റൊസ്ബർഗും അലോൺസൊയും തമ്മിലായിരുന്നു അടുത്ത പോരാട്ടം. ആദ്യ പത്തുലാപ്പുകളിൽ വിർജിനിന്റെ ലൂകാസ് ഡി ഗ്രാസ്സി റിട്ടയർചെയ്തതല്ലാതെ വേറെ പ്രത്യേകിച്ച് വിശേഷമൊന്നുമുണ്ടായില്ല. എന്നാൽ ടയറുകളുടെ കാര്യ ത്തിൽ പിഴച്ച ഷുമാക്കർക്ക് റേസ് തന്ത്രത്തിലും പതിവില്ലാതെ പിഴയ്ക്കുന്നത് ബ്രി ട്ടനിലെ കാഴ്ചയായി. പത്താംലാപ്പിൽ ആദ്യ റഗുലർ പിറ്റെടുത്ത ഷുമാക്കർ പ്ര തീക്ഷിച്ചതിനു വിരുദ്ധമായി മദ്ധ്യനിരയിലെ ട്രാഫിക്കിന്റെ ഒത്തനടുവിൽ തിരി ച്ചെത്തി. എന്നാൽ തൊട്ടുപിന്നാലെ പിറ്റുചെയ്ത സൗബറിന്റെ കൊബിയാഷി യാകട്ടെ ഒന്നാന്തരമൊരു പിറ്റ് സ്റ്റോപ്പിലൂടെ ഷുമാക്കറിനു മുന്നിൽ കടക്കുകയും ചെയ്തു. ഷുമാക്കറിന്റെ 'ദൗർഭാഗ്യം' ഇവിടം കൊണ്ടവസാനിച്ചില്ല.

ആദ്യ പിറ്റിൽ പിഴച്ച കുബിത്സയുടെയും അലോൺസൊയുടെയും ചെലവിൽ മൂന്നാമതോടിയിരുന്ന ബട്ടൺ ഇരുപത്തിരണ്ടാം ലാപ്പിൽ പിറ്റെടുത്തപ്പോൾ റൊസ്ബർഗ് ശരിക്കും പോഡിയം മണത്തു തുടങ്ങിയിരുന്നു. അതിനുമുമ്പ് അൽഗ്യസാരിയുടെ ടോറോ റോസോയിനിന്നും കടുത്ത സമ്മർദ്ദത്തിലായിരുന്ന അലോൺസൊ ഒരു കോർണർ ഒഴിവാക്കി കുബിത്സയെ മറികടന്നിരുന്നു. അതിന് അതിഭയങ്കര വിലയാണ് മുൻലോകചാമ്പ്യൻ കൊടുക്കേണ്ടിവ ന്നത്. ഒരു ഡ്രൈവ് ത്രൂ പെനാൽട്ടി കിട്ടിയെങ്കിലും അതെടുക്കാനാവുന്ന തിനുമുമ്പ് പെഡ്രോ ഡി ലാ റോസയുടെ സൗബറിന്റെ കാറിൽനിന്നും ഇളകിവീണ ഭാഗങ്ങൾ ട്രാക്കിൽ വീണുകിടക്കുന്നതുകൊണ്ട് സേഫ്റ്റികാർ ട്രാക്കിലെത്തി. അതോടെ യെല്ലോ ഫ്ലാഗിനുശേഷം ഉടനെത്തന്നെ (ശരിക്കും പൊസിഷൻ മെച്ചപ്പെടുത്താവുന്ന അവസ്ഥയിൽ) ഡ്രൈവ് ത്രൂ എടുക്കണമെ ന്നായി അലോൺസൊയുടെ അവസ്ഥ. അത് അലോൺസോയുടെ റേസിന്റെ വിധിയെഴുതിയെന്നു വേണമെങ്കിൽ പറയാം.

സേഫ്റ്റികാർ മാറിയ ഉടനെയുണ്ടായ ഒരു കൂട്ടപ്പൊരിച്ചിലും, രണ്ട് ലോട്ട സുകളും കൂടി ബാരിക്കെല്ലോയെയും കൊബിയാഷിയെയും മറച്ചതും മുതലാക്കി ബട്ടൺ നാലാംസ്ഥാനം പിടിച്ചെടുത്തു. വേഗത്തിന്റെ കാര്യത്തിൽ ബട്ടന്റെ മക് ലാരന്റെയൊപ്പമെത്തില്ലെങ്കിലും ട്രാക്കിലുള്ള മുൻതൂക്കം അവസാനംവരെ കാത്തു സൂക്ഷിക്കാൻ റൊസ്ബർഗിനായി.

എന്നാൽ ഈ സമയംകൊണ്ട് തന്റെ വേഗത്തിനുമുമ്പിൽ ഒന്നുമല്ലാതിരുന്ന പിൻനിര കാറുകളെയെല്ലാം തട്ടിമാറ്റി വെറ്റൽ മദ്ധ്യനിരയിലെത്തിയിരുന്നു. ഈ സമയം ഏഴാംസ്ഥാനത്ത് ബാരിക്കെല്ലോയുടെ വില്യംസിന്റെയും കൊബിയാഷിയുടെ സൗബറിന്റേയും പുറകിൽ ഓടിക്കൊണ്ടിരുന്ന ഷൂമാക്കറിന് വീണ്ടും കഷ്ടകാലം തുടങ്ങി. ആദ്യം അഡ്രിയാൻ സുട്ടിലിന്റെ ഫോഴ്സിന്ത്യയുടെ ആക്രമണത്തിൽ വേഗംതന്നെ നിലംപരിശായ ഷൂമാക്കർ തന്റെ പഴയ പ്രതാപമെല്ലാംപോയ ഒരു കാരണവരുടെ അവസ്ഥയിലായപ്പോഴാണ് മറ്റൊരു യുവജർമനിൽനിന്ന് ശക്തമായ ആക്രമണത്തിലാവുന്നത്. എന്നാൽ വെറ്റലിനോടും വേഗംതന്നെ ഷൂമാക്കർ കീഴടങ്ങി. അഡ്രിയാൻ സുട്ടിൽ ഏതാണ്ട് അവസാനംവരെ വെറ്റലിനെ തന്റെ പിന്നിൽ തളച്ചിട്ട വിരുതുകൂടി കാണുമ്പോഴാണ് ഷൂമാക്കർ എത്ര വെല്ലുവിളി ട്രാക്കിൽ ഉയർത്തുന്നുവെന്ന നമ്മൾ സംശയിക്കുന്നത്. അവസാനലാപ്പുകളിൽ ഏഴ്, എട്ട് സ്ഥാനങ്ങൾക്കുവേണ്ടി ശക്തമായ മത്സരമായിരുന്നു ട്രാക്കിൽ നടന്നത്. നാലു ജർമ്മൻ ഡ്രൈവർമാർ (വെറ്റൽ, സുട്ടിൽ, ഷൂമാക്കർ, ഹൾക്കെൻബർഗ്) തങ്ങളുടെ ഇംഗ്ലീഷ് ടീമുകൾക്കുവേണ്ടി ട്രാക്കിൽ ഏറ്റുമുട്ടുന്ന കാഴ്ച ശരിക്കും ഒരു വിരുന്നുതന്നെയായിരുന്നു.

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും ചാമ്പ്യഷിപ്പ് പോരാട്ടങ്ങൾ മക്ലാരനിലേക്കും (279) റെഡ്ബുള്ളിലേക്കും (249) ഒതുങ്ങുന്ന കാഴ്ചയാണു കാണുന്നത്. 145 പോയിന്റുമായി ലൂയിസ് ഹാമിൽട്ടണാണ് മുന്നിൽ. 133 പോയിന്റുമായി നിലവിലെ ചാമ്പ്യനും സഹ മക്ലാരൻ ഡ്രൈവറുമായ ബട്ടൺ രണ്ടാമതാണ്. മൂന്നാമത് റെഡ്ബുള്ളിന്റെ മാർക് വെബ്ബറും (128) നാലാമത് (121) രണ്ടാമത്തെ റെഡ്ബുൾ ഡ്രൈവർ വെറ്റലുമാണ്. പക്ഷെ, കഴിഞ്ഞ കുറെ റേസുകളായി തുടർന്നുവരുന്ന മദ്ധ്യനിരയിലെ പോരാട്ടം ശക്തമായിക്കൊണ്ടിരിക്കുകയാണ്. വരുംയൂറോപ്യൻ റേസുകളിൽ അത് ശക്തമാകുമെന്ന് നമുക്ക് കൃത്യമായി പ്രതീക്ഷിക്കാം. എന്തായാലും മെഴ്സിഡസ് അവരുടെ അടുത്തകൊല്ലത്തെ കാറിനെക്കുറിച്ച് ഇപ്പോൾത്തന്നെ ആലോചിച്ചു തുടങ്ങിയിരിക്കുമെന്നു മാത്രം ഊഹിക്കാം. :)

വില്യംസിന്റെയും സൗബറിന്റേയും കാറുകൾ മദ്ധ്യനിരയിലെ തിരക്കേറ്റിയപ്പോൾ വലഞ്ഞത് മെഴ്സിഡസും റെനോയും മാത്രമല്ല. സീസണിലെ തുടക്കംമുതലേ അംഗീകൃത മദ്ധ്യനിരടീമുകളെന്ന പദവിക്കുവേണ്ടി പോരാടുന്ന ഫോഴ്സ് ഇന്ത്യയും ടോറോ റോസോയുമാണ്. എന്തായാലും, കോസ്‌വർത്ത് എൻജിനുകളല്ല മറ്റു ടീമുകളെയൊന്നും പിന്നോട്ടടിപ്പിക്കുന്നതെന്ന് വില്യംസിന്റെ കഴിഞ്ഞ രണ്ടു റേസിലെ പ്രകടനത്തിൽനിന്നും ശരിക്കും വ്യക്തമായി. അതുപോലെ ഫെറാരിയുടെ എൻജിൻ സൗബറിനു ഇപ്പോഴും പ്രശ്നങ്ങളുണ്ടാക്കുന്നത് എൻജിൻ സപ്ലയറെന്ന നിലയിൽ ഫെറാരിയ്ക്കൊരു നല്ല വാർത്തയല്ല. പ്രത്യേകിച്ചും മെഴ്സിഡസ് ശക്തമായ വെല്ലുവിളിയുയർത്തുമ്പോൾ.

എന്തായാലും അടുത്താഴ്ചനടക്കുന്ന ജർമൻ ഗ്രാൻപ്രീ ഒരുപാടു മുൻനിര ഡ്രൈവർമാർക്ക് ഹോം റേസാണ്. ഈ സീസണിലിന്നുവരെ ഒരു ഡ്രൈവറും

ഹോം റേസിൽ ഒന്നാമനായിട്ടില്ല. കളം നിറഞ്ഞുനിൽക്കുന്ന ജർമൻ ഡ്രൈവർമാർ പതിവിനു വ്യത്യാസം വരുത്തുമോ എന്നു കണ്ടറിയാം.

(Jul 15, 2010)[16]

[16] http://malayal.am/വിനോദം/കായികം/6772/ആവേശം-അലകളുയർത്തിയ-ബ്രിട്ടീഷ്-ഗ്രാൻപ്രീ

# ജർമൻ ഗ്രാൻപ്രീയിൽ ഫെറാരിയുടെ തിരിച്ചുവരവ്

25 ജൂലൈ ഞായറാഴ്ച ജർമനിയിലെ ഹോക്കൻഹൈമിലെ സർക്യൂട്ടിൽ നടന്ന പതിനൊന്നാംപാദം ഫെറാരിയുടെ തിരിച്ചുവരവുകൊണ്ടാണ് ശ്രദ്ധേയ മായത്. സീസണിലെ ആദ്യറേസായിരുന്ന ബഹ്റൈൻ ഗ്രാൻപ്രീക്കുശേഷം ജർമനിയിലാണ് വമ്പൻമാരായ ഫെറാരി ഒരു 1-2 പോഡിയം ഫിനിഷ് കരസ്ഥമാക്കിയത്. ഫെറാരിയുടെ വിജയത്തിളക്കത്തിൽ ചെറിയ കരിനിഴൽ വീഴ്ത്തിയത്, അലോൺസൊാക്ക് ഒന്നാംസ്ഥാനം കിട്ടാൻവേണ്ടി ഫെലിപെ മസ്സ വഴിയൊഴിഞ്ഞുകൊടുത്തു എന്നുകണ്ട് എഫ്.ഐ.എ. ഫെറാരിയ്ക്ക് ഒരു ലക്ഷം ഡോളർ പിഴയിടുകയും, കൂടുതൽ ശിക്ഷയുടെ കാര്യം തീരുമാനി ക്കാനായി വേൾഡ് മോട്ടോർസ്പോർട്സ് കൗൺസിലിനു വിടുകയും ചെയ്തു താണ്.

ഫെറാരിയുടെ ആരാധകർക്ക് ആഹ്ലാദിക്കാൻ ധാരാളം ഇടനൽകിയെങ്കിലും, നാലു് ശക്തരായ ജർമൻ ഡ്രൈവർമാർ അണി നിരന്ന റേസ് ജർമനിക്ക് വലിയ ആഹ്ലാദമൊന്നും നൽകിയില്ല. പോൾ നേടുകയും ഫെറാരികളുടെ പിറകിൽ മൂന്നാംസ്ഥാനം നേടുകയും ചെയ്ത സെബാ സ്റ്റ്യൻ വെറ്റൽ മാത്രമാണ് ജർമനിക്ക് ആശ്വാസമായത്. മെഴ്സിഡസിന്റെ ജർമൻ ഡ്രൈവർമാർ സീസണിലെ തങ്ങളുടെ പതിവുതുടർന്നപ്പോൾ, ഫോഴ്സ് ഇന്ത്യയുടെ ഏറ്റവും മോശം റേസുകളിലൊന്നായിരുന്നു ഇത്. ലിയുസ്സി യോഗ്യതാറൗണ്ടിൽ കാറിന്റെ നിയന്ത്രണം നഷ്ടപ്പെട്ട് പുറത്തി രുന്നുവെങ്കിൽ ഗിയർബോക്സ് മാറ്റിവച്ചതിന് അഞ്ചു് സ്ഥാനം ഗ്രിഡിൽ പെനാൽട്ടിയുമായാണ് സ്റ്റാർട്ട് തുടങ്ങിയത്. മാത്രമല്ല, റേസിനിടയിൽ പിറ്റിൽവച്ച് രണ്ടു ഡ്രൈവർമാരുടെയും ടയറുകൾ മാറിപ്പോയതിന് ഫോഴ്സ് ഇന്ത്യക്ക് പിഴയും ലഭിച്ചു. ഇന്ത്യൻ ആരാധകരുടെ മറ്റൊരു പ്രതീക്ഷയായ കരൺ ചന്ദോക്കിനാവട്ടെ ജർമനിയിൽ ഹിസ്പാനിക് റേസിങ് ടീം അവസരം നൽകിയതുമില്ല.

കഴിഞ്ഞ കുറെ റേസിലെ പതിവിൽനിന്നും വിപരീതമായി, ഇത്തവണ ആദ്യ പത്തുസ്ഥാനങ്ങളെല്ലാംതന്നെ സ്വന്തമാക്കിയത് മുൻനിര ടീമുകളാണ്. ഒന്നും രണ്ടും ഫെറാരി, മൂന്നും ആറും റെഡ്ബുൾ, നാലും അഞ്ചും മക്‌ലാരൻ, ഏഴും പത്തും റെനോ, എട്ടും ഒൻപതും മെഴ്സിഡസ്. കഴിഞ്ഞ റേസുകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച വില്യംസും സൗബറും ടോറോ റോസോയും മറ്റും കുറച്ചുമങ്ങിപ്പോയെന്നുവേണമെങ്കിൽ പറയാം. സീസണിന്റെ തുടക്കംമുതലേ മധ്യനിരയിലെ ശക്തമായ സാന്നിധ്യമായിരിക്കുകയും, യൂറോപ്പിൽ പോഡി യംവരെ നേടാൻ സാധ്യതകൽപ്പിക്കപ്പെടുകയും ചെയ്തിരുന്ന ഫോഴ്സ് ഇന്ത്യയാ കട്ടെ ജർമനിയിൽ തീരെ മങ്ങിപ്പോയി.

ശക്തമായ ഒരു സ്റ്റാർട്ടിലൂടെ ഫെറാരിയുടെ ഫെലിപെ മസ്സ വെറ്റലിനെ മറികടന്നുവെങ്കിലും രണ്ടാമതുണ്ടായിരുന്ന അലോൺസൊയെ ചെറുതായി ഒന്നു തടുക്കാൻ ജർമനു കഴിഞ്ഞു. പക്ഷെ അധികം വൈകാതെതന്നെ മസ്സ,

അലോൺസൊ, വെറ്റൽ എന്നായി നില. കഴിഞ്ഞമത്സരങ്ങളിൽനിന്നും വ്യത്യസ്തമായി, മക്‌ലാരൻ കാറുകൾക്ക് വെറ്റലിന്റെ മുകളിൽ സമ്മർദ്ദം ചെലുത്താൻ സാധിച്ചില്ല. ആദ്യലാപ്പിൽ ഗ്രിഡ്ഡിന്റെ മധ്യത്തിലുണ്ടായ അപകടം ടോറോ റോസോയുടെ സെബാസ്റ്റ്യൻ ബ്യൂയെമിയുടെ റേസിന് വിരാമമിടുകയും ഒട്ടേറേ കാറുകൾക്ക് പിറ്റ് ലേനിലേക്ക് ഒരു ട്രിപ്പ് സമ്മാനിക്കുകയും ചെയ്തു. ലോട്ടസിനെ വിടാതെ പിന്തുടരുന്ന സ്ഥിരതയില്ലായ്മ ഇത്തവണ ട്രൂലിയുടെ ഗിയർബോക്സിനെയാണ് ഇരയാക്കിയത്. മൂന്നാം ലാപ്പിൽ ട്രൂലിയുടെ റേസ് അവസാനിച്ചു.

പതിമൂന്നാം ലാപ്പുമുതൽ മുൻനിരകാറുകൾ പിറ്റ് ചെയ്ത് തുടങ്ങി. പതിനഞ്ചാം ലാപ്പിൽ പിറ്റ് ചെയ്ത റേസ് ലീഡർ മസ്സ രണ്ടാമനായാണ് തിരിച്ചുകയറിയത്. ഇരുപത്തിയാറാം ലാപ്പിൽ ബട്ടൻ പിറ്റു ചെയ്യുന്നതുവരെ രണ്ടാംസ്ഥാനത്തുണ്ടായിരുന്ന മസ്സ അത്ഭുതങ്ങൾക്കൊന്നും ഇടനൽകാതെ വീണ്ടും റേസ് ലീഡറായി. പിന്നീട് മുപ്പത്തിയഞ്ചാം ലാപ്പുവരെ പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല. സൗബറിന്റെ പെഡ്രോ ഡി ലാ റോസ ടീം മേറ്റ് കമുയി കൊബിയാഷിയേക്കാളും കേമനാണ് താനെന്ന കാണിക്കാനെന്നോണം ട്രാക്കിൽ അഗ്രസ്സീവായി പെരുമാറിയത് ആരാധകർക്ക് ആഹ്ലാദം പകർന്ന കാഴ്ചയായിരുന്നു.

ഹൾക്കെൻബെർഗിനെ മറികടന്ന് ഏഴാംസ്ഥാനത്തെത്തിയെങ്കിലും പോരാട്ടം മുൻനിരകാറുകളിലേക്കെത്തിക്കാനാവാത്തതിനാൽ അവിടംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ഇതേസമയം മുൻനിരയിൽ മസ്സ അലോൺസൊയിൽനിന്നും ശക്തമായ സമ്മർദ്ദം നേരിടുന്നുണ്ടായിരുന്നു. എങ്കിലും പിന്നിട്ട് നാൽപ്പത്തിയൊൻപതാം ലാപ്പിലാണ് പിഴയ്ക്കിടയാക്കിയ റേഡിയോ നിർദ്ദേശവും മറികടക്കലുമുണ്ടായത്.

അൻപത്തിരണ്ടാം ലാപ്പിൽ പെഡ്രോ ഡി ലാ റോസ പിറ്റ് ചെയ്ത് സോഫ്റ്റ് ഓപ്ഷൻ ടയറുകളിൽ പുറത്തുവന്നു. ഉടൻതന്നെ വില്യംസുകളോട് ശക്തമായ പോരാട്ടവും തുടങ്ങി. അൻപത്തിയെട്ടാം ലാപ്പായപ്പോഴേക്കും റോസയുടെ പോരാട്ടം ബാരിക്കെല്ലോയുടെ വില്യംസിനോടായിരുന്നു. എന്നാൽ അറുപതാം ലാപ്പിൽ തനിക്കും വില്യംസിനും ഇടയിൽ ചാടിയ കൊവാലെയ്നന്റെ രണ്ടാം ലോട്ടസിനോട്ടുരസി റോസയ്ക്ക് വീണ്ടും പിറ്റു ചെയ്യേണ്ടിവന്നു. അതോടെ ലോട്ടസിന്റെ ജർമ്മൻ ഗ്രാൻപ്രീയ്ക്ക് തിരശ്ശീലവീഴുകയും ചെയ്തു. അവസാന ലാപ്പുകളിൽ ശക്തമായ പോരാട്ടമായിരുന്നു മുൻനിരയിൽ മസ്സയും വെറ്റലും തമ്മിൽ നടന്നത്.

എന്തായാലും ജർമൻ ഗ്രാൻപ്രീയും ഹോം റേസിൽ ഒരു ജർമനെ ഒന്നാമതെത്തിക്കാതെ സീസണിന്റെ റെക്കോർഡ് കാത്തു സൂക്ഷിച്ചു. ജർമനിയിൽ ശക്തമായി സാന്നിധ്യമറിയിച്ചെങ്കിലും കിരീടപോരാട്ടത്തിൽ മക്‌ലാരനിൽ (300) നിന്നും 92 പോയിന്റ് പിറകിലാണ് ഫെറാരി. റെഡ്ബുള്ളാകട്ടെ 28 പോയിന്റ് പിറകിലും. ഡ്രൈവർമാരുടെ പോരാട്ടത്തിൽ ഹാമിൽട്ടൺ 157 പോയിന്റുമായി ഇപ്പോഴും മുന്നിലാണ്. ബ്രിട്ടനിലേക്കാളും തന്റെ നില അദ്ദേഹം

മെച്ചപ്പെടുത്തുകയും ചെയ്തു. എന്നാൽ വെറ്റൽ (136) സ്വന്തം ടീം മേറ്റ് വെബ്ബറിനൊപ്പത്തിനൊപ്പമാണ്.

ആഗസ്റ്റ് ഒന്നിനാണ് ഹംഗേറിയൻ ഗ്രാൻപ്രീ. ബാക്ക് ടു ബാക്ക് റേസായതിനാൽ കൂടുതൽ വലിയ മാറ്റങ്ങളൊന്നും ടീമുകളിൽനിന്നും പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ ഡ്രൈവേഴ്സ് ചാമ്പ്യൻഷിപ്പിൽ ശക്തമായ പോരാട്ടം നടക്കുന്നതും ഫെറാരി താളം കണ്ടെത്തിയതും മക്‌ലാരൻ റെഡ്ബുൾ ടീമുകളെ വിഷമിപ്പിക്കും. മെഴ്സിഡസ് ഈ വർഷത്തെ പോരാട്ടം അവസാനിപ്പിച്ച് അടുത്തവർഷത്തെ കാറിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ തീരുമാനിച്ചാൽ വീണ്ടും ടീമുകൾ സമ്മർദ്ദത്തിലാകും. എന്തായാലും വരുംനാളുകളിലെ യൂറോപ്യൻ റേസുകളും തീപാറുന്നവയായിരിക്കുമെന്ന് നമുക്കുറപ്പിക്കാം.

(28 July 2010)[17]

[17] http://malayal.am/വിനോദം/കായികം/7023/ജർമൻ-ഗ്രാൻപ്രീയിൽ-ഫെറാരിയുടെ-തിരിച്ചുവരവ്

# ബുഡാപെസ്റ്റിലെ തണുപ്പൻ കാറോട്ടം

ആഗസ്റ്റ് ഒന്നിന് ബുഡാപെസ്റ്റിൽ നടന്ന ഹംഗേറിയൻ ഗ്രാൻപ്രീയോടെ ഫോർമുലാ വൺ 2010 സീസണിലെ 12 റേസുകൾക്ക് തീരുമാനമായി. ശക്തമായ ചില പോരാട്ടങ്ങൾ ട്രാക്കിലുണ്ടായെങ്കിലും, ഹംഗറിയിലെ ചൂടുള്ള ട്രാക്കിൽ വളരെ തണുത്ത പോരാട്ടമായിരുന്നു അരങ്ങേറിയത്. മാർക് വെബ്ബറും റെഡ്ബുള്ളും മക്‌ലാരനിൽനിന്ന് പോയിന്റ് നിലയിൽ ലീഡ് തിരിച്ചുപിടിച്ച് ശക്തി തെളിയിച്ചു. ജർമനിയിലെ അത്ര ശക്തമായിരുന്നില്ലെങ്കിലും രണ്ടും നാലും സ്ഥാനങ്ങളിലെത്തി ഫെറാരിയും കരുത്തു കാണിച്ചു.

യോഗ്യതാറൗണ്ടിൽ ഏഴാംതവണയും സെബാസ്റ്റ്യൻ വെറ്റൽ പോൾ നേടിയപ്പോൾ, നാലുതവണ പോൾ നേടിയ വെബ്ബർ രണ്ടാമതെത്തി. സീസണിൽ ആറാം തവണയാണ്, ഗ്രിഡ്ഡിലെ മുൻനിര റെഡ്ബുൾ സ്വന്തമാക്കിയത്. തൊട്ടു പിന്നിൽ ഫെറാരികൾ അലോൺസൊയുടെ നേതൃത്വത്തിൽ അണിനിരന്നപ്പോൾ നിലവിലെ ചാമ്പ്യൻ ബട്ടൺ മൂന്നാംപാദം കണ്ടില്ല. ഫോഴ്സ് ഇന്ത്യയുടെ കാറുകൾ തുടർച്ചയായി രണ്ടാംതവണയും മൂന്നാംപാദത്തിലെത്തുന്നതിൽ പരാജയപ്പെട്ടു. വിറ്റാലി പെട്രോവ് സീസണിൽ ആദ്യമായി സഹ റെനോഡ്രൈവർ കുബിത്സ്ക്കു മുന്നിൽ യോഗ്യതനേടിയപ്പോൾ പെഡ്രോ ഡി ലാ റൊസയും നികൊ ഹൾക്കെൻബെർഗും മൂന്നാംപാദത്തിലെത്തി സൗബർ, വില്യംസ് ടീമുകൾ ശക്തമായ മദ്ധ്യനിര സാന്നിദ്ധ്യമാണെന്നു തെളിയിച്ചു. ഇന്ത്യൻ ഡ്രൈവർ കരൺ ചന്ദോക്കിന് ഇത്തവണയും അവസരം കിട്ടിയില്ല.

ആദ്യലാപ്പിൽ ശക്തമായ സ്റ്റാർട്ടിലൂടെ ഫെറാരികൾ റെഡ്ബുള്ളുകളുടെമേൽ ചെറിയ ആധിപത്യം നേടി. അലോൺസൊ വെബ്ബറിനെ മറികടക്കുകയും വെറ്റലിന് വളരെ അടുത്തെത്തുകയും ചെയ്തപ്പോൾ ആദ്യവളവിനുമുമ്പ് ഉൾവശത്തുകൂടെ വെബ്ബറെ മറികടക്കാനുള്ള മസ്സയുടെ ശ്രമം പാളിപ്പോയി. എന്നാൽ ഏഴാമതുനിന്ന് റൊസ്ബർഗിനേയും ഹാമിൽട്ടണേയും മറികടന്ന് അഞ്ചാംസ്ഥാനത്തെത്തിയ പെട്രോവ് തന്റെ കഴിവ് പുറത്തെടുത്തു. മൈക്കൽ ഷുമാക്കറാവട്ടെ, മറ്റൊരു ശക്തമായ സ്റ്റാർട്ടിലൂടെ പുതിയ തന്റെ അവതാരം ഇപ്പോൾ നല്ല സ്റ്റാർട്ടറാണെന്നു കാണിച്ചുതന്നു. മികച്ച ഫ്ലൈയിങ് ലാപ്പുകളും പിറ്റ് സ്റ്റോപ്പ്/ടയർ ഓപ്ഷൻ തീരുമാനങ്ങളും എടുത്തിരുന്ന പഴയ സ്വരൂപം കൂടി തിരിച്ചെടുക്കാനായാലെ പക്ഷേ ഷുമാക്കർക്ക് രക്ഷയുള്ളൂ. ആദ്യലാപ്പിൽ തന്റെ മുന്നിൽ കടന്നെങ്കിലും രണ്ടാംലാപ്പിൽ പെട്രോവിന്റെ പരിചയക്കുറവ് മുതലെടുത്ത് ഹാമിൽട്ടൺ അഞ്ചാംസ്ഥാനത്ത് തിരിച്ചെത്തി. റേസിലെ ആദ്യ റിട്ടയർമെന്റ് ടോറോ റോസോയുടെ ജെയ്മി അൽഗ്യുസാരിയുടേതായിരുന്നു. എൻജിൻ പ്രശ്നം കാരണമായിരുന്നു വിരമിക്കൽ.

നല്ല ചൂടുള്ള ട്രാക്ക് സൂപ്പർ സോഫ്റ്റ് ടയറുകൾക്ക് കൂടുതൽ ആയുസ്സുനൽകിയത് വിരസമായ ഒരു റേസിന് പ്രധാനകാരണമായെന്നു വേണമെങ്കിൽ പറയാം. ടയറുകളോ അപകടങ്ങളിലൂടെയുണ്ടായ അപ്രവചനീയതയോ ആണ് സീസണിലെ മികച്ചതെന്നു പറയാവുന്ന റേസുകൾക്ക് വഴിയൊരു

ക്കിയത്. ഇവിടെയും പതിനഞ്ചാം ലാപ്പിൽ ബട്ടന്റെയും ലിയുസ്സിയുടെയും കാറുകൾ തമ്മിലുരസുകയും അതിനുശേഷം തുടരെത്തുടരെ കാറുകൾ പിറ്റ് ചെയ്യുകയും ചെയ്തപ്പോൾ ഹാമിൽട്ടൺ മസ്സയെ മറികടക്കുകയും, പിറ്റിൽ നടന്ന ബഹളത്തിൽ അപകടത്തിലൂടെ സൂട്ടിലും റൊസ്ബർഗും വിരമിക്കുകയും, കുബിത്സയുടെ പോയിന്റ് പ്രതീക്ഷകൾ അസ്തമിക്കുകയും ചെയ്തെങ്കിലും നല്ല മൈലേജ് നൽകിയ സോഫ്റ്റ് ടയറുകൾ മാർക് വെബ്ബർക്ക് ലീഡ് നേടി ക്കൊടുക്കുകയായിരുന്നു. എല്ലാവരും സേഫ്റ്റികാർ ഇറങ്ങുന്നതിനുമുമ്പ് പിറ്റ് ചെയ്തപ്പോൾ വെബ്ബറിനും ബാരിക്കെല്ലോക്കും അതിനു കഴിഞ്ഞില്ല. തുടർന്ന് പ്രതിരോധത്തിലായ വെബ്ബറെ സഹായിക്കാൻ വെറ്റൽ മറ്റുകാറുകളെ സേഫ്റ്റി കാറിനുപിന്നിൽ പത്ത് കാർ ദൂരത്തിനുമപ്പുറം തളച്ചിട്ടു. ഇതിനു പിന്നീട് വെറ്റലിന് ഡ്രൈവ് ത്രൂ പെനാൽട്ടി ലഭിച്ചു.

സേഫ്റ്റികാർ പിന്മാറിയശേഷം വെബ്ബർ സോഫ്റ്റ് ടയറുകളുടെ ആനുകൂല്യവും ഹംഗറിയിൽ ഫെറാരിക്കുമേൽ കണ്ടെത്തിയ വേഗവും മുതലെടുത്ത് ലീഡ് വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധചെലുത്തി. ഇതിനിടയിൽ മക്‌ലാരന്റെ നിരാശയുടെ ആഴം വർദ്ധിപ്പിച്ചുകൊണ്ട് ഹാമിൽട്ടൺ ട്രാൻസ്മിഷൻ പ്രശ്നവുമായി ഇരുപ ത്തിനാലാം ലാപ്പിൽ വിരമിച്ചു. പിറ്റ് സ്റ്റോപ്പിലെ അപകടത്തിന് 10 സെക്കന്റ് സ്റ്റോപ് ഗോ ശിക്ഷയുംകൂടി ലഭിച്ച കുബിത്സ അവസാനം ഇരുപത്തിയാറാം ലാപ്പിൽ റേസ് അവസാനിപ്പിച്ചു. വെബ്ബർ ലീഡ് വർദ്ധിപ്പിച്ചു കൊണ്ടിരു ന്നെങ്കിലും, ഡ്രൈവ് ത്രൂ വെറ്റലിന് നിശ്ചയമായിരുന്ന രണ്ടാംസ്ഥാനം നഷ്ട മാക്കി. അവസാനം നാൽപ്പത്തിനാലാം ലാപ്പിൽ പിറ്റ് ചെയ്യുമ്പോൾ രണ്ടാം സ്ഥാനത്തുണ്ടായിരുന്ന ഫെറാരിയുടെ അലോൺസൊയുടെമേൽ വെബ്ബറിന് 23.7 സെക്കന്റ് ലീഡ് ഉണ്ടായിരുന്നു.

എന്നാൽ പ്രൈം ടയറുകളിൽ റേസ് തുടങ്ങുകയും പെട്രോവിൽനിന്നും ഹൾക്കെൻബെർഗിൽനിന്നും ശക്തമായ സമ്മർദ്ദം നേരിടുകയും ചെയ്ത ബാരി ക്കെല്ലോയ്ക്ക് കാര്യങ്ങൾ അത്ര എളുപ്പമായിരുന്നില്ല. അവസാനം ഒരു പോയിന്റി നുവേണ്ടി ജീവൻ പണയംവച്ചുള്ള പോരാട്ടമാണ് മൈക്കൽ ഷുമാക്കറിൽനിന്നും നേരിടേണ്ടിവന്നത്. അൻപത്തിയാറാം ലാപ്പിൽ പിറ്റ് ചെയ്ത ബാരിക്കെല്ലോ എതാണ്ട് പത്തുലാപ്പോളം നീണ്ട പോരാട്ടത്തിനൊടുവിൽ തലനാരിഴയ്ക്കാണ് ഷുമാക്കറിൽനിന്നും പത്താംസ്ഥാനം നേടിയത്.

വിരസമായ റേസായിരുന്നുവെങ്കിലും വെബ്ബർ ഒന്നാമതെത്തുകയും, വെറ്റൽ മൂന്നാമതെത്തുകയും ചെയ്തത്, റെഡ്ബുള്ളിന് (312) മക്‌ലാരനുമേൽ (304) എട്ടു പോയിന്റ് ലീഡ് നേടിക്കൊടുത്തു. ഡ്രൈവർമാരുടെ പോരാട്ടം ശരിക്കും ഒരു 'ഫൈവ് വേ' പോരാട്ടമാവുകയും ചെയ്തു. വെബ്ബർ (161) ചെറിയൊരു ലീഡുമായി ഹാമിൽട്ടണു (157) മുകളിൽ ഒന്നാമതാണിപ്പോൾ. മൂന്നാമത് വെറ്റലും (151). നാലും അഞ്ചും സ്ഥാനങ്ങളിൽ നിലവിലെ ചാമ്പ്യൻ ബട്ടണും (147), അലോൺസൊയുമാണ് (141). ആദ്യ അഞ്ചുസ്ഥാനങ്ങളെ പിരിക്കുന്നത് വെറും 20 പോയിന്റുമാത്രം. ഒരാഴ്ചയുടെ ഇടവേളയിൽനടന്ന ജർമൻ-ഹംഗേറിയൻ റേസുകളിൽ റെഡ്ബുൾ കാറുകളുടെ വേഗവ്യത്യാസം ശ്ര

ഢിച്ചാൽത്തന്നെ ഇതെത്ര ചെറിയ വിടവാണെന്ന മനസ്സിലാവും. ജർമനിയിൽ ഫെറാരികൾ റെഡ്ബുള്ളിനൊപ്പത്തിനൊപ്പമായിരുന്നു, എന്നാൽ ഹംഗറിയിലെത്തിയപ്പോൾ അത് 24 സെക്കന്റ് ലീഡ് വരെ കൊടുക്കുന്ന രീതിയിലെത്തി. ട്രാക്കിനനുസരിച്ച് കാർ സെറ്റ് ചെയ്യുന്നതിൽ റെഡ്ബുൾ ഫെറാരിയേക്കാൾ മികവു കാണിച്ചതു മാത്രമാണ് ഈ മുന്നേറ്റത്തിനടിസ്ഥാനം.

ഫോർമുല വണ്ണിലെ വേനലവധിയാണ് ഇനി വരുന്ന രണ്ടാഴ്ചകൾ. അതിനുശേഷം ആഗസ്റ്റ് അവസാനം ബെൽജിയത്തിലും പിന്നീട് സെപ്റ്റംബർ രണ്ടാംവാരം ഇറ്റലിയിലും നടക്കുന്ന പോരാട്ടങ്ങളോടെ ഫോർമുല വൺ 2010 സീസണിന്റെ യൂറോപ്യൻ പാദം അവസാനിക്കും. പിന്നെ ഫാർ ഈസ്റ്റിലെ മൂന്നു റേസുകളും (സിംഗപ്പൂർ, ജപ്പാൻ, കൊറിയ), ഏക ലാറ്റിനമേരിക്കൻ റേസും (ബ്രസീൽ), മിഡിൽ ഈസ്റ്റിലെ രണ്ടാം റേസുമാണ് (അബുദാബി) ബാക്കിയുള്ളത്. ഈ റേസുകൾ പലതും പുതിയവയും കൃത്യമായി മനസ്സിലാക്കാനാവാത്ത ട്രാക്കുകളിൽ നടക്കുന്നവയുമായതിനാൽ വരുന്ന രണ്ടു യൂറോപ്യൻ റേസുകൾ ശക്തമായ തയ്യാറെടുപ്പുകളോടെയായിരിക്കും ടീമുകളെല്ലാം നേരിടുന്നത്. ഫോഴ്സ് ഇന്ത്യ അവരുടെ കരിയറിലെ ഏറ്റവും മികച്ച പ്രകടനങ്ങൾ പുറത്തെടുത്തതു കഴിഞ്ഞവർഷം ബെൽജിയത്തിലും ഇറ്റലിയിലുമാണ്. അതു ഇന്ത്യൻ ആരാധകർക്ക് വലിയ പ്രതീക്ഷകളാണ് നൽകുന്നത്.

(5 August 2010)[18]

[18]http://malayal.am/വിനോദം/കായികം/7191/ബുഡാപെസ്റ്റിലെ-തണുപ്പൻ-കാറോട്ടം

# അപ്രത്യക്ഷമാകുന്ന എഡിറ്റോറിയൽ ഡെസ്ക്

ജനാധിപത്യത്തിന്റെ നിലനിൽപ്പിനും മനുഷ്യാവകാശങ്ങളുടെ പരിരക്ഷയ്ക്കും, സ്വതന്ത്രവും നിഷ്പക്ഷവുമായ മാദ്ധ്യമങ്ങളുണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. "സ്വതന്ത്രവും നിഷ്പക്ഷവുമായ മാദ്ധ്യമങ്ങൾ" എന്നതിലെ സ്വാതന്ത്ര്യമെന്ന ഭാഗത്തിന് കൂടുതൽ ഊന്നൽകൊടുക്കുകയും, നിഷ്പക്ഷത എന്നത് പലപ്പോഴും ഒരു ജലരേഖയാവുകയും ചെയ്യുന്നത് ഇന്നത്തെ മാദ്ധ്യമലോകത്ത് സാധാരണമാണ്. പ്രത്യക്ഷ അജണ്ടകളോടെയോ വ്യക്തമായ ചായ്‌വുകളോടെയോ രാഷ്ട്രീയ/മത/സാമൂഹ്യ സംഘടനകളുടെ ജിഹ്വകളായി ധാരാളം മാദ്ധ്യമങ്ങൾ പ്രവർത്തിക്കുന്നു. നിഷ്പക്ഷപ്രവർത്തനമെന്നതിനേക്കാളും മുഖ്യധാരയിൽ പിന്തള്ളപ്പെട്ടുപോകുന്ന കാഴ്ചപ്പാടുകളെ പൊതുസമൂഹത്തിൽ ചർച്ചയ്ക്കുവയ്ക്കുക എന്നതാണ് ഇവരുടെ പ്രധാന അജണ്ട.

വിദ്യാഭ്യാസപരമായി മുന്നോക്കംനിൽക്കുന്ന സമൂഹങ്ങളിൽ പൊതുജനാഭിപ്രായരൂപീകരണത്തിന് മാദ്ധ്യമങ്ങൾക്കുള്ള സ്വാധീനം അളക്കാനാവാത്തതാണ്. അതുമൂലം ഭരണത്തിന്റെ ചക്രം തിരിക്കുന്നവർക്ക് പലപ്പോഴും മാദ്ധ്യമങ്ങളെ പ്രീതിപ്പെടുത്തേണ്ടത് ഒരു ആവശ്യമാകുന്നു. ഇത്തരത്തിൽ സ്വന്തം മാദ്ധ്യമങ്ങൾ ആരംഭിക്കാൻ കഴിവുള്ള പണമുള്ളവരുടേയും അധികാരമുള്ളവരുടേയും മാത്രം സ്വരങ്ങൾവഴി പൊതുജനാഭിപ്രായരൂപീകരണം നടത്തപ്പെടുന്നത് തടയാനാണ് മാദ്ധ്യമങ്ങളും മാദ്ധ്യമപ്രവർത്തകരും സ്വയം ഒരു പെരുമാറ്റച്ചട്ടം രൂപീകരിക്കണമെന്നു പറയുന്നത്.

വാർത്തകൾ വസ്തുതാടിസ്ഥാനത്തിലുള്ള വിവരണങ്ങൾ മാത്രമാവുകയും, മാദ്ധ്യമ അജണ്ടകൾ വാർത്തകളോടുനുബന്ധിച്ചുള്ള അവലോകനങ്ങളോ വിശകലങ്ങളോ നിരീക്ഷണങ്ങളോ അഭിമുഖങ്ങളോ വഴി രേഖപ്പെടുത്തുകയും ചെയ്യുക എന്നതാണ് സാമ്പ്രദായികമായി അംഗീകരിച്ചിട്ടുള്ള രീതി. സ്കൂപ്പുകളിലോ വെളിപ്പെടുത്തലുകളിലോ മാദ്ധ്യമങ്ങളുടെ നിഗമനങ്ങൾ സ്ഥാനംപിടിക്കുന്നുണ്ടെങ്കിൽ അതിനെ നിഗമനങ്ങളായിത്തന്നെ കാണിക്കുന്നതും പതിവാണ്. മാത്രമല്ല, പ്രസിദ്ധീകരിക്കുന്ന ഏതൊരു വാർത്തയ്ക്കും (എന്തിനും) നിയമപരമായും ധാർമ്മികപരമായും മാദ്ധ്യമസ്ഥാപനങ്ങൾ ഉത്തരവാദിയുമാണ് (അവനവൻ പ്രസാധകനാവുന്ന ബ്ലോഗുകൾക്കും പോർട്ടലുകൾക്കും ഇവ ബാധകമാണ്).

ന്യൂസുകളിലൂടെ പ്രത്യേക അജണ്ടകൾക്ക് പ്രചരണം കൊടുക്കാൻ മാദ്ധ്യമങ്ങൾ സ്വീകരിക്കുന്ന എളുപ്പവഴി ഈ അതിർവരമ്പുകളെ ഒഴിവാക്കുകയാണ്. പലരും ഒരുപടികൂടി കടന്ന് വാർത്തകൾതന്നെ സൃഷ്ടിക്കുകയും ചെയ്യുന്നു. വേണമെന്നുവച്ച് വാർത്തകൾ വളച്ചൊടിക്കുന്നവരുടെ കഥകളാണിത്.

വിശകലനവും അവലോകനവും പലപ്പോഴും പത്രങ്ങളിൽ പ്രധാനസ്ഥാനം നേടാറുണ്ട്. പലപ്പോഴും അന്വേഷണാത്മക പരമ്പരകൾ എഴുതപ്പെടുന്നത് വിശകലനങ്ങളായിട്ടായിരിക്കും. ഇവിടെയാണ് വിവരമുള്ള പത്രപ്രവർത്തകർ ഇന്ന് കുറഞ്ഞുവരികയാണെന്നുള്ളതിന്റെ സൂചനകൾ കാണാവുന്നത്. ഗംഭീരമായി ഫീൽഡ് റിപ്പോർട്ടിങ് ചെയ്യാൻ കഴിവുള്ളവർ പലപ്പോഴും വിശകല

നത്തിലും അതിനോടനുബന്ധിച്ച ചില സാമാന്യനിയമങ്ങളിലും അജ്ഞരായിരിക്കും. അത് അപൂർണ്ണവും അപക്വവുമായ നിഗമനങ്ങളിലായിരിക്കും പലപ്പോഴും എത്തിക്കുന്നത്.

വിശകലനത്തിനുവേണ്ട പ്രാഥമികവിവരങ്ങൾ ശേഖരിക്കുന്നതിൽ തുടങ്ങി, എറർ മാർജിൻ എന്ന വാക്കുപോലും കേൾക്കാത്തവർ സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് നടത്തിയാൽ വരുന്ന കുറവുകളും, ഏതൊക്കെ പാരാമീറ്ററുകൾ മാറുന്നതുകൊണ്ടാണ് വ്യത്യാസങ്ങൾ കാണുന്നതെന്ന കാര്യത്തിൽ മുൻവിധികൾ നിഗമനങ്ങളെ ബാധിക്കുന്നതും വരെ അപക്വമായ സാമാന്യവത്കരണത്തിന് (immature generalization) കാരണമാകാറുണ്ട്. ഇത്തരം പാതിവെന്ത റിപ്പോർട്ടുകൾ അവ കൈവയ്ക്കുന്ന വിഷയങ്ങൾക്കനുസരിച്ച് പലപ്പോഴും സമൂഹത്തിൽ അകാരണമായ ഭയങ്ങളും മുൻവിധികളും രൂപപ്പെടുത്താനും കാരണമാകുന്നു.

വിശകലനമെന്നത് വ്യക്തമായ ചട്ടക്കൂട്ടുകളുള്ള ഒരു സങ്കേതമാണെന്ന് മനസ്സിലാക്കാതിരിക്കുകയും, ഫീൽഡ് റിപ്പോർട്ട് വിശകലനത്തെ സഹായിക്കാനുള്ള പല റിസോഴ്സുകളിലൊന്നു മാത്രമാണെന്നു തിരിച്ചറിയാതിരിക്കുകയും ചെയ്യുന്നതായിരിക്കണം ഇത്തരം അപകടങ്ങളിലേക്കെത്തിക്കുന്നത്. വസ്തുതാധിഷ്ഠിത റിപ്പോർട്ടുകളിനിന്നും വ്യക്തമായ അകലം വിശകലനങ്ങൾക്കും അവലോകനങ്ങൾക്കുമുണ്ടെന്ന് തിരിച്ചറിയേണ്ടതു് അവശ്യമാണ്. ലൈവായി വാർത്താവതാരകൻ ചോദ്യങ്ങളിലൂടെ അവശ്യ ഡാറ്റകൾ ശേഖരിച്ചും പ്രധാന പ്രതികരണങ്ങൾ പങ്കുവെച്ചും മറ്റും ന്യൂസ് റൂമിനുള്ളിൽ മിനിറ്റുകൾക്കുള്ളിൽ നിഗമനങ്ങളിലെത്തുന്ന ഇക്കാലത്ത് ഇതു് പ്രത്യേകം പ്രസ്താവ്യമാണ്. 'ഇതുവരെ അറിവായ വിവരങ്ങൾവച്ച്,' എന്ന് ഡിസ്ക്ലെയ്മർ ചേർക്കാൻപോലും പലരും മടിക്കാറുണ്ടിന്ന്.

ആദ്യം പത്രങ്ങൾ ചില സാമ്പ്രദായികനിയമങ്ങൾ ഒഴിവാക്കിക്കൊണ്ട് സമൂഹമനസ്സിൽ അജണ്ടകൾ ഒളിച്ചുകടത്തുന്ന ഗീബൽസിയൻ (ഹിറ്റ്ലറുടെ പ്രചാരണമന്ത്രിയായിരുന്ന ഗീബൽസാണ് ഈ രീതി വളരെ ഫലപ്രദമായി പരീക്ഷിച്ചതു്) രീതിയെക്കുറിച്ചും, രണ്ടാമത് വിശകലനമെന്ന ചാരുകസേല പ്രവർത്തനം ഫീൽഡ് റിപ്പോർട്ടിങ്ങിനു കൊടുക്കുന്ന അമിതപ്രാധാന്യത്തിൽ വശത്തേക്കൊതുങ്ങിപ്പോകുകവഴി പല അപകടകരമായ സാമാന്യവത്കരണങ്ങളും നിഗമനങ്ങളായി തെളിവോടെ അച്ചടിമഷിപുരളുകയും ചെയ്യുന്നതിനെക്കുറിച്ചുമാണ് പറഞ്ഞതു്. ഇനി പറയാൻ പോകുന്നത്, വായനക്കാർഎന്തുവായിക്കണമെന്നു തീരുമാനിക്കുന്ന എഡിറ്റോറിയൽ ബോർഡിന്റെ നീലപ്പെൻസിലുകളുടെ (കടപ്പാട്: തിരുത്ത്, എം.എസ്. മാധവൻ) പക്ഷഭേദത്തെപ്പറ്റിയാണ്.

ഏതുതരം വാർത്തകൾ തിരസ്കരിക്കണമെന്നതിലോ അച്ചടിമഷിപുരളണമെന്നതിലോ പത്രത്തിന് നയങ്ങളും കാഴ്ചപ്പാടുകളും കാണും. ഒരേവിഷയത്തിൽ ചില പക്ഷങ്ങളുടെ വാദങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതും സാധാരണം മാത്രമാണ്. പ്രതിപക്ഷസ്വരങ്ങൾ വേറെവല്ലവരും കേൾപ്പിച്ചോളും. എന്നാൽ അച്ചടിമഷിപുരളുന്ന വാർത്തകൾ ഏതുവിധമായി

ക്കോട്ടെ കുറ്റമറ്റതായിരിക്കണമെന്നത് സാമാന്യനിയമം മാത്രമാണ്. പ്രത്യേകിച്ചും പത്രങ്ങളുടെതന്നെ ഭാഷയിൽ അവരുടെ വായനക്കാരിൽ പലരും ഈ വിഷയങ്ങളിൽ അഗാധപാണ്ഡിത്യമില്ലാത്തവരോ, പത്രം പറഞ്ഞതുകൊണ്ട് ശരിയായിരിക്കുമെന്ന കരുതുന്നവരോ ആയതുകൊണ്ട്.

ഇത്തരത്തിൽ ഇന്ത്യൻ മാദ്ധ്യമങ്ങളിൽ എഡിറ്റർമാരുടെ കസേരകളിലിരിക്കുന്നവർ തങ്ങളുടെ ജോലി കൃത്യമായി ചെയ്യാത്തതുകാരണം പല വാർത്തകളും വാർത്തകളുടെ തലംവിട്ട് മാജിക്കൽ റിയലിസത്തിന്റെ തലത്തിലെത്താറുണ്ട്. ടെക്നോളജി സംബന്ധമായ വാർത്തകളും വിലയിരുത്തലുകളുമാണ് ഇവയിൽ പ്രധാനം. പലപ്പോഴും കൗതുകവാർത്തകളും ചില സ്പോർട്സ് വാർത്തകളും ഇത്തരത്തിലാവാറുണ്ട്. രസകരമായ കാര്യം, പലപ്പോഴും സംഭവിക്കുന്നതെന്തെന്നാൽ, ഒരു പ്രോഡക്റ്റ് അവതരിപ്പിച്ചപ്പോഴോ അല്ലെങ്കിൽ അതിന്റെ അവലോകനത്തിനായി റിപ്പോർട്ടർമാർ സമീപിച്ചപ്പോഴോ കമ്പനികൾ ഊന്നൽകൊടുത്ത കാര്യങ്ങൾക്കുപകരം മറ്റുപലതുമായിരിക്കും റിപ്പോർട്ടർമാർ മനസ്സിലാക്കുന്നത് എന്നുള്ളതാണ്.

നേരിട്ടുകണ്ട് മനസ്സിലാക്കിയ ഒരനുഭവം പറയട്ടെ. NVIDIA Tesla എന്ന പേരിൽ CUDA അടിസ്ഥാനമാക്കി സൂപ്പർ കമ്പ്യൂട്ടിങ് കഴിവുകളുള്ള ഒരു പ്ലാറ്റ്ഫോം വികസിപ്പിച്ചിരുന്നു. NVIDIA സി.ഇ.ഒ.യും സ്ഥാപകനുമായ ജെൻ സുൻ ഹ്യയാങ് 2008 നവംബറിൽ ഇന്ത്യ സന്ദർശിച്ചപ്പോൾ IIIT, Hyderabadൽ വച്ചാണ് അത് (ഇന്ത്യയിൽ) അവതരിപ്പിച്ചത്. ഈ ഡിഗ്ഗ് ലിങ്ക്[19] കണ്ടാൽ മനസ്സിലാവും എൻഡിടിവിയുടെ റിപ്പോർട്ടർ ഇക്കാര്യം മനസ്സിലാക്കിയതെങ്ങനെയാണെന്ന്. അതിനുതാഴെ കമന്റുകളിൽ ഹിന്ദുവിന്റെ കവറേജും കൊടുത്തിട്ടുണ്ട്.

വസ്തുതാപരമായ പിഴവുകൾമുതൽ, ടെക്നോളജി റിപ്പോർട്ടുചെയ്യുന്ന നമ്മുടെ മലയാളം പത്രങ്ങളിലെ യുവരക്തം പിന്തുടരുന്ന "പാതിവെന്ത മനസ്സിലാക്കലുകളെ പഞ്ചസാരപൊതിഞ്ഞ് അവതരിപ്പിക്കുന്ന" പരിപാടിയും കൂടിയായപ്പോൾ ചുക്ക് ചുണ്ണാമ്പിനുമപ്പുറം വേറെയെന്തൊക്കെയോ ആയി. റിപ്പോർട്ടുചെയ്യാൻവന്ന കൊച്ചിന് NVIDIA CEOയുടെ അമേരിക്കൻ ഉച്ചാരണം മനസ്സിലാകാഞ്ഞതോ, വിഷയപരിജ്ഞാനം കമ്മിയായതോ, എഴുതിയെടുത്തത് പിന്നെ വായിച്ചപ്പോൾ തലതിരിഞ്ഞുപോയതോ ഒക്കെയാകാം. എങ്കിലും മിനിമം NVIDIAയുടെ വെബ്സൈറ്റിൽ പോയി Tesla എന്ന പ്രോഡക്റ്റിനു കീഴിൽ എഴുതിയതൊക്കെത്തന്നെയാണോ തന്റെ റിപ്പോർട്ടും എഴുതിയത് എന്ന് നോക്കാനെങ്കിലും തോന്നുന്ന ഒരു എഡിറ്റർ NDTVയുടെ ടെക്നോളജി ഡെസ്കിൽ ഉണ്ടായിരുന്നെങ്കിൽ ഇത്രമാത്രം നാണക്കേടുണ്ടാകില്ലായിരുന്നു. അതിനുശേഷം ഞാൻ NDTVയുടെ ടെക്നോളജി വാർത്തകളൊന്നും വായിക്കാറില്ല, ആ വാർത്ത ഇപ്പോഴും ആ തെറ്റുകളോടെല്ലാംകൂടി അവിടെ

[19] `http://digg.com/news/story/NDTV_kills_nvidia_tesla_with_stupid_reporting`

ത്തന്നെ കിടക്കുന്നതുകൊണ്ട് അവരുടെ നയങ്ങളൊന്നും മാറിയിട്ടില്ലെന്നു കരുതുന്നു.

ഈ രീതിയിലുള്ള റിപ്പോർട്ടുകൾ പലപ്പോഴും അന്താരാഷ്ട്രതലത്തിൽ നമുക്ക് മാനക്കേടുമാത്രമാണുണ്ടാക്കാറ്. ഇന്ത്യയിലെ റിപ്പോർട്ടർമാരുടെ അത്യുത്സാഹം കാരണം, പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന തദ്ദേശപരമായി വികസിപ്പിച്ച നൂതനവിദ്യകളെ മൂന്നുപ്രാവശ്യം ഇരുത്തിവായിക്കുകയും നാലാളോടു ചോദിച്ച് ഉറപ്പുവരുത്തിയും മാത്രമേ വിശ്വസിക്കാവൂ. ഇത്തരത്തിൽ ചുക്കും ചുണ്ണാമ്പും തിരിച്ചറിയാത്ത റിപ്പോർട്ടുകൾ പത്ര/ടെലിവിഷൻ മുൻനിരക്കാരുടെ പോർട്ടലുകളിൽ മാത്രമല്ല, താരമേന്യ പുതിയ ന്യൂസ് പോർട്ടലുകളിലും കാണാറുണ്ട്. പക്ഷേ അവരുടെ ഒരു ഗുണം, തെറ്റ് ചൂണ്ടിക്കാണിച്ചുകൊടുത്താൽ ക്ഷമ ചോദിക്കാനും തിരുത്താനും തയ്യാറാകുമെന്നതാണ്. NDTVയെ ഇവിടെയൊരു സാമ്പിളായി മാത്രം കാണിച്ചതാണ്. ഇത്തരം തലതിരിഞ്ഞ റിപ്പോർട്ടിംഗ് എല്ലാ ഇന്ത്യൻ മാദ്ധ്യമങ്ങളിലും ഏതാണ്ട് ഒരേ അളവിൽത്തന്നെ കണ്ടിട്ടുണ്ട്.

ഈ പ്രശ്നങ്ങളൊക്കെ ശക്തമായ, അല്ലെങ്കിൽ ലോജിക്കലായി ചിന്തിക്കുകയെങ്കിലും ചെയ്യുന്ന ഒരു എഡിറ്റോറിയൽ സംഘവും റിപ്പോർട്ടർമാരുമില്ലാത്തതിന്റേതാണെങ്കിൽ, തീർത്തും വ്യത്യസ്തമായ പൂർണ്ണഅവഗണനയുടെ കണക്കുകളും പലപ്പോഴും പത്രങ്ങളിൽ കാണാറുണ്ട്. കാറോട്ടമത്സരങ്ങളുടെ നിരുത്തവാദപരമായ റിപ്പോർട്ടിംഗ് ഒരുദാഹരണം. അതു ചൂണ്ടിക്കാണിച്ചാൽ പലപ്പോഴും കാരണങ്ങളായി പറയുന്നത്, വേണ്ടത്ര വായനക്കാരില്ലാത്തതുകൊണ്ടാണെന്നാണ്. (ഈയടുത്ത്, അമൃതയിലോ മറ്റോ ഒരു വാരാന്ത്യ സ്പോർട്സ് റൗണ്ടപ്പിലോ മറ്റോ തരക്കേടില്ലാതെ ഗ്രാൻപ്രീകൾ റിപ്പോർട്ട് ചെയ്തുകണ്ടു.)

എല്ലാ പ്രമുഖ മലയാളം പത്രങ്ങളിലും നല്ല വാഹനറിവ്യൂകളും അനുബന്ധവാർത്തകളും കാണാം. മാത്രമല്ല, വളരെക്കുറച്ചു തെറ്റുകൾ മാത്രമേ ധാരാളം സാങ്കേതികവിവരങ്ങളെ പരാമർശിച്ചുകൊണ്ടെഴുതുന്ന ഈ റിപ്പോർട്ടുകളിൽ കാണാറുള്ളൂ. വിവരമുള്ള റിപ്പോർട്ടർമാരുടേയും എഡിറ്റർമാരുടേയും സാന്നിധ്യമായിരിക്കാം കാരണം. ഇത്രയും നല്ല റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാനാവുന്നുണ്ടെങ്കിൽ അവർക്ക് സാധാരണഗതിയിൽ തെറ്റുകളില്ലാതെ റേസ് റിപ്പോർട്ടുകളും എഴുതാൻ കഴിയേണ്ടതാണ്. (തീർച്ചയായും വസ്തുതാപരമായ പിഴവുകളെ ഒഴിവാക്കാനാവും.) ഇത്തരം ന്യൂസുകളിൽ ഇന്റർനെറ്റിന്റേയോ പത്രത്തിൽത്തന്നെയുള്ള ഓട്ടോമോട്ടീവ് സെക്ഷന്റേയോ സഹായം വെരിഫിക്കേഷനുവേണ്ടിയെങ്കിലും ഉപയോഗിച്ചാൽത്തന്നെ പിഴവുകൾ ഒഴിവാക്കാനാവും.

ഇത്തരം കാര്യങ്ങൾ പത്രപ്രവർത്തനം ബിരുദ/ഡിപ്ലോമ കോഴ്സുകളായി പഠിപ്പിക്കുന്നവർ അവരുടെ സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയില്ല. ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങൾകൂടി വാർത്തകൾ എഴുതാനും തിരുത്താനും പഠിപ്പിക്കുന്ന കൂട്ടത്തിൽ പഠിപ്പിച്ചാൽ നന്നായിരിക്കും. കാണാപ്പാഠം പഠിച്ച് പരീക്ഷ പാസായി പത്രപ്രവർത്തകരാകുന്നവർ തങ്ങൾക്ക് അജ്ഞാതമായ വിഷയങ്ങളിൽ ചെറിയൊരു പഠനമെങ്കിലും കൂടാതെ ആധി

കാരിക റിപ്പോർട്ടുകൾ എഴുതിവിടുന്നത് കുറയാനും, ഏതു വിഷയവും എഡിറ്റ് ചെയ്യുന്നതിൽ ഡെസ്ക് ജോലിക്കാർ കൂടുതൽ ശ്രദ്ധവയ്ക്കാനും ഇത്തരം കുറിപ്പുകൾ സഹായകമാവുമെന്നു കരുതുന്നു.

വസ്തുതാപരമായ ഒരു പിഴവ്, ശക്തമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന റിപ്പോർട്ടിന്റെ മുഴുവൻ 'ഇന്റഗ്രിറ്റി'യേയും സംശയത്തിന്റെ നിഴലിലാക്കുമെന്നുള്ള മനസ്സിലാക്കലെങ്കിലും ഉണ്ടെങ്കിൽ പകുതി കാര്യങ്ങൾ ശരിയാവുമെന്നു തോന്നുന്നു. മികച്ച പത്രപ്രവർത്തനത്തിനുള്ള അവാർഡ് നേടുന്നവർക്കുപോലും പത്രപ്രവർത്തനത്തിന് മികച്ച ഭാഷയുടെയും ഘടനയുടെയുമപ്പുറത്ത്, വേറെയും തലങ്ങളുണ്ടെന്നുള്ള തിരിച്ചറിവില്ലെന്നതിന് അത്ര പഴയതല്ലാത്ത ചില പത്രവാർത്തകൾ സാക്ഷികളാണ്.

(5 August 2010)[20]

[20]http://malayal.am/വാർത്ത/മീഡിയ-സ്കാൻ/7249/അപ്രത്യക്ഷമാകുന്ന-എഡിറ്റോറിയൽ-ഡെസ്ക്

# പോയിന്റ് നിലയിലെ വ്യത്യാസം കൂട്ടിയ ബെൽജിയൻ ഗ്രാൻപ്രി

ഫോർമുല വൺ കലണ്ടറിലെ ഏറ്റവും ആവേശകരമായ റേസുകളിലൊന്നാണ് സ്പായിലെ ട്രാക്കിൽ നടക്കുന്ന ബെൽജിയൻ ഗ്രാൻപ്രീ. ആദ്യകാലംമുതലേയുള്ള ട്രാക്കാണെങ്കിലും, അപ്രവചനീയമായ കാലാവസ്ഥയും ദുർഘടമായ ട്രാക്കും സ്പായിലെ പോരാട്ടങ്ങൾക്ക് ആവേശം പകരാറുണ്ട്. കഴിഞ്ഞവർഷം ഫോഴ്സ് ഇന്ത്യ ആദ്യ പോളും പോഡിയവും നേടിയത് സ്പായിലാണ്. ഇക്കൊല്ലത്തെ ഫോർമുല വൺ സീസണിന്റെ ആവസാനപാദത്തിന്റെ ആരംഭമായിരുന്നു സ്പായിലെ പതിമൂന്നാം റൗണ്ട് പോരാട്ടമെന്ന് വേണമെങ്കിൽ പറയാം. സമ്മർ ബ്രേക്ക് കഴിഞ്ഞു് ആദ്യ റേസ്. സ്പായ്ക്കുശേഷം മോൺസയിൽ നടക്കാനിരിക്കുന്ന ഇറ്റാലിയൻ ഗ്രാൻപ്രിയും കഴിയുന്നതോടെ ഇക്കൊല്ലത്തെ യൂറോപ്യൻ പാദത്തിന് അവസാനമാകും.

കലണ്ടറിലെ ഏറ്റവും നീളംകൂടിയ ട്രാക്കായ സ്പായിലെ യോഗ്യതാറൗണ്ടുകൾ എന്നത്തേയുംപോലെ ആവേശകരമായിരുന്നു. ഗിയർ ബോക്സ് പെനാൽട്ടി നികൊ റൊസ്ബർഗിന് ഗ്രിഡ്ഡിൽ പതിനാലാം സ്ഥാനം നൽകിയപ്പോൾ, ഹംഗറിയിൽ ബാരിക്കെല്ലോയോടു കാണിച്ച വകതിരിവില്ലായ്മയ്ക്ക് സഹ മെഴ്സിഡസ് ഡ്രൈവർ മൈക്കൽ ഷൂമാക്കർ 10 സ്ഥാനം പെനാൽട്ടിയോടുകൂടി ഗ്രിഡ്ഡിൽ ഇരുപത്തൊന്നാം സ്ഥാനത്തായി. കഴിഞ്ഞവർഷം ഫിസിക്കെല്ലയിലൂടെ പോൾ നേടിയിരുന്നെങ്കിലും ഇപ്രാവശ്യം സൂട്ടിലിന്റെ മൂന്നാംപാദ പ്രവേശവും ഗ്രിഡ്ഡിൽ എട്ടാം സ്ഥാനത്തുള്ള തുടക്കവും കൊണ്ട് ഫോഴ്സ് ഇന്ത്യക്ക് തൃപ്തിപ്പെടേണ്ടിവന്നു. മഴയ്ക്കുമുൻപ് നല്ലസമയം കണ്ടെത്താനായി ട്രാക്കിൽ പൊരിഞ്ഞ പോരാട്ടം നടന്നത് യോഗ്യതാറൗണ്ട് ആവേശകരമാക്കി. അവസാനം പതിവുപോലെ റെഡ്ബുള്ളിനുവേണ്ടി മാർക് വെബ്ബർ പോൾ നേടിയപ്പോൾ മഴയത്തു നടത്തിയ മികച്ചൊരു പ്രകടനംകൊണ്ട് ഹാമിൽട്ടൺ മുനിരയിൽ സ്ഥാനം നേടി. അലോൺസൊയ്ക്ക് പത്താമതെത്താനെ കഴിഞ്ഞുള്ളൂ. എന്നാൽ രണ്ടാം ഫെറാരിയിൽ ഫെലിപെ മസ്സ ആറാമതെത്തി. മൂന്നുമുതൽ അഞ്ചുവരെ സ്ഥാനങ്ങളിൽ യഥാക്രമം കുബിത്സ, വെറ്റൽ, ബട്ടൺ എന്നിവർ സ്ഥാനമുറപ്പിച്ചപ്പോൾ കോസ്‌വർത്ത് എൻജിനുമായി വില്യംസ് ഏഴും ഒൻപതും സ്ഥാനങ്ങൾ നേടി.

ട്രാക്കിന്റെ പെരുമയ്ക്കൊത്ത പോരാട്ടമായിരുന്നു സ്പായിൽ അരങ്ങേറിയത്. ആദ്യലാപ്പിൽത്തന്നെ ഹാമിൽട്ടൺ വെബ്ബറെ മറികടന്നതും വളരെ അടുത്തുള്ള ആദ്യവളവിന്റെ സമ്മർദ്ദം കാരണം ഏഴാംസ്ഥാനത്തേയ്ക്ക് വെബ്ബർ പിന്തള്ളപ്പെട്ടുപോയതും തുടക്കം ആവേശകരമാക്കി. എന്നാൽ ആദ്യലാപ്പിൽ ചെറുതായി ചാറിയ മഴ അവസാന ഷിക്കേനിൽ കാറുകളുടെ നിയന്ത്രണം തെറ്റിച്ചു. തന്റെ മുന്നൂറാമത്തെ റേസിൽ ആദ്യലാപ്പിൽ ബാരിക്കെല്ലോയ്ക്ക് അത് പുറത്തേക്കുള്ള വഴിയുമൊരുക്കി. നനഞ്ഞ ട്രാക്കിൽ നിയന്ത്രണംകിട്ടാതെ വലഞ്ഞ ബാരി

ക്കെല്ലോ അലോൺസൊയുമായി കൂട്ടിയിടിക്കുകയായിരുന്നു. ഇത് ആദ്യലാപ്പിൽത്തന്നെ സേഫ്റ്റികാർ ഇറങ്ങുന്നതിനു കാരണമായി. പ്രൈം ടയറുകളിലായിരുന്ന പെഡ്രോവും ഷുമാക്കറും ബഹളങ്ങൾ മുതലെടുത്ത് ഈ സമയംകൊണ്ട് മുനിരയിൽ എത്തിയിരുന്നു.

അപകടത്തെത്തുടർന്ന് പിറ്റ് ചെയ്ത് ടയറുകൾ മാറാനുള്ള അലോൺസൊയുടെ തീരുമാനം തിരിച്ചടിച്ചു. മഴ പിന്നെ ഒഴിഞ്ഞുനിന്നതോടെ ഒരിക്കൽ കൂടി പിറ്റ് ചെയ്ത് സ്ലിക് ടയറുകളിലേക്ക് മാറേണ്ടിവന്നു അദ്ദേഹത്തിന്. ഈസമയം മുൻനിരയിൽ മക്‌ലാരൻ കാറുകൾ ഒന്നും രണ്ടും സ്ഥാനങ്ങളിലും, പിന്നീട് ക്രമമായി വെറ്റൽ, കുബിത്സ, വെബ്ബർ എന്നിവരുമായിരുന്നു. ആറാംസ്ഥാനത്ത് ഫെലിപെ മസ്സയുടെ ഫെറാരിയും. അലോൺസൊ അപകടത്തിനും പിറ്റ് സ്റ്റോപ്പിനും ശേഷം പിൻനിരയിനിന്നും കടുത്തപോരാട്ടങ്ങളിലൂടെ മദ്ധ്യനിരയിൽ തിരിച്ചെത്തി. പതിനൊന്നാം ലാപ്പിൽ ഉഗ്രനൊരു മറികടക്കലിലൂടെ പെഡ്രോവും ഷുമാക്കറും ആദ്യപത്തിനുള്ളിലെത്തി. ടീം മേറ്റ് റൊസ്ബർഗിനെ മറികടക്കുമ്പോൾ ടയറുകൾ തമ്മിൽ ചെറുതായി ഉരസിയെങ്കിലും വലിയ അപകടങ്ങളൊന്നുമില്ലാതെയാണ് ഷുമാക്കർ ഇരുപതിൽനിന്നും ആദ്യപത്തിലെത്തിയത്.

പിന്നീട് കുറച്ചുസമയം തണുത്തുപോവുകയും, ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുമെന്നുതോന്നിച്ച റേസ് ബട്ടനും വെറ്റലും തമ്മിലുള്ള ഒരു കൂട്ടിയിടിയിലൂടെ വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ മക്‌ലാരൻ വീണ്ടും ട്രാക്കിൽ പോരാട്ടങ്ങളുയർത്തുകയും ചെയ്തു. പതിനേഴാം ലാപ്പിൽ നടന്ന കൂട്ടിയിടി ശരിക്കും വെറ്റലിന്റെ പിഴവായിരുന്നു. എങ്കിലും അത് ബട്ടന്റെ സ്പായിലെ പോരാട്ടം അവസാനിപ്പിച്ചു. പിറ്റ് ലേനിനടുത്തായത് വെറ്റലിന് പിറ്റ് സ്റ്റോപ്പെടുത്ത് റേസിൽ തിരിച്ചുവരാൻ അവസരമൊരുക്കി. എന്നാൽ ഒരു ഡ്രൈവ് ത്രൂ പെനാൽറ്റി ലഭിച്ചത് റെഡ്ബുൾ ഡ്രൈവറുടെ ബെൽജിയൻ റേസിന്റെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കിയെന്നു പറയാം. ഈ അപകടത്തോടെ ചാമ്പ്യൻഷിപ്പ് പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന അഞ്ചുപേരിൽ മൂന്നുപേരും പോയിന്റിനു വെളിയിലായി.

വെറ്റൽ പിന്നീട് പൊസിഷൻ തിരിച്ചുപിടിക്കാൻ ശ്രമിച്ചെങ്കിലും ഇരുപത്തിയേഴാം ലാപ്പിൽ മറ്റൊരു അപകടവും, തുടർന്ന് പിൻടയറുകളിലൊന്നു പഞ്ചറായതും കാര്യങ്ങൾക്ക് ഏകദേശം തീരുമാനമാക്കി. ഈ സമയമൊക്കെയും ഹാമിൽട്ടൺ ലീഡ് നിലനിർത്തിയിരുന്നു. കുബിത്സയും വെബ്ബറും തമ്മിൽ രണ്ടാംസ്ഥാനത്തിനുവേണ്ടി കടുത്തമത്സരവും ട്രാക്കിൽ അരങ്ങേറി. മുപ്പതാം ലാപ്പെത്തിയപ്പോഴെയ്ക്കും മുൻനിര ഡ്രൈവർമാരെല്ലാം ടയറുകൾ മാറ്റിയിരുന്നു. ആദ്യപത്തിൽ ഷുമാക്കറും റൊസ്ബർഗും മാത്രമേ പിറ്റ് സ്റ്റോപ്പെടുക്കാതിരുന്നുള്ളു.

റേസിനവസാനം മഴപെയ്യുമ്പോൾ പിറ്റ് ചെയ്ത് ഗ്രൂവുകളുള്ള ഇന്റർമീഡിയറ്റ് ടയറുകളിലേക്ക് മാറാനായിരുന്നു മെഴ്സിഡസിന്റെ തീരുമാനം. അത് ദിവസത്തെ ഏറ്റവും നല്ല സ്ട്രാറ്റജികളിലൊന്നായി മാറുകയും ചെയ്തു. മുപ്പത്തിയഞ്ചാം ലാപ്പിൽ മഴപെയ്തു തുടങ്ങിയപ്പോൾ എല്ലാവരും പിറ്റ് ചെയ്ത് ടയറുകൾ മാറി. പിറ്റ് ലേനിൽ

ചെറുതായി പിഴച്ച കുബിത്സയെ മുതലെടുത്ത് വെബ്ബർ രണ്ടാംസ്ഥാനം പിടിച്ചെടുക്കുകയും ചെയ്തു. എന്നാൽ നിയന്ത്രണം നഷ്ടപ്പെട്ട് ട്രാക്കിനു വിലങ്ങനെ കിടന്ന അലോൺസൊയുടെ ഫെറാരി വീണ്ടും സേഫ്റ്റി കാറിനെ രംഗത്തെത്തിച്ചു. മഴയും സേഫ്റ്റികാറും കാര്യങ്ങൾ ദുർഘടമാക്കിയെങ്കിലും, സേഫ്റ്റി കാർ പിൻവലിച്ചയുടനെ നടത്തിയ ഉഗ്രനൊരു നീക്കത്തിലൂടെ കൊബിയാഷിയേയും ഷുമാക്കറെയും റൊസ്ബർഗ് ഒരുമിച്ച് മറികടന്നു.

സംഭവബഹുലമായ ബെൽജിയൻ ഗ്രാൻപ്രീ ഹാമിൽട്ടണ് കിരീടം നേടിക്കൊടുത്തതിനൊപ്പം ചാമ്പ്യൻഷിപ്പ് പോരാട്ടങ്ങളിലെ കടുപ്പം കുറച്ച് കുറയ്ക്കുകയും ചെയ്തു. സ്പാ്യ്ക്കുമുൻപ് ആദ്യ അഞ്ചു സ്ഥാനക്കാർ വെറും 20 പോയിന്റായിരുന്നു പിടിച്ചിരുന്നത്. ഇപ്പോൾ അത് നാൽപ്പതു പോയിന്റായി ഉയർന്നു. പോരാട്ടത്തിൽ ഹാമിൽട്ടണും (182) വെബ്ബറും (179) ഒപ്പത്തിനൊപ്പമാണെങ്കിൽ, വെറ്റലും അലോൺസൊയും ബട്ടണുമെല്ലാം അവരവരുടെ പഴയ സ്ഥാനങ്ങളിൽത്തന്നെയാണ്. സൂട്ടിൽ ഒരു പോയിന്റ് വ്യത്യാസത്തിൽ മൈക്കൽ ഷുമാക്കറെ മറികടന്ന് ഒൻപതാമെത്തിയതാണ് പിന്നെയൊരു മാറ്റമെന്നു പറയാവുന്നത്. കൺസ്ട്രക്റ്റർമാരുടെ കാര്യത്തിൽ റെഡ്ബുൾ (330) ഒരു പോയിന്റിന് മക്‌ലാരനുമുന്നിലാണ്. മൂന്നാമത് ഫെറാരിയും (250).

ഇനി മോൺസയിലെ ഇറ്റാലിയൻ ഗ്രാൻപ്രീ കഴിഞ്ഞാൽ നാലു ഏഷ്യൻ റേസുകളും സാവോപോളോയുമാണ് ബാക്കി. ബെൽജിയത്തിനു മുമ്പുണ്ടായിരുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെത്താൻ വിഷമമാണെങ്കിലും, അങ്ങനെ സംഭവിക്കുകയും അവസാന രണ്ടു റേസുകൾ നിർണ്ണായകമാവുകയും ചെയ്യുന്നത് ആരാധകർക്ക് ആവേശം പകർന്നേക്കും.

പിൻകുറിപ്പ്: ഇന്ത്യൻ ഗ്രാൻപ്രീ കൂടി കലണ്ടറിലിടം പിടിച്ചതോടെ ഏതാണ്ട് യൂറൊപ്പിനൊപ്പംതന്നെ റേസുകൾ ഇപ്പോൾ ഏഷ്യയിലും എത്തിയിരിക്കുന്നു. ഏഷ്യൻ ട്രാക്കുകൾ കുറച്ചുകൂടി നല്ല മത്സരങ്ങൾ കാഴ്ചവെച്ചാൽ ഭാവിയിൽ ഫോർമുല വണ്ണിന്റെ വളയം ഏഷ്യൻ വമ്പൻമാരിലെത്തിക്കൂടെന്നില്ല. യൂറോപ്പിലെ പല ട്രാക്കുകളും ജനങ്ങളുടെ അതൃപ്തി നേരിടുന്നുവെന്നതും സുരക്ഷയുടെ കാര്യത്തിൽ പഴയട്രാക്കുകൾക്ക് പല പ്രശ്നങ്ങളുമുണ്ടെന്നതും കൂടി കണക്കിലെടുത്താൽ, ആഞ്ഞുപിടിച്ചാൽ ഇംഗ്ലണ്ടിലിരിക്കുന്ന ഫോർമുല വൺ ഫാക്റ്ററികളെല്ലാം ക്വാലാലംപൂരിലോ ഡെൽഹിയിലോ ഷാങ്ഹായിലോ എത്തിക്കാവുന്നതേയുള്ളൂ.

(11 September 2010)[21]

[21] http://malayal.am/വിനോദം/കായികം/7894/പോയിന്റ്-നിലയിലെ-വ്യത്യാസം-കൂട്ടിയ-ബെൽജിയൻ-ഗ്രാൻപ്രി

# ആസ്റ്ററിക്സിന്റെ സാഹസിക കഥകൾ

ലോകമെമ്പാടുമുള്ള കുട്ടികളുടെയും മുതിർന്നവരുടെയും പ്രീതി പിടിച്ചുപറ്റിയവയാണ് "ആസ്റ്ററിക്സിന്റെ സാഹസിക കഥകൾ (Adventures of Asterix the Gaul)". ഫ്രാങ്കോ-ബെൽജിയൻ പാരമ്പര്യത്തിലുള്ള കോമിക്കുകളിൽ (ഇംഗ്ലീഷുകാർക്കിത് ഗ്രാഫിക് നോവലുകളാണ്) എറ്റവും ജനപ്രീതിയുള്ളവയിലൊന്നാണിത്. വിൽപ്പനക്കണക്കുകൾ പ്രകാരം സ്രഷ്ടാക്കളായ റെനെ ഗോസിന്നിയും ആൽബെർട്ട് ഉദേർസോയും ഫ്രാൻസിനു പുറത്ത് ഏറ്റവും ജനപ്രീതിയുള്ള ഫ്രഞ്ച് എഴുത്തുകാരാണെന്നു പറയുമ്പോൾത്തന്നെ പ്രചാരത്തിന്റെ വലിപ്പം ഊഹിക്കാമല്ലോ.

ഇതുവരെ 34 പുസ്തകങ്ങൾ ആസ്റ്ററിക്സിന്റെ കഥകളുമായി പുറത്തിറങ്ങിയിട്ടുണ്ട്. 1959 ൽ പൈലെറ്റെ മാഗസിനിൽ പരമ്പരയായി പ്രസിദ്ധീകരിച്ചു തുടങ്ങിയ ആസ്റ്ററിക്സ്, പുസ്തകമായി ആദ്യം പുറത്തിറങ്ങുന്നത് 1961ലാണ്. അതിനു ശേഷം 77ൽ ഗോസിന്നിയുടെ മരണംവരെ ഏതാണ്ടെല്ലാ വർഷവും ഒന്നെന്ന കണക്കിൽ പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. അതുവരെ കഥയും ആശയവും ഗോസിന്നിയുടെ വകയും വര ഉദേർസോയുടേതുമായിരുന്നു. ഗോസിന്നിയുടെ മരണശേഷം പത്തു പുസ്തകങ്ങൾ ഉദേർസോ തന്നെ വരയ്ക്കുകയും എഴുതുകയും ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആസ്റ്ററിക്സ് കോമിക്കിന്റെ പശ്ചാത്തലം ഫ്രഞ്ച് പ്രവിശ്യയായ അർമോറിക്കയിലുള്ള പേരില്ലാത്ത ഒരു ഗ്രാമമാണ്. റോമൻ അധിനിവേശത്തെ വെർസിൻഗെറ്റോറിക്സിന്റെ കീഴടങ്ങലിനു ശേഷവും പ്രതിരോധിക്കുന്നവരാണ് ഗ്രാമവാസികൾ. (ജൂലിയസ് സീസറെ എതിർക്കുകയും അവസാനം കീഴടക്കപ്പെട്ട് റോമിൽ വധശിക്ഷയ്ക്കു വിധേയനാക്കപ്പെടുകയും ചെയ്ത ഒരു യഥാർത്ഥ ചരിത്രകഥാപാത്രമാണ് വെർസിൻഗെറ്റോറിക്സ്). അതിനവരെ സഹായിക്കുന്നതാവട്ടെ ഗ്രാമ മന്ത്രവാദി (druid) ആയ ഗെറ്റാഫിക്സിന്റെ അമാനുഷികശക്തി നൽകുന്ന മരുന്നും.

നായകനായ ആസ്റ്ററിക്സ് കർമ്മംകൊണ്ട് ഒരു യോദ്ധാവാണെങ്കിലും ഒരു യോദ്ധാവിന്റെ ശരീരമൊന്നുമല്ല അദ്ദേഹത്തിന്. കുറിയവനായ ആസ്റ്ററിക്സ് പ്രശ്നങ്ങളെ നേരിടുന്നതും പരിഹരിക്കുന്നതും ബുദ്ധിയുപയോഗിച്ചാണ്. ആസ്റ്ററിക്സിന്റെ ശാരീരികമായ പോരായ്മകളെ പരിഹരിക്കുന്നത് ഉറ്റ കൂട്ടുകാരനും ഭീമാകാരനും ചെറുപ്പത്തിലേ അത്ഭുതമരുന്നിന്റെ കലത്തിൽ വീണതുകൊണ്ട് സ്ഥിരമായി അതിന്റെ ശക്തിയുള്ളവനുമായ ഒബ്ലിക്സാണ്. ഗ്രാമത്തിലെ ഏക മെൻഹിർ ക്വാറിയുടമയാണ് ഒബ്ലിക്സ്.

ശക്തനും കൂട്ടുകാരനുവേണ്ടി ജീവൻ കളയുന്നവനുമാണെങ്കിലും ഒബ്ലിക്സ് കാര്യങ്ങളെപ്പറ്റി ആലോചനയൊന്നുമില്ലാത്ത കൂട്ടത്തിലാണ്. ദിവസവും രണ്ടു മൂന്നു പൊരിച്ച കാട്ടുപന്നികളും (wild boar) കൈത്തരിപ്പു തീർക്കാൻ ഇടയ്ക്ക് ചില റോമൻ പട്ടാളക്കാരെയും കിട്ടിയാൽ മൂപ്പർ ഹാപ്പിയാണ്. പിൽക്കാല കോമിക്കുകളിൽ അർമോറിക്കയിലെ നാലു ക്യാമ്പുകളിലെ നിയമനം റോമൻ പട്ടാ

ളത്തിൽ ഒരു ശിക്ഷയോളമെത്തിയ കാലത്ത്, "നല്ല പട്ടാളക്കാരെ ഇങ്ങോട്ടയക്കാതെ നമ്മളെ പ്രകോപിപ്പിച്ച് ഇവിടുത്തെ സമാധാനാന്തരീക്ഷം തകർക്കാൻ ശ്രമിക്കുകയാണു സീസറും സെനറ്റും" എന്നവരെ ഒരിടത്ത് ഒബ്ലിക്സ് പരാതി പറയുന്നുണ്ട്.

ആകെ ഗോളിൽ കീഴടങ്ങാതെ നിൽക്കുന്ന ഈ ഒരേയൊരു ഗ്രാമത്തിനു സീസർ ഉപരോധം തീർത്താണ് മടങ്ങിയത്. നാലു സൈനികക്യാമ്പുകളാണ് ഈ ചെറു കടലോരഗ്രാമത്തിനു ഉപരോധം തീർത്തിരുന്നത്. അക്വേറിയം, ടോടോറം, ലൗഡാനം, കോമ്പെൻഡിയം ക്യാമ്പുകളാണ് അവ.

ആദ്യ കോമിക്കുകളിൽ വളരെ സീരിയസ്സ് ആയിത്തന്നെ പ്രതിരോധത്തിന്റെ അവസാനകണ്ണിയെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന സൈനികമേധാവികളെയും സൈനികരെയുമാണ് നമ്മൾ കാണുന്നത്. എന്നാൽ കാലംചെല്ലുംതോറും സീസർ പലകാര്യങ്ങളിലും ഗ്രാമവാസികളോടു സന്ധിചെയ്യുകയും സഹായം സ്വീകരിക്കുകയും (Asterix the Legionary, Asterix and Son തുടങ്ങിയവ ഉദാഹരണം) ചെയ്യുമ്പോൾ സൈനികരുടെ മനോഭാവവും മാറുന്നുണ്ട്.

പുതിയ ദേശങ്ങൾ കീഴടക്കുന്ന സാമ്രാജ്യത്തിന് പഴയ അധിനിവേശങ്ങളിലെ പ്രശ്നങ്ങൾ താരമേന്യ നിസ്സാരവും ആഭ്യന്തരവുമാകുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായാണ് ഇതു എടുത്തു കാണിച്ചിരിക്കുന്നത്. ഒരിടത്ത് സീസർതന്നെ കുഴിമടിയനും മദ്യപനുമായ ഒരു പടയാളിയെ പാഠം പഠിപ്പിക്കാനായി പിരിഞ്ഞുപോകൽ ബോണസ്സായി ഈ ഗ്രാമം എഴുതിക്കൊടുക്കുന്നുണ്ട്. ഇത്തരത്തിൽ നിസ്സാരരും സാമ്രാജ്യത്വത്തിന് അഭിമാനക്ഷതമല്ലാതെ വലിയ ദോഷമില്ലാത്തതുമായ ചെറുത്തുനിൽപ്പുകളോടുള്ള അധികാരികളുടെ മനോഭാവത്തെ വളരെ വ്യക്തമായും സരസമായും ചിത്രീകരിച്ചിട്ടുണ്ട് ഗോസിന്നിയും ഉദേർസോയും.

50 വർഷത്തിനുള്ളിൽ ആസ്റ്റെറിക്സും ഒബ്ലിക്സുമടക്കം കോമിക്കിലെ എല്ലാ കഥാപാത്രങ്ങളും വരയിലും ആശയത്തിലും സ്വന്തം വ്യക്തിത്വവും വ്യക്തതയും നേടിയെടുത്തുവെന്നു പറയാം. ആസ്റ്റെറിക്സും ഒബ്ലിക്സും ഗെറ്റാഫിക്സുമല്ലാതെ ഒരുപിടി കഥാപാത്രങ്ങൾ വേറെയുമുണ്ട് കോമിക്കിൽ. ഗ്രാമമുഖ്യൻ വൈറ്റൽസ്റ്റാറ്റിസ്റ്റിക്സും, ഭാര്യയും ലുറ്റേഷ്യ (പാരീസടങ്ങുന്ന പ്രവശ്യ) ക്കാരിയുമായ ഇമ്പെടിമെന്റയും, മീൻകച്ചവടക്കാരൻ അൺഹൈജെനിക്സും ഭാര്യ ബാക്ലീരയയും, കൊല്ലൻ ഫുള്ളിഓട്ടോമാറ്റിക്സും ഭാര്യയും, ഗ്രാമത്തിലെ പ്രധാനവയസ്സനായ ജെറിയാട്രിക്സും അയാളുടെ ചെറുപ്പക്കാരിയായ ഭാര്യയും, ഗ്രാമത്തിന്റെ ഗായകൻ കാകഫോണിക്സ് എന്നിവരെ കൂടാതെ ജൂലിയസ് സീസറും ഒരു പ്രധാന കഥാപാത്രമാണ്.

ലുറ്റേഷ്യയിൽവച്ച് ഒബ്ലിക്സിന്റെ കൂടെക്കൂടിയ ഡോഗ്മാറ്റിക്സ് എന്ന വളർത്തുനായയും, എന്നും ഗ്രാമത്തെ കൂകിയുണർത്തുന്ന പൂവൻകോഴിയും ആവർത്തിക്കുന്ന മൃഗകഥാപാത്രങ്ങളാണ്. മാത്രമല്ല, സ്ഥിരമായി ഫ്രേമുകളിൽ ആവർത്തിക്കപ്പെടുന്ന സാന്നിധ്യമാണ് കോഴികൾ. ഗ്രാമത്തിലെ എന്തു പ്രധാനസംഭവത്തിന്റെ ഫ്രേമിലും ഒരു കോഴിയെയെങ്കിലും ഉദേർസോ

ഉൾപ്പെടുത്തിയിട്ടുണ്ടാകും. ഗോളിന്റെ ചിഹ്നമാണ് കോഴി എന്നതു മാത്രമാണോ ഇതിനു കാരണം? ഉദേർസോയുടെ തന്നെ വാക്കുകളിൽ കോഴിയെ വരയ്ക്കാൻ തനിക്കിഷ്ടമായതുകൊണ്ടാണെന്നൊരു ഒഴുക്കൻ വിശദീകരണമാണ് നമുക്കു കിട്ടിയിട്ടുള്ളത്.

ആദ്യകഥകളിൽ അത്ഭുതമരുന്നിന്റെ സഹായത്തോടെ ലക്ഷ്യം സാധിച്ചുവരുന്ന 'ആസ്റ്ററിക്സും ഒബ്ലിക്സും' എന്ന ഇതിവൃത്തത്തിൽത്തന്നെ കിടന്നുകറങ്ങിയ കഥകൾ പിന്നീട് വ്യത്യസ്ത ഇതിവൃത്തങ്ങളും ആഖ്യാനങ്ങളും തേടിത്തുടങ്ങി. 'ആസ്റ്ററിക്സ് ആൻഡ് ദ ബിഗ് ഫൈറ്റി'ലാണ് അത്ഭുത മരുന്നില്ലാതെതന്നെ ലക്ഷ്യംകാണുന്ന രീതിയിൽ ആദ്യം കഥയവസാനിക്കുന്നത്. പിന്നീട് "ആസ്റ്റെറിക്സ് ഇൻ ബ്രിട്ടണിലും" ഇതാവർത്തിക്കപ്പെട്ടു.

പിന്നീട് പല കോമിക്കുകളിലും ലോകവിഷയങ്ങൾ ആഖ്യാനങ്ങളുടെ ഭാഗമായി. അത്‌ലറ്റിക്സിൽ ഉത്തേജക മരുന്നുപയോഗം വ്യാപകമായതിനെ പുരാതന ഒളിമ്പിക്സിനെ കൂട്ടുപിടിച്ചാണ് ചിത്രീകരിച്ചിരിക്കുന്നത്. കമ്പോളത്തിനേയും ബൂർഷ്വാസിയെയും തൊഴിലാളിവർഗ്ഗസമരത്തെയും ആഗോളവത്കരണത്തേയും വിവിധങ്ങളായ സാമ്പത്തിക ശാസ്ത്രപഠനത്തിന്റെ മെക്കകളെയും പ്രതിനിധീകരിച്ച് "ഒബ്ലിക്സ് ആൻഡ് കോ"യിലെ അന്താരാഷ്ട്ര മെൻഹിർ മാർക്കറ്റും, സ്വദേശി മെൻഹിർ നിർമ്മാതാക്കളുടെ റോമൻ റോഡ് ഉപരോധവും, ലാറ്റിൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പഠിച്ച കയസ് പ്രപോസ്റ്ററസും ഒക്കെ ഴാക് ഷിറാക്കിന്റെ നേതൃത്വത്തിൽ ഫ്രാൻസിൽ സ്ഥാനമേറ്റെടുത്ത സർക്കാരിന്റെ നടപടികൾക്കെതിരെയുള്ള ഒരു വിമർശനമായിരുന്നു എന്ന് ചില വ്യാഖ്യാതാക്കളുടെ പക്ഷം.

നഗരവത്കരണത്തിലൂടെ ഗ്രാമവാസികളെ നശിപ്പിയ്ക്കാൻ നോക്കുന്നതും, മൂലധനം ജനങ്ങൾക്കിടയിലെ സ്വാഭാവിക സുഹൃത്ബന്ധങ്ങളെ ഉലയ്ക്കുന്നതും, അതീവസരസമായാണെങ്കിലും ചിത്രീകരിച്ച ഗോസിന്നിയും ഉദേർസോയും വികസനത്തിൽ നഷ്ടപ്പെടുന്ന നന്മകളെപ്പറ്റി ആകുലരായിരുന്നുവെന്നു വ്യക്തം. ഫ്രാൻസിൽ നല്ല വേരോട്ടമുള്ള ഫെമിനിസത്തേയും വിഷയമാക്കുന്നുണ്ട് ഉദേർസോ.

ആസ്റ്ററിക്സ് കഥകളിൽ ഒരുപാടെണ്ണം യാത്രകളാണ്. അവയിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ചില കഥാപാത്രങ്ങളുമുണ്ട്. അറബ് വംശജനായ നാവികനും കച്ചവടക്കാരനുമായ എക്കണോമിക്രൈസിസ്, കടൽക്കൊള്ളക്കാരുടെ സംഘം തുടങ്ങിയവർ. ഇതിൽ കടൽക്കൊള്ളക്കാരുടെ സംഘത്തിന്റെ പേടിസ്വപ്നമായി മാറുന്നുണ്ട് ആസ്റ്ററിക്സും ഒബ്ലിക്സും.

ആദ്യകാലത്ത് യാത്രകൾ യൂറോപ്പിലെ വിവിധദേശങ്ങളിലും (ബെൽജിയം, ബ്രിട്ടൻ, സ്വിറ്റ്സർലാൻഡ്, റോം), ഫ്രാൻസിന്റെ വിവിധ പ്രവിശ്യകളിലും (കോർസിക്ക, ല്യൂറ്റേഷ്യ, ബാൻക്വേ)ഒതുങ്ങിയിരുന്നു. കടമാർഗ്ഗവും കരമാർഗ്ഗവും നടന്ന യാത്രകൾ പലതും മറ്റുപ്രദേശങ്ങളിലെ അധിനിവേശക്കാർക്കെതിരെ സമാനമായ ചെറുത്തുനിൽപ്പുകളിൽ പങ്കാളികളാവാനോ സഹായത്തിനോ ആയിരുന്നു.

പിന്നീട് വൈക്കിങ്ങുകളുടെ പിൻപറ്റി ഗ്രീൻലാൻഡിലും അമേരിക്കയിലും ഇന്ത്യയിലും അറേബ്യയിലും ഒക്കെയായി യാത്രകൾ വികസിക്കുന്നുണ്ട്. ഇവിടെയൊക്കെ അധിനിവേശത്തോടല്ല പുതിയ ജീവിതരീതികളോടും വില്ലൻമാരോടുമാണ് ആസ്റ്റെറിക്സിനും ഒബ്ലിക്സിനും എതിരിടേണ്ടിവരുന്നത്.

രണ്ട് ആഫ്രിക്കൻ യാത്രകളുള്ളതിൽ ഒന്ന് ഈജിപ്റ്റിൽ സീസറിനുവേണ്ടി ക്ലിയോപാട്രയ്ക്ക് കൊട്ടാരം പണിയാൻ സഹായിക്കാനും, മറ്റൊന്ന് റോമൻ പട്ടാളത്തിലേക്ക് ഡ്രാഫ്റ്റ്ചെയ്യപ്പെട്ട ട്രാജിക് ഭോമിക്സിനെ രക്ഷിക്കാൻ വേണ്ടിയുള്ളതുമാണ്. രണ്ടാമത്തെ കഥയിൽ റോമൻ പട്ടാളത്തിന്റെ അതിരുകവിഞ്ഞ അച്ചടക്കത്തെ അടച്ചാക്ഷേപിക്കുന്നുണ്ട്. അവസാനം സീസർക്ക് പോംപിയുടെമേൽ വിജയം നേടിക്കൊടുത്താണ് ആസ്റ്റെറിക്സും ഒബ്ലിക്സും മടങ്ങുന്നത്.

വിവിധരാജ്യങ്ങളിൽ അവിടുത്തുകാരുടെ സ്വഭാവങ്ങളും പ്രത്യേകതകളും മുതലാക്കിക്കൊണ്ടും എടുത്തുകാണിച്ചുകൊണ്ടുമാണ് ഹാസ്യമുണ്ടാക്കുന്നത്. സ്വിസ്സുകാരുടെ സമാധാനപ്രിയതയും സമയനിഷ്ഠയും സ്വിസ്സ് ബാങ്കും വരെ പരാമർശവിധേയമാകുമ്പോ,ൾ ലൂറ്റേഷ്യയിൽ തിരക്കും ബഹളങ്ങളും, കോർസിക്കയിൽ മടിയും അവസാനിക്കാത്ത കുടുംബവഴക്കും മറ്റുമാണ് വിഷയം. ബ്രിട്ടനിലെത്തുമ്പോൾ ഫുട്ബാൾ മുതൽ തീൻമേശ മര്യാദവരെ വിഷയമാകുന്നുണ്ട്.

യൂറോപ്പിലെ യാത്രകളിലെ നിതാന്തസാന്നിധ്യമാണ് റോമൻ സാങ്കേതികതയും റോഡുകളും പശ്ചാത്തലവികസനവും മറ്റും. സ്പീഡ് കൂടിയതിന് ഒരു യുവാവിന്റെ രഥത്തിന് ഫൈനടിക്കുന്ന ഓഫീസറും, മൊബൈൽ രഥ റിപ്പയറും, കുതിരയ്ക്കു പുല്ലും വൈക്കോലും നൽകുന്ന ബങ്കും എല്ലാം യൂറോപ്യൻ ഹൈവേകളേയും അവിടുത്തെ സംഭവങ്ങളേയും പുരാതനകാലത്തേയ്ക്കു പറിച്ചു നട്ടതുമാത്രമാണ്.

കഥകളിലെല്ലാം ആസ്റ്റെറിക്സാണ് നായകനെങ്കിലും പഞ്ച് ഡയലോഗുകൾ പലതും ഒബ്ലിക്സിന്റേതാണ്. "ഈ റോമാക്കാർക്കു ഭ്രാന്താണ്" (These romans are crazy) എന്ന ഡയലോഗാണ് ഇതിൽ ഏറ്റവും പ്രസിദ്ധം. ഇതു പിന്നീട് മറ്റു പല ദേശക്കാരെപ്പറ്റിയും ഒബ്ലിക്സ് പറയുന്നുണ്ട്. ആൽപ്സ് കയറിയിറങ്ങുമ്പോൾ കള്ളടിച്ച് മത്തായി ഉറങ്ങിപ്പോയ ഒബ്ലിക്സിനോട് സ്വിറ്റ്സർലാൻഡ് എങ്ങനെയുണ്ടായിരുന്നെന്ന ചോദ്യത്തിനു "ഫ്ലാറ്റ്" എന്നൊറ്റവാക്കിൽ ഉത്തരം നൽകുന്നുണ്ട് ഒബ്ലിക്സ്. അതുപോലെ ഒരു സ്ത്രീ ഗ്രാമത്തിന്റെ ഗായികയായി കാകഫോണിക്സിനു പകരം എത്തിയപ്പോൾ അതിൽ അസ്വാഭാവികതയൊന്നും ഒബ്ലിക്സിനില്ല. അവർ ആണുങ്ങളുടെ മാതിരി ബീച്ചസ്സ് ധരിച്ചിരുന്നതും ഒബ്ലിക്സിനു പ്രശ്നമല്ല, പകരം, കുറുകെയുള്ള വരകളല്ല നീളൻ വരകളാണ് തടികുറച്ചു കാണിക്കുന്നതെന്ന് ഇവർക്കറിയില്ലേ എന്നു പറഞ്ഞു് ആർത്തു ചിരിക്കുകയാണ് മൂപ്പർ. ഇത്തരത്തിൽ സന്ദർഭം വിശകലനംചെയ്ത് എഴുതാനാണെങ്കിൽ മുപ്പത്തിനാലു പുസ്തകത്തിനും ഓരോന്നിനൊന്നുവച്ചെന്ന നിലയിൽ ലേഖനങ്ങളെഴുതാൻ മാത്രമുണ്ട്.

ആസ്റ്റെറിക്സ് പരമ്പരയെപ്പറ്റി പല പഠനങ്ങളും നടക്കുകയും, പലരും വിവിധങ്ങളായ വിശകലനങ്ങൾ പല കോണിൽനിന്നു നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്ത

രത്തിൽ ഏറ്റവും പ്രസിദ്ധവും സമഗ്രവുമായ ഒരു പഠനം "ദ കംപ്ലീറ്റ ഗൈഡ് റ്റു ആസ്റ്റെറിക്സ്" എന്ന പേരിൽ പീറ്റർ കെസ്ലർ പ്രസിദ്ധീകരിച്ചതാണ്. ഇന്നിപ്പോൾ ആസ്റ്റെറിക്സെന്നതു ഫ്രഞ്ച് ചെറുത്തുനിൽപ്പിന്റെ അടയാളമാണ്. അതോടൊപ്പംതന്നെ മില്യൺ കണക്കിനു ഡോളർ മൂല്യമുള്ള വ്യവസായവും. പുതിയ സിനിമകളും മറ്റും ആസ്റ്റെറിക്സിനെ ആസ്പദമാക്കി വരുന്നുണ്ട്. അടുത്തതു ത്രീ ഡി സാങ്കേതികവിദ്യ ഉപയോഗിച്ചാകുമെന്നറിയുന്നു. പുസ്തകങ്ങളെല്ലാം തന്നെ (എറ്റവും അവസാനമിറങ്ങിയ ഗോൾഡൻ ബുക്ക് ഇന്ത്യയിൽ ഇതുവരെ ലഭ്യമായിട്ടില്ല) ആഗോളമാർക്കറ്റിൽ ലഭ്യമാണ്.

(6 January 2011)[22]

[22]http://malayal.am/വിനോദം/കാർട്ടൂൺ/9562/ആസ്റ്റെറിക്സിന്റെ-സാഹസിക-കഥകൾ

# ഫോർമുല വൺ ഇന്ത്യയിലെത്തുമ്പോൾ

ഫോർമുല വൺ 2010 സീസൺ അവസാനിച്ചിട്ടേതാണ്ട് രണ്ടുമാസം തികയുന്നു. ഫോർമുല വൺ സർക്യൂട്ട് ക്രിസ്മസ് അവധിക്കുശേഷം വീണ്ടും സജീവമായിത്തുടങ്ങി. മുൻനിരടീമുകളൊക്കെ അവരുടെ ഡ്രൈവർമാരെ നിലനിർത്തിയപ്പോൾ മധ്യനിര-വാലറ്റടീമുകളിൽ ധാരാളം അഴിച്ചുപണികൾ നടക്കുന്നു. പല ടീമുകളും ഡ്രൈവർമാരെ പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ മാസം കൂടുതൽ പ്രഖ്യാപനങ്ങളുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ജനുവരി രണ്ടാംവാരത്തോടെ ടീമുകൾ പുതിയ കാറുകൾ ഇറക്കിത്തുടങ്ങും. ഫോഴ്സ് ഇന്ത്യ സ്പെയിനിൽ നടക്കുന്ന ടെസ്റ്റിങ്ങിൽ പഴയ കാറായിരിക്കും ഉപയോഗിക്കുക എന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. ഫെറാരി ജനുവരി അവസാനം 2011 സീസണിലേക്കുള്ള കാർ പുറത്തിറക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വലൻസിയയിൽ ഫെബ്രുവരി ഒന്നുമുതൽ മൂന്നുവരെ നടക്കുന്ന ടെസ്റ്റിങ്ങിലായിരിക്കും മിക്ക കാറുകളുടേയും അരങ്ങേറ്റം. എന്നാൽ ഫോഴ്സ് ഇന്ത്യയും, കഴിഞ്ഞ വർഷം റെഡ്ബുള്ളിന്റെ നയം പിന്തുടരാൻ താൽപ്പര്യമുള്ള മറ്റുള്ളവരും ഒരാഴ്ചയ്ക്കുശേഷം ജെറെസ്സിൽ നടക്കുന്ന ടെസ്റ്റിങ്ങിലായിരിക്കും കാർ പുറത്തിറക്കാൻ സാധ്യത. ഇത് സാധാരണ കാറിന്റെ എയ്റോഡൈനാമിക് കഴിവുകൾ മികച്ചതാക്കാനാണ് ഉപയോഗിക്കാറ്. കഴിഞ്ഞവർഷം ഹിസ്പാനിക് റേസിങ് ചെയ്തതുപോലെ റേസ് ഡെബ്യൂ ആരും ചെയ്യില്ലെന്നു കരുതാം.

കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ടീമുകളുടെ എണ്ണത്തിലൊന്നും വ്യത്യാസമുണ്ടായിട്ടില്ല. റേസുകളുടെ എണ്ണം 20 ആയി വർദ്ധിച്ചു. ഒക്ടോബർ അവസാനം നോയിഡയിലെ ട്രാക്കിൽ നടക്കുന്ന ഇന്ത്യൻ ഗ്രാൻപ്രിയാണ് പുതുതായി കലണ്ടറിൽ ഇടംപിടിച്ചത്. ആദ്യറേസ് ബഹ്റൈനിലെ സാക്കിറിൽ മാർച്ച് 11, 12, 13 തിയ്യതികളിലാണെങ്കിൽ സീസൺ ഫിനാലെ സാവോപോളോയിൽ നവംബർ 25, 26, 27 തിയ്യതികളിലാണ്. എട്ട് റേസുകൾ ഏഷ്യയിലും ഒൻപതെണ്ണം യൂറോപ്പിലുമാണ്. ചൈനീസ് റേസിനുശേഷം തുർക്കിയിൽ തുടങ്ങുന്ന യൂറോപ്യൻപാദം ഇടയ്ക്കൊരു വേനലവധിയോടുകൂടി ആവസാനിക്കുന്നത് സെപ്റ്റമ്പർ 9, 10, 11 തിയ്യതികളിൽ നടക്കുന്ന ഇറ്റാലിയൻ റേസോടുകൂടിയാണ്. ഇതിനിടയ്ക്ക് കനേഡിൻ ഗ്രാൻപ്രീ മാത്രമാണ് യൂറോപ്പിനു പുറത്തുള്ളത്. പിന്നീട് ഏഷ്യയിൽ തിരിച്ചെത്തുന്ന സീസൺ, ഫിനാലെയ്ക്കായി ബ്രസീലിലേക്കു പോകും.

റെഡ്ബുള്ളും മക്ലാരനും ഫെറാരിയും മെഴ്സിഡസും തങ്ങളുടെ ഡ്രൈവർമാരെ നിലനിർത്തിയപ്പോൾ വില്യംസ് ബാരിക്കെല്ലോവിനെ നിലനിർത്തുകയും ഹൾക്കൻബർഗ്ഗിനെ കൈവിടുകയും ചെയ്തു. റെനോയും ലോട്ടസും അവരുടെ ഡ്രൈവർമാരെ നിലനിർത്തിയിട്ടുണ്ട്. ലൂകാസ് ഡി ഗ്രാസ്സിക്കുപകരം വിർജിൻ ജെറോം ഡി അമ്പ്രോസ്സിയോയെ ടിമോ ഗ്ലോക്കിന്റെ കൂട്ടാളിയാക്കി. വില്യംസിൽ ബാരിക്കെല്ലോവിനു കൂട്ടാവുന്നത് വെനസ്വേലക്കാരൻ പാസ്റ്റർ മാൽഡൊണാഡോ ആണ്.

ഹിസ്പാനിക് റേസിങ്ങിനുവേണ്ടി ഇന്ത്യൻ ഡ്രൈവർ നരേൻ കാർത്തികേയൻ ഒരിക്കൽക്കൂടി ട്രാക്കിലിറങ്ങും. ആരാണ് കാർത്തികേയനു കൂട്ടാവുകയെന്നത് ഇതുവരെ ഉറപ്പായിട്ടില്ലെങ്കിലും സെന്നയായിരിക്കില്ലെന്നു ടീം വ്യക്തമാക്കിക്കഴിഞ്ഞു. കൊബിയാഷിക്കു കൂട്ടായി ഹെഡ്ഫീൽഡിനു പകരം സെർജിയോ പെരസ് സൗബറിൽ സ്ഥാനമുറപ്പാക്കി. ടോറോ റോസോയും ഫോഴ്സ് ഇന്ത്യയും ലൈനപ്പ് ഇനിയും പ്രഖ്യാപിച്ചിട്ടില്ല. ബ്യൂയമിയും അൽഗ്യൂസുരിയും ടോറോ റോസോയിൽ തുടരാൻ സാധ്യതയുണ്ടെന്നാണറിയുന്നത്.

ബ്രിഡ്ജ്സ്റ്റോൺ പിൻവാങ്ങിയതിനെത്തുടർന്ന് റേസിലെ ഏക ടയർ സപ്ലയറായി പിറേലി വീണ്ടും രംഗത്തുവരും. 20 കൊല്ലത്തിനുശേഷമാണ് പിറേലി ഫോർമുല വണ്ണിൽ തിരിച്ചെത്തുന്നത്. വരുന്ന മൂന്നുവർഷത്തേക്കാണ് കരാർ. ഓരോ റേസ് വാരാന്ത്യത്തിനും അനുവദിച്ചിരുന്ന ടയർ സെറ്റുകളുടെ എണ്ണം പതിനാലിൽനിന്നും പതിനൊന്നായിക്കുറച്ചിട്ടുണ്ട്. ടയർ റിട്ടേൺ പോളിസിയിലും മാറ്റങ്ങളുണ്ട്. അതുപോലെ ഡ്രൈറേസിൽ ഓപ്ഷനും പ്രൈമും ഉപയോഗിച്ചില്ലെങ്കിൽ മുപ്പതു സെക്കന്റ് പെനാൽട്ടിയുണ്ട്. ഗിയർബോക്സുകൾ നാലിനുപകരം അഞ്ച് റേസുകളിൽ ഉപയോഗിക്കണമെന്നും നിയമമുണ്ട്.

മറികടക്കലും ആവേശവും വർദ്ധിപ്പിക്കാനായി, KERS തിരിച്ചുവരുമ്പോൾ, ഡ്രൈവർക്ക് അഡ്ജസ്റ്റ് ചെയ്യാവുന്ന പിൻചിറകുകൾ പുതുതായി വരുന്നുണ്ട്. എന്നാൽ ഡിഫ്യൂസറുകളും ഏറെ വിവാദമായ എഫ്-ഡക്റ്റും നിരോധിച്ചിട്ടുമുണ്ട്. ടയറുകളുടെ സുരക്ഷ വർദ്ധിപ്പിക്കാനായി ഒരു പിടുത്തം (tether) അധികംവയ്ക്കാനും നിയമമുണ്ടാക്കിയിട്ടുണ്ട്.

എന്നാൽ 107ഏറ്റവും വേഗമേറിയ സമയത്തെക്കാൾ 107എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ (പരിശീലന റൗണ്ടുകളിൽ മികച്ച സമയം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റും) സ്റ്റ്യൂവാർഡുകൾക്ക് അനുവാദം നൽകാം. സ്റ്റ്യൂവാർഡുകൾക്ക് കൂടുതൽ അധികാരം നൽകിയപ്പോൾ ടീം ഓർഡറുകളുടെ മേലുണ്ടായിരുന്ന നിരോധനം പിൻവലിച്ചിട്ടുമുണ്ട്. ടീം കർഫ്യൂ ആണ് മറ്റൊരു പുതിയ നിയമം. രാത്രി പന്ത്രണ്ടുമുതൽ രാവിലെ ആറുവരെയോ (സെഷൻ പത്തുമണിക്കാണെങ്കിൽ), രാത്രി ഒന്നുമുതൽ ഏഴുവരെയോ (സെഷൻ പതിനൊന്നു മണിക്കാണെങ്കിൽ) കാറിന്റെ വർക്കുമായി ബന്ധപ്പെട്ട ആരും റേസ് സർക്യൂട്ടിൽ പ്രവേശിക്കരുതെന്നാണ് പുതിയ നിയമം.

ഇന്ത്യയിലേക്ക് ആദ്യമായി ഫോർമുല വൺ എത്തുമ്പോൾ നരേൻ കാർത്തികേയനും ഫോഴ്സ് ഇന്ത്യയും ഇന്ത്യൻ സാന്നിദ്ധ്യങ്ങളായി ട്രാക്കിലുണ്ടാകുമെന്ന് ഏതാണ്ടുറപ്പായിക്കഴിഞ്ഞു. ഫെബ്രുവരി ഒന്നിന് വലൻസിയയിൽ ടെസ്റ്റിങ്ങിനു തുടക്കമാവുന്നതോടുകൂടി, ഔദ്യോഗികമായി 2011 സീസണിനു തുടക്കമാവും. ഫോർമുലവൺ ലോകവും സജീവമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാലുവർഷങ്ങളിൽ നാല് വ്യത്യസ്ത ചാമ്പ്യൻമാരെയാണ് നമുക്ക് സീസൺ സമ്മാനിച്ചത്. മാത്രമല്ല ട്രാക്കിൽ തീപാറുന്ന പോരാട്ടങ്ങളും അവരൊരുക്കി. ആരായിരിക്കും 2011ന്റെ ചാമ്പ്യൻ? മുപ്പതിനുമേലെയുള്ള ധാരാളംപേർ

അണിനിരക്കുന്ന 2011ൽ അവരാരെങ്കിലും കിരീടം ചൂടുമോ? സാക്കിർ ട്രാക്കിൽ എൻജിൻ മുഴങ്ങുംവരെ നമുക്ക കാത്തിരിക്കാം.

(13 January 2011)[23]

[23] http://malayal.am/വിനോദം/കായികം/9663/ഫോർമുല-വൺ-ഇന്ത്യയിലെത്തുമ്പോൾ

# തലമുടിയെക്കുറിച്ച് ഒരുപന്യാസം

തലമുടി ഒരു പ്രതിഭാസമാണ്. സക്കറിയയുടെ ആഫ്രിക്കൻ യാത്രകൾ വായിക്കുന്നതിനുംമുമ്പ് മുടിനീട്ടിവളർത്താൻ തുടങ്ങിയതാണ് ഞാൻ. എന്നാൽ അത് പിന്നീട് ഇക്കഴിഞ്ഞ ഒക്ലോബറിൽ ആരോഗ്യപരമായ കാരണങ്ങളാൽ ഒഴിവാക്കപ്പെടുംവരെ ഒരു പിടി അനുഭവങ്ങളാണ് സമ്മാനിച്ചത്. ആഫ്രിക്കൻ യാത്രകളെ പരാമർശിക്കാൻ കാരണം, അതിലൊരിടത്ത് ബസ്സിൽ യാത്രചെയ്യുന്ന സക്കറിയ മുടി പറ്റെവെട്ടിക്കളഞ്ഞ ആഫ്രിക്കൻ സ്ത്രീയുടെ സൗന്ദര്യത്തെപ്പറ്റിപ്പറയുന്നുണ്ട്. അതോടൊപ്പം മുണ്ഡനംചെയ്ത തലയുമായി നടക്കുന്ന ചില നാടൻ പരിഷ്കാരികളെപ്പോലെ അത് മനംപിരട്ടലുണ്ടാക്കാത്തതിനെപ്പറ്റിയും. (കൃത്യമായ പ്രയോഗം ഓർമ്മയില്ല, എന്തായാലും സാരം ആഫ്രിക്കൻ സ്ത്രീയുടെ സൗന്ദര്യസങ്കൽപ്പത്തിൽ മാത്രമേ മുണ്ഡനംചെയ്ത തല ചേരൂ എന്നായിരുന്നു.)

മനംപിരട്ടൽ അവിടെ നിൽക്കട്ടെ, എന്നെക്കൂടുതൽ പിടിച്ചുലച്ചത്, നീണ്ടുവളർന്ന തലമുടിയെന്നത് സ്ത്രീയുടെ മാത്രം ചിഹ്നവും ഭാണ്ഡവും ആണെന്ന തിരിച്ചറിവായിരുന്നു. അല്ലെന്നു വാദിക്കുന്നവർക്ക് എടുത്തുതരാൻ ഉദാഹരണങ്ങളൊന്നുമില്ലെങ്കിലും, എന്നോളം മുടിയില്ലെന്നു സങ്കടപ്പെട്ടിരുന്ന സഹോദരിമാരും, പല പ്രാവശ്യം എന്റെ മുടിയും സ്കൂളിൽ നിർബന്ധമായി ബോബ് ചെയ്ത് തോളൊപ്പം നിർത്തിയിരിക്കുന്ന അവരുടെ മുടിയും താരതമ്യം ചെയ്ത് നെടുവീർപ്പിട്ടിട്ടുള്ള സ്കൂൾ കിടാങ്ങളും മുതൽ, ഇപ്പോഴെന്റെ തൊട്ടപ്പുറത്തു താമസിക്കുന്ന തലമൊട്ടയടിക്കാൻ നിർബന്ധിതയായ പെൺകുട്ടിയുംവരെ സാക്ഷ്യം പറയും.

എന്തൊക്കെയായാലും നീട്ടിവളർത്തിയ മുടി ഒരു പുതിയ സാമൂഹ്യാനുഭവമാണെനിക്കു സമ്മാനിച്ചത്. എക്സെൻട്രിക്കുകൾ അപൂർവ്വമല്ലാത്ത ശാസ്ത്രത്തിന്റെ ലോകത്തായതുകൊണ്ട്, ആരും നിങ്ങളുടെ വേഷവിധാനങ്ങളെ മുൻവിധിയോടെ കാണില്ലെന്നത് സമ്മാനിച്ച സ്വാതന്ത്ര്യം ശരിക്കും ഞാൻ ഉപയോഗിച്ചെന്നു പറയാം. അതിനു സ്തുതിപറയേണ്ടത് ഐൻസ്റ്റീന്റെ ഒരു കാരിക്കേച്ചറിനോടാണെന്നു തോന്നുന്നു. അത്രയ്ക്കും വരില്ലെങ്കിലും മാസങ്ങളോളം ഷേവ് ചെയ്യാത്ത മുഖവും നീട്ടിവളർത്തിയ മുടിയും ഹാഫ് ട്രൗസറും ടീഷർട്ടുമടങ്ങുന്ന എന്റെ പതിവുരൂപം എനിക്കും ചെറുതല്ലാത്ത വിസിബിലിറ്റി തന്നിരുന്നു. മാത്രമോ, ബഹുസ്വരതയുടെ ഒരു സമൂഹത്തിൽ ഒന്നിന്റേയും പ്രതിനിധിയാവാതെ എന്റെ മാത്രം പ്രതിനിധിയാവാനും അതെന്നെ സഹായിച്ചിട്ടുണ്ട്.

മുണ്ഡനംചെയ്ത തല വൈധവ്യത്തിന്റെ പ്രതീകമായിരുന്നു മുൻപ്. വിധവയായിട്ടും മുടി നീട്ടിവളർത്തുന്നത് അഭിസാരികയുടെ ലക്ഷണമായാണ് കണ്ടിരുന്നത്. ദീപ മേത്തയുടെ "വാട്ടറിൽ" ലിസ റേയുടെ കഥാപാത്രത്തെ ഓർക്കുക. പിന്നീട് സ്വജീവിതത്തിൽ കാൻസർഗ്രസ്തയായി തല മുണ്ഡനംചെയ്യേണ്ടിവന്നപ്പോൾ എന്തായിരുന്നിരിക്കുമാവോ ആ മനസ്സിൽ കടന്നുപോയത്, ഈയടുത്ത കാലത്ത് കീമോത്തെറാപ്പി കഴിഞ്ഞു് രോഗമുക്തയായിവന്ന മംതാ

മോഹൻദാസ് മുടി നഷ്ടപ്പെട്ടതിനേയും മറ്റും വളരെ വികാരരഹിതമായി ഒരിന്റർവ്യൂവിൽ സമീപിക്കുന്നതു കണ്ടു. നല്ലത്. നീണ്ടുവളർന്ന ഇടതൂർന്ന മുടിയോടുള്ള അഭിനിവേശമില്ലാത്ത ചില പെൺകുട്ടികളെങ്കിലുമുണ്ടീലോകത്ത്.

അഴിച്ചിട്ടാൽ മുട്ടൊപ്പമെത്തുന്ന കുടുമയുമായി നടന്നിരുന്ന മാധവൻമാരിൽനിന്നും (ഇന്ദുലേഖ) പറ്റെയൊതുക്കിയ മുടി പുരുഷസൗന്ദര്യസങ്കൽപ്പത്തിൽ സ്ഥാനംനേടിയത് കഴിഞ്ഞനൂറ്റാണ്ടിന്റെ തുടക്കത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങളെ പിൻപറ്റിയാകണം. ഞാനാദ്യം മുടിവളർത്തി വീട്ടിലെത്തിയപ്പോഴുണ്ടായ ഒരു പരാമർശം തിരിച്ചുവരുന്ന കുടുമയെപ്പറ്റിത്തന്നെയായിരുന്നു. അന്നെന്തുകൊണ്ടാണാവോ പുരുഷൻമാർ മാത്രം കുടുമ മുറിച്ചത്? എന്തായാലും നവോത്ഥാനകാലമായിരിക്കണം നീണ്ടമുടിയുടെ എല്ലാഭാരവും സ്ത്രീയിലേക്കുമാത്രമായി ചുരുക്കിയത്. പുരുഷകേന്ദ്രീകൃത നവോത്ഥാനശ്രമങ്ങളിൽ സൃഷ്ടിക്കപ്പെട്ട സ്ത്രീ പുരുഷനാഗ്രഹിച്ച സ്ത്രീയാണെന്ന ദേവികയുടെ നിരീക്ഷണത്തിൽ കുറച്ചെങ്കിലും ശരിയില്ലേ എന്നൊരു തോന്നൽ. (കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?)

സ്വാഭാവികമായിത്തന്നെ തഴച്ചുവളരുന്ന തലമുടിയുള്ള ആൺകുട്ടികളെ നീട്ടിവളർത്തുന്നതിൽനിന്നു വിലക്കുകയും, മുടി കൊഴിച്ചിലും കേശസംബന്ധിയായ അസുഖംമൂലം വിഷമിക്കുകയും ചെയ്യുന്ന പെൺകുട്ടികളെ നീട്ടിവളർത്താത്തതിനു ഭർത്സിക്കുകയും ചെയ്യുന്ന സമൂഹമാണ് നമ്മുടേത്.

മൂന്നുവർഷം നീണ്ടുവളർന്ന തലമുടിയുമായി നടന്ന അനുഭവത്തിൽനിന്നു പറയട്ടെ, തലമുടി വളർത്തുകയെന്നതും പരിപാലിക്കുകയെന്നതും വളരെ ചെലവേറിയ ഒരു പണിയാണ്. തേക്കുന്ന എണ്ണയും, കഴുകുന്ന വെള്ളവും, ചെളികളയാനും മര്യാദയ്ക്കു നിൽക്കാനുംവേണ്ടി ഉപയോഗിക്കേണ്ടിവരുന്ന ഷാംപൂവും കണ്ടീഷനറും എല്ലാം പോക്കറ്റിൽ വലിയ ദ്വാരങ്ങളാണുണ്ടാക്കുക. അതിനു പുറമേയാണ്, വെട്ടിയൊതുക്കി കൊണ്ടുനടക്കേണ്ടുന്നതിന്റെ ചെലവ്.

ഹൈദരാബാദ് നഗരത്തിലെ പ്രശസ്തവും അല്ലാത്തതുമായ മിക്ക യുണിസെക്സ് സലൂണുകളിലും ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഞാൻ പോയിട്ടുണ്ട്. എല്ലായിടത്തുനിന്നും വിവിധതരത്തിൽ മുടിവെട്ടുകളും നടത്തിയിട്ടുണ്ട് (200 മുതൽ 1500 രൂപ വരെ ചെലവുള്ളവ). എന്നാൽ ബിൽ തരുമ്പോൾ എന്നും എന്റെമേൽ അവർ ഹെയർ കട്ട് ഫോർ വിമൻ നടത്തിയതിന്റെ വിലയാണു മേടിക്കാറ്. എപ്പോൾ ചോദിച്ചാലും പെണ്ണുങ്ങളേക്കാളും മുടിയുണ്ടായിരുന്നു സാർ എന്നായിരിക്കും റിസപ്ഷനിലെ കുട്ടി പറയുന്നത്.

ഈ പാർലറുകൾ പലതും സമൂഹത്തിലെ ഉന്നതശ്രേണിയിലെ സോഷ്യലൈറ്റുകളുടെ നിത്യസന്ദർശനകേന്ദ്രങ്ങളാണ്. ലിംഗ, മത, വംശ വ്യത്യാസമില്ലാതെ പണത്തിന്റേയും കുടുംബമഹിമയുടെയും മാത്രം കാര്യംനോക്കി ആളുകളോട് ഇടപഴകുന്നവരാണു ഞങ്ങൾ എന്നുറക്കെ പ്രഖ്യാപിക്കുന്നവരുടെ സമൂഹത്തിൽപ്പോലും നീണ്ടുവളർന്ന തലമുടി പെൺകുട്ടിക്കു മാത്രം അവകാശപ്പെട്ടതാണെന്ന സാരം.

സമൂഹത്തോടു പുറംതിരിഞ്ഞു നിൽക്കുന്നതിനാലാവണം, എന്നെ പറഞ്ഞു നന്നാക്കാൻ ആദ്യകാലത്ത് എന്റെ അമ്മയല്ലാതെ വേറെയാരും ശ്രമിച്ചിട്ടില്ല. അമ്മതന്നെ, രണ്ടു പ്രാവശ്യം പറഞ്ഞിട്ടും കേൾക്കാതായപ്പോൾ, എന്നാൽ നിനക്ക് മര്യാദയ്ക്കു വാലുംതലയുമൊക്കെ ഒതുക്കി നടന്നുകൂടെ എന്ന ലൈനിലെത്തുകയും ചെയ്തു. ചില ചില്ലറ സംശയാലുക്കളെ അർഹിക്കുന്ന ഉത്തരങ്ങളിലൂടെ നിശബ്ദരാക്കുകയും കൂടിചെയ്തതോടെ ഞാൻ മുടി വളർത്തുന്നതിൽ പരസ്യമായി എതിർപ്പുള്ളവരുടെ എണ്ണം കുറഞ്ഞു.

മുടി വെട്ടാൻ തീരുമാനിക്കുന്ന ഒരു പെൺകുട്ടിയേയും സമൂഹം ഈ രീതിയിലാണോ സ്വീകരിക്കുക എന്നറിയില്ല. മുടി പറ്റെ ബോബ് ചെയ്തു നടക്കുന്ന ഒരു ഡോക്ടറുണ്ടെനിക്കിവിടെ. അവർ മലയാളിയാണെന്നും പറഞ്ഞുകേൾക്കുന്നു (കേട്ടറിവു മാത്രമേയുള്ളൂ, ഇന്നുവരെ ഒരക്ഷരം മലയാളം പറഞ്ഞുകേട്ടിട്ടില്ല; അവരോടു ചോദിച്ചുനോക്കണം ഇനി കാണുമ്പോൾ). സ്വാഭാവികമായി തലയിലുണ്ടാവുകയും ആൺപെൺഭേദമില്ലാതെ വളരുകയും ചെയ്യുന്ന മുടിയെന്ന സാധനത്തെപ്പിടിച്ച് സ്ത്രീലിംഗസ്വത്വത്തിന്റെ പ്രത്യക്ഷ അടയാളമാക്കിയതാരാണാവോ. തലമുടിപരിചരണത്തിന്റെ ബുദ്ധിമുട്ടുമനസ്സിലാക്കിയ സ്ത്രീവിദ്വേഷിയായ ആരെങ്കിലുമായിരിക്കണം.

ഇത്തരത്തിൽ ലിംഗപരമായി സ്ത്രീസ്വത്വമുള്ള നീണ്ടുവളർന്ന മുടി പല അനുഭവങ്ങളും സമ്മാനിച്ചിട്ടുണ്ടെനിക്ക്. ഒരുല്ലാസയാത്രയ്ക്കിടയ്ക്കു പാറിപ്പറന്നുപോയ മുടിയൊതുക്കാൻ തുനിഞ്ഞപ്പോൾ അവിടെ കൂടെ പെൺകുട്ടികളുമുണ്ടായിരുന്നു. അവരോടു ഞാൻ കാര്യമായിത്തന്നെ, ഏതു ഷാംപൂവാണുപയോഗിക്കാറ്, എങ്ങനെയെണ്ണതേക്കും തുടങ്ങിയ കാര്യങ്ങളൊക്കെ അന്വേഷിച്ചു. അവർ കൃത്യമായ മറുപടിയും ഉപദേശങ്ങളും തരികയും ചെയ്തു. അവർ പിന്നീടൊരിക്കൽ പറഞ്ഞതു്, ജീവിതത്തിലൊരിക്കലും ഒരാൺകുട്ടിയോടു നടത്തേണ്ടിവരും എന്നു കരുതിയ സംഭാഷണമല്ല അതെന്നാണ്.

എന്തായാലും ഒരേ ലാബിൽ അപ്പുറത്തുമിപ്പുറത്തുമിരുന്ന് ജോലിയെടുക്കുന്നവരായതിനാൽ ഈ വിഷയത്തിൽ പിന്നെയും പലപ്രാവശ്യം സംഭാഷണങ്ങളുണ്ടായിട്ടുണ്ട്, സലോണുകളെപ്പറ്റിയും പുതിയ ഹെയർസ്റ്റൈലുകളെപ്പറ്റിയുമടക്കം. സ്ഥിരമായി ഞാൻ കേട്ടിരുന്ന ഒരു ചോദ്യം എന്താ മുടിവളർത്താൻ കാരണമെന്നായിരുന്നു. ആൺപെൺഭേദമില്ലാതെ പലരുമതു് ചോദിച്ചിട്ടുണ്ട്. മറുപടി നിഷേധാത്മകമായിട്ടാണെങ്കിലും സത്യം തന്നെയാണ് ഞാൻ പറയാറുള്ളതും. ഞാൻ മുടി വളർത്താനല്ല, വെട്ടാതിരിക്കാനാണു തീരുമാനിച്ചതെന്ന്.

സ്വന്തം തലയിൽ വളരുന്ന മുടി വെട്ടാനും വളർത്താനും സ്വാതന്ത്ര്യമനുവദിക്കുന്ന, മുണ്ഡനം ചെയ്തതലയിലും സൗന്ദര്യം കാണാനും കഴിവുള്ള ഒരു ലോകസമൂഹം വളർന്നുവരുമെന്നു പ്രത്യാശിച്ചുകൊണ്ട്.

പിൻകുറിപ്പ്:

തലമുടിയെക്കുറിച്ചുള്ള ഈ വിചാരങ്ങൾക്കു കടപ്പാട് തൊട്ടടുത്ത മുറിയിൽ മുടിയില്ലാതെ കിടന്നിരുന്ന പെൺകുട്ടി, അവളുടെ ഇടതൂർന്ന മുടിയോടുകൂടിയ

പൂർവ്വാശ്രമചിത്രങ്ങൾ കാണിച്ചുതന്നപ്പോൾ ആ കണ്ണുകളിൽ മിന്നിമറഞ്ഞ വികാരങ്ങൾക്ക്.

(6 January 2011)[24]

[24] http://malayal.am/പലവക/9817/തലമുടിയെക്കുറിച്ച്-ഒരുപന്യാസം

# സാമൂഹ്യവിമർശനത്തെക്കുറിച്ച്

ആരെങ്കിലും എന്തെങ്കിലും നടപടിയെയോ നയത്തേയോ വിമർശിക്കുമ്പോൾ സ്ഥിരമായി കേൾക്കുന്നതാണ്, ബദലിന്റെ ചോദ്യം. നമ്മുടെ മനസ്സിൽ പതിഞ്ഞുപോയ, ചെറുപ്പംമുതലേ പഠിപ്പിച്ചുവച്ചിരിയ്ക്കുന്ന ഒരു കാര്യമാണത്. എന്തെങ്കിലും കാര്യത്തിന്റെ നടത്തിപ്പിൽ കാര്യമായ ദോഷം നിങ്ങൾ കാണുന്നുണ്ടെങ്കിലും അതിന്റെ നല്ല വശം മാത്രം കണ്ട് അതിനെ അഭിനന്ദിക്കുക. നിങ്ങൾക്ക് പ്രവർത്തിച്ച് കാണിക്കാനാവുന്ന ഒരു ബദൽ നിർദ്ദേശിക്കാനില്ലെങ്കിൽ ദോഷകരമായ വശങ്ങൾ കണ്ടില്ലെന്ന് നടിച്ച്, ഇത്രയും ചെയ്ത നല്ല മനസ്സിനെ അഭിനന്ദിക്കുക. ഇത്രയൊക്കെ നന്മചെയ്യുന്ന നല്ല മനസ്സിനെ കണ്ടുകൂടെ എന്ന ചോദ്യവും, ഇനി വിമർശനം പേടിച്ച് ആരും ഒന്നും ചെയ്യില്ല എന്ന വായ്ത്താരിയും, വെറുതെയിരുന്ന് കുറ്റംപറയുന്ന നേരം രണ്ട് കാര്യം ചെയ്തുകാണിക്ക് എന്ന വെല്ലുവിളിയും എല്ലാം വിമർശങ്ങളെ കാത്തിരിക്കുന്ന സ്ഥിരം മറുപടികളാണ്.

ഒരു കാര്യം ചീത്തയാണെങ്കിൽ അതു ചൂണ്ടിക്കാണിക്കുംമുമ്പ്, അതിനൊരു ബദലും ചൂണ്ടിക്കാണിക്കുന്ന ആൾതന്നെ നിർദ്ദേശിക്കണം എന്നു പറയുന്നതു തന്നെ സത്യത്തിൽ മണ്ടത്തരമാണ്. പലപ്പോഴും തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവർ ബദൽ നിർദ്ദേശിക്കാറുണ്ട്. അതിനു കിട്ടാറുള്ള മറുപടി, എങ്കിൽ നിങ്ങളതൊന്നു ചെയ്തുകാണിക്ക്, ഞങ്ങൾക്ക് സമയമില്ല എന്നാണ്. ബദലുകൾ ചർച്ചചെയ്യാനുള്ള സന്നദ്ധത വളരെക്കുറച്ചുപേർ മാത്രമേ കാണിക്കൂ.

കാരണം മറ്റൊന്നുമല്ല, തങ്ങൾ തുടങ്ങിവച്ച വിജയകരമായ ഒരു ഉദ്യമത്തിൽ തങ്ങളെ നിശിതമായി വിമർശിച്ചവർക്ക് പങ്കാളിത്തം നൽകുന്നതിലുള്ള വൈക്ലബ്യം. ചുരുക്കം ചിലർ വിമർശനങ്ങളെ കാര്യമായി കാണുകയും, നിർദ്ദേശിക്കപ്പെട്ട ബദലുകൾ അവർ പരിഗണിക്കുകയും, പിന്നീട് തള്ളിക്കളയുകയും ചെയ്തതാണെങ്കിൽ അക്കാര്യം അറിയിക്കുകയും, ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങളെ അവ അർഹിക്കുന്ന ഗൌരവത്തോടെ സമീപിക്കുകയും ചെയ്യാറുണ്ട്. (വിമർശകൻ പ്രശ്നത്തിനു കൊടുക്കുന്ന മുൻഗണനയാവണമെന്നില്ല ഇവരുടേത്.)

ഏതാണ്ട് 90 ശതമാനം കേസുകളിലും വിമർശകൻ ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങൾ ഗൌരവമേറിയതാണെങ്കിലും ബദലുകൾ പ്രായോഗികമാകണമെന്നില്ല. അവ ഒരാളുടെ നിരീക്ഷണത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്നവ മാത്രമാണ്. സംരംഭം നടത്തുന്നവർ ഒരുപാടു പഠനങ്ങളും മറ്റും നടത്തിയാകണം അവരുടെ വഴി തിരഞ്ഞെടുത്തിരിക്കുക. അതുകൊണ്ടുതന്നെ പ്രായോഗികതലത്തിൽ വിമർശങ്ങളിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ ശ്രദ്ധയർഹിക്കുമ്പോൾതന്നെ ബദലുകൾ മിക്കപ്പോഴും സമൂഹത്തിന്റെ വായടപ്പിക്കാൻവേണ്ടി മാത്രം നിർദ്ദേശിക്കപ്പെടുന്നവയുമാകും.

മാത്രമല്ല, ഒരു പ്രശ്നം പരിഹരിക്കാനുള്ള ശരിയായ വഴി എല്ലായ്പ്പോഴും, അതു കൃത്യമായി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നതാണ്. യോജിച്ച പരിഹാരം അവർ കണ്ടെത്തിക്കോളും (കണ്ടെത്തണം). വേണമെ

ങ്കിൽ കൃത്യമായ ഇടവേളകളിൽ കാര്യങ്ങൾ വിണ്ടും ഉന്നയിച്ച് അവ അധികാരികളുടെ മുൻഗണനാ പട്ടികയിൽ മുന്നിൽത്തന്നെ ഇടംനേടിക്കൊടുക്കയും ചെയ്യാം.

എങ്കിലും സമൂഹത്തിന് ഒരു വിമർശം കാമ്പുള്ളതായിത്തോന്നണമെങ്കിൽ അതിൽ ബദൽ നിർദ്ദേശങ്ങൾ വേണം. നിർദ്ദേശിക്കപ്പെട്ട ബദൽ നടപ്പാക്കാത്തതിനു കാരണം ബോധിപ്പിക്കണം. പലപ്പോഴും ഇതു് മുമ്പേ ചെയ്തിട്ടുണ്ടാകും. എങ്കിലും പുതിയ വിമർശത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഒന്നുകൂടി ചെയ്യണമെന്ന് സമൂഹം വാശിപിടിക്കുന്നതു് അപൂർവ്വമൊന്നുമല്ല.

കൃത്യമായ പഠനങ്ങളുടെ പിൻബലമില്ലാതെ നിർദ്ദേശിക്കപ്പെടുന്ന ബദലുകൾ സമൂഹത്തിന് ഗുണകരമായ ഒരു പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നു. പിന്നെ, സമൂഹത്തിന്റെ വാശിയും ദേഷ്യവും സാധാരണ തിരിയുന്നതു് വിമർശകനിലേക്കാണ്. ഏതു സമൂഹത്തിന്റെ അപ്രീതി ഭയന്ന് വേണ്ടത്ര തെളിവുകളോ പഠനങ്ങളോ നടത്താതെ അടിയന്തിരപ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടട്ടെ എന്നു കരുതിമാത്രം ഒരു ബദൽ കൂട്ടിക്കെട്ടി വിമർശം പ്രസിദ്ധീകരിച്ചുവോ, ആ സമൂഹത്തിന്റെ.

പ്രശ്നങ്ങളോടുകൂടിയാണെങ്കിലും സുഗമമായി നടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയെ പരിഷ്കരിക്കാനാണ് വിമർശകൻ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്നതു്. അതിനോടു് സമൂഹം അസഹിഷ്ണുതയോടെ പ്രതികരിക്കുന്നതു് സാമൂഹികമായ ജഡത്വം (social inertia) മൂലമാണ്. അതു് ശരിയാക്കാനുള്ള മാർഗ്ഗം വെറും വിമർശനമല്ല, ശക്തമായ പ്രചരണപ്രവർത്തനങ്ങളിലൂടെയുള്ള ബോധവത്കരണമാണ്.

ഒരുരീതിയിലുള്ള സമരം, മേധാ പട്കറും മയിലമ്മയും ഒക്കെ നടത്തിവന്നിരുന്ന (വരുന്ന) സമരം, വിമർശനങ്ങളെ പ്രശ്നങ്ങളിലേക്കു ശ്രദ്ധക്ഷണിക്കാനുപയോഗിക്കാം. വളരെ വ്യക്തവും സുശക്തവുമായ തെളിവുകളുടെ പിൻബലമുണ്ടെങ്കിൽ ബദലുകളും നിർദ്ദേശിക്കാം. സമൂഹത്തിന്റെ അപ്രീതി ഭയന്ന് ആവശ്യമില്ലാത്തതു് കൂട്ടിച്ചേർക്കുകയോ, അവശ്യകാര്യങ്ങൾ വിട്ടുകളയുകയോ ചെയ്ത് വിമർശിക്കുന്നതു്, വിമർശിക്കാതിരിക്കുന്നതിനു തുല്യമാണ്. അതു് സമൂഹത്തിലെ ജഡത്വത്തെ ശക്തിപ്പെടുത്തുക മാത്രമേയുള്ളൂ.

ഇതുവരെ, സംരംഭങ്ങളെ വിമർശിക്കുന്നവരോടോ വിമർശനാത്മകമായി വിലയിരുത്തുന്നവരോടോ സംരംഭകരും, മിക്കപ്പോഴും ഗുണഭോക്താക്കളായ സിവിൽ സമൂഹവും എടുക്കുന്ന നിലപാടുകളെക്കുറിച്ചാണ് പറഞ്ഞതു്. വിമർശനം സംരംഭങ്ങളെപറ്റി മാത്രമല്ല ഉണ്ടാവാറു്. സാമൂഹിക/രാഷ്ട്രീയ/ഭരണ സ്ഥാപനങ്ങളുടെ നയങ്ങളെയോ, സമൂഹത്തിലെ വിവിധ കീഴ്വഴക്കങ്ങളെയോ ഒക്കെ വിമർശനവിധേയമാക്കാറുണ്ടു്. പലപ്പോഴും ഇത്തരം വിമർശങ്ങളുന്നയിക്കുന്നവരോടു് മാദ്ധ്യമസ്ഥാപനങ്ങളടക്കമുള്ളവരുടെ (സാധാരണഗതിയിൽ വലിയ വിമർശകർ മാദ്ധ്യമങ്ങളാണ്) സ്ഥിരം ചോദ്യങ്ങൾ രണ്ടാണ്.

ഒന്ന്, ബദലിനെ സംബന്ധിച്ചതാണ്. വലിയ സാമൂഹികചലനങ്ങളുണ്ടാക്കാൻ കഴിവുള്ള ഒരു സ്ഥാപനത്തിന്റെ നയം ചില ദോഷകരമായ പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോന്നതാണ് എന്നു ചൂണ്ടിക്കാണിച്ചതിനാണ് ഈ ചോദ്യം എന്നോർക്കണം. ഇത്രയും വലിയ സ്ഥാപനത്തിന്റെ നയപരമായ കാര്യങ്ങളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് എന്തെങ്കിലും ധാരണകളുണ്ടെങ്കിൽ അത്തരമൊരു ചോദ്യം മനസ്സിൽ വരാനേ പാടില്ലാത്തതാണ്. ഒരു വ്യക്തിയുടെ അഭിപ്രായങ്ങളിലൂടെ പരിഹരിക്കേണ്ടതല്ല ഈ പ്രശ്നങ്ങൾ. പക്ഷെ, അതിനർത്ഥം തെറ്റുകൾ ചൂണ്ടിക്കാണിച്ചു കൊടുക്കാൻ വ്യക്തികളെ അനുവദിക്കരുതെന്നല്ല.

രണ്ടാമതു ചോദിക്കുന്ന ചോദ്യമാണ് ഏറ്റവും രസകരം. അത് പ്രസ്തുത സാമൂഹികസ്ഥാപനത്തിന്റെ സേവനം ഉപയോഗിക്കുന്നതിനെപ്പറ്റിയാണ്. അത്ര മാത്രം വിമർശനാത്മകമാണ് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവൃത്തികളെങ്കിൽ അതിനെ ഒഴിവാക്കി ബദലുകൾ തേടിക്കൂടെ എന്നാണ് ചോദ്യം. കാര്യം പറഞ്ഞാൽ, തീർത്തും ബാലിശവും രസകരവുമായ ചോദ്യം. അതു ചോദിക്കുന്നത് ഉത്തരവാദപ്പെട്ട സാമൂഹികവിമർശകരായി സ്വയംമാറേണ്ട മാദ്ധ്യമപ്രവർത്തകരാവുമ്പോഴാണ് ഇതിലെ അപകടം.

ഈയടുത്തകാലത്ത് ഈ രണ്ടുചോദ്യങ്ങളേയും നേരിടേണ്ടിവന്നത് അരുന്ധതി റോയ് ആണ്. ദേശരാഷ്ട്രങ്ങളിൽ പലപ്പോഴും പാർശ്വവത്കൃതർക്ക് നീതി കിട്ടുന്നില്ലെന്ന് തുറന്നുപറഞ്ഞ അവർ കാശ്മീരിലെ ജനങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെപ്പറ്റിയും മനുഷ്യാവകാശങ്ങളെപ്പറ്റിയും സംസാരിച്ചപ്പോഴായിരുന്നു ഇത്. ഒരു ദേശരാഷ്ട്രത്തിന്റെ സുരക്ഷയിലും പിന്തുണയിലുമിരുന്നാണ് താൻ ഇതൊക്കെപ്പറയുന്നതെന്ന് അരുന്ധതി മറക്കരുതെന്നായിരുന്നു ഒരു വാരികയിൽ വന്നത്. അരുന്ധതിയുമായി മറ്റൊരു വാരിക നടത്തിയ അഭിമുഖത്തിലാവട്ടെ, ബദലുകളുടെ ചോദ്യവും ഉന്നയിക്കപ്പെട്ടു.

ഈ ചോദ്യങ്ങൾ വരുന്നത് ചില മുൻവിധികളിൽ നിന്നാണ്. വിമർശങ്ങൾ വരുന്നത് പ്രസ്തുത സ്ഥാപനമായോ വ്യവസ്ഥയുമായോ സംരംഭമായോ കടുത്ത എതിർപ്പിലാണെങ്കിൽ മാത്രമാണ് എന്നതാണൊന്ന്. മറ്റൊന്ന്, വിമർശനം മറ്റൊരു സമരമാർഗ്ഗം മാത്രമാണെന്ന തെറ്റിദ്ധാരണയാണ്. താൻ കൂടി ഭാഗമായ സമൂഹത്തിന്റെ ഉന്നമനത്തിനും സാമൂഹികസ്ഥാപനങ്ങളുടെ നല്ല നടത്തിപ്പിനും അവയുടെ നടത്തിപ്പിലോ നയങ്ങളിലോ ഉള്ള തെറ്റുകൾ പരിഹരിച്ച് മുന്നോട്ടുപോകണമെന്ന ആഗ്രഹം, അല്ലങ്കിൽ നടത്തിപ്പിലെ അപാകതകൾ പരിഹരിക്കപ്പെടണമെന്ന ആഗ്രഹം, വിമർശകർക്കുണ്ടാവുമെന്ന് പലർക്കും സ്വപ്നംപോലും കാണാൻ കഴിയുന്നില്ല.

അതുകൊണ്ടുതന്നെയാണ് നമ്മളിൽ പലർക്കും, താൻ കാശ്മീർ സ്വതന്ത്രമാക്കണമെന്നും ഇന്ത്യ വെട്ടിമുറിക്കണമെന്നുമല്ല വാദിക്കുന്നതെന്നും, ഇന്ത്യ എന്ന ദേശരാഷ്ട്രം അതിന്റെ ഭാഗമായികാണുന്ന കാശ്മീരിലെ ജനതയോടു ചെയ്തത് / ചെയ്യുന്നത് മാനുഷികപരമായി നീതിയല്ലെന്നും, അവരുടെ സ്വയംനിർണ്ണയാവകാശത്തെയും മനുഷ്യാവകാശങ്ങളെയും മാനിക്കണമെന്ന് ആവശ്യപ്പെടുകയാണ് ചെയ്തതെന്നും അരുന്ധതി റോയ് പറയുന്നത് ദഹി

ക്കാത്തത്. അരുന്ധതി റോയ്, 'കാശ്മീരിൽ ഇന്ത്യ പെരുമാറുന്നത് ഒരു അധിനിവേശ ശക്തിയെപ്പോലെയാണെന്ന് ' പറയുമ്പോൾ അവർ ദേശ ദ്രോഹിയായാണ് മുദ്രകുത്തപ്പെടുന്നത്. പക്ഷേ, അവർ താൻ നേരിട്ടുകണ്ട തെളിവുകൾകൊണ്ടു പറയുന്നതിനെ സാക്ഷ്യപ്പെടുത്തുമ്പോൾ അത് ഒരു നീതിപൂർവ്വസമൂഹം പുലരുന്ന ജനാധിപത്യരാജ്യമെന്നനിലയിൽ ഇന്ത്യയെ മെച്ചപ്പെട്ട ഭാവിയിലേക്ക് നയിക്കാനാണെന്നു മനസ്സിലാക്കാൻ പലർക്കും കഴിയാതെപോകുന്നത്, വിമർശങ്ങളെക്കുറിച്ചുള്ള മുൻവിധികൾ കാരണമാണ്. തന്നെ വിമർശിക്കുന്ന ആരേക്കാളും ഇന്ത്യയെ താൻ സ്നേഹിക്കുന്നെന്നും, തന്റെ രാജ്യത്തിൽ നീതിപൂർവ്വകസമൂഹം പുലർന്നുകാണാനുള്ള ആഗ്രഹമാണ് തന്റെ വിമർശത്തിനു പിന്നിലെന്നും അവർ പറയുമ്പോൾ അതു മനസ്സിലാക്കാൻ നമുക്കു കഴിയാത്തതും അതുകൊണ്ടുതന്നെ.

സാമൂഹ്യവിമർശനമെന്നത് നീതിപൂർവ്വകമായൊരു സമൂഹം വാർത്തെടുക്കാനുള്ള ശക്തമായ ആയുധമാണ്. ദേശരാഷ്ട്രങ്ങളിലെ അധികാരകേന്ദ്രങ്ങൾ തങ്ങളുടെ ജനതയിലെ പല വിഭാഗങ്ങളെയും പാർശ്വവത്കരിക്കുകയും അവഗണിക്കുകയും, പലപ്പോഴും അവരുടെ മൌലി കാവകാശങ്ങൾപോലും കവർന്നെടുക്കുകയും ചെയ്യുമ്പോൾ സാമൂഹ്യവിമർശനം നാം ഓരോരുത്തരുടെയും കടമയായി മാറുകയാണ്. എന്നാൽ വിമർശനം അവസാനമല്ല, അതൊരു ദീർഘമേറിയതും ദുർഘടംപിടിച്ചതുമായ പാതയുടെ തുടക്കം മാത്രമാണ്.

അധികാരത്തിനെതിരെയുള്ള സമരങ്ങളും വിവിധ ബോധവത്കരണ പ്ര ചരണപരിപാടികളുമെല്ലാം വിമർശങ്ങൾക്കു പിറകേ വരണം. അവയിലും സജീവമായ ഇടപെടൽ വിമർശകരുടെ ഭാഗത്തുനിന്നുണ്ടാവണം. അനീ തിയിൽനിന്നും നീതിപൂർവ്വകമായ ബദലുകളിലേക്ക് നയിക്കാൻ അവശ്യം വേണ്ട പൊതുശ്രദ്ധയും ചർച്ചകളും സ്വയംവിമർശനാത്മകമായി വിലയിരു ത്തുന്ന സമൂഹത്തിൽ വളരെ എളുപ്പം നടക്കും. സ്വാഭാവികമായ ജഡത്വം വെടിഞ്ഞു് ചലനാത്മകവും നീതിപൂർവ്വകവുമായ ഒന്നായി മാറുന്നതിലേക്ക് സമൂ ഹത്തെ സഹായിക്കുകയും ചെയ്യും.

(Feb 15, 2011)[25]

[25] http://malayal.am/വാർത്ത/വിശകലനം/10054/സാമൂഹ്യ-വിമർശനത്തെക്കുറിച്ച്

# യുഎസ് സിറ്റ്കോമിലെ ഇന്ത്യക്കാരൻ

വർഷങ്ങൾ നീളുന്ന സീരിയൽ ബഹളങ്ങൾ ഇന്ത്യൻ ടെലിവിഷന്റെ തനതു സംഭാവനയൊന്നുമല്ല. പലതരത്തിലുള്ള ടെലിവിഷൻ പരാക്രമങ്ങൾക്ക് പേരു കേട്ടതാണ് അമേരിക്കൻ ടെലിവിഷൻ മാധ്യമങ്ങളും. പകൽസമയങ്ങളിലെ സോപ്പുകളും (സോപ്പ് ഓപ്പറ അഥവാ കണ്ണീർ സീരിയൽ), വെക്കേഷനല്ലാത്ത സമയത്ത് പ്രൈം ടൈമിലെത്തുന്ന ഒരു സീസണിൽ ഇരുപത്തിനാല് എപ്പിസോഡുകൾ കാണിക്കുന്ന ആഴ്ച (വീക്ക്ലി) പരമ്പരകളുമാണ് അവിടുത്തെ പ്രധാന സീരിയൽ അവതാരങ്ങൾ. കൂടാതെ സീസണൽ റിയാലിറ്റി ഷോ ബഹളങ്ങളും പ്രൈം ടൈമിൽ ടെലിവിഷൻ നിറക്കാനെത്താറുണ്ട്.

ഈ സീസണൽ പരിപാടിയൊഴികെ, ഏതാണ്ടെല്ലാ രീതിയിലും മട്ടിലുമുള്ള പ്രോഗ്രാമുകൾ ഇന്ത്യൻ ടി.വി. രംഗത്തും ഏതാണ്ടതേ രൂപഭാവത്തോടെ കാണാറുണ്ട്. നമ്മുടെ ആഴ്ചപരമ്പരകളും ചില റിയാലിറ്റി ഷോകൾ പോലും 365 ദിവസവും നീണ്ടുനിൽക്കുന്നവയാണ്. എന്തായാലും ഇന്ത്യൻ അമേരിക്കൻ ടെലിവിഷൻ വിനോദരംഗത്തെ വിവിധ ട്രെന്റുകളെ വിലയിരുത്തലല്ല എന്റെ ലക്ഷ്യം.

സീസണലായി, സമ്മറിനുശേഷം തുടങ്ങി സമ്മറിനുമുൻപ് അവസാനിക്കുന്ന (ഇടയ്ക്ക് താങ്ക്സ് ഗിവിങ്ങിനും ക്രിസ്മസിനും എല്ലാം ബ്രേക്കുമുണ്ടാകും) പരമ്പരകളിൽ പല വിഭാഗങ്ങളുണ്ട്. സിറ്റ്കോമുകൾ എന്നറിയപ്പെടുന്ന സിറ്റുവേഷനൽ കോമഡികൾ, ഇന്ത്യയിൽ നല്ല പ്രചാരമുള്ള ആക്ഷൻ ഡ്രാമകൾ, മെട്രോ ഉപരിവർഗ്ഗത്തിന്റെ ഇഷ്ടവിഭാഗമായ ടീൻ ഡ്രാമകൾ, ചരിത്രകഥകളുടെ ചെലവേറിയ പുനർനിർമ്മാണങ്ങളായ ഹിസ്റ്റോറിക്കൽ ഡ്രാമകൾ, ആശുപത്രികളും അവിടുത്തെ അന്തരീക്ഷവും ചികിത്സയും മറ്റും പ്രധാന വിഷയമായ മെഡിക്കൽ ഡ്രാമകൾ, രാഷ്ട്രീയം പ്രധാന വിഷയമാകുന്ന പൊളിറ്റിക്കൽ ഡ്രാമകൾ, കൂടാതെ യുദ്ധങ്ങളെ അതിജീവിച്ചുണ്ടാവുന്ന സീരിയലുകളും വിരളമല്ല.

ഇങ്ങനെ പലവിഭാഗങ്ങളിലായി, പല സീസണുകൾ നീണ്ടുനിൽക്കുന്ന ഈ സീരിയലുകളിൽ മുൻപന്തിയിൽ നിൽക്കുന്ന പലതും ഇന്ത്യയിൽ ലഭ്യമാണ്. സീ കഫെ, സ്റ്റാർ വേൾഡ്, ഫോക്സ്, എ.എക്സ്.എൻ., ഹോം ബോക്സ് ഓഫീസ് തുടങ്ങി വിവിധ ചാനലുകളാണ് ഇവ സംപ്രേഷണം ചെയ്യുന്നത്. ഇവയിൽ സിറ്റ്കോം വിഭാഗത്തിൽപ്പെട്ട ഒരു സീരിയലാണ് സി.ബി.എസ്. കാണിക്കുന്ന 'ദ ബിഗ് ബാംഗ് തിയറി'. ഇന്ത്യയിൽ സീ കഫെയാണ് ഇതു കാണിക്കുന്നത്.

കാൽടെക്കിൽ ജോലിചെയ്യുന്ന 'അൾട്ടിമേറ്റ് ഗീക്ക് ' എന്നു വിളിക്കാവുന്ന രണ്ടു ഫിസിക്സ് ശാസ്ത്രജ്ഞരുടെയും അവരുടെ സാമൂഹ്യജീവിതത്തെയുമാണ് 'ദ ബിഗ് ബാംഗ് തിയറി' വിഷയമാക്കുന്നത്. ഈ സീരിയലിനെ പ്രത്യേകം ഓർക്കാൻ കാരണം അതിലെ ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞനാണ്. കുനാൽ നയ്യാർ അവതരിപ്പിക്കുന്ന രജേഷ് കൂത്രപ്പള്ളി എന്ന ഈ കഥാപാത്രം ഇന്ത്യക്കാരെപ്പറ്റി പ്രചാരത്തിലുള്ള ഒരുപാടു ക്ലീഷേകളെയും

അർദ്ധസത്യങ്ങളെയും വളരെ ഹാസ്യംകലർത്തി തനതായി അവതരിപ്പിച്ചിരിക്കുന്ന ഒന്നാണ്.

സീരിയലിലെ പ്രധാന കഥാപാത്രങ്ങളായ കാൽടെക് ഫിസിക്സ് വിഭാഗത്തിലെ ലെനോർഡ് ഹോഫ്സ്റ്ററുടെയും ഷെൽഡൻ കൂപ്പറുടെയും അടുത്ത സുഹൃത്തുക്കളിലൊരാളും, ആസ്ട്രോഫിസിസിസ്റ്റുമാണ് രജേഷ്. കാൽടെക്കിൽ എഞ്ചിനീയറായ ഹൊവാർഡ് വോളോവിറ്റ്സിന്റെ 'വിങ്മാനാ'യും പലപ്പോഴും നമുക്കു രജേഷിനെ കാണാം. ഇവർ നാലുപേരും, പിന്നെ ലെനൊർഡിന്റെയും ഷെൽഡന്റെയും അയൽക്കാരിയുമായ പെന്നിയുമാണ് പ്രധാന കഥാപാത്രങ്ങൾ.

ഓരോ എപ്പിസോഡും ഓരോ കഥയാണ് പറയാറെങ്കിലും ലെനോർഡിന്റെയും പെന്നിയുടെയും 'പ്രേമ'ബന്ധത്തിനും, ഷെൽഡന്റെ വിചിത്രമായ പെരുമാറ്റങ്ങൾക്കുമൊപ്പം രജേഷിന്റെ സ്വഭാവപ്രത്യേകതകളും, ഹൊവാർഡിന്റെ സ്ത്രീകളോടുള്ള ഇടപഴകലുമാണ് ഹാസ്യരംഗങ്ങൾ സൃഷ്ടിക്കാറ്. ലെനോർഡും ഷെൽഡനും 'അൾട്ടിമേറ്റ് ഗീക്ക്'കളുടെ ക്ലാസിക് ഉദാഹരണങ്ങളായാണ് പ്രത്യക്ഷപ്പെടുന്നത്. ഹൊവാർഡാകട്ടെ 'മാമാസ് ബോയ്' എന്ന ക്ലീഷെയെയും, ഒപ്പം താനൊരു കാസനോവയാണെന്നു വീമ്പുപറയുന്ന പൊങ്ങച്ചക്കാരെയുമാണ് പ്രതിനിധികരിക്കുന്നത്. രണ്ടും അമേരിക്കൻ ടെലിവിഷൻ രംഗത്ത് (സമൂഹത്തിലും) വളരെ എസ്റ്റാബ്ലിഷ്ഡായ ഹാസ്യകഥാപാത്രങ്ങളാണ്.

പെന്നിയാകട്ടെ 'ബ്ലോണ്ട് ഷോബിസ് ആസ്പിരന്റ്' ആയി ലൊസാഞ്ചൽസിലെത്തി പല ചെറിയ ജോലികളും (ഇവിടെ വെയിട്രസ്സ്) ചെയ്തു ജീവിച്ചുപോകുന്ന മറ്റൊരു എസ്റ്റാബ്ലിഷ്ഡ് ഹാസ്യരൂപത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

അക്കാദമികമായി വളരെ ആക്റ്റീവായ 'ഗീക്കി' സ്ത്രീകളെന്ന മറ്റൊരു സാമ്പ്രദായിക ക്ലീഷെയെ പ്രതിനിധീകരിക്കുന്നവരും പലപ്പോഴായി സീരിയലിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഷെൽഡന്റെ കാര്യത്തിൽ താനാണേറ്റവും ബുദ്ധിമാൻ, അതുകൊണ്ട് താനാണെപ്പോഴും ശരിയെന്നും, മറ്റെല്ലാവരും തെറ്റാണെന്നുമുള്ള (ഇതു പലപ്പോഴും ഷോയിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടാറുണ്ട്) ഭാവവും, അതിനെ മറ്റുള്ളവർ കൈകാര്യംചെയ്യുന്ന രീതിയുമാണ് ഹാസ്യമുണ്ടാക്കുന്നത്. പലപ്പോഴും വിചിത്രമായ ഷെൽഡന്റെ ശീലങ്ങളും ചെറിയതോതിൽ തമാശയുണ്ടാക്കാറുണ്ട് (റൂം മേറ്റ്സ് അഗ്രിമെന്റ്, സീറ്റിങ്, അങ്ങനെ.)

ലെനോർഡിന് താനൊരു ഗീക്കും, പ്രത്യേകിച്ച് യാതൊരു സോഷ്യൽ ലൈഫുമില്ലാത്തയാളാണെന്നും പൂർണ്ണബോധ്യമുണ്ട്. എന്നാൽ ഗീക്കീ സ്വഭാവങ്ങളായ കോമിക്, ഗെയിം അഡിക്ഷനും പെന്നിയുമായുള്ള ബന്ധമെന്ന സാധാരണ ജീവിതവും തമ്മിലുള്ള വടംവലിയാണ് ലെനോർഡിനെ ചുറ്റിപ്പറ്റിയുള്ള തമാശകൾ സൃഷ്ടിക്കുന്നത്. ഷെൽഡനെ സഹിക്കുന്ന ലെനോർഡും പലരംഗങ്ങളിലും ചിരിയുണർത്താറുണ്ട്.

നാൽവർസംഘത്തിൽ ഡോക്ടറേറ്റ് ഇല്ലാത്തതു് ഹൊവാർഡിനു മാത്രമാണ്. ഇതിനെ ഹൊവാർഡ് മറികടക്കുന്നത്, താനുണ്ടാക്കുന്ന സാധന

ങ്ങൾ ശരിക്കും ചൊവ്വയിലും മറ്റും പോയി പര്യവേഷണം നടത്താറുണ്ടെന്നു പറഞ്ഞാണ്. (തിയറിറ്റിക്കൽ ഫിസിസിസ്റ്റായ ഷെൽഡനും എക്സ്പിരിമെന്റൽ ഫിസിസിസ്റ്റായ ലെനോർഡും രജേഷും എല്ലാം ഒന്നും ഉണ്ടാക്കുന്നവരല്ല എന്നത് വേറെ കാര്യം.) ഹൊവാർഡിന്റെ അമ്മയുമായുള്ള ബന്ധവും സ്ത്രീകളോടുള്ള പെരുമാറ്റവുമാണ് തമാശയായി വരാറുള്ളത്. പെന്നിയുടെ കാര്യത്തിൽ, ഈ നാൽവർസംഘത്തിൽ പെന്നി ഉൾപ്പെടുന്നതുതന്നെ തമാശ സൃഷ്ടിക്കുന്നു. പലപ്പോഴും നാലുപേരിലും വിവേകപൂർവ്വം പെരുമാറാൻ കഴിയുന്നത് പെന്നിക്കാണ്. കൂട്ടത്തിൽ പെന്നിയുടെ റിലേഷനുകളും പലപ്പോഴും വിഷയമാവാറുണ്ട്.

ഇങ്ങനെ സാമ്പ്രദായികമായ ഹാസ്യരൂപങ്ങളെ വ്യക്തമായി കൂട്ടിയിണക്കി നിർമ്മിച്ച 'ദ ബിഗ് ബാംഗ് തിയറി'യിൽ രജേഷ് ഒരു പുതിയ വിഭാഗത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. അമേരിക്കൻ പ്രേക്ഷകർ അത്രയ്ക്കങ്ങോട്ട് കണ്ടിട്ടില്ലാത്ത, എന്നാൽ അമേരിക്കൻ അക്കാദമിക രംഗത്ത് ധാരാളമുള്ള ഇന്ത്യൻ ശാസ്ത്രജ്ഞരെ. ചൈനയിൽനിന്നും, കമ്യൂണിസ്റ്റും അല്ലാത്തതുമായ മറ്റ ഏഷ്യൻ രാജ്യങ്ങളിൽനിന്നും കുടിയേറിപാർത്തവർ, അമേരിക്കൻ ജീവിതത്തിന്റെയും അതുവഴി ടെലിവിഷന്റെയും ഭാഗമായിട്ട് വളരെക്കാലമായി. എന്നാൽ ഇന്ത്യൻ വംശജർ വളരെ അപൂർവ്വമായിരുന്നു ഈയടുത്തകാലം വരെ.

കാൽപെൻ മോഡിയും, കുനാൽ നയ്യാറും, നവീൻ ആൻഡ്രൂസും, ഇന്ദിരാ വർമ്മയും, നവി റാവത്തുമൊക്കെ അമേരിക്കൻ സിനിമയുടെയും ടെലിവിഷന്റെയും ഭാഗമായിത്തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. ഇവർതന്നെ പലപ്പോഴും ഇന്ത്യൻ കഥാപാത്രങ്ങളിൽ ഒതുങ്ങി നിൽക്കാറുമില്ല. എങ്കിലും ദീപക് ചോപ്രയും, ഓഷോ രജനീഷും, ഹരേ കൃഷ്ണാ പ്രസ്ഥാനവും നൽകിയ ഐഡന്റിറ്റിയും തങ്ങളിലേക്കുൾവലിയുന്ന സ്വഭാവവും നൽകിയ ക്ലീഷേകളിലൂടെയാണ് രജേഷ് വികസിക്കുന്നത്. ഇന്ത്യക്കാരെല്ലാവരും സ്വരിച്ചൽ ഭ്രാന്തൻമാരല്ലെന്നു കാണിക്കാനാകണം, രജേഷിന്റെ വിഷയത്തിലുള്ള അഭിപ്രായങ്ങൾ ഷെൽഡൻ തിരുത്തുന്നത് സാധാരണയാണ്. അതിനു മറുപടിയായി ഞാൻ ന്യൂ ഡൽഹി എന്ന മെട്രോയിൽ നിന്നാണുവരുന്നത്, അല്ലാതെ യോഗാ സ്കൂളിൽ നിന്നല്ല എന്ന് രജേഷ് ഒരിടത്ത് മറുപടിയും നൽകുന്നുണ്ട്.

എന്നാൽ സ്വാഭാവികമായി ഇന്ത്യക്കാർ വലിയ നാണക്കാരാണ് എന്നതും, രണ്ടെണ്ണം വിട്ടാലെ നാവിനു ബലംവയ്ക്കൂ എന്നതും വളരെനന്നായി ഷോയിൽ ഉപയോഗിച്ചിട്ടുണ്ട്. കൂട്ടത്തിൽ പെണ്ണുങ്ങളോട് ഇടപഴകാനും പെണ്ണുങ്ങളുള്ള സദസ്സിൽ സംസാരിക്കാനുമുള്ള ബുദ്ധിമുട്ട് 'സെലക്റ്റീവ് മ്യൂട്ടിസം' എന്നൊരു മെഡിക്കൽ കണ്ടീഷനായിത്തന്നെ കാണിച്ച് പൊളിറ്റിക്കലി കറക്റ്റാവാനും ഷോ ശ്രദ്ധിക്കുന്നുണ്ട്. (സൈക്കോളജിസ്റ്റായ ലെനോർഡിന്റെ അമ്മയാണ് ഇതു തിരിച്ചറിയുന്നത്.) ഈ പ്രശ്നം കാരണം രജേഷിന് പലപ്പോഴും സ്വന്തം അഭിപ്രായം പറയാനാകാത്തതും, ഹൊവാർഡിനോട്ട് ചെവിയിൽ പറയുന്നതിനോട്ട് രണ്ടിരട്ടി ശബ്ദത്തിൽ ഹൊവാർഡ് മറുപടി പറയുന്നതും സാധാരണവും സ്ഥിരംതമാശ സൃഷ്ടിക്കുന്നതുമായ രംഗമാണ്. ഷെൽഡന്റെ വിചിത്രമായ സ്വ

ഭാവങ്ങളോടും പെരുമാറ്റരീതികളോടും ഏറ്റവും കൂടുതൽ അനുഭാവം കാണിക്കുന്നതും രജേഷാണ്.

എങ്കിലും ബ്രിട്ടീഷ് സീരിയലുകളിലെ സ്ഥിരസാന്നിധ്യമായ 'കറി ലൌവിങ് ഇന്ത്യന്'ല്ല രാജ്. ഇന്ത്യൻ രുചിയോട് ചെറുതല്ലതാത്ത വിമുഖതകാണിക്കുന്ന രജേഷിന്റെ ആക്സെന്റോടു കൂടിയതെങ്കിലും 'ഡ്യൂഡ്' തുടങ്ങിയ സംബോധനകളും ഇന്ത്യയിലെ മെട്രോ സംസ്കാരത്തിൽ നിന്നാണ് വരവെന്നു സൂചിപ്പിക്കുന്നു. ഡൽഹിയിൽ ഡോക്ടറായ അച്ഛനും, റിസർച്ച് വഴിമുട്ടുമ്പോൾ വിസ പ്രശ്നം പേടിച്ച് ഷെൽഡന്റെ കീഴിൽ പണിയെടുക്കാൻ സന്നദ്ധനാവുന്നതും എല്ലാം പുതുതലമുറ ഇന്ത്യൻ കുടിയേറ്റക്കാരന്റെ പ്രശ്നങ്ങളാണ് വിഷയമാക്കുന്നത്. ഇതിലെയൊക്കെ തമാശകൾ പലതും സാമ്പ്രദായിക അമേരിക്കൻ ഹാസ്യരൂപങ്ങളിൽനിന്ന് വളരെ അകലെയുള്ളതും.

ഇന്ത്യയിലെ പട്ടിണിയിൽ വളർന്നവനാണ് താനെന്ന രാജിന്റെ അവകാശവാദത്തെ, കൂട്ടുകാർ തുറന്നുകാട്ടുന്നത്, 'ബെന്റ്ലി' ഉപയോഗിക്കുന്ന ഗൈനക്കോളജി സ്പെഷലിസ്റ്റായ ഡോക്ടറാണ് രാജിന്റെ അച്ഛനെന്നോർമ്മിപ്പിച്ചാണ്. കാൾ സെന്ററിൽ ജോലി ചെയ്യുന്ന കസിനും, വിവാഹത്തിനു നിർബന്ധിക്കുന്ന മാതാപിതാക്കളും തുടങ്ങി സാധാരണ ഇന്ത്യൻ ക്ലീഷേകളും പലപ്പോഴായി രംഗത്തു വരുന്നുണ്ട്.

പണത്തിനുമപ്പുറം, വിദ്യാഭ്യാസത്തിനും അക്കാദമിക ആവശ്യങ്ങൾക്കുമായിത്തന്നെ അമേരിക്കയിലെത്തുന്ന ആളാണ് രാജ്. ഒപ്പം സാമ്പ്രദായിക ഇന്ത്യൻ രീതികളോടുള്ള അവജ്ഞയുമുണ്ട്. മറ്റു കഥാപാത്രങ്ങളിൽനിന്നു വ്യത്യസ്തമായി, ഒരു പുതിയ ഹാസ്യ സ്റ്റീരിയോടൈപ്പിനെ സൃഷ്ടിക്കുകയാണ് രാജിലൂടെ ചക് ലോറിയും ബിൽ പ്രാഡിയും ചെയ്തത്. പല ഇന്ത്യൻ സ്റ്റീരിയോ ടൈപ്പുകളുടെയും എതിർധ്രുവത്തിൽ നിൽക്കുന്ന രാജ്, പുതുതലമുറവിജ്ഞാനകുടിയേറ്റക്കാരെയാണ് പ്രതിനിധാനം ചെയ്യുന്നത്.

പ്രശസ്തരായ ചക് ലോറിയും ബിൽ പ്രാഡിയും നിർമ്മിക്കുന്ന സീരിയലിൽ, ലെനോർഡിനെ അവതരിപ്പിക്കുന്നത് ജോണി ഗാലെക്കിയാണ്. ഷെൽഡനായി വേഷമിടുന്നത് ജിം പാർസൺസും, പെന്നിയായെത്തുന്നത് കേലി ക്വാകൊയുമാണ്. സൈമൺ ഹെൽബർഗ് ഹൊവാർഡായെത്തുന്നു. തിങ്കളാഴ്ചകളിൽ രാത്രി ഒൻപതര ഈസ്റ്റേൺ സമയത്തായിരുന്നു ഇതുവരെ 'ദ ബിഗ് ബാംഗ് തിയറി' കാണിച്ചിരുന്നത്. ഇനിയുള്ള സീസണുകളിൽ അത് വ്യാഴാഴ്ചകളിൽ രാത്രി എട്ടുമണിക്കാവുമെന്നാണ് സൂചന. വളരെ പോപ്പുലറായ ഈ സീരിയൽ ഒരു നാലാംവർഷത്തിനുകൂടി പുതുക്കിയിട്ടുണ്ടെന്നാണ് വിക്കിപീഡിയ പറയുന്നത്.

പിൻകുറിപ്പ്:

ലേഖനത്തിലുടനീളം 'ഗീക്ക്' എന്നാണുപയോഗിച്ചിരിക്കുന്നതെങ്കിലും കുറച്ചുകൂടി ചേരുന്ന പദം പലപ്പോഴും നെർഡ് എന്നതാണ്. ആവശ്യത്തിൽ കൂടുതൽ ഇംഗ്ലീഷ് അല്ലാതെതന്നെ ഉപയോഗിച്ചു എന്നു തോന്നിയതുകൊണ്ടാണ് അതൊഴിവാക്കിയത്. സാമ്പ്രദായികരൂപങ്ങളെപ്പറ്റിയും രജേഷിന്റെ

അവതരണത്തെപ്പറ്റിയുമുള്ള എന്റെ നിരീക്ഷണങ്ങൾ തികച്ചും വ്യക്തിപരമാണ്, സാധാരണ ഷോ/സിനിമ ക്രിട്ടിക്കുകളുടെ നിർവ്വചനമായിരക്കണമെന്നില്ല എന്നേത്ത്.

(May 7, 2011)[26]

[26] http://malayal.am/വിനോദം/ടി-വി/10385/യുഎസ്-സിറ്റ്കോമിലെ-ഇന്ത്യക്കാരൻ

# എന്തുകൊണ്ട് പത്രങ്ങൾ സോഷ്യൽ മീഡിയയെ പേടിക്കുന്നു?

> അച്ചടിമലയാളം നാടുകടത്തിയ ലേഖനമാണിത്. മലയാളത്തിലെ ഒരു പ്രമുഖ വാരിക ആവശ്യപ്പെട്ടതനുസരിച്ച് ജിനേഷ് തയ്യാറാക്കിനൽകിയ വിശകലനാത്മകമായ ഈ കുറിപ്പ് പിന്നീടവർ പ്രസിദ്ധീകരിക്കേണ്ട തില്ലെന്ന് തീരുമാനിക്കുകയായിരുന്നു. ഡിജിറ്റൽ വെർച്വൽ ബന്ധ ങ്ങളിലെ സാമൂഹികത പരമ്പരാഗതമാദ്ധ്യമങ്ങളേക്കാൾ സുതാര്യതയും സാമീപ്യതയും സ്വീകാര്യതയും നേടുന്നതെങ്ങനെയെന്നും അതിനോടു മുഖ്യ ധാരാമാദ്ധ്യമങ്ങൾ പ്രതികരിക്കുന്നതെങ്ങനെയെന്നും പരിശോധിക്കുന്ന ലേഖനം ജിനേഷിന്റെ മരണശേഷം സുഹൃത്തുക്കൾചേർന്ന് പ്രസിദ്ധീകരി ക്കുന്നു.

രണ്ടാംതലമുറ വെബ്ബ് സങ്കേതങ്ങൾ അഥവാ വെബ്ബ് 2.0 സങ്കേതങ്ങൾ മലയാ ളിയുടെ സാംസ്കാരികമണ്ഡലത്തിന് കഴിഞ്ഞ കുറച്ചുവർഷങ്ങളായി വിലപ്പെട്ട സംഭാവനകൾതന്നെ നൽകിയിട്ടുണ്ട്. സർഗ്ഗധനനും സർഗ്ഗാസ്വാദകനും സർവ്വോപരി രാഷ്ട്രീയക്കാരനുമായ മലയാളിയുടെ വീർപ്പുമുട്ടലിന് ഇവയൊരു പരിഹാരം നൽകുകയായിരുന്നുവെന്നു പറയാം.

അച്ചടിയുടെ വായനാലോകം തന്നെയാണിന്നും വലുത്. മാത്രമല്ല "മുഖ്യധാര" എന്ന നിലയിൽ അഭിപ്രായരൂപീകരണവും കേന്ദ്രീകരണവും ഇന്നും മലയാളിക്കിടയിൽ പരമ്പരാഗത മാദ്ധ്യമങ്ങളാണ് നടത്തുന്നതും. പുതിയ വെബ്ബ് സങ്കേതങ്ങളുടെ ഭാഗമായി ധാരാളം 'അവനവൻ പ്രസാധകൻ ' സംരംഭങ്ങളും സൗഹൃദക്കൂട്ടായ്മകളും വളർന്നുവന്നപ്പോൾ പരമ്പരാഗതമാ ദ്ധ്യമങ്ങളും വെറുതെയിരുന്നില്ല. അച്ചടിത്താളുകളിൽ ഇടംകൊടുത്ത് അവർ 'സങ്കേതങ്ങൾക്ക് ' പ്രചാരം നൽകി. എന്നാൽ സാങ്കേതികവിദ്യയുടെ പ്രാധിനിധ്യത്തിന്റെ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ അവർ ശരിക്കും പാലിച്ചു.

അവനവൻ പ്രസാധകസംരംഭങ്ങളും സൗഹൃദക്കൂട്ടായ്മകളും നിമിഷംപ്രതി സല്ലപിക്കാനാവുന്ന പൊതുഫോറങ്ങളും ഉറക്കെയുള്ള ആത്മഗതത്തിന്റെ വേദികളും എല്ലാം അടങ്ങിയതാണ സങ്കേതങ്ങൾ. ഇതിൽ അവനവൻ പ്രസാധകസംരഭങ്ങളും സൗഹൃദങ്ങളും മാത്രമാണ് അച്ചടിത്താളുകളിൽ ഇടംനേടിയത്. അവനവൻ പ്രസാധകസംരംഭങ്ങളിലെ സർഗ്ഗാത്മകമായ ഇടപെടലുകൾ എല്ലാ ആവേശത്തോടുംകൂടി ഉൾക്കൊണ്ടപ്പോൾ, തഴയപ്പെ ട്ടത് പരമ്പരാഗതമായി വ്യവസ്ഥാപിതമാദ്ധ്യമങ്ങളിലൂടെ മാത്രം നടന്നിട്ടുള്ള ചർച്ച/പ്രവർത്തന/പ്രതികരണ സംരംഭങ്ങളാണ്. ബ്ലോഗുകളെന്ന വെബ് ലോഗുകളിലെ കവിതകളും കഥകളും അനുഭവക്കുറിപ്പുകളുമെല്ലാം ചർച്ചയ്ക്കു

വിധേയമായി. ബ്ലോഗുകളിൽ നിന്നെടുക്കുന്ന നല്ലതെന്നു തങ്ങൾ കരുതുന്ന കൃതികൾ പ്രസിദ്ധീകരിക്കാൻ ചില വിഭാഗങ്ങൾതന്നെ തുടങ്ങി. എന്നാൽ ഈ തഴുകൽ ലഭിച്ചത് വിശാലമായ വെബ്ബിലെ പൊതുവെ നിരുദ്രവപരമെന്നു പറയാവുന്ന കൃതികൾക്കുമാത്രമാണ്.

അതുപോലെ, വെബ്ബ് 2.0 സങ്കേതങ്ങളുടെ അപാരമായ സാമീപ്യതയുടെയും വേഗതയുടെയും സാധ്യതകൾ മുതലെടുത്തുകൊണ്ടുവന്ന സോഷ്യൽ നെറ്റ്വർക്കിങ് സംരംഭങ്ങളും അവഗണനയാണു നേരിട്ടത്. ഓർക്കുട്ട്, ഫേസ്ബുക്ക് പോലുള്ള സൈറ്റുകളിലെ മലയാളി സാന്നിധ്യവും പ്രവർത്തനങ്ങളും തീരെ രേഖപ്പെടുത്താതിരിക്കുകയല്ല മാദ്ധ്യമങ്ങൾ ചെയ്തത്. വിവരസമ്പാദനത്തിനും വിതരണത്തിനും പുതിയ മാനങ്ങൾ നിശ്ചയിച്ചുകൊണ്ടിരിക്കുന്ന ഈ ഇടങ്ങളെ സൗഹൃദവും സല്ലാപവും നേരംപോക്കും മാത്രം ലക്ഷ്യമാക്കുന്ന സ്ഥലങ്ങളായി അവർ രേഖപ്പെടുത്തുകയാണ്. വാർത്തയുടെയും വിവരങ്ങളുടെയും മൊത്തവിതരണക്കാർ തങ്ങളാണെന്നു കരുതുന്ന ഒരു മാദ്ധ്യമസമൂഹത്തിൽനിന്നും ഇതിനപ്പുറം പ്രതീക്ഷിക്കാൻ വയ്യതാനും.

ഭൂമിശാസ്ത്രപരമായി അകന്നുകഴിയുന്ന സമാനമനസ്കരുടെ സമാഗമത്തിനും സംവാദത്തിനും യോജിച്ചുള്ള പ്രവർത്തനങ്ങൾക്കും സുഭദ്രമായൊരു അടിത്തറയാണ് സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിലൂടെ വളർന്നത്. പരസ്പരസഹകരണത്തിനും പ്രവർത്തനത്തിനും പല വേദികളും സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകൾക്കു മുൻപും (ഇപ്പോഴും) ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും, ഇന്ററാക്റ്റീവ് വെബ്ബിന്റെ സാധ്യതകൾ പരമാവധി ഉപയോഗിക്കുന്ന ഈ സൈറ്റുകൾ സാങ്കേതികവിദ്യയുടെ വിടവുകളെ ശരിക്കും ഒഴിവാക്കുന്നവയാണ്.

ഇത്തരം അപാരസാധ്യതകളുള്ള ഒരു സംവിധാനവും, അതിൽ ചെറുതല്ലാത്ത ഒരു സാന്നിധ്യവുമായി മലയാളി ഇരിക്കുമ്പോഴും മാദ്ധ്യമങ്ങൾക്ക് ഇവ വെറും കുട്ടിക്കളിയാവുന്നതെന്തുകൊണ്ടാണ്? അടയാളപ്പെടുത്തുന്നഇടങ്ങൾ പലപ്പോഴും അപര്യാപ്തമാവുന്നതെന്തുകൊണ്ടാണ്? പല ഇടപെടലുകളും സാധ്യതകളും വിവരവിനിമയത്തിൽത്തന്നെ വിപ്ലവം സൃഷ്ടിക്കുമ്പോഴും മുഖ്യധാരാസമൂഹത്തെ അവർ ഭയപ്പെടുന്നതെന്തുകൊണ്ടാണ്?

നല്ലൊരു വായനക്കാരനായ മലയാളിയുടെ നല്ലതും ചീത്തയും കാലാകാലങ്ങളായി നിശ്ചയിച്ചിരുന്നത് അവന്റെ വായനാശീലങ്ങളാണ്. അച്ചടിമാദ്ധ്യമത്തിലെ എഴുത്തുകളും ചർച്ചകളുമായിരുന്നു അവനു വെളിച്ചം നൽകിയിരുന്നത്. എന്നാൽ ഇന്നത്തെ യുവസമൂഹത്തിന്റെ പ്രധാന ആശയ/വിവര വിനിമയ അടിത്തറ രണ്ടാംതലമുറ വെബ്ബ്സങ്കേതങ്ങളാണ്. മൊബൈലുകളിലെ വിവിധ സോഷ്യൽ നെറ്റ്വർക്കിങ് പ്രയോഗങ്ങൾവഴി അവർ എന്നും ബന്ധിതരാണ്. സ്വന്തം സ്റ്റാറ്റസ് കൃത്യമായി ലോകത്തെ അറിയിക്കാനും തനിക്കു പ്രതികരിക്കണമെന്നു തോന്നുന്ന വിഷയത്തിൽ പ്രതികരിക്കാനും പ്രതിഷേധങ്ങളിൽ പങ്കെടുക്കാനും അവനു നിമിഷങ്ങളേ വേണ്ടൂ.

അതിരുകളില്ലാത്ത വെബ്ബിന്റെ സാധ്യതകൾ കൃത്യമായി ഉപയോഗിക്കുന്നവരാണ് ഇന്നത്തെ യുവത്വം. "ബർക്കാഗേറ്റി"ലും, "കോമൺവെൽത്ത്"

ഗെയിംസ് അഴിമതിയുടെ കാര്യത്തിലും, ട്വിറ്ററിലും ബസ്സിലും ഫേസ്ബുക്കിലും മറ്റും പറന്നുനടന്ന സന്ദേശങ്ങൾ മതി പ്രതികരണശേഷി നശിച്ചവരല്ല ഇതെന്നു മനസ്സിലാക്കാൻ. ഈ തിളക്കുന്ന ചോരയെ ശക്തമായ ചില ചാലുകളിലൂടെ തിരിച്ചുവിടാൻ ശേഷിയുള്ളതാണ് സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളുടെ സാന്നിധ്യം.

Like it മാദ്ധ്യമങ്ങളേക്കാളും, സുഹൃത്തുക്കളെ വിലമതിക്കുന്നവന്റെ തലമുറയിൽ വിവരങ്ങളും ആശയങ്ങളും പ്രചരപ്പിക്കാനായി സ്റ്റാറ്റസ് സന്ദേശങ്ങൾ ഉപയോഗിക്കുന്ന "സാമീപ്യത"യുടെ മനഃശ്ശാസ്ത്രം പ്രധാനമാണ്. സുഹൃത്തുക്കളുടെ സ്റ്റാറ്റസ് മെസ്സേജുകളിലൂടെ വായിക്കുന്ന വാർത്തകളും ആശയങ്ങളും മൂന്നാമതൊരു മാദ്ധ്യമത്തിലൂടെ അറിയുന്നതിനേക്കാൾ വിശ്വാസ്യതയുള്ളതാവുന്നു. പലപ്പോഴും കാര്യമറിയാനായി വാർത്തയുടെ വിശദാംശങ്ങളിലേക്കെത്താനും ഇതു പ്രേരിപ്പിക്കുന്നു. പരമ്പരാഗതമായി മാദ്ധ്യമങ്ങൾക്കു കഴിയാതിരുന്ന ഒരുകാര്യം, വാർത്തയും വിവരങ്ങളും മറ്റാരുടേതോ എന്നതിനുപകരം സ്വന്തംകാര്യം എന്നായി അവതരിപ്പിക്കാനുള്ള അവസരം ഇവിടെ സോഷ്യൽ നെറ്റ് വർക്കിങ്ങിന്റെ സങ്കേതങ്ങൾ നൽകുന്നു.

വെബ്ബ്സങ്കേതങ്ങളിലെ തിരച്ചിൽസൗകര്യവും വിവരത്തിന്റെ അനന്തമായ സംരക്ഷണവും, അധികാരരൂപങ്ങളുടെ പരിധിക്കുമപ്പുറം ഒരു സ്വതന്ത്രതയുടെയും നിഷ്പക്ഷതയുടെയും പരിവേഷം അവയ്ക്കു നൽകിയിട്ടുണ്ട്. പരമ്പരാഗതമായ അധികാരരൂപങ്ങളെയോ ദേശരാഷ്ട്രനിയമങ്ങളേയോ വെബ്ബ് മാനിക്കുന്നില്ലെന്നത് കാലങ്ങൾക്കുമുമ്പേ ഒരു തലവേദനയായി ഭരണകൂടങ്ങൾ കണ്ടിരുന്നു. വെബ്ബിലെ സ്വകാര്യതയുടെ നിയമങ്ങൾ ആദ്യകാല സാമ്പത്തിക കുറ്റകൃത്യങ്ങളെ നിയന്ത്രിക്കാനായി കൊണ്ടുവന്നതായിരുന്നുവെങ്കിൽ (അമേരിക്കൻ നിയമങ്ങൾ), അവ പലപ്പോഴും അധികാരത്തിന്റെ മുഷ്കിനെതിരെ സമരങ്ങൾ നയിക്കാൻ വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും കരുത്തേകുന്നതും നാം കണ്ടു.

വിവരങ്ങൾ എല്ലാവർക്കും അറിയാനുള്ളതാണെന്നു പറഞ്ഞുകൊണ്ട് വിക്കിലീക്സ് നടത്തിയ വെളിപ്പെടുത്തലുകൾ ഭരണകൂടങ്ങളെ ഞെട്ടിച്ചത് പല കാരണങ്ങൾ കൊണ്ടാണ്. ജനങ്ങൾ തങ്ങളെഴുതിയ സന്ദേശങ്ങൾ വായിച്ച് വിപ്ലവം നടത്തിക്കളയുമെന്നതിനേക്കാളും, ഇത്രയും വലിയ വിവരസഞ്ചയം സുരക്ഷിതമല്ലെന്നത് തങ്ങളുടെ വിവരശേഖരശേഷിയെ ബാധിക്കുമെന്ന ആശങ്കയും, എത്ര വലിയ ശേഖരവും ഈ വിവരവിസ്ഫോടനത്തിന്റെ കാലത്ത് എല്ലാക്കാലവും ലഭ്യവും തിരയാവുന്നതും ആണെന്നുള്ള ബോധവുമാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം എത്രയും ചുരുക്കുകമാത്രമാണ് മുന്നോട്ടുള്ള വഴിയെന്നൊരു താക്കീതായാണ് പലരും ഇതിനെ കണ്ടത്. ദേശരാഷ്ട്രങ്ങളുടെ നിലനിൽപ്പും, ജനാധിപത്യത്തിനുമപ്പുറം ഭരണം മാത്രം മതിയെന്നും മുറവിളിക്കുന്നവർ ഇതിനെ ദണ്ഡനം കൊണ്ടാണ് നേരിട്ടത്.

ഭരണകൂടത്തിനും അധികാരത്തിനും, എന്തിന് മൂലധനത്തിനുവരെ വ്യക്തമായ നിയന്ത്രണമില്ലാത്ത വെബ്ബിലെ സമരങ്ങളെ ഇന്ത്യയടക്കമുള്ള ദേശരാഷ്ട്രങ്ങൾ ബാലിശമായ സെൻസർഷിപ്പ് നിയമങ്ങൾ കൊണ്ടാണ് നേരിടുന്നത്.

പ്രത്യക്ഷത്തിൽ നിയമപരമായിത്തന്നെ, ഐ.ടി. ആക്റ്റ് പ്രകാരം തീർത്തും സ്വകാര്യമായ ഇ-മെയ്ൽ സന്ദേശങ്ങൾ പോലും വാറന്റില്ലാതെ പരിശോധിക്കാനാവുന്ന വകുപ്പുകളുണ്ട്. ദേശരക്ഷയുടെയും തീവ്രവാദവിരുദ്ധതയുടെയും പേരിൽ പലരുടെയും പ്രാഥമിക ആശയവിനിമയസംവിധാനംവരെ ശക്തമായ നിരീക്ഷണസംവിധാനങ്ങൾക്കു കീഴിൽ കൊണ്ടുവരാനുള്ള ശേഷിയാണ് ഭരണകൂടത്തിനിപ്പോഴുള്ളത്.

പാർശ്വവത്കരിക്കപ്പെടുന്ന ജനങ്ങളുടെ അവകാശപ്പോരാട്ടങ്ങൾ വെബ്ബിന്റെ ലോകത്ത് വ്യക്തമായി അടയാളപ്പെടുത്തിയിട്ടുണ്ട്. ഒറീസ്സാകൺസേൺസും മണിപ്പൂരിലെ പ്രശ്നങ്ങളും ബിനായക് സെന്നിന്റെ വിമോചനപ്പോരാട്ടവും മുതൽ കർണ്ണാടകാ സർക്കാരിന്റെ ബീഫ് നിരോധനനിയമവും വരെ ഇങ്ങനെ നെറ്റിസണുകൾ സ്വയം അടയാളപ്പെടുത്തിയ പോരാട്ടങ്ങളാണ്. ശ്രീരാം സേനയുടെ നേതാവ് പ്രമോദ് മുത്തലിക്കിന് "പിങ്ക്" ചഡ്ഡികൾ അയച്ചുകൊടുത്ത സംഭവവും മറക്കാനാവില്ല. ഇവിടെയെല്ലായിടത്തും, ഭരണകൂടത്തിന്റെയും അധികാരത്തിന്റെയും വളഞ്ഞവഴികളെ പ്രതിരോധിക്കാൻ വെബ്ബിന്റെ വേഗവും അനന്തമായ ഓർമ്മയുമാണ് തുണയായത്.

വികസനത്തിന്റെ പേരുപറഞ്ഞും, തെറ്റായ കണക്കുകളും തെളിവുകളും നിരത്തിയും വാദിക്കുന്നവർക്ക് മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി തിരിച്ചും വിചാരണയ്ക്കൊരിടം വെബ്ബൊരുക്കുന്നു. അതിലുപരി, ഈ വിവരങ്ങളെ അതേ വേഗത്തിൽ സൗഹൃദങ്ങളെ മുതലെടുത്തുകൊണ്ട് സമൂഹത്തിലെത്തിക്കാൻ സോഷ്യൽ നെറ്റ്‌വർക്കിങ്ങിന്റെ സാധ്യതകൾക്കാവുന്നു. ഇത് ജനാധിപത്യത്തിന്റെ പേരിൽ സുതാര്യഭരണത്തിനുപകരം മാദ്ധ്യമങ്ങളേയും വിവിധ മൂലധനശക്തികളെയും കൂട്ടുപിടിച്ച് അധികാരം കൈയ്യാളുന്നവന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

ഇന്നും ബഹുഭൂരിപക്ഷം ജനങ്ങൾക്കിടയിലും ആശയപ്രചരണത്തിനും ഏകോപനത്തിനും വെബ്ബിനു കഴിയുന്നില്ലെങ്കിലും, എല്ലാ പ്രശ്നങ്ങളെയും അന്താരാഷ്ട്രമെന്നും അന്തർരാഷ്ട്രമെന്നും വേർതിരിവില്ലാതെ അടയാളപ്പെടുത്തുന്നതിലും, മുൻപ് പ്രക്ഷോഭങ്ങളുടെ ഭാഗഭാക്കാവുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്ന ഒരു വിഭാഗത്തിന്റെ നിതാന്തസാന്നിധ്യവും ജാഗ്രതയും ഉറപ്പാക്കുന്നതിലും ശരിക്കും ഒരു വിപ്ലവമാണ് സോഷ്യൽ നെറ്റ്‌വർക്കിങ് സങ്കേതങ്ങൾ കൊണ്ടുവന്നത്.

എന്നാൽ കേരളത്തിലെ വിദ്യാലയങ്ങളിലും കോളേജുകളിലുമടക്കം നടക്കുന്നതെന്താണ്? ഭരണകൂടം നിയമംകൊണ്ടു നടപ്പിലാക്കാൻ ശ്രമിക്കുന്ന സെൻസർഷിപ്പ്, വിഭവത്തിന്റെമേലുള്ള പ്രത്യേക അധികാരമുപയോഗിച്ച് അവിടെ നടപ്പാക്കുന്നു. സൗഹൃദങ്ങളും അവയിൽനിന്നും വികസിക്കുന്ന/വികസിക്കാവുന്ന പുരോഗമനപരമായ സാമൂഹ്യമനസ്ഥിതിയുള്ള വിദ്യാർത്ഥിയും അവിടെ സ്വീകാര്യനല്ല. പകരം വിവരശേഖരണത്തിനും ആശയവിപുലീകരണത്തിനുമുള്ള മാർഗ്ഗങ്ങളെല്ലാം കൊട്ടിയടയ്ക്കപ്പെടുന്നു. വിനിമയത്തിന്റെയും കൂട്ടായ്മയുടെയും പുതുമാർഗ്ഗങ്ങളോട് ഭരണവർഗ്ഗത്തിന്റെ അസ്കിതയും, പ്രാഥമികവിവരസംഭരണവിതരണസംവിധാനമെന്ന തങ്ങളുടെ

സ്ഥാനത്തിനു ചെറുതായെങ്കിലും കിട്ടുന്ന കൊട്ടുകളും മാത്രമാണോ ഈ സെൻസർഷിപ്പിനു പിന്നിൽ?

വാർത്തയുടെ മൊത്തവിതരണക്കാർ ചമയുന്നവർക്ക് ഈയടുത്തകാലത്തായി കാലവും കണക്കും തെറ്റിയ വാർത്തകളുടെ പേരിൽ ഒരുപാടു വിമർശനം നവമാദ്ധ്യമങ്ങളിൽനിന്നും നേരിടേണ്ടിവന്നിട്ടുണ്ട്. പ്രസിദ്ധീകരിക്കുന്ന വാർത്തകളുടെ പ്രൂഫ് വായിച്ചുനോക്കാനും, പലപ്പോഴും ആദ്യം വാർത്തകൊടുക്കാനുള്ള വ്യഗ്രതയിൽ വിശദാംശങ്ങൾ ഉറപ്പാക്കാനും തയ്യാറാവാത്ത മാദ്ധ്യമമുഷ്കിനെ കണക്കറ്റ പരിഹാസംകൊണ്ടും വ്യക്തമായ വിവരണങ്ങൾകൊണ്ടുമാണ് വെബ് ലോകം നേരിട്ടത്. രൂപയുടെ ചിഹ്നംചേർത്ത ഫോണ്ട് ഡിസൈൻചെയ്ത പയ്യൻമാരുടെ അവകാശവാദം മുതൽ "ഹനാൻ" എന്ന അത്ഭുത ബാലികയുടെ കഥവരെ ഇങ്ങനെ പലപ്പോഴായി പൊളിച്ചടുക്കപ്പെട്ടതാണ്.

വിവരശേഖരണം വിരൽത്തുമ്പിനകത്താണെന്നും വിഷയസ്വാധീനമില്ലെങ്കിൽ റിപ്പോർട്ട് ചെയ്യരുതെന്നും വ്യക്തമായ താക്കീതാണ് മാദ്ധ്യമങ്ങൾക്ക് വെബ്ബിലെ വേദികൾ നൽകിയത്. അതിനുംപുറമെ, ഈ ലോകത്തിലെ നിയമങ്ങൾ ഞങ്ങളൊഴികെ ബാക്കിയെല്ലാവർക്കും ബാധകമാണെന്നവിധത്തിൽ പ്രവർത്തിച്ചിരുന്നവർക്കും പ്രതിഷേധങ്ങൾ നേരിടേണ്ടിവരികയുണ്ടായി. പകർപ്പവകാശംമൂലം സംരക്ഷിക്കപ്പെട്ട ചിത്രങ്ങൾ ഉപയോഗിച്ചതിനും, പലപ്പോഴും ബ്ലോഗുകളിലും മറ്റും പ്രസിദ്ധീകരിച്ച കൃതികൾ യാതൊരു കടപ്പാടും വിവരവുമില്ലാതെ പ്രസിദ്ധീകരിച്ചതിനും മുൻനിരമാദ്ധ്യമങ്ങളടക്കം പ്രതിക്കൂട്ടിലാവുന്നതും കണ്ടു.

തങ്ങൾ കാലങ്ങളായി വിഡ്ഢികളെന്നു കരുതിയവർക്ക് പ്രതികരിക്കാൻ വേദികളും സങ്കേതങ്ങളും ലഭിച്ചാൽ എത്രമാത്രം പരുങ്ങലിലായിരിക്കും തങ്ങളുടെ നില എന്ന് മാദ്ധ്യമങ്ങൾ തിരിച്ചറിയുകയായിരുന്നു. വിവരവിതരണ സംഭരണരംഗത്തെ കുത്തക നിലനിർത്താൻ ചുരുങ്ങിയകാലത്തേക്കെങ്കിലും സാങ്കേതികവിദ്യയുടെ ഒഴുക്കിനെ വ്യക്തമായ പ്രചരണങ്ങളിലൂടെ തടയേണ്ടിവരുമെന്ന് അവർ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടാനില്ല. സാങ്കേതികവിദ്യ കൊണ്ടുവരുന്ന അതിസുതാര്യതയും വേഗവും സഹിക്കാത്ത ഭരണകൂടത്തിന്റെ കലവറയില്ലാത്ത പിന്തുണയും അവർക്കു ലഭിച്ചു കാണണം.

ഭരണകൂടത്തിന്റെയും മാദ്ധ്യമങ്ങളുടെയും അപ്രമാദിത്വത്തിനുനേരെ ഉയർത്തിയ വെല്ലുവിളികൾ സാധ്യതകളുടെ ഒരു കൂട്ടമാണ് സമൂഹത്തിനു മുന്നിൽ തുറന്നുകൊടുത്തത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്നത്തെ യുവാക്കൾ വർത്തമാനപത്രത്തേക്കാളും ഭരണകൂടത്തേക്കാളും വിവരങ്ങൾക്ക് അനോണിമസ് വെബ്ബിന്റെ സഹായം തേടുന്നവരാണ്. മുമ്പുള്ള തലമുറകൾക്കില്ലാതിരുന്ന, അപരനിലേക്കെത്തിച്ചേരാനും നേരിട്ട് വിവരങ്ങളറിയാനുമുള്ള സംവിധാനങ്ങളവനുണ്ട്. അധികാരരൂപങ്ങൾ വകയിരുത്തുന്ന കോളങ്ങൾക്കപ്പുറം അപരന്റേയും പാർശ്വവത്കൃതന്റേയും വിവരങ്ങൾ അവനിന്നു ലഭ്യമാണ്.

പാടിപ്പഴകിയ ദേശഭക്തിയുടെയും ദേശരാഷ്ട്രങ്ങളുടെ ശാശ്വതമായ നിലനിൽപ്പിന്റേയും മറ്റും ഭാഷ്യങ്ങളിൽ ചാലിച്ച വാക്ധോരണികൾ അവനെ പഴയപോലെ സംതൃപ്തനാക്കുന്നില്ല. കാരണം ദേശരാഷ്ട്രങ്ങളുടെ കരുത്ത് വഴിഞ്ഞൊഴുകുന്ന ഇന്നത്തെ ലോകത്ത് ദേശങ്ങളോടു ബന്ധിക്കപ്പെടാനാവാത്തവന്റെ ആക്രോശങ്ങളും രോദനങ്ങളും അവനിലേക്കെത്തുന്നുണ്ട്. രാഷ്ട്രീയവും ദേശീയവും മാത്രമല്ല പ്രശ്നങ്ങൾ, പരമപ്രധാനമായി മനുഷ്യത്വപരമായതാണെന്നുള്ള തിരിച്ചറിവിലേക്ക് അവൻ ചുവടുവച്ചു കയറുകയും ചെയ്യുന്നുണ്ട്. അരുന്ധതി റോയ് പൊതുമണ്ഡലത്തിൽ മനുഷ്യത്വപരമായ അഭിപ്രായപ്രകടനം നടത്തിയതിന് ആക്രമണത്തിന് വിധേയയായപ്പോഴും, തെഹൽക്കയുടെ ഷാഹിനയുടെമേൽ ഗുരുതരമായ തീവ്രവാദക്കുറ്റം ചുമത്തപ്പെട്ടപ്പോഴും മാദ്ധ്യമങ്ങളേക്കാളും ഭരണകൂടത്തേക്കാളും യുവാക്കൾ വിശ്വസിച്ചത് "അനോണിമസ്സ്" വെബ്ബിന്റെ നിഷ്പക്ഷതയായിരുന്നു.

സുതാര്യതയുടെയും സാമീപ്യതയുടെയും സ്വീകാര്യതയുടെയും പുതിയ വിനിമയപാതകൾ വെട്ടിത്തുറക്കുകയും ഇനിയും അനേകായിരം സാധ്യതകൾ അവശേഷിപ്പിക്കുകയും ചെയ്യുന്ന സങ്കേതങ്ങളെ ഇത്തരത്തിൽ ഒതുക്കിക്കളയുന്നത് അധികാരരൂപങ്ങളുടെ മാത്രം കളിയാണോ? വളർന്നുവരുന്ന തലമുറയുടെ മേലുള്ള അധികാരത്തിന്റെ നിയന്ത്രണം നഷ്ടമാകുന്നതും, അറിവിന്റേയും അധികാരത്തിന്റേയും ജനാധിപത്യത്തിനുമപ്പുറമുള്ള യഥാർത്ഥവികേന്ദ്രീകരണവും വിതരണവും സുതാര്യമായി നടപ്പായിക്കൊണ്ടിരിക്കുന്ന സാധ്യതകളും അത്തരമൊരു ശ്രമത്തിലെത്തിച്ചിരിക്കാം. എന്നാൽ ചിന്തിക്കുന്നവന്റെ സമൂഹമായ കേരളത്തിൽ അധികാരത്തിന്റെ കോട്ടകളിൽനിന്നും മുഖ്യധാരാമാദ്ധ്യമങ്ങളിൽനിന്നും വരുന്ന അജണ്ടകൾ എതിർപ്പുകൾ കൂടാതെ നടപ്പാക്കാനാവുമെന്നത് വെറും മിഥ്യാധാരണയാണ്.

വികസനത്തിന്റെ പേരുപറഞ്ഞ് പാരിസ്ഥിതികവും മാനുഷികവുമായ പരിഗണനകളെ കാറ്റിൽപ്പറത്താൻ ശ്രമിച്ചപ്പോഴൊക്കെ ശക്തമായ ജനകീയസമരങ്ങളുമായി അധികാരത്തെ തറപറ്റിച്ചവരാണ് കേരളീയർ. സൈലന്റ് വാലിയിലും പൂയ്യംകുട്ടിയിലും മുത്തങ്ങയിലുമെല്ലാം പാർശ്വവത്കരിക്കപ്പെടുന്ന താത്പര്യങ്ങളെ അടയാളപ്പെടുത്താനും ഏറ്റെടുക്കാനും തയ്യാറുള്ള ഒരു സമൂഹത്തെയാണ് നാം കണ്ടത്. എന്നാൽ കഴിഞ്ഞ കുറച്ചുകാലങ്ങളായി മലയാളിയുടെ അപരനോടുള്ള പൊതുബോധത്തിനും വിശ്വാസത്തിനും ഇടിവുതട്ടിയിട്ടില്ലേ എന്നതൊരു സംശയമാണ്. ഒരുപക്ഷേ വർത്തമാനമലയാളത്തിന്റെ സാമ്പത്തിക-സാംസ്കാരിക നട്ടെല്ലായ പ്രവാസത്തിന്റെ അനുഭവങ്ങളിൽ നിന്നുമുള്ള ചൂടായിരിക്കാം ഇതിനു കാരണം.

കൂടുതൽ തന്നിലേക്കൊതുങ്ങുന്നതാണ് സൗകര്യമെന്നു തിരിച്ചറിയുന്ന മലയാളി ഒരു പുതിയ കാഴ്ചയല്ല. അടിമുടി നഗരപ്രതീതിയുള്ള ജീവിതം ഗ്രാമങ്ങളിലേക്കുപോലും ഒഴുകുമ്പോൾ അപരനോടുള്ള സഹകരണത്തിനുപകരം അപരരോടുള്ള അകലം അളവുകോലാവുന്ന നാഗരികജീവിതരീതി മലയാളിയെ ഗ്രസിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. എന്നാൽ അത് വ്യക്തമായ ചില അജണ്ട

കളോടുകൂടി ഭരണകൂടത്തിനും നിക്ഷിപ്തതാൽപ്പര്യക്കാർക്കും തൻകാര്യം നടപ്പാക്കാൻ അവസരമേകുന്നു. വിദ്യാഭ്യാസത്തിന്റെ പേരുപറഞ്ഞ് സൗഹൃദക്കൂട്ടായ്മകളെ വിലക്കുന്ന പൊതുസമൂഹം എന്താണ് വിദ്യാഭ്യാസമെന്നു തിരിച്ചറിയുന്നതിൽപ്പോലും പരാജയപ്പെടുന്നു.

Digital bomb കളെ പൊതുവേ സമൂഹത്തിൽ നല്ല വേരോട്ടമുള്ള വിവര സാങ്കേതികവിദ്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന പ്രസ്ഥാനങ്ങളും കൂട്ടായ്മകളും പോലും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് കൂട്ടായ്മയേയും മലയാളം വിക്കിപ്പീഡിയാ സംരംഭത്തേയും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനങ്ങളേയുമെല്ലാം സംശയത്തോടെ മാത്രമേ പൊതുസമൂഹം കാണുന്നുള്ളൂ. സുഗമമായ ഒരുപാതയിൽ സ്വാതന്ത്ര്യത്തിന്റേയും പങ്കുവയ്ക്കലിന്റേയും സന്ദേശങ്ങളുമായി വരുന്നതും, അതിനോടു തന്റെ അടുത്തതലമുറ സഹകരിക്കുന്നതും സമൂഹത്തിനിഷ്ടപ്പെടുന്നില്ല. ആ പൊതുബോധത്തോടു കൂടുചേർന്നാണ് അധികാരരൂപങ്ങൾ സോഷ്യൽ നെറ്റ്‌വർക്കിങ്ങിലൂടെയുള്ള ആശയവിനിമയത്തിന്റെ പുതിയ സാധ്യതകളെ ഒരു തലമുറയിൽനിന്നും അകറ്റി നിർത്താൻ ശ്രമിക്കുന്നത്.

തന്റേതു മാത്രമെന്ന ബോധത്തിനുമപ്പുറം അപരനെക്കുറിച്ച് ചിന്തിക്കാനും അവനെ മനസ്സിലാക്കാനും വിപ്ലവകരമായ മാർഗ്ഗങ്ങൾ തുറന്നുതരുന്ന സോഷ്യൽ നെറ്റ്‌വർക്കിങ്ങിന്റെ സാധ്യതകളെ അടിച്ചിരുത്തേണ്ടത് പ്രതിലോമശക്തികളുടെ ആവശ്യമാണ്. അതിനവർ എല്ലാ ആയുധങ്ങളും പ്രയോഗിക്കുന്നുമുണ്ട്. സെൻഷർഷിപ്പിന്റേതായ അധികാരത്തിന്റെ വഴിയും, വിമർശനങ്ങളോടും പൊതുതാത്പര്യങ്ങളോടും ആഭിമുഖ്യം പ്രകടിപ്പിക്കുന്നതിനെ എതിർത്തുകൊണ്ടുള്ള സാമൂഹ്യഅക്രമങ്ങളും, അഭിപ്രായരൂപീകരണത്തിൽ മാദ്ധ്യമങ്ങളുടെ പങ്ക് കൗശലപരമായി ഉപയോഗിച്ചും ഈ സാധ്യതകളെ തകിടംമറിക്കാൻ ശ്രമിക്കുന്നുണ്ട്. വരുംതലമുറകളുടെ ആശയവിവരശേഖരത്തിന്റേയും ആവിഷ്കാരത്തിന്റെയും അടിത്തറയാവാൻ കെൽപ്പുള്ള ഒരു മാദ്ധ്യമമാണ് ഇത്തരത്തിൽ അവഗണന നേരിടുന്നത്.

ചെറുതല്ലാത്ത വെബ്ബ് ഇടപെടലുകൾവഴി സമൂഹത്തിലും മലയാളഭാഷയുടെതന്നെ ഡിജിറ്റൽ വഴികളിലും വ്യക്തമായ മുദ്രപതിപ്പിച്ച കൂട്ടായ്മകളെയാണ് പ്രതിലോമകരമാണോ എന്ന് സംശയിച്ച് സമൂഹം പ്രതിക്കൂട്ടിലാക്കാൻ നോക്കുന്നത്. അധികാരത്തിന്റെ മണ്ടത്തരങ്ങളോടു കലഹിക്കാനും, ബദലുകൾ നിർദ്ദേശിക്കാനും, പലപ്പോഴും സുദൃഢമായ ആശയങ്ങൾ മുന്നോട്ടുവയ്ക്കാനും ഈ കൂട്ടായ്മകൾക്കായിട്ടുണ്ട്. എന്നാൽ വ്യവസ്ഥിതിയ്ക്കു പുറത്താണ് നിൽപ്പെന്നതിനാൽ പല ഇടപെടലുകളും ലക്ഷ്യത്തിലെത്താതെ പോകുകയും ചെയ്യുന്നു.

വെബ്ബ് അധിഷ്ഠിത കൂട്ടായ്മകളുടെ പ്രവർത്തനമികവു മാത്രം കൈമുതലായി പ്രശ്നങ്ങളിൽ ഭാഗഭാക്കാവാൻ ഇന്നും അവർക്കു ബുദ്ധിമുട്ടുകളുണ്ട്. എന്നാൽപ്പോലും പ്രത്യക്ഷ ഫോറങ്ങളിൽത്തന്നെ സമൂഹവുമായി സംവദിക്കാൻ അവർക്കിന്നു സാധിക്കുന്നു എന്നത് ഒരു മികവാണ്. ഇതിനുവേണ്ടി

പുരോഗമനപരമായ സാമൂഹ്യആശയങ്ങളുടെ വക്താക്കളെന്ന ലേബലിനേക്കാളും സാങ്കേതികവിദ്യയുടെ വക്താക്കളെന്ന ലേബലുപയോഗിക്കേണ്ടിവരുന്നവെന്ന അവസ്ഥയാണ് മാറേണ്ടതു്. അതിനു കഴിഞ്ഞാൽ മാത്രമേ, അപരനെ തിരിച്ചറിയാനും ബഹുമാനിക്കാനും കഴിയുന്ന ഒരു സമൂഹത്തെ വളർത്തുന്നതിനായി ഈ സങ്കേതങ്ങളെ ഉപയോഗിക്കാൻ കഴിയൂ.

(Oct 8, 2011)[27]

[27] http://malayal.am//വാർത്ത/വിശകലനം/13042/എന്തുകൊണ്ട്-പത്രങ്ങൾ-സോഷ്യൽ-മീഡിയയെ-പേടിക്കുന്നു

# 4

# Hospital Logs

# Hospital Log 1

On Monday, the 4th of October, I got diagnosed with a case of Acute Lymphoblastic Luckhemia (I didn't know it till Thursday). After 12 days, I find myself in one of the best places in India for haematology related treatments and am sitting in a room worth Rupees 2k a day with AC/TV/attached, bath/nurses on call and to top it, complete room service.

The words and worries of others who love us and still not having the slightest idea of who I am is always an interesting problem. To start with, I am writing down some of my thoughts. Don't know whether to publish or not, but it is not my immediate concern, I have a lot of unpublished works in my documents folder :)

## The question of being moody

Everyone tells us not to feel depressed or sad or moody. Treatment is difficult, it will turn your physiology upside down for sometime. It does cost a lot and some estimates put it at as much as 20 lakhs. But actually in mind, I am relieved. Why? May be it is because of the mentality of the scientist inside me who doesn't like unknown variables. I loved it when I was diagnosed with Lukhemia. I at least have a diagnosis. I should say I felt like Dr.Gregory House in House M.D. To be frank, I didn't even stop to think whether it is life threatening or not, I was so happy that I had a diagnosable issue which was creating all that stupid or weird pains on my thighs, legs and my general loss of appetite.

Still, I don't have anything to get moody about here. From both the nurses' and the doctors' reactions, I guess I am one of the happiest patients they have. I think it will be difficult for them to imagine someone who is confined to a room 24 hrs a day (I can walk through corridors of 8th floor) being happy. But the fact is, it is not new to me. I have all the experience in the world in doing this. Being lethargic and making an organized lethargic behavior of solitary life inside a room. So, I am kind of not moody at all. There is nothing new to it, I hear all the news, I do call people, I am online, my father is around for any help (he might be getting bored). If not, nurses will be there. But most people don't under-

stand this. The idea of socializing without really being in society is a difficult thing for many to think, grasp and understand. They believe in showing support. However, the problem is how to show it. My friends back in Hyderabad understand me. They know what I want, will get the things done for me, so that system will run smoothly.

## "Don't you get bored?" or "You are bored eh?"

I think it is a question anyone who is undergoing treatment for diseases like this will encounter. Especially when you are having a good social life. For people who know me, I don't think it will be a surprise when I say that I don't feel much bored, when confined to a room. I have done it before. Just for the sake of being lazy. My social status is that of a guy who fits in everywhere. So everyone will miss me as well as not miss me at the same time. Still, interestingly, I do have an active social life, with calls to parties in weekends, birthday celebrations or whatever. Why? Someone with a ponytail walking around half dressed or 3/4 trousers and t-shirts and ready to dress up and go for night outs is an urban youth. Then, in parties, it all comes down to money, and for someone who spends all his stipend and doesn't save anything, its not difficult to get invites :) Still I don't party much because I don't like dancing, and my idea of party is usually a good food in a restaurant or a nice bar with lots of alcohol (I do drink). Still I do get invites for just the opposite ends of discussions too. Still the question people might ask is, "don't your lab mates or friends miss you when you are away for, like 6 months or more?" :) May be. I don't know. Still there is not much to miss about me since my presence there is still felt. I do talk to some of them, I am available on phone on the same number, and also I am online once in a while through GPRS :) May be they will miss my physical presence of 5 foot 6 inches and pony tail. But that is not much to miss. When you think about it, some of my best friends are still people who I haven't met yet :)

## "Question of concern!"

"Why aren't you concerned?". Like aren't I concerned about losing 6 months, an entire year in MS because of the half semester split

for diagnosis, change in life (may be entire life), etc. Still no idea whether my ALL is L2 or L3 and all these are a matter of worry. The thing people don't understand is, I don't live life in normalcy. If I had, I might not be doing an MS in IIT Hyderabad. I do calculate, when the numbers do not fall in places that I want them to, I will just check where they are falling and try to adjust my parameters accordingly. It might be difficult to understand. But that is what I do. There are no unexpected turn of events in life. Everything is normal because they are not.

Systems are made to put people in a mechanized way of functioning. When you are used to a system, it will be very difficult or depressing to get out of it and to be a part of another. But for people who understands that it is the system which controls them, hopping from one system to another is very easy. Especially when the change from a lonely hostel room in IIT, Hyderabad to a room in CMC Vellore with father is not that path breaking.

I might not do the same things here. There I watch movies most the time, follow all the US serials I like, do some research and studies in between, go out and have biriyani once in a while or order in a pizza if I feel to get some money spent. Here, I have a different routine, different style, like when I go home. I hop from that to this easily because I don't do the same thing at both places. I might read a research paper or two in my house, but I won't be the same 24/7 online guy at home. That goes for the hospital too. I will just fix the numbers to keep the balance intact. The aim is survival and to survive, sometimes we have to reinvent what we understand. Now I have enough time to reinvent the system I was a part of for the last 3 years. I can go in as a new person (hopefully). The system is not changing and I am not changing too. But a break from the system gives you time to understand where you were losing your ground.

Interestingly enough, that does give a positive approach to the whole thing. I have nothing to be concerned about, except may be financials, Which I am quite sure is a waste of time. I can have concerns on how bad my lukhemia is, but the again that is another waste of time once you decide to go for treatment. Concern on how I would complete my MS will be my last since, if treatment works, I will get enough time to go for finishing the studies. If my ALL is

life threatening and I am not responding well, there is no point in thinking about that.

My life in Hyderabad will change. May be dramatically because, when you are taking medicine everyday, you will follow a routine and once you start doing that, you will never be the free spirit people used to see. But it is just a change from a lethargic MS student to a normal MS student, which again is positive. Yeah, I will definitely have difficulty with some details on life. It may be that my social life will change, but I don't think it will bother me as much as it bothers everyone else.

## Question of "getting impatient about the details"

Everyone wants to know what kind of lukhemia it is that I have. What I know is that it is just Acute Lymphoblastic Lukhemia. Then they want to know whether it is life threatening or not. I do believe it is. Then next question is about the stage and I don't know which stage it is in. I don't really know how lukhemias are staged. I guess they are not staged as per time, but according to the types. Some of them make genetic mutation and there is ALL with genetic mutation, which is somewhat dangerous. I do have one with a genetic mutation. But I am not an expert on what it is and how it is. People think diagnosing lukhemia, its types, then understanding details is like diagnosing a normal blunt wound or common cold. It is not. There is a larger scientific process involved and there is no point in getting impatient. But interestingly, only me, who is not supposed to understand it, understands this detail.

